വാല്യം 6, ലക്കം 23

# ന്യൂ ഇന്ത്യ സമാചാർ

ജൂൺ 1–15, 2026
സൗജന്യവിതരണത്തിന്



12 വർഷം

ഫോളോ ചെയ്യൂ... @NISPIBIndia

## വികസനത്തിനായുള്ള ദർശനം
## രാഷ്ട്രത്തിനായുള്ള ദൗത്യം

പ്രധാനമന്ത്രി നരേന്ദ്ര മോദി ഗവണ്മെന്റിന്റെ 12 വർഷത്തെ ഭരണകാലാവധി സേവനം, സദ്ഭരണം, വികസനം എന്നിവയിൽ പുതിയ മാനദണ്ഡങ്ങൾ സ്ഥാപിച്ച് അടയാളപ്പെടുത്തപ്പെട്ട ഒന്നാണ്. ഈ കാലയളവിൽ, രാജ്യം സ്വയംപര്യാപ്തത, ഡിജിറ്റൽ വിപ്ലവം, അടിസ്ഥാന സൗകര്യ വികസനം, ആഗോളതലത്തിൽ കരുത്തുറ്റ സ്വത്വം രൂപപ്പെടുത്തൽ എന്നിവയ്ക്കു സാക്ഷ്യം വഹിച്ചു...

ഇ-പകർപ്പിനായി

ലോക പരിസ്ഥിതി ദിനം ജൂൺ 5

# പ്രകൃതിയും പുരോഗതിയും ഇന്ത്യയുടെ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകങ്ങൾ

ഇന്ത്യയുടെ സഹസ്രാബ്ദങ്ങൾ പഴക്കമുള്ള സംസ്കാരത്തിൽ, പുരോഗതി പ്രകൃതിയോടു സന്തുലിതമായി ഒത്തുപോകുന്നു. നമ്മുടെ പൂർവികരുടെ ആഗ്രഹം ഇതായിരുന്നു: पृथ्वीः पूः च उर्वी भव। അതായത്, ഭൂമി മുഴുവനും, പരിസ്ഥിതി പൂർണമായും നമുക്കെല്ലാവർക്കും ഏറ്റവും പ്രയോജനകരമാകട്ടെ, നമ്മുടെ സ്വപ്നങ്ങൾ യാഥാർഥ്യമാക്കാൻ അവസരം നൽകട്ടെ. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണിക്കെതിരെ നിലവിൽ ആഗോളതലത്തിൽ നടക്കുന്ന ശ്രമങ്ങൾക്കിടയിൽ, ഇന്ത്യ പ്രത്യാശയുടെ കിരണമായി ഉയർന്നുവന്നിട്ടുണ്ട്. കാലാവസ്ഥയും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനായി പ്രതിജ്ഞാബദ്ധരായ രാജ്യത്തിന്റെയും ജനങ്ങളുടെയും കൂട്ടായ ശ്രമങ്ങളിലൂടെ മാത്രമേ ഭാവിതലമുറകൾക്കു സുരക്ഷിതമായ പരിസ്ഥിതി കൈമാറാൻ നമുക്കു സാധിക്കൂ.

“

**വികസനവും പരിസ്ഥിതിയും തമ്മിലുള്ള സന്തുലിതാവസ്ഥ നമ്മുടെ പുരാതന പാരമ്പര്യത്തിന്റെ അവിഭാജ്യ ഘടകമാണ്. ഈ പാരമ്പര്യത്തെയാണ് ഇന്നു നാം ‘സ്വയംപര്യാപ്ത ഇന്ത്യ’ക്കായുള്ള കരുത്തിന്റെ സ്രോതസ്സായി മാറ്റിക്കൊണ്ടിരിക്കുന്നത്. ജീവജാലങ്ങളും പ്രകൃതിയും തമ്മിലും, വ്യക്തിയും സമൂഹവും തമ്മിലും, ജീവാത്മാവും പരമാത്മാവും തമ്മിലുമുള്ള ബന്ധത്തിന്റെ സന്തുലിതാവസ്ഥയാണു നമ്മുടെ ശാസ്ത്രങ്ങൾ എപ്പോഴും നമ്മെ പഠിപ്പിച്ചിട്ടുള്ളത്. നാം നമുക്കായി ചെയ്യുന്ന ഓരോ കാര്യവും നമ്മുടെ പരിസ്ഥിതിയെയും നേരിട്ടു സ്വാധീനിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ, ഇന്ത്യ വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗത്തിനായുള്ള ശ്രമങ്ങൾ കൂടുതൽ തീവ്രമാക്കുകയാണ്.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*



# ന്യൂ ഇന്ത്യ സമാചാർ

**വാല്യം 6, ലക്കം 23 | ജൂൺ 1-15, 2026**



എഡിറ്റർ ഇൻ ചീഫ്
**ധീരേന്ദ്ര ഓത്ധ**
**പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ,**
**പ്രസ് ഇൻഫർമേഷൻ ബ്യൂറോ,**
**ന്യൂഡൽഹി**

ചീഫ് കൺസൽട്ടിങ് എഡിറ്റർ
**സന്തോഷ് കുമാർ**

സീനിയർ അസി. കൺസൽട്ടിങ് എഡിറ്റർ
**പവൻ കുമാർ**

അസി. കൺസൽട്ടിങ് എഡിറ്റർമാർ
**അഖിലേഷ് കുമാർ**
**ചന്ദൻ കുമാർ ചൗധരി**

ഭാഷാ എഡിറ്റർമാർ
**സുമിത് കുമാർ (ഇംഗ്ലീഷ്)**
**രജ്നീഷ് മിശ്ര (ഇംഗ്ലീഷ്)**
**നദീം അഹമ്മദ് (ഉറുദു)**

സീനിയർ ഡിസൈനർ
**ഫൂൽ ചന്ദ് തിവാരി**

ഡിസൈനർമാർ
**അഭയ് ഗുപ്ത**
**സത്യം സിങ്**




**ന്യൂ ഇന്ത്യ സമാചാർ 13 ഭാഷകളിൽ വായിക്കാനായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക**
https://newindiasamachar.pib.gov.in/news.aspx

**ന്യൂ ഇന്ത്യ സമാചാർ പഴയ പതിപ്പുകൾക്കായി താഴെ കാണുന്ന ലിങ്ക് സന്ദർശിക്കുക**
https://newindiasamachar.pib.gov.in.archive.aspx

*പതിവായി 'ന്യൂ ഇന്ത്യ സമാചാർ' വിവരങ്ങൾ ലഭിക്കാൻ –ൽ* **@NISPIBIndia** **പിൻതുടരുക**

# ഉൾപ്പേജുകളിൽ.........





നിശ്ചയദാർഢ്യത്തിന്റെ 12 വർഷങ്ങൾ

**വികസിത ഇന്ത്യയിലേക്കുള്ള പ്രയാണത്തിലെ നവയുഗം**

2014 മുതൽ 2026 വരെയുള്ള കാലഘട്ടം ദേശീയ ദൃഢനിശ്ചയങ്ങളുടെ പൂർത്തീകരണത്തിൽ പുതിയ അധ്യായം രചിച്ചിരിക്കുന്നു. വികസിത ഇന്ത്യയിലേക്കുള്ള പ്രയാണത്തിലെ പുതുയുഗമാണിത്. ഈ കാലയളവു വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ഇന്നു രാജ്യത്തെ ഓരോ പൗരനും ഈ മാറ്റം സ്വയം അനുഭവിച്ചറിയുന്നു... |8-68

**സോമനാഥ് ക്ഷേത്ര പുനരുദ്ധാരണത്തിന്റെ 75 വർഷങ്ങൾ**

**സോമനാഥ് അമൃത് മഹോത്സവം: ഇന്ത്യയുടെ അചഞ്ചലമായ ചൈതന്യത്തിന്റെ ആഘോഷം**



ഗുജറാത്ത് സന്ദർശനത്തിനിടെ പ്രധാനമന്ത്രി മോദി വഡോദരയിലെ സർദാർ ധാം ഹോസ്റ്റൽ ഉദ്ഘാടനം ചെയ്തു |72-74

**വ്യക്തിത്വം: ദാമോദര മേനോൻ**
സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടാൻ തൂലികയുടെ കരുത്ത് ഉപയോഗിച്ച പത്രപ്രവർത്തകൻ | 4

**ഖാരിഫ് വിളകളുടെ താങ്ങുവിലയ്ക്ക് അംഗീകാരം, രണ്ട് സെമികണ്ടക്ടർ പദ്ധതികൾക്കും അനുമതി**
കേന്ദ്രമന്ത്രിസഭായോഗത്തിൽ നിരവധി സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു | 5-7

**ബംഗളൂരു ആത്മീയതയും ആത്മീയ ബോധവും ഉയർത്തുന്നു**
പ്രധാനമന്ത്രി മോദി ആർട്ട് ഓഫ് ലിവിങ് സ്ഥാപക ദിനാഘോഷങ്ങളിൽ പങ്കെടുത്തു | 69

**ആധുനിക അടിസ്ഥാനസൗകര്യങ്ങൾ കെട്ടിപ്പടുക്കുന്ന ഇന്ത്യ**



മേയ് 10–ന് തെലങ്കാനയിലെ ഹൈദരാബാദിൽ ഏകദേശം 9,400 കോടി രൂപയുടെ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു |70-71



Published: Kanchan Prasad, Director General, on behalf of Central Bureau of Communication
Communication Address : Room No–1077, Soochna Bhawan, CGO Complex, New Delhi -110003.
E-Mail : response-nis@pib.gov.in, RNI No. : DELENG/2020/78811

# പത്രാധിപക്കുറിപ്പ്...

## സമഗ്രം - എല്ലാം ഉൾക്കൊള്ളുന്നത് എല്ലായിടത്തും വ്യാപിച്ചത്

### പൊതുസേവനത്തിന്റെയും ജനവിശ്വാസത്തിന്റെയും ജനക്ഷേമത്തിന്റെയും 12 വർഷങ്ങൾ

***നമസ്കാരം!***

ഇന്ത്യൻ ജനാധിപത്യത്തിൽ 2014 മേയ് 26-ന്റെ സായാഹ്നം സുവർണ ലിപികളാൽ ആലേഖനം ചെയ്യപ്പെട്ട ഒന്നാണ്; അന്നാണ് രാഷ്ട്രപതി ഭവന്റെ മുറ്റത്ത് നരേന്ദ്ര മോദി ആദ്യമായി പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്. 2024 ജൂൺ 9-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തുടർച്ചയായ മൂന്നാം തവണയും സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കേന്ദ്ര ഗവണ്മെന്റ് 12 വർഷം പൂർത്തിയാക്കുകയാണ്. ഇത് വെറുമൊരു രാഷ്ട്രീയ യാത്ര മാത്രമായിരുന്നില്ല; മറിച്ച്, 'നവ ഇന്ത്യ' കെട്ടിപ്പടുക്കുന്നതിനുള്ള സമഗ്രമായ ദൗത്യമായിരുന്നു. ഈ വർഷങ്ങളിലുടനീളം, രാജ്യത്തെ ജനങ്ങൾ എപ്പോഴും സദ്ഭരണത്തിന്റെ കേന്ദ്രബിന്ദുവായി തുടർന്നു; ദരിദ്രരും യുവാക്കളും കർഷകരും സ്ത്രീകളും വികസനത്തിന്റെ ഏറ്റവും വലിയ കരുത്തായി അംഗീകരിക്കപ്പെട്ടു. ഗവണ്മെന്റ് പദ്ധതികൾ വെറും പ്രഖ്യാപനങ്ങളിൽ ഒതുങ്ങുന്നില്ലെന്നും അവയുടെ ആനുകൂല്യങ്ങൾ സമൂഹത്തിലെ ഏറ്റവും അവസാനത്തെ വ്യക്തിയിലേക്കും എത്തുന്നുണ്ടെന്നും ഉറപ്പാക്കി. 'വികസിത് ഭാരത് സങ്കല്പ് യാത്ര' ഈ പ്രതിജ്ഞാബദ്ധതയുടെ ഉത്തമ ഉദാഹരണമായി നിലകൊള്ളുന്നു.

സാംസ്കാരികവും ആത്മീയവുമായ വീക്ഷണകോണിൽ നിന്നു നോക്കിയാൽ ഈ കാലഘട്ടം ചരിത്രപ്രാധാന്യമുള്ള ഒന്നാണ്. അന്താരാഷ്ട്ര യോഗ ദിനത്തിലൂടെ ഇന്ത്യയുടെ പുരാതന പാരമ്പര്യമായ യോഗയ്ക്ക് ആഗോള അംഗീകാരം ലഭിച്ചു. ഇന്ന് ലോകം മുഴുവൻ നെഞ്ചേലേറ്റിയ ആഘോഷമായി ഇത് മാറി.

ദേശീയ സുരക്ഷയുടെ മേഖലയിൽ ഗവണ്മെന്റ് നിരവധി ധീരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. തൊഴിൽ, സംരംഭകത്വം എന്നീ മേഖലകളിലും ഇന്ത്യ പുതിയ സ്വത്വം രൂപപ്പെടുത്തി. രാജ്യത്തെ യുവാക്കൾ ഇനി തൊഴിൽ അന്വേഷകർ മാത്രമല്ല; അവർ തൊഴിൽ ദാതാക്കളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇന്ന്, ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി അഭിമാനപൂർവം നിലകൊള്ളുന്നു, കൂടാതെ മൊബൈൽ ഉല്പാദനത്തിൽ ആഗോളതലത്തിൽ രണ്ടാമത്തെ വലിയ രാജ്യമായി ഉയർന്നുവരികയും ചെയ്തു. 'ഡിജിറ്റൽ ഇന്ത്യ' സദ്ഭരണത്തെ സുതാര്യവും ജനങ്ങൾക്ക് എളുപ്പത്തിൽ പ്രാപ്യവുമാക്കി മാറ്റി. നിലവിൽ, ഏറ്റവും വേഗതയേറിയ തത്സമയ ഡിജിറ്റൽ പണമിടപാടുകൾ നടത്തുന്ന രാജ്യമായി ഇന്ത്യ നിലകൊള്ളുന്നു. അതിനുപുറമേ, ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ തുടരുകയും ചെയ്യുന്നു. നിരവധി വിദേശ രാജ്യങ്ങളുടെ ഏറ്റവും ഉയർന്ന പരമോന്നത സിവിലിയൻ ബഹുമതികൾ നൽകി പ്രധാനമന്ത്രി നരേന്ദ്ര മോദി ആദരിക്കപ്പെട്ടിട്ടുണ്ട്. ആഗോളതലത്തിൽ ഇന്ത്യയുടെ മഹത്വം വർധിച്ചുവരുന്നതിന്റെ തെളിവാണിത്.

കഴിഞ്ഞ 12 വർഷത്തിനിടയിൽ, ഗവണ്മെന്റ് മുൻകാലങ്ങളിലെ പോരായ്മകൾ പരിഹരിക്കുക മാത്രമല്ല ചെയ്തത്; മറിച്ച്, വർത്തമാനകാലത്തെ ശക്തമാക്കുന്നതിനൊപ്പം 'വികസിത ഇന്ത്യ @ 2047' എന്ന വ്യക്തമായ ലക്ഷ്യം രാജ്യത്തിനു മുന്നിൽ വയ്ക്കുകയും ചെയ്തു. അങ്ങനെ, 'നാഗരിക് ദേവോ ഭവഃ' (പൗരനാണ് ദൈവം) എന്ന മനോഭാവം ഉൾക്കൊണ്ട്, കേന്ദ്ര ഗവണ്മെന്റ് പൊതുസേവനത്തിന്റെയും ജനവിശ്വാസത്തിന്റെയും ജനക്ഷേമത്തിന്റെയും പാതയിലൂടെ ദൃഢമായി മുന്നോട്ട് നീങ്ങുകയാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവണ്മെന്റിന്റെ 12 വർഷത്തെ ഈ പ്രയാണമാണ് ഈ ലക്കത്തിന്റെ പ്രധാന പ്രമേയം; നമ്മുടെ കവർ സ്റ്റോറി.

'വ്യക്തിത്വ' വിഭാഗത്തിൽ, സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടാൻ തൂലികയുടെ കരുത്ത് ഉപയോഗിച്ച ദാമോദര മേനോനെ പരിചയപ്പെടുത്തുന്നു; അതോടൊപ്പം കേന്ദ്രമന്ത്രിസഭാ യോഗത്തിൽ കൈക്കൊണ്ട സുപ്രധാന തീരുമാനങ്ങൾ, കഴിഞ്ഞ രണ്ടാഴ്ചത്തെ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശനങ്ങളുടെയും ഔദ്യോഗിക പരിപാടികളുടെയും സമഗ്രമായ അവലോകനം എന്നിവയും ഇതിലുണ്ട്.

അതിനുപുറമേ, മാസികയുടെ ഉൾക്കവറിൽ ലോക പരിസ്ഥിതി ദിനത്തിനായി (ജൂൺ 5-ന് ആചരിക്കുന്നത്) സമർപ്പിച്ചിരിക്കുന്ന പ്രത്യേക ഉള്ളടക്കവും ഉൾപ്പെടുത്തിയിട്ടുണ്ട്; പിൻകവറിൽ ദേശീയ താൽപ്പര്യാർഥം പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ ഏഴ് അഭ്യർഥനകൾ എടുത്തുകാട്ടുന്നു.

***ദയവായി നിങ്ങളുടെ വിലയേറിയ നിർദേശങ്ങൾ തുടർന്നും ഞങ്ങൾക്ക് അയച്ചുതരിക.***



**(Dhirendra Ojha)**

*ഹിന്ദിയിലും ഇംഗ്ലീഷിലും മറ്റ് 11 ഭാഷകളിലും ലഭ്യമാകുന്ന മാസിക വായിക്കാം/ഡൗൺലോഡ് ചെയ്യാം.*
*https://newindiasamachar.pib.gov.in/*

# എഴുത്തുപെട്ടി






### ദേശീയ സംഭവ വികാസങ്ങളെക്കുറിച്ച് അറിയിക്കുന്നതിൽ ഏറെ പ്രധാനപ്പെട്ടത്

ന്യൂ ഇന്ത്യ സമാചാറിന്റെ 2026 ഏപ്രിൽ 16-30 ലക്കത്തിലെ 'പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അഭ്യർഥന' വായിച്ചത് ഏറെ പ്രചോദനകരമായിരുന്നു. രാജ്യത്തെ പൗരന്മാരുടെ ആരോഗ്യം, സമൃദ്ധി, വികസനം എന്നിവയ്ക്കായി എല്ലാ മേഖലകളിലും പ്രധാനമന്ത്രി സദാ ശ്രദ്ധ പുലർത്തുകയും ഉചിതമായ നിർദേശങ്ങളിലൂടെ നമ്മെ നയിക്കുകയും ചെയ്തിട്ടുണ്ട്. ഇതൊരു സുപ്രധാന കാര്യമാണ്. മോദി ഗവൺമെന്റിന്റെ വലിയ നേട്ടമായ 'ഇന്ത്യയിൽ ചുവപ്പ് ഭീകരതയുടെ അന്ത്യം' എന്നതിനെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ എഡിറ്റോറിയൽ പേജിൽ നിന്നും എനിക്ക് ലഭിക്കുകയുണ്ടായി. സ്വാതന്ത്ര്യത്തിനുശേഷം, തുടർച്ചയായുണ്ടായ നക്സലൈറ്റ് ആക്രമണങ്ങൾ ഗിരിവർഗ മേഖലകളുടെ വികസനത്തെ തടസ്സപ്പെടുത്തുകയും പൊതുമുതൽ നശിപ്പിക്കപ്പെടുന്നതിനും നമ്മുടെ വലിയൊരു വിഭാഗം സൈനികരുടെ ജീവത്യാഗത്തിനും കാരണമാവുകയും ചെയ്തിരുന്നു. മോദി ഗവൺമെന്റ് ശരിയായ തീരുമാനമെടുക്കുകയും ശക്തമായ ദൗത്യം ആരംഭിക്കുകയും ചെയ്തതിലൂടെ ഇന്ത്യയെ നക്സൽ വിമുക്തമാക്കുന്നതിൽ വിജയിച്ചു. അതുകൊണ്ടുതന്നെ, രാജ്യത്തെ ജനങ്ങൾക്ക് മോദി ഗവൺമെന്റിന്റെ നയങ്ങളിലും തീരുമാനങ്ങളിലും കൂടുതൽ വിശ്വാസമുണ്ടായിരിക്കുന്നു.

birkhakd@gmail.com

### സാമ്പത്തിക നയങ്ങളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ഏറെ അറിവു പകരുന്നതാണ്

ന്യൂ ഇന്ത്യ സമാചാറിനോടുള്ള എന്റെ അഭിനന്ദനം അറിയിക്കുന്നതിനാണ് ഞാൻ ഈ കത്തെഴുതുന്നത്. നിലവിൽ ചാർട്ടേഡ് അക്കൗണ്ടന്റായി ജോലി ചെയ്യുന്ന ഒരാളെന്ന നിലയിൽ, ദേശീയ വികസനം, ഗവൺമെന്റ് പദ്ധതികൾ, സാമ്പത്തിക നയങ്ങൾ എന്നിവയെക്കുറിച്ചു മാഗസിൻ നൽകുന്ന വിശദമായ വിവരങ്ങൾ ഏറെ അറിവു പകരുന്നതും എന്റെ തൊഴിലുമായി ഏറെ ബന്ധമുള്ളതുമായി ഞാൻ കാണുന്നു. പ്രൊഫഷണൽ സമൂഹത്തെ കൃത്യമായി വിവരങ്ങൾ അറിയിക്കുന്നതിനായി നിങ്ങൾ നടത്തുന്ന ശ്രമങ്ങൾക്ക് നന്ദി.

**ധർമേഷ് ബെലാഡിയ**
dbeladiya32@gmail.com

### ജനങ്ങൾക്ക് ഏറെ വിലയേറിയ വിവര സ്രോതസ്സ്

ന്യൂ ഇന്ത്യ സമാചാറിലൂടെ ചെയ്യുന്ന മികച്ച പ്രവർത്തനങ്ങൾക്ക് നിങ്ങൾക്കും നിങ്ങളുടെ മുഴുവൻ സംഘത്തിനും എന്റെ ഹൃദയം നിറഞ്ഞ കൃതജ്ഞത അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് തികച്ചും മനോഹരമായ മാഗസിനാണ്; തമിഴ് ഉൾപ്പെടെ എല്ലാ ഇന്ത്യൻ ഭാഷകളിലും ഇത് ലഭ്യമാണ് എന്നത് ഇതിനെ കൂടുതൽ സവിശേഷമാക്കുന്നു. ഇതിന് നന്ദി പറഞ്ഞുകൊണ്ട്, രാജ്യത്തുടനീളമുള്ള ജനങ്ങൾക്ക് നമ്മുടെ ഗവൺമെന്റിന്റെ സുപ്രധാന ചുവടുവയ്പുകളും നേട്ടങ്ങളും ദർശനങ്ങളും എളുപ്പത്തിൽ മനസ്സിലാക്കാനും അവയുമായി ബന്ധപ്പെടാനും സാധിക്കുന്നുണ്ട്. നമ്മുടെ പ്രധാനമന്ത്രിയെക്കുറിച്ചുള്ള എല്ലാ പ്രധാന വാർത്തകളും ഗവൺമെന്റിന്റെ വിവിധ പരിപാടികളും ന്യൂ ഇന്ത്യ സമാചാറിലൂടെ ഒരൊറ്റ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുന്നു എന്ന വസ്തുതയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. ഇത് പൊതുജനങ്ങൾക്ക് ഏറെ വിലയേറിയ വിവര സ്രോതസ്സാണ്. രാജ്യത്തിന് വിശ്വസനീയവും പ്രചോദനാത്മകവുമായ വാർത്തകൾ എത്തിക്കുന്നതിനുള്ള നിങ്ങളുടെ സമർപ്പണവും പ്രതിജ്ഞാബദ്ധതയും ഏറെ പ്രശംസനീയമാണ്. നിങ്ങൾക്കും നിങ്ങളുടെ മുഴുവൻ സംഘത്തിനും വരും വർഷങ്ങളിലും തുടർവിജയങ്ങൾ ഉണ്ടാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

**എസ്. രാജേഷ് കണ്ണ**
kisanmorcha.gs@gmail.com

### ഗവൺമെന്റ് സംരംഭങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നതിൽ ഏറെ സഹായകം

ഞാൻ ന്യൂ ഇന്ത്യ സമാചാർ മാഗസിൻ സ്ഥിരമായി വായിക്കാറുണ്ട്. ഗവൺമെന്റ് നയങ്ങളെക്കുറിച്ചും ചുവടുവയ്പുകളെക്കുറിച്ചും കൃത്യമായി മനസ്സിലാക്കുന്നതിനായി ഈ മാഗസിൻ വായിക്കാൻ ഞാൻ ഏറെ താൽപ്പര്യപ്പെടുന്നു. ഇതിലെ വിവരങ്ങൾ ഞാൻ ചുറ്റുമുള്ള എല്ലാവരുമായും നിരന്തരം പങ്കുവയ്ക്കാറുമുണ്ട്.

**പരുൾ ശർമ**
ps308616@gmail.com

### ന്യൂ ഇന്ത്യ സമാചാർ മികച്ച മാഗസിനാണ്

ന്യൂ ഇന്ത്യ സമാചാർ മാഗസിൻ തികച്ചും മികച്ച ഒന്നാണ്. നാം വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുകയാണ്. ഇത് ഓരോ ഇന്ത്യൻ പൗരനും അഭിമാനിക്കാവുന്ന കാര്യമാണ്.

**ഓം ലത അഖൗരി**
omlata.akhouri@gmail.com



# സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടാൻ തൂലികയുടെ കരുത്ത് ഉപയോഗിച്ച ധീരനായ പത്രപ്രവർത്തകൻ

**ജനനം: 1906 ജൂൺ 10 | മരണം: 1980 നവംബർ 1**

***ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ സജീവ പങ്കുവഹിക്കുകയും ബ്രിട്ടീഷ് ഭരണത്തിനെതിരെ കരുത്തുറ്റ ശബ്ദമുയർത്തുകയും ചെയ്ത പ്രശസ്തനായ ഇന്ത്യൻ പത്രപ്രവർത്തകനും സ്വാതന്ത്ര്യസമര സേനാനിയും സാമൂഹ്യപ്രവർത്തകനുമായിരുന്നു കെ.എ. ദാമോദര മേനോൻ. മാതൃഭൂമി പത്രത്തിനൊപ്പമുള്ള ദീർഘകാലത്തെ പ്രവർത്തനത്തിനിടയിൽ, വിവിധ സാമൂഹ്യ-രാഷ്ട്രീയ വിഷയങ്ങളിൽ അദ്ദേഹം സ്വാധീനം ചെലുത്തുന്ന രചനകൾ നടത്തി. നിർഭയത്വം, സമഗ്രത, നിഷ്പക്ഷത, പൊതുതാല്പര്യത്തോടുള്ള ആഴമേറിയ പ്രതിജ്ഞാബദ്ധത എന്നിവയായിരുന്നു അദ്ദേഹത്തിന്റെ പത്രപ്രവർത്തനത്തിന്റെ സവിശേഷതകൾ. സ്വാതന്ത്ര്യസമര കാലത്ത് അദ്ദേഹം ഈ ഗുണങ്ങളെ കരുത്തുറ്റ ആയുധങ്ങളാക്കി മാറ്റി. സ്വാതന്ത്ര്യത്തിനുശേഷം, പൊതുസേവനം എന്ന ഉദാത്തമായ ലക്ഷ്യത്താൽ പ്രേരിതനായ ദാമോദര മേനോൻ, പൊതുജന ബോധവൽക്കരണം, വിദ്യാഭ്യാസം, സാമൂഹ്യപരിഷ്കരണം എന്നിവയിൽ സുപ്രധാന സംഭാവനകൾ നൽകി.***

ബ്രിട്ടീഷ് ക്രൂരതകൾക്ക് മുന്നിൽ പോലും അദ്ദേഹം നിഷ്പക്ഷത പുലർത്തുകയും നിർഭയമായ പത്രപ്രവർത്തനം കാഴ്ചവയ്ക്കുകയും ചെയ്തു. 1906 ജൂൺ 10-ന് കേരളത്തിലെ കരുമാല്ലൂരിൽ ജനിച്ച മേനോന്റെ ജീവിതം സത്യം, സമഗ്രത, സേവനം എന്നീ മൂല്യങ്ങളുടെ ജീവസ്സുറ്റ ഉദാഹരണമായി നിലകൊണ്ടു. തിരുവനന്തപുരം മഹാരാജാസ് കോളേജ്, ബർമയിലെ (ഇപ്പോഴത്തെ മ്യാൻമർ) രംഗൂൺ സർവകലാശാല എന്നിവിടങ്ങളിൽനിന്നാണ് അദ്ദേഹം വിദ്യാഭ്യാസം നേടിയത്. തുടർന്ന് തിരുവനന്തപുരത്തുനിന്ന് അദ്ദേഹം നിയമബിരുദം കരസ്ഥമാക്കി. വിദ്യാഭ്യാസത്തിനുശേഷം, പൊതുസേവനത്തോടും പത്രപ്രവർത്തനത്തോടുമുള്ള അദ്ദേഹത്തിന്റെ താല്പര്യം വളരെയധികം വർധിച്ചു. മഹാത്മാഗാന്ധിയിൽ നിന്നു പ്രചോദനം ഉൾക്കൊണ്ട് അദ്ദേഹം പിന്നീട് സ്വാതന്ത്ര്യ സമരത്തിൽ പങ്കുചേർന്നു.

മഹാത്മാഗാന്ധിയും അദ്ദേഹത്തിന്റെ ആദർശങ്ങളും ദാമോദര മേനോന്റെ ജീവിതത്തിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തി. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന 'ഉപ്പു സത്യഗ്രഹത്തിലും' 'നിയമ ലംഘന പ്രസ്ഥാനത്തിലും' അദ്ദേഹം സജീവമായി പങ്കെടുത്തു. സജീവമായ പ്രവർത്തനങ്ങളുടെ പേരിൽ അദ്ദേഹം ജയിലിലടയ്ക്കപ്പെടുകയും ചെയ്തു. അതിനുപുറമെ, 'ക്വിറ്റ് ഇന്ത്യ സമരത്തിൽ' പങ്കെടുക്കുകയും അതിന്റെ പ്രധാന നേതാക്കളിൽ ഒരാളായി ഉയർന്നുവരികയും ചെയ്തു. ഈയൊരു കാരണത്താൽ ബ്രിട്ടീഷുകാർ അദ്ദേഹത്തെ വീണ്ടും അറസ്റ്റ് ചെയ്യുകയും 1942 മുതൽ 1945 വരെ അദ്ദേഹം തടവിലാക്കപ്പെടുകയും ചെയ്തു.

പ്രശസ്ത മലയാള ദിനപത്രമായ "മാതൃഭൂമി"യുടെ പത്രാധിപർ എന്ന നിലയിൽ 1948 വരെ സേവനമനുഷ്ഠിച്ച ദാമോദര മേനോൻ നിരവധി പൊതുജന ബോധവൽക്കരണ വിഷയങ്ങൾ ഉയർത്തിക്കാട്ടി. ബ്രിട്ടീഷുകാർ ഇന്ത്യക്കാരെ അടിച്ചമർത്തുന്നതിനെ ഈ പത്രത്തിലൂടെ അദ്ദേഹം ശക്തമായി വിമർശിച്ചു. അതിനുപുറമെ, തന്റെ ഔദ്യോഗിക ജീവിതത്തിൽ "സമദർശി", "സ്വതന്ത്ര", "കാഹളം", "പൗരശക്തി" തുടങ്ങിയ പത്രങ്ങളുടെ പത്രാധിപരായും അദ്ദേഹം പ്രവർത്തിച്ചു. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച ശേഷവും അദ്ദേഹം ദേശീയ താൽപ്പര്യങ്ങൾക്കായി പ്രവർത്തനം തുടർന്നു. ലോക്സഭയിലേക്കും സംസ്ഥാന നിയമസഭയിലേക്കും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് അദ്ദേഹം സംസ്ഥാന ഗവണ്മെന്റിൽ മന്ത്രിയാവുകയും ചെയ്തു. ഉദാരമായ സാമ്പത്തിക വീക്ഷണങ്ങളെ അദ്ദേഹം അനുകൂലിച്ചു. മിശ്രവിവാഹങ്ങളെ മാത്രമല്ല, മതനിരപേക്ഷ വിവാഹങ്ങളെയും അദ്ദേഹം പിന്തുണച്ചിരുന്നു. 1980 നവംബർ 1-നാണ് അദ്ദേഹം അന്തരിച്ചത്. 2022 മാർച്ച് 18-ന് നടന്ന "മാതൃഭൂമി"യുടെ ശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടന ച്ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി, ദാമോദര മേനോനെ അനുസ്മരിക്കുകയും അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി അർപ്പിക്കുകയും ചെയ്തു.

കേന്ദ്ര മന്ത്രിസഭായോഗ തീരുമാനങ്ങൾ

# ഖാരിഫ് വിളകൾക്കു താങ്ങുവില

## രണ്ട് സെമികണ്ടക്ടർ പദ്ധതികൾക്ക് അംഗീകാരം



*രാജ്യത്തുടനീളമുള്ള കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ വരുമാനം വർധിപ്പിക്കുന്നതിനുമായി കേന്ദ്ര ഗവണ്മെന്റ് നിരന്തരം സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുന്നുണ്ട്. ഈ ശ്രമങ്ങളുടെ ഭാഗമായി, 2026-ലെ ഖാരിഫ് സീസണിലെ വിളകളുടെ താങ്ങുവില വർധിപ്പിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾക്കായുള്ള കേന്ദ്ര മന്ത്രിസഭാസമിതി അംഗീകാരം നൽകി. കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനും ഈ തീരുമാനം വലിയൊരു ചുവടുവയ്പാണ്. ഇതിനുപുറമേ, ഇന്ത്യ സെമികണ്ടക്ടർ ദൗത്യത്തിന് (ISM) കീഴിൽ രണ്ട് സെമികണ്ടക്ടർ പദ്ധതികൾ കൂടി ഉൾപ്പെടുത്തുന്നത് അടക്കമുള്ള മറ്റ് പ്രധാന നിർദേശങ്ങൾക്കും കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി.*

**തീരുമാനം: 2026-27 വിപണന കാലയളവിലെ 14 ഖാരിഫ് വിളകളുടെ താങ്ങുവിലയ്ക്ക് (MSP) അംഗീകാരം നൽകി.**

**ഗുണഫലം:** കർഷകർക്ക് അവരുടെ ഉല്പാദനത്തിന് ലാഭകരമായ വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഗവണ്മെന്റ് 2026-27 വിപണന കാലയളവിലെ ഖാരിഫ് വിളകളുടെ MSP വർധിപ്പിച്ചു. മുൻവർഷത്തെ അപേക്ഷിച്ച്, സൂര്യകാന്തി വിത്തുകൾക്കാണ് (ക്വിന്റലിന് 622 രൂപ) ഏറ്റവും ഉയർന്ന നിരക്കിലുള്ള വർധന അംഗീകരിച്ചിരിക്കുന്നത്. തൊട്ടുപിന്നാലെ പരുത്തി (ക്വിന്റലിന് 557 രൂപ), നൈജർസീഡ് (ക്വിന്റലിന് 515 രൂപ), എള്ള് (ക്വിന്റലിന് 500 രൂപ) എന്നിവയ്ക്കാണ് കൂടുതൽ വർധന അനുവദിച്ചിട്ടുള്ളത്.

**തീരുമാനം: ഇന്ത്യ സെമികണ്ടക്ടർ ദൗത്യത്തിന് (ISM) കീഴിൽ രണ്ട് പദ്ധതികൾക്ക് കൂടി അംഗീകാരം നൽകി.**

**ഗുണഫലം:** അംഗീകരിച്ച രണ്ട് നിർദേശങ്ങളിലൂടെ ഗുജറാത്തിൽ സെമികണ്ടക്ടർ നിർമാണ യൂണിറ്റുകൾ സ്ഥാപിതമാകും. ഏകദേശം 3,936 കോടി രൂപയുടെ ആകെ നിക്ഷേപത്തോടെയുള്ള ഈ സംരംഭങ്ങൾ, നൈപുണ്യമുള്ള പ്രൊഫഷണലുകൾക്കായി 2,230 തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

- ഈ രണ്ട് അംഗീകാരങ്ങളോടെ രാജ്യത്തെ സെമികണ്ടക്ടർ മേഖലയ്ക്ക് വലിയ മുന്നേറ്റമുണ്ടാകും; ഇതിലൂടെ ISM-ന് കീഴിൽ അംഗീകരിച്ച ആകെ പദ്ധതികളുടെ എണ്ണം 12 ആയി ഉയരും. ഇത് ഏകദേശം 1.64 ലക്ഷം കോടി രൂപയുടെ സഞ്ചിത നിക്ഷേപത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്.
- രാജ്യത്ത് വളർന്നുവരുന്ന ലോകോത്തര നിലവാരത്തിലുള്ള ചിപ്പ് ഡിസൈനിങ് ശേഷിക്ക് ഈ പദ്ധതികൾ പൂരകമായി വർത്തിക്കും.315

അക്കാദമിക് സ്ഥാപനങ്ങൾക്കും 104 സ്റ്റാർട്ടപ്പുകൾക്കും ഗവണ്മെന്റ് നൽകിയ ഡിസൈൻ ഇൻഫ്രാസ്ട്രക്ചർ പിന്തുണയിലൂടെ ഈ ചുവടുവയ്പിന് വലിയ വേഗത കൈവന്നിട്ടുണ്ട്.

- ഇതിനകം അംഗീകാരം ലഭിച്ച പത്ത് പദ്ധതികൾ നടപ്പാക്കലിന്റെ വിവിധ ഘട്ടങ്ങളിലായതോടെ, ഇന്ത്യയുടെ സെമികണ്ടക്ടർ ഭൂമികയുടെ വേഗത വർധിക്കുകയാണ്.

**തീരുമാനം: എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരന്റി സ്കീം (ECLGS) 5.0-ന് അംഗീകാരം.**

**ഗുണഫലം:** പശ്ചിമേഷ്യയിലെ സംഘർഷങ്ങൾ കാരണമുള്ള വെല്ലുവിളികളിൽനിന്ന് കരകയറാൻ വ്യവസായങ്ങളെ പ്രാപ്തമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. കൂടാതെ, വ്യവസായങ്ങൾക്ക് അവരുടെ പ്രവർത്തനങ്ങൾ നിലനിർത്തുന്നതിനും തൊഴിലുകൾ സംരക്ഷിക്കുന്നതിനും വിതരണശൃംഖലകൾ നിലനിർത്തുന്നതിനും ഇത് സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

- നിർദിഷ്ട വായ്പ ഉറപ്പു പദ്ധതി, ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും വഴി വ്യവസായങ്ങളുടെ, പ്രത്യേകിച്ച് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെയും വ്യോമയാന മേഖലയുടെയും, അധിക പ്രവർത്തന മൂലധന ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നുവെന്ന് ഉറപ്പാക്കി, അവയെ സഹായിക്കുന്നതിനുള്ള സുപ്രധാനമായ ചുവടുവയ്പാണ്.
- കൃത്യസമയത്ത് ധനലഭ്യത ഉറപ്പാക്കുന്നതിലൂടെ, ഈ പദ്ധതി വ്യവസായങ്ങൾ നിലനിർത്തുന്നതിനും തൊഴിൽനഷ്ടം തടയുന്നതിനും സഹായിക്കും.
- ഇത് തടസ്സമില്ലാത്ത ആഭ്യന്തര ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുകയും ഈ മേഖലയുടെ കരുത്ത് നിലനിർത്തുകയും ചെയ്യും.

**തീരുമാനം: ഗുജറാത്തിലെ വാഡിനാറിൽ കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രത്തിന് മന്ത്രിസഭാംഗീകാരം.**

**ഗുണഫലം:** 230 മീറ്ററിലധികം നീളമുള്ള വലിയ കപ്പലുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള മതിയായ ആഭ്യന്തര ശേഷി നിലവിൽ ഇന്ത്യക്കില്ല. വാഡിനാർ കപ്പൽ അറ്റകുറ്റപ്പണി കേന്ദ്രം വരുന്നതോടെ ഇന്ത്യയുടെ കപ്പൽ അറ്റകുറ്റപ്പണി അടിസ്ഥാനസൗകര്യ മേഖലയിലെ ഈ വലിയ പോരായ്മയ്ക്ക് നേരിട്ട് പരിഹാരമാകും. 300 മീറ്റർ വരെയുള്ള കപ്പലുകളുടെ അറ്റകുറ്റപ്പണി സാധ്യമാക്കുന്നതിലൂടെ, വലിയ കപ്പലുകളുടെ ഉയർന്ന ചെലവുള്ള അറ്റകുറ്റപ്പണികൾ ഇന്ത്യയിൽ തന്നെ നടത്താൻ ഈ കേന്ദ്രം വഴി സാധിക്കും. ഇത് വിദേശ കപ്പൽശാലകളെ ആശ്രയിക്കുന്നത് ഗണ്യമായി കുറയ്ക്കുകയും വിദേശനാണ്യ ചോർച്ച തടയുകയും ചെയ്യും.

- ഈ പദ്ധതി കപ്പൽ അറ്റകുറ്റപ്പണി, ലോജിസ്റ്റിക്സ്, അനുബന്ധ വ്യവസായങ്ങൾ എന്നിവയിലുടനീളം ഏകദേശം 290 നേരിട്ടുള്ള തൊഴിലവസരങ്ങളും 1,100 ഓളം പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതോടൊപ്പം ഇത് വിപുലമായ സമുദ്ര വ്യവസായ മേഖലയുടെ വളർച്ചയ്ക്ക് ഉത്തേജനം പകരുകയും ചെയ്യും.

**തീരുമാനം: സുപ്രീം കോടതി (ന്യായാധിപരുടെ എണ്ണം) ഭേദഗതി ബിൽ, 2026 പാർലമെന്റിൽ അവതരിപ്പിക്കുന്നതിനുള്ള നിർദേശത്തിന് അംഗീകാരം.**

**തീരുമാനം: സാമ്പത്തിക കാര്യങ്ങൾക്കായുള്ള കേന്ദ്രമന്ത്രിസഭാസമിതി മധ്യപ്രദേശ്, രാജസ്ഥാൻ, ഉത്തർപ്രദേശ്, കർണാടക, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലെ 19 ജില്ലകളെ ഉൾക്കൊള്ളുന്ന മൂന്ന് മൾട്ടി ട്രാക്കിങ് പദ്ധതികൾക്ക് അംഗീകാരം നൽകി.**

**ഗുണഫലം:** ഇത് ഇന്ത്യൻ റെയിൽവേയുടെ നിലവിലുള്ള ശൃംഖലയിലേക്ക് ഏകദേശം 901 കിലോമീറ്റർ കൂടി കൂട്ടിച്ചേർക്കുന്നതിന് കാരണമാകും.

- ഈ പദ്ധതികൾക്കായി കണക്കാക്കുന്ന ആകെ ചെലവ് 23,437 കോടി രൂപയാണ്. ഇവ 2030-31 വർഷത്തോടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.
- നിർദിഷ്ട മൾട്ടി ട്രാക്കിങ് പദ്ധതികൾ ഏകദേശം 83 ലക്ഷം ജനസംഖ്യയുള്ള 4,161 ഓളം ഗ്രാമങ്ങളിലേക്കുള്ള കണക്റ്റിവിറ്റി മെച്ചപ്പെടുത്തും.




**ഗുണഫലം:** സുപ്രീം കോടതി (ന്യായാധിപരുടെ എണ്ണം) നിയമം, 1956 ഭേദഗതി ചെയ്യുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിലൂടെ ചീഫ് ജസ്റ്റിസ് ഒഴികെ, ഇന്ത്യയിലെ സുപ്രീം കോടതിയിലെ ന്യായാധിപരുടെ എണ്ണം നിലവിലുള്ള 33-ൽ നിന്ന് 37 ആയി വർധിപ്പിക്കും..

- ന്യായാധിപരുടെ എണ്ണത്തിലുണ്ടാകുന്ന ഈ വർധന സുപ്രീം കോടതിക്ക് കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും പ്രവർത്തിക്കാൻ പ്രാപ്തി നൽകും, അതുവഴി വേഗത്തിലുള്ള നീതിനിർവഹണം ഉറപ്പാക്കാനാകും.
- ന്യായാധിപരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളം, മറ്റ് ഔദ്യോഗിക ആനുകൂല്യങ്ങൾ എന്നിവയ്ക്കായി വരുന്ന ചെലവുകൾ ഇന്ത്യയുടെ സഞ്ചിത നിധിയിൽ നിന്നായിരിക്കും കണ്ടെത്തുക.

**തീരുമാനം: 2026-27 കരിമ്പ് ഉൽപ്പാദന സീസണിലേക്ക് കരിമ്പ് കർഷകർക്കായി ക്വിന്റലിന് 365 രൂപ നിരക്കിൽ ന്യായവും ലാഭകരവുമായ വിലയ്ക്ക് (FRP) അംഗീകാരം നൽകി.**

**ഗുണഫലം:** കരിമ്പ് കർഷകരുടെ താൽപ്പര്യങ്ങൾ മുൻനിർത്തിയാണ് ഈ തീരുമാനമെടുത്തിരിക്കുന്നത്. ഈ തീരുമാനം 5 കോടി കരിമ്പ് കർഷകർക്കും, അതോടൊപ്പം പഞ്ചസാര മില്ലുകളിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന 5 ലക്ഷം തൊഴിലാളികൾക്കും പ്രയോജനം ചെയ്യും.

**തീരുമാനം: ഉറവിടത്തിന് സമീപം സ്ഥിതി ചെയ്യുന്ന**

**തീരുമാനം: നാഗ്പൂർ അന്താരാഷ്ട്ര വിമാനത്താവളം നവീകരിക്കുന്നതിന് കേന്ദ്ര മന്ത്രിസഭാംഗീകാരം.**

**ഗുണഫലം:** നാഗ്പുരിലെ മൾട്ടി-മോഡൽ ഇന്റർനാഷണൽ കാർഗോ ഹബ് ആൻഡ് എയർപോർട്ട് (MIHAN) പദ്ധതിക്ക് കീഴിൽ, നാഗ്പൂർ വിമാനത്താവളം പ്രാദേശിക വ്യോമയാന ഹബ്ബായി മാറുന്നതിലേക്കുള്ള യാത്രയിലെ സുപ്രധാന നാഴികക്കല്ലാണിത്. ഗവണ്മെന്റ് മേൽനോട്ടത്തോടൊപ്പം സ്വകാര്യ മേഖലയുടെ കാര്യക്ഷമതയും പ്രയോജനപ്പെടുത്തുന്നതിലൂടെ, വലിയ തോതിലുള്ള നിക്ഷേപം, ആധുനികവൽക്കരണം, മെച്ചപ്പെട്ട യാത്രാ-ചരക്ക് സേവനങ്ങൾ എന്നിവയ്ക്കായി വിമാനത്താവളം സജ്ജമായിക്കഴിഞ്ഞു..

- ഘട്ടം ഘട്ടമായുള്ള വികസന പദ്ധതിയിലൂടെ, വിമാനത്താവളത്തിന്റെ അന്തിമശേഷി പ്രതിവർഷം 30 ദശലക്ഷം യാത്രക്കാരായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു; ഇതോടെ മധ്യ ഇന്ത്യയിലെ ഏറ്റവും പ്രമുഖമായ വിമാനത്താവളങ്ങളിലൊന്നായി ഇത് മാറും.
- ഈ മാറ്റം വിദർഭ മേഖലയിലെ കണക്റ്റിവിറ്റി വർധിപ്പിക്കുക മാത്രമല്ല, അവിടുത്തെ സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങൾക്ക് കരുത്ത് പകരുകയും ചെയ്യും. ചരക്ക് കൈകാര്യം ചെയ്യാനുള്ള ശേഷിയിൽ ഗണ്യമായ വർധന സൃഷ്ടിക്കാൻ ഇത് കാരണമാകുമെന്നും പ്രതീക്ഷിക്കുന്നു.



*മന്ത്രിസഭാ തീരുമാനങ്ങളെക്കുറിച്ചുള്ള വാർത്താസമ്മേളനം കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യൂ.*

**കൽക്കരി/ലിഗ്നൈറ്റ് വാതകവൽക്കരണ പദ്ധതികൾക്കായി 37,500 കോടി രൂപ വകയിരുത്തിക്കൊണ്ടുള്ള പ്രോത്സാഹന പദ്ധതിക്ക് അംഗീകാരം.**

**ഗുണഫലം:** ഇന്ത്യയുടെ കൽക്കരി/ലിഗ്നൈറ്റ് വാതകവൽക്കരണ പരിപാടിക്ക് വേഗത കൂട്ടുന്നതിനും 2030 വർഷത്തോടെ 100 ദശലക്ഷം ടൺ കൽക്കരി വാതകവൽക്കരിക്കുകയെന്ന ദേശീയ ലക്ഷ്യത്തിലേക്ക് മുന്നേറുന്നതിനും ഈ പദ്ധതി വലിയ ചുവടുവയ്പാണ്.

- കൂടാതെ, ഇത് രാജ്യത്തിന്റെ ഊർജ സുരക്ഷ ശക്തിപ്പെടുത്തുന്നതിനും നിലവിൽ 50%-ത്തിലധികം ഇറക്കുമതി ചെയ്യുന്ന ദ്രവീകൃത പ്രകൃതിവാതകം (LNG), യൂറിയ (20% ഇറക്കുമതി ചെയ്യുന്നത്), അമോണിയ (100% ഇറക്കുമതി ചെയ്യുന്നത്), മെഥനോൾ (80-90% ഇറക്കുമതി ചെയ്യുന്നത്) തുടങ്ങിയ പ്രധാന ഉൽപ്പന്നങ്ങളുടെ ഇറക്കുമതിയെ ആശ്രയിക്കുന്നതു കുറയ്ക്കുന്നതിനും സഹായിക്കും.

**തീരുമാനം: ഗുജറാത്തിലെ അഹമ്മദാബാദ് ജില്ലയെ ഉൾക്കൊള്ളുന്ന പുതിയ പദ്ധതിക്ക് അംഗീകാരം.**

**ഗുണഫലം:** ഇത് ഇന്ത്യൻ റെയിൽവേയുടെ നിലവിലുള്ള ശൃംഖലയിലേക്ക് ഏകദേശം 134 കിലോമീറ്റർ കൂടി കൂട്ടിച്ചേർക്കുന്നതിന് കാരണമാകും. ഈ പദ്ധതിക്കായി കണക്കാക്കുന്ന ആകെ ചെലവ് ഏകദേശം 20,667 കോടി രൂപയാണ്. ഇത് 2030-31 വർഷത്തോടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു..

- ഈ പദ്ധതി വിഭാഗം അഹമ്മദാബാദ്, ധൊലേര SIR, നിർമാണത്തിലിരിക്കുന്ന ധൊലേര വിമാനത്താവളം, ലോഥൽ ദേശീയ സമുദ്ര പൈതൃക സമുച്ചയം എന്നിവ തമ്മിൽ മെച്ചപ്പെട്ട കണക്റ്റിവിറ്റി സ്ഥാപിക്കും.
- അഹമ്മദാബാദിനെ ധൊലേരയുമായി ബന്ധിപ്പിക്കുന്നത് യാത്രാസമയം കുറയ്ക്കുകയും ദിവസേനയുള്ള യാത്ര കൂടുതൽ സുഖകരമാക്കുകയും ഒരേ ദിവസം തിരിച്ചുള്ള യാത്ര സാധ്യമാക്കുകയും ചെയ്യും.
- ഈ അർധ അതിവേഗ റെയിൽവേ, വിവിധ നഗരങ്ങളിലായി നൂറുകണക്കിന് കിലോമീറ്റർ അകലെ താമസിക്കുന്ന ജനങ്ങളെ പരസ്പരം കൂടുതൽ അടുപ്പിക്കും.

**തീരുമാനം: പരുത്തി മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും 2030-31 വർഷത്തോടെ ആഗോള വസ്ത്രവ്യാപാര വിപണിയിൽ മത്സരക്ഷമത വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് 5,659.22 കോടി രൂപ വകയിരുത്തിക്കൊണ്ടുള്ള 'പരുത്തി ഉൽപ്പാദനക്ഷമത ദൗത്യ'ത്തിന് അംഗീകാരം.**

**ഗുണഫലം:** ഈ ദൗത്യം ഇന്ത്യാ ഗവണ്മെന്റിന്റെ '5F' ദർശനവുമായി (ഫാം ടു ഫൈബർ ടു ഫാക്ടറി ടു ഫാഷൻ ടു ഫോറിൻ) പൊരുത്തപ്പെടുന്നതാണ്.

- രോഗങ്ങളെയും കീടങ്ങളെയും പ്രതിരോധിക്കാൻ ശേഷിയുള്ള ഉയർന്ന വിളവ് നൽകുന്ന (HYV) വിത്തുകളുടെ വികസനത്തിലൂടെ പരുത്തി ഉൽപ്പാദനക്ഷമത വർധിപ്പിക്കുന്നതിനാണ് ഈ ദൗത്യം ഊന്നൽ നൽകുന്നത്. നിലവിലുള്ളതും അത്യാധുനികവുമായ വിള ഉൽപ്പാദന സാങ്കേതികവിദ്യകൾ വൻതോതിൽ പ്രോത്സാഹിപ്പിക്കുന്നതിനും നടപ്പാക്കുന്നതിനും സംസ്ഥാന ഗവണ്മെന്റുകൾ, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, സംസ്ഥാന കാർഷിക സർവകലാശാലകൾ എന്നിവ വഴി വിപുലമാക്കുക; വ്യവസായ മേഖലയ്ക്ക് ഒട്ടും മലിനമാകാത്ത പരുത്തി വിതരണം ഉറപ്പാക്കുക; ഉയർന്ന ഗുണമേന്മയുള്ള പരുത്തി കയറ്റുമതി പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ.
- കൂടാതെ, വ്യവസായ മേഖലയ്ക്ക് ഏറ്റവും കുറഞ്ഞ അളവിൽ മാത്രം മലിനമായ പരുത്തി വിതരണം ഉറപ്പാക്കാനും ഉയർന്ന ഗുണമേന്മയുള്ള പരുത്തി കയറ്റുമതി പ്രോത്സാഹിപ്പിക്കാനും ഈ ദൗത്യം ലക്ഷ്യമിടുന്നു.




നിശ്ചയദാർഢ്യത്തിന്റെ 12 വർഷങ്ങൾ

# വികസിത ഇന്ത്യയിലേക്കുള്ള പ്രയാണത്തിലെ നവയുഗം




## കവർ സ്റ്റോറി

# 12 വർഷങ്ങൾ
## വികസനയാത്ര

ഒരു രാജ്യത്തിന്റെ വികസന യാത്രയിൽ, രാജ്യം തന്നെ പുനർനിർവചിക്കുന്ന നിമിഷം വന്നെത്തുന്നു. അത് പുതിയ പ്രമേയങ്ങളെ നെഞ്ചേറ്റുകയും അവ സാക്ഷാത്കരിക്കാനുള്ള പാത തേടുകയും ചെയ്യുന്നു. അചഞ്ചലമായ ഇച്ഛാശക്തിയാൽ നയിക്കപ്പെട്ട്, ഈ ആഗ്രഹങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാൻ അത് സ്വയം സമർപ്പിക്കുന്നു; കൃത്യമായി ഈ ഘട്ടത്തിലാണ് മാറ്റങ്ങൾ ആരംഭിക്കുന്നത്-വരുംതലമുറകളുടെ കൂട്ടായ ഓർമകളിൽ എന്നും നിലനിൽക്കാൻ വിധിക്കപ്പെട്ട മാറ്റങ്ങൾ. 2014-ൽ രാജ്യത്തിന്റെ രാഷ്ട്രീയ രംഗത്ത് വലിയൊരു മാറ്റമുണ്ടായി. രാജ്യം പുതിയ പുലരിക്ക് സാക്ഷ്യം വഹിച്ചു-ഇന്നുവരെ തടസ്സമില്ലാതെ തുടരുന്ന വികസന യാത്രയുടെ തുടക്കം. 'വികസിത ഇന്ത്യ'യാകുക എന്ന മഹത്തായ നിർദേശവുമായി മുന്നോട്ട് കുതിക്കുന്ന ഒരു രാജ്യം ഏറ്റെടുത്ത ഈ ദേശീയ പുനർനിർമാണ യാത്രയിൽ, ജൂൺ 9-ന്, ഗവൺമെന്റ് പന്ത്രണ്ട് വർഷം പൂർത്തിയാക്കി. ഇന്ത്യൻ സംസ്കാരത്തിലും വിവിധ മതങ്ങളിലെ ഗ്രന്ഥങ്ങളിലും 12 എന്ന സംഖ്യയ്ക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ശാസ്ത്രീയ പാരമ്പര്യങ്ങൾ അനുസരിച്ച്, 12 വർഷത്തെ 'തപസ്സിന്റെ' ലക്ഷ്യം അന്വേഷകനെ ആത്മീയ ജ്ഞാനവും ആത്മസാക്ഷാത്കാരവും നേടുന്നതിലേക്ക് നയിക്കുക എന്നതാണ്. അത്തരം കഠിനമായ അച്ചടക്കത്തിന്റെ 12 വർഷത്തെ കാലയളവ് കഠിനവും ദുഷ്കരവുമായ പ്രക്രിയയാണ്. എല്ലാവർക്കും അത് ഏറ്റെടുക്കാൻ കഴിഞ്ഞെന്ന് വരില്ല. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ, ഈ 12 വർഷത്തെ വികസന യാത്ര ആ നിമിഷത്തെ അടിയന്തിര ആവശ്യങ്ങളെ മാത്രമല്ല അഭിസംബോധന ചെയ്തത്; മറിച്ച്, അത് സുചിന്തിതവും ദീർഘകാലത്തേക്കുള്ളതുമായ വീക്ഷണത്തിൽ അധിഷ്ഠിതമാണ്. നിലവിലെ കേന്ദ്ര ഗവൺമെന്റ് ഏറ്റെടുത്ത 12 വർഷത്തെ വികസന യാത്ര ആ 'അമൃതിനെ'-വർഷങ്ങളുടെ സമർപ്പണത്തിൽ നിന്നും തപസ്സിൽ നിന്നും വേർതിരിച്ചെടുത്ത ആ സത്തയെ-പ്രതിനിധാനം ചെയ്യുന്നു. അത് 'അമൃതകാലത്ത്' ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റാനുള്ള അചഞ്ചലമായ പ്രതിജ്ഞാബദ്ധതയോടെ, 'വികസിത ഇന്ത്യ' എന്ന മഹത്തായ പ്രമേയം പൂർത്തീകരിക്കുന്നതിനുള്ള പാതയിൽ ഇപ്പോൾ അതിവേഗം മുന്നോട്ട് കുതിക്കുകയാണ്.

തീർച്ചയായും, കഴിഞ്ഞ 12 വർഷമായി, 'സേവനമാണ് നമ്മുടെ വ്രതം'എന്ന തത്വവും-കർത്തവ്യ പഥത്തിലൂടെ മുന്നേറാനുള്ള അചഞ്ചലമായ പ്രതിജ്ഞാബദ്ധതയും ചേർന്ന്-പഴയ മാതൃകകളെ തച്ചുടയ്ക്കുകയും വികസനത്തിന് പുതിയ പാത രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ, പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ എത്തിക്കുന്നതിനും യഥാർഥ സ്വാതന്ത്ര്യ ബോധം വളർത്തുന്നതിനുമായി കഴിഞ്ഞ 12 വർഷത്തിനിടെ കൈക്കൊണ്ട സംരംഭങ്ങൾ മായ്ക്കാനാവാത്ത മുദ്ര പതിപ്പിച്ചിരിക്കുന്നു-'ആസാദി കാ അമൃത് കാൽ' മുതൽ ആരംഭിച്ച ഇത്, നൂറാം വാർഷികത്തിലേക്ക് മുന്നേറുമ്പോൾ 'നവ ഇന്ത്യയുടെ' പുതിയ വിധി രചിക്കാൻ ഒരുങ്ങുകയാണ്. ഈ നവ ഇന്ത്യ യുവാക്കളുടെ സ്വപ്നങ്ങളെ പരിപോഷിപ്പിക്കുകയും, നാരീശക്തിയുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കുകയും, പാവപ്പെട്ടവർക്ക് മുന്നേറാൻ ധാരാളം അവസരങ്ങൾ നൽകുകയും, മധ്യവർഗത്തിന്റെ അഭിലാഷങ്ങളെ പുതിയ ഉയരങ്ങളിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യുന്നു. സമ്പദ്‌വ്യവസ്ഥ അതിവേഗം വളരുകയാണ്. കഴിഞ്ഞ 12 വർഷത്തിനിടെ നിരവധി പദ്ധതികളുടെ ആനുകൂല്യങ്ങൾ ദശലക്ഷക്കണക്കിന് പാവപ്പെട്ട ജനങ്ങളുടെ പടിവാതിൽക്കൽ എത്തിയിരിക്കുന്നു. ഉജ്വല മുതൽ ആയുഷ്മാൻ ഭാരത് വരെയുള്ള പദ്ധതികളുടെ, മാറ്റം വരുത്താനുള്ള കരുത്ത് ഇന്ന് രാജ്യത്തെ ഓരോ പാവപ്പെട്ട വ്യക്തിയും തിരിച്ചറിയുന്നു. ഗവൺമെന്റ് പദ്ധതികൾ നടപ്പാക്കുന്നതിന്റെ വേഗത വർധിച്ചിരിക്കുന്നു; അവ ഇപ്പോൾ നിരന്തരമായി ലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ട്.

***2014 മുതൽ 2026 വരെയുള്ള കാലഘട്ടം ദേശീയ ദൃഢനിശ്ചയങ്ങളുടെ പൂർത്തീകരണത്തിൽ പുതിയ അധ്യായം രചിച്ചിരിക്കുന്നു. ഈ കാലയളവ് വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. ഇന്ന് രാജ്യത്തെ ഓരോ പൗരനും ഈ മാറ്റത്തിന്റെ ഭാഗമായി സ്വയം കരുതുന്നു. അതിനാൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ കഴിഞ്ഞ 12 വർഷത്തെ നേട്ടങ്ങൾ, വർഷങ്ങളുടെ കഠിനമായ സമർപ്പണത്തിൽ നിന്നും തപസ്സിൽ നിന്നും വേർതിരിച്ചെടുത്ത 'അമൃതി'നെ പ്രതിനിധാനം ചെയ്യുന്നു. 'അമൃതകാലത്ത്' ഇന്ത്യയെ വികസിത രാഷ്ട്രമാക്കി മാറ്റാനുള്ള അചഞ്ചലമായ നിശ്ചയദാർഢ്യത്തോടെ, ദേശീയ പുനർനിർമാണത്തിന്റെ പാതയിൽ ഇപ്പോൾ നിർണായകമായി മുന്നോട്ട് വച്ചിരിക്കുന്നതും ഈ സത്തയാണ്.***



ഭൂതകാലത്തെ അപേക്ഷിച്ച്, രാജ്യം ഗണ്യമായ വേഗതയിലാണ് മുന്നേറുന്നത്. 'അമൃത് കാലത്തി'ന്റെ യാത്രയിലേക്ക് ഇന്ത്യ ചുവടുവച്ചിരിക്കുന്നത് ഈ ദൃഢനിശ്ചയത്തോടെയാണ്. 100 ശതമാനം ഗ്രാമങ്ങളിലും റോഡ് കണക്റ്റിവിറ്റി ഉറപ്പാക്കാനും, 100 ശതമാനം കുടുംബങ്ങൾക്കും ബാങ്ക് അക്കൗണ്ടുകൾ ലഭ്യമാക്കാനും, 100 ശതമാനം ഗുണഭോക്താക്കൾക്കും ആയുഷ്മാൻ ഭാരത് കാർഡുകൾ നൽകാനും, അർഹരായ 100 ശതമാനം വ്യക്തികൾക്കും ഉജ്വല പദ്ധതിക്ക് കീഴിൽ പാചക വാതക കണക്ഷനുകൾ ലഭ്യമാക്കാനും ഈ യുഗം വിഭാവനം ചെയ്യുന്നു. ഇൻഷുറൻസ് പദ്ധതികളോ, പെൻഷൻ പദ്ധതികളോ, അല്ലെങ്കിൽ ഭവന പദ്ധതികളോ ഏതുമാകട്ടെ, അർഹരായ എല്ലാ വ്യക്തികളെയും ഈ പദ്ധതികളുടെ പരിധിയിൽ കൊണ്ടുവരാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. സ്വനിധി പദ്ധതിയിലൂടെ വഴിയോരക്കച്ചവടക്കാരെയും ഹാവ്കമാരെയും ഔപചാരിക ബാങ്കിങ് സംവിധാനത്തിലേക്ക് സംയോജിപ്പിച്ചു വരുന്നു. കൂടാതെ, 'ഹർ ഘർ ജൽ' ദൗത്യം നടപ്പാക്കാൻ രാജ്യം ഇപ്പോൾ വളരെ അടിയന്തിരമായി പ്രവർത്തിക്കുകയാണ്. സമഗ്രവും ഏവരെയും ഉൾക്കൊള്ളുന്നതുമായ വികസന തത്വചിന്തയാൽ നയിക്കപ്പെടുന്ന കേന്ദ്ര ഗവൺമെന്റ്, രാജ്യത്തിന്റെ വികസന യാത്രയിൽ ഒരു വ്യക്തിയോ സാമൂഹ്യ വിഭാഗമോ പിന്നിലാക്കപ്പെടുന്നില്ലെന്നും, രാജ്യത്തിന്റെ ഭൂമിശാസ്ത്രപരമായ ഏതെങ്കിലും പ്രദേശമോ മേഖലയോ അവഗണിക്കപ്പെടുന്നില്ലെന്നും ഉറപ്പാക്കുന്നു. വനിതാ ശാക്തീകരണമോ യുവശക്തിയോ ആകട്ടെ, കർഷകരോ അല്ലെങ്കിൽ പാവപ്പെട്ടവരും പാർശ്വവൽക്കരിക്കപ്പെട്ടവരുമാകട്ടെ; ഒരൊറ്റ ദർശനം മാത്രമേയുള്ളൂ: വികസനം ഏവരെയും ഉൾക്കൊള്ളുന്നതാകണം. കഴിഞ്ഞ 12 വർഷത്തിനിടെ, മുമ്പ് പിന്നാക്കം നിന്ന രാജ്യത്തെ പ്രദേശങ്ങളെപ്പോലും ഉയർത്തിക്കൊണ്ടുവരുന്നതിനായി യോജിച്ച ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കിഴക്കൻ ഇന്ത്യ, വടക്കുകിഴക്കൻ മേഖല, ജമ്മു കശ്മീരും ലഡാക്കും ഉൾപ്പെടെയുള്ള മുഴുവൻ ഹിമാലയൻ പ്രദേശങ്ങളും, അതുപോലെ തന്നെ തീരദേശ പ്രദേശങ്ങളും ഗിരിവർഗ മേഖലകളും ഇന്ത്യയുടെ ഭാവി വികസന യാത്രയുടെ നിർണായക സ്തംഭങ്ങളായി ഉയർന്നുവരികയാണ്. ഈ പ്രദേശങ്ങൾക്കെല്ലാം തന്നെ, സദ്ഭരണത്തിന്റെ വഴികാട്ടിയായ മന്ത്രം വെറും ഭൂരിപക്ഷ ഭരണത്തിന് പകരം പൊതുസമ്മതിയുടെ മാനസികാവസ്ഥ വളർത്തുന്നു. ഇത് 'ഏവർക്കുമൊപ്പം, ഏവരുടെയും വികസനം, ഏവരുടെയും വിശ്വാസം, കൂട്ടായ പ്രയത്നം' എന്ന ആപ്തവാക്യത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. ദാരിദ്ര്യം, അഴിമതി, ഭീകരവാദം, ജാതീയത, വർഗീയത എന്നിവയിൽ നിന്ന് മുക്തമായ ഇന്ത്യയുടെ സൃഷ്ടിയിലേക്ക് രാജ്യം ക്രമാനുഗതമായി മുന്നേറുകയാണ്.

**വികസിത ഇന്ത്യയുടെ കരുത്തുറ്റ പാത**

ചുവപ്പുകോട്ടയുടെ മതിൽക്കെട്ടുകൾ മുതൽ മറ്റ് വിവിധ വേദികളിൽ വരെ, സ്വാതന്ത്ര്യത്തിന്റെ ആദ്യ വർഷങ്ങളിൽ തന്നെ ഏറ്റെടുക്കേണ്ടിയിരുന്ന സംരംഭങ്ങളുടെ പട്ടിക പ്രധാനമന്ത്രി നരേന്ദ്ര മോദി എണ്ണിപ്പറഞ്ഞിട്ടുണ്ട്. എന്നാൽ, ആ സമയത്ത് ഈ പ്രശ്നങ്ങൾക്കുള്ള സുസ്ഥിരമായ പരിഹാരങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന ദീർഘകാല വീക്ഷണം സ്വീകരിക്കപ്പെട്ടിരുന്നില്ല. തൽഫലമായി, നിലവിലെ നേതൃത്വത്തിന് കീഴിൽ, ഏഴ് പതിറ്റാണ്ടുകളായി കെട്ടിക്കിടന്നിരുന്ന, അല്ലെങ്കിൽ അനിശ്ചിതാവസ്ഥയിൽ സ്തംഭിച്ചുപോയെന്ന് പറയാവുന്ന, പദ്ധതികൾ യാഥാർഥ്യമാകുന്നതിന് രാജ്യം ഇന്ന് സാക്ഷ്യം വഹിക്കുകയാണ്. ഇപ്പോൾ, രാജ്യം ഇനി വിധിയെ മാത്രം ആശ്രയിക്കുന്നില്ല; പകരം, വ്യക്തമായ ദർശനം, ദീർഘകാല നയങ്ങൾ, സുസ്ഥിര പരിഹാരങ്ങളിൽ ഊന്നിയുള്ള സമീപനം എന്നിവയാൽ നയിക്കപ്പെടുന്ന വികസനത്തിന്റെ പുതിയ പാരമ്പര്യങ്ങൾ സ്ഥാപിക്കപ്പെടുന്നു. അതിലൂടെ ഉയർന്നുവരുന്ന 'നവ ഇന്ത്യയുടെ' സൃഷ്ടിക്ക് പാതയൊരുക്കുന്നു. കഴിഞ്ഞ 12 വർഷത്തിനിടെ, ഇന്ത്യ സമ്പദ്‌വ്യവസ്ഥയുടെ വലിപ്പം ഇരട്ടിയാക്കുക മാത്രമല്ല, ആധുനിക അടിസ്ഥാന സൗകര്യ വികസനത്തിന്റെ കരുത്തിൽ അതിവേഗ വളർച്ച കൈവരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ, റെയിൽവേ, റോഡുകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, ഊർജം, ജലവിതരണം, വാതകം, പൈപ്പ്ലൈനുകൾ തുടങ്ങിയ നിർണായക അടിസ്ഥാനസൗകര്യ മേഖലകൾക്കുള്ള ബജറ്റ് വിഹിതം ഏകദേശം ആറിരട്ടിയായി വർധിപ്പിച്ചു. ഇന്ന് രാജ്യത്തുടനീളമുള്ള ബൃഹദ് പദ്ധതികളുടെ പ്രവർത്തനം ത്വരിതഗതിയിലാണ് പുരോഗമിക്കുന്നത്. വടക്കോട്ട് നോക്കിയാൽ, ലോകത്തിലെ ഏറ്റവും ഉയർന്ന റെയിൽവേ പാലങ്ങളിലൊന്നായ ചെനാബ് പാലം ജമ്മു കശ്മീരിൽ നിർമിച്ചിരിക്കുന്നു. പടിഞ്ഞാറ്, രാജ്യത്തെ ഏറ്റവും നീളം കൂടിയ കടൽപാലമായ അടൽ സേതു മുംബൈയിൽ നിർമിച്ചു. കിഴക്ക്, അസമിലെ ബോഗിബീൽ പാലം. തെക്ക് ഭാഗത്താകട്ടെ, ലംബമായി ഉയർത്താവുന്ന, ലോകത്തിലെ തന്നെ അപൂർവം പാലങ്ങളിലൊന്നായ പാമ്പൻ പാലത്തിന്റെ നിർമാണം പൂർത്തിയാകുകയും ചെയ്തിരിക്കുന്നു.

അതുപോലെ തന്നെ, കിഴക്കൻ-പടിഞ്ഞാറൻ ചരക്ക് ഇടനാഴികളുടെ നിർമാണവും പൂർത്തിയാകാറായിരിക്കുന്നു. രാജ്യത്തെ ആദ്യത്തെ ബുള്ളറ്റ് ട്രെയിൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. വന്ദേ ഭാരത്, അമൃത് ഭാരത്, നമോ ഭാരത് തുടങ്ങിയ അത്യാധുനിക ട്രെയിനുകൾ രാജ്യത്തിന്റെ റെയിൽവേ ശൃംഖലയെ കൂടുതൽ ആധുനികവൽക്കരിക്കുന്നു. ഈ വികസനത്തിന് പിന്നിൽ ഒരു പ്രധാന തത്വചിന്തയുണ്ട്: ഇന്ത്യയുടെ എല്ലാ പ്രദേശങ്ങളും പരസ്പരം ബന്ധിപ്പിക്കപ്പെടുമ്പോൾ, വികസിത രാഷ്ട്രമാകാനുള്ള പാത ഗണ്യമായി കരുത്താർജിക്കുന്നു. പുതിയ പാർലമെന്റ് മന്ദിരവും സെൻട്രൽ വിസ്ത പദ്ധതിയും 'സ്വയംപര്യാപ്ത ഇന്ത്യ'യുടെ മൗലിക തത്വങ്ങളുടെ യഥാർഥ പ്രതിഫലനമായി ഉയർന്നുവന്നിട്ടുണ്ട്. ഉചിതമെന്നു പറയട്ടെ, ഈ പുതിയ മന്ദിരത്തിൽ പാസാക്കിയ ഏറ്റവും ആദ്യത്തെ ബിൽ, പാർലമെന്റിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം നൽകുന്ന ചരിത്രപരമായ നിയമനിർമാണമായിരുന്നു. സമാനമായി, 34 വർഷത്തിന് ശേഷം പുതിയ ദേശീയ വിദ്യാഭ്യാസ നയം അവതരിപ്പിച്ചു. ഇത് ആഗോള വിജ്ഞാന മഹാശക്തിയാകാനുള്ള ഇന്ത്യയുടെ കുതിപ്പിന്റെ തെളിവാണ്. മുത്തലാഖ്, രാമക്ഷേത്രം, ബോഡോ കരാർ, അനുച്ഛേദം 370 എന്നിവയുൾപ്പെടെയുള്ള നിരവധി തീരുമാനങ്ങൾ സമാധാനവും ഐക്യവും സ്ഥാപിക്കുന്നതിന് പാതയൊരുക്കി. പതിറ്റാണ്ടുകളായി കെട്ടിക്കിടക്കുകയും പരിഹാരമില്ലാത്ത പ്രശ്നങ്ങളായി മാറുകയും ചെയ്ത വിഷയങ്ങളായിരുന്നു ഇവ; എന്നിട്ടും, പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ ഇവയ്ക്ക് പരിഹാരം കണ്ടെത്തി. ഇപ്പോൾ ഒരു 'നവ ഇന്ത്യ' ഉയർന്നുവരികയാണ്.

**സാങ്കേതികവിദ്യയാൽ നയിക്കപ്പെടുന്ന മാറ്റത്തിന്റെ പുതിയ യുഗം**

ഭാവിയിലേക്ക് ഉറ്റുനോക്കി, സാങ്കേതിക നയങ്ങൾ രൂപീകരിക്കുന്നതിൽ മുൻപന്തിയിലുള്ള ചുരുക്കം ചില രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. സാങ്കേതികവിദ്യ നിരവധി മേഖലകളിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇത് സുതാര്യതയുടെ പുതിയ അധ്യായത്തിന് തുടക്കം കുറിച്ചു. ഇന്ന്, ഗ്രാമീണ ഇന്ത്യ നഗരങ്ങളേക്കാൾ കൂടുതൽ ഇന്റർനെറ്റ് ഡേറ്റ ഉപയോഗിക്കുന്നുണ്ട്. കോവിഡ്-19 കാലഘട്ടത്തിൽ, UPI പോലുള്ള പ്ലാറ്റ്ഫോമുകൾക്ക് പുതിയ ഉണർവ് ലഭിച്ചു, ഇത് ഡിജിറ്റൽ ഇടപാടുകളെ ജീവിതരീതിയായി സ്വീകരിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു. ഇ-കോമേഴ്സിലൂടെ വലിയ വിപണികളിലേക്കുള്ള പ്രവേശനക്ഷമത ഗണ്യമായി വിപുലീകരിക്കപ്പെട്ടു. സാങ്കേതികവിദ്യയുടെ കരുത്താൽ തന്നെയാണ് ഇന്ന് 100 ശതമാനം ആനുകൂല്യങ്ങളും ഉദ്ദേശിച്ച ഗുണഭോക്താക്കളിലേക്ക് എത്തിച്ചേരുന്നത്. അനുവദിക്കുന്ന ഓരോ രൂപയിലും 15 പൈസ മാത്രമാണ് യഥാർത്ഥത്തിൽ ഗ്രാമങ്ങളിൽ എത്തിയിരുന്നതെന്ന് പറയപ്പെട്ടിരുന്ന ഭൂതകാലത്തിൽ നിന്ന് തികച്ചും വ്യത്യസ്തമാണിത്.

പദ്ധതികൾ നടപ്പാക്കുന്നതിലാകട്ടെ അല്ലെങ്കിൽ അവ നിരീക്ഷിക്കുന്നതിലാകട്ടെ, ഗ്രാമീണ മേഖലകളിലെ അടിസ്ഥാനസൗകര്യ വികസനത്തിന് പിന്നിലെ ചാലകശക്തിയായി സാങ്കേതികവിദ്യ മാറുകയാണ്. ഐടി-ഫേസ്‌ലെസ് അസസ്മെന്റ് പോലുള്ള സൗകര്യങ്ങൾ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നപ്പോൾ, 'ഇ-ഓഫീസ്' പോലുള്ള സംരംഭങ്ങൾ ഭരണനിർവഹണത്തിന്റെ വേഗത വർധിപ്പിച്ചു. ഗ്രാമങ്ങളിൽ പോസ്റ്റൽ ബാങ്കുകൾ സ്ഥാപിച്ചതും സ്കൂളുകളിൽ അടൽ ഇന്നൊവേഷൻ മിഷൻ നടപ്പിലാക്കിയതും നവീകരണത്തിന്റെ പുതിയ സംസ്കാരത്തിന് തിരികൊളുത്തി. ഇന്ത്യയിൽ ജോലി അന്വേഷിക്കുന്നവരുടെ മാനസികാവസ്ഥ നിലനിന്നിരുന്ന കാലമുണ്ടായിരുന്നു; എന്നാൽ പ്രധാനമന്ത്രി മോദി ഈ വീക്ഷണം മാറ്റിയെടുക്കുകയും തൊഴിൽ ദാതാക്കളുടെ സംസ്കാരം വളർത്തുകയും ചെയ്തു. സ്റ്റാർട്ടപ്പുകൾക്കും മുദ്ര പദ്ധതിക്കും ലഭിക്കുന്ന പിന്തുണയിലൂടെ ശാക്തീകരിക്കപ്പെട്ട ഇന്നത്തെ യുവാക്കൾ പുതിയ ഉയരങ്ങളിലേക്ക് കുതിക്കുകയാണ്. മുമ്പ്, 'സ്റ്റാർട്ടപ്പ്' എന്ന വാക്ക് ഇന്ത്യയിലെ ചുരുക്കം ചിലർക്ക് മാത്രമേ മനസ്സിലായിരുന്നുള്ളൂ; എന്നാൽ ഇന്ന് ഗ്രാമങ്ങളിലെ യുവാക്കൾ പോലും ഇതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും സജീവമായി 'യൂണികോണുകൾ' കെട്ടിപ്പടുക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഇന്ത്യ ഇപ്പോൾ ലോകത്തിലെ മൂന്നാമത്തെ വലിയ സ്റ്റാർട്ടപ്പ് ഭൂമികയായി ഉയർന്നുവന്നിരിക്കുന്നു.

**ആഗോള നേതൃത്വത്തിനായുള്ള അനുകൂലമായ അവസരം**

കഴിഞ്ഞ 12 വർഷത്തിനിടെ, ഇന്ത്യയുടെ പദവി ആഭ്യന്തരമായും ആഗോളതലത്തിലും ഉയരുകയും വിശ്വസ്ത നേതൃസ്ഥാനത്തേക്ക് രാജ്യം ഉയർന്നുവരികയും ചെയ്തിട്ടുണ്ട്. റഷ്യ-യുക്രെയ്ൻ യുദ്ധത്തിന്റെ പ്രതിസന്ധി ഘട്ടത്തിലാകട്ടെ ('ഓപ്പറേഷൻ ഗംഗ' ഇതിന് ഉദാഹരണമാണ്), അല്ലെങ്കിൽ ഗ്ലാസ്ഗോയിലെ COP26, ഷാം എൽ-ഷെയ്ഖിലെ COP27 ഉച്ചകോടികളിലാകട്ടെ, വികസ്വര രാജ്യങ്ങൾക്ക് വേണ്ടി ശക്തമായി ശബ്ദമുയർത്തുന്ന രാജ്യമായി ഇന്ത്യ മാറിയത് ഈ വസ്തുതയുടെ തെളിവാണ്; തീർച്ചയായും, ഐക്യരാഷ്ട്രസഭ, BIMSTEC, G20 തുടങ്ങിയ അന്താരാഷ്ട്ര വേദികളിൽ ലോകം ഇന്ത്യയെ വിശ്വസിക്കുന്നു. G20 അധ്യക്ഷപദവി വഹിച്ച്, ഇന്ത്യ ലോകത്തിന് പുതിയ പാത കാണിച്ചുകൊടുത്തു, ആഗോള സമൂഹത്തിന് ഇന്ത്യയുടെ സമ്പന്നമായ സംസ്കാരത്തെക്കുറിച്ച് മാത്രമല്ല, മഹത്തായ കഴിവുകളെക്കുറിച്ചും ആഴത്തിലുള്ള ബോധ്യം നൽകി. പരിസ്ഥിതി സംരക്ഷണ രംഗത്ത്, 'മിഷൻ ലൈഫ്', അന്താരാഷ്ട്ര സൗരസഖ്യം തുടങ്ങിയ സംരംഭങ്ങൾ പ്രകൃതിയോടും വന്യജീവികളോടും ഇണങ്ങി ജീവിക്കുന്നതിനായി ലോകത്തിന് പുതിയ പാത കാണിച്ചുകൊടുത്തു. വസുധൈവ കുടുംബകം എന്ന ഭാവനയാൽ നയിക്കപ്പെടുന്ന ഇന്ത്യ, കോവിഡ്-19 മഹാമാരിക്കാലത്ത് ഔഷധനിർമാണ മേഖലയിലെ ആഗോള ഹബ്ബായി മാറിയതുപോലെ, പ്രതിസന്ധി ഘട്ടങ്ങളിൽ അയൽരാജ്യങ്ങൾക്കും ലോകമെമ്പാടുമുള്ള മറ്റ് രാജ്യങ്ങൾക്കും സഹായം എത്തിക്കുന്നതിൽ എപ്പോഴും മുൻപന്തിയിലായിരുന്നു. കഴിഞ്ഞ 12 വർഷത്തിനിടെ, ആഗോള വേദിയിൽ വിശ്വസിക്കാൻ കൊള്ളാവുന്ന പങ്കാളിയെന്ന ഖ്യാതി നേടിയെടുക്കാൻ ഇന്ത്യക്ക് വിജയകരമായി സാധിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ, രാജ്യത്തിനുള്ളിൽ, സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ, കേന്ദ്ര ഗവണ്മെന്റിന്റെ പദ്ധതികളിൽ സാധാരണക്കാരൻ സജീവ പങ്കാളിയാകുന്ന അന്തരീക്ഷം വളർത്തിയെടുത്തിരിക്കുന്നു. അതിലൂടെ അവർ രാജ്യത്തിന്റെ വികസന യാത്രയിലെ യഥാർഥ പങ്കാളിയായി മാറിയിരിക്കുന്നു.

തീർച്ചയായും, ദീർഘവീക്ഷണമുള്ള നേതാവായും ധീരവും മാറ്റങ്ങൾ കൊണ്ടുവരുന്നതുമായ പരിഷ്കാരങ്ങളുടെ മുൻഗാമിയായും ഉയർന്നുവന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി, 'പുതുക്കിയ ആത്മവിശ്വാസത്തോടെയുള്ള പുതിയ തുടക്കത്തിന്റെ' പ്രതീകമായി മാറിയിരിക്കുന്നു. സുരക്ഷിതവും സമൃദ്ധവും പുരോഗമനപരവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിനുള്ള സംരംഭം 'പുതിയ ഇന്ത്യ, വികസിത ഇന്ത്യ' എന്ന ദർശനത്തെ ഉൾക്കൊള്ളുന്നു. കഴിഞ്ഞ 12 വർഷത്തിനിടെ കേന്ദ്ര ഗവണ്മെന്റ് ഏറ്റെടുത്ത പ്രമേയങ്ങളുടെ സാക്ഷാത്കാരത്തിന് ഇന്ന് ഓരോ ഇന്ത്യൻ പൗരനും സാക്ഷ്യം വഹിക്കുകയാണ്.

***12 വർഷത്തെ ഈ യാത്രയുടെ, 'സങ്കൽപ്പ് സേ സിദ്ധി'യുടെ നേട്ടങ്ങൾ ഇനി വരുന്ന അഞ്ച് വിഭാഗങ്ങളിലൂടെ നമുക്കു പരിശോധിക്കാം...***




കവർ സ്റ്റോറി
12 വർഷങ്ങൾ
വികസനയാത്ര

# ജനസേവനത്തിനായി പ്രതിജ്ഞാബദ്ധം

***'എന്നെ അറിയുന്നവർ എന്നെ മനസ്സിലാക്കുകയും ചെയ്യുന്നു. ഞാൻ ഇവിടെയുള്ളത് എനിക്കു വേണ്ടിയോ എന്റെ സ്വന്തം ബന്ധുക്കൾക്കു വേണ്ടിയോ അല്ല. ഞാൻ ഇവിടെയുള്ളത് പാവപ്പെട്ടവർക്കു വേണ്ടിയാണ്. ഞാൻ ദാരിദ്ര്യത്തിലാണ് ജനിച്ചതും ജീവിച്ചതും. പാവപ്പെട്ടവരുടെ വേദന എനിക്ക് മനസ്സിലാകും.'– പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഈ വാക്കുകൾ വെറും വാചാടോപമല്ല; രാജ്യത്തെ ദളിതർ, പാവപ്പെട്ടവർ, ഗിരിവർഗക്കാർ, പിന്നാക്ക ജനവിഭാഗങ്ങൾ എന്നിവരോട് അങ്ങേയറ്റം സംവേദനക്ഷമത പുലർത്തുന്ന, അഗാധമായ അനുഭാവമുള്ള വ്യക്തിയുടെ ഹൃദയത്തിൽനിന്ന് ഉയർന്നുവരുന്ന ശബ്ദമാണിത്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം, ഓരോ തീരുമാനത്തിലും അന്ത്യോദയക്കും പാവപ്പെട്ടവരുടെ ക്ഷേമത്തിനും മുൻഗണന നൽകുന്നത് അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു. ഓരോ ദേശീയ ചിന്തയും, തീർച്ചയായും ഇന്ത്യയുടെ സംസ്കാരവും ധാർമികതയും, സേവനം, മികച്ച ഭരണം, പാവപ്പെട്ടവരുടെ ക്ഷേമം എന്നിവയിൽ അധിഷ്ഠിതമായ 'വികസിത ഇന്ത്യ' എന്ന സുവർണ സ്വപ്നത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഈ ദർശനം തന്നെയാണ് രാജ്യത്തെ കർഷകർക്കും ഗ്രാമീണ പാവപ്പെട്ടവർക്കും മധ്യവർഗത്തിനും സുരക്ഷാകവചം തീർത്തത്. പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (PM-JAY) വഴി പൊതുജനങ്ങൾക്ക് ആരോഗ്യസുരക്ഷ ഉറപ്പാക്കി. കഴിഞ്ഞ 12 വർഷത്തിനിടയിൽ പാവപ്പെട്ടവരുടെയും കർഷകരുടെയും മധ്യവർഗത്തിന്റെയും ആഗ്രഹങ്ങൾക്ക് പുതിയ ചിറകുകൾ നൽകി; എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനത്തിലൂടെ സമഗ്രമായ സുരക്ഷയുടെ ചക്രം സൃഷ്ടിച്ചും, ഓരോ പൗരനെയും സുരക്ഷയുടെ കണ്ണിയിൽ ഒന്നിപ്പിച്ചും, സ്വയംപര്യാപ്ത ഇന്ത്യ യാഥാർഥ്യമാക്കുന്നതിലേക്ക് നിർണായകമായ ചുവടുവയ്പ് നടത്തിയിരിക്കുന്നു.***

# പാവപ്പെട്ടവരുടെ ക്ഷേമത്തിൽ നിന്ന് അന്തസ്സുള്ള ജീവിതത്തിലേക്ക്

*ഇന്ന്, ഇന്ത്യയിലെ ഗവണ്മെന്റിന്റെ നേട്ടങ്ങളെക്കുറിച്ച് ചർച്ച ചെയ്യുമ്പോഴെല്ലാം പാവപ്പെട്ടവരുടെ ക്ഷേമത്തിനാണ് പരമപ്രധാനമായ സ്ഥാനം. കഴിഞ്ഞ 12 വർഷത്തിനിടയിൽ, കേന്ദ്ര ഗവണ്മെന്റ് പാവപ്പെട്ടവരുടെ ക്ഷേമത്തെ അതിന്റെ പ്രാഥമിക ലക്ഷ്യമാക്കി മാറ്റി. പ്രീണനത്തിലല്ല, മറിച്ച് യഥാർഥമായ പൂർത്തീകരണത്തിൽ അധിഷ്ഠിതമായ സമീപനമാണിത്. ഈ സാഹചര്യത്തിൽ, പിഎം ഗരീബ് കല്യാൺ അന്ന യോജന രാജ്യത്തെ ജനസംഖ്യയുടെ ഗണ്യമായ വിഭാഗത്തിന് മറ്റൊരു സുരക്ഷാകവചമായി വർത്തിക്കുന്നു. 2014-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച 'ഗരീബ് കല്യാൺ' (പാവപ്പെട്ടവരുടെ ക്ഷേമം) പ്രതിജ്ഞകൾ യാഥാർഥ്യമാക്കാൻ രൂപകൽപ്പന ചെയ്ത നിരവധി പദ്ധതികൾ ഗ്രാമീണരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും ജീവിതത്തിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവന്നു. ഇന്ത്യയിൽ ദാരിദ്ര്യം അതിവേഗം കുറഞ്ഞതായി വിശ്വസനീയമായ ആഗോള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു; കാരണം, ഉന്നത നേതൃത്വം എടുക്കുന്ന ഓരോ തീരുമാനത്തിലും അന്ത്യോദയ ദർശനത്താൽ നയിക്കപ്പെടുന്ന പാവപ്പെട്ടവരുടെ ക്ഷേമവും ശാക്തീകരണവും സ്ഥിരമായ ചിന്താഗതിയായി മാറിയിരിക്കുന്നു.*

## പിഎം ഗരീബ് കല്യാൺ അന്ന യോജന



**81** കോടി പേർക്കു പിഎം ഗരീബ് കല്യാൺ അന്ന യോജനയ്ക്ക് കീഴിൽ സൗജന്യ റേഷൻ ലഭിക്കുന്നുണ്ട്.

**5** വർഷത്തേക്കു കൂടി പ്രധാൻ മന്ത്രി ഗരീബ് കല്യാൺ അന്ന യോജന നീട്ടി (2024 ജനുവരി 1 മുതൽ)

- 2024 മാർച്ചിനുള്ളിൽ, സാധാരണ അരിക്ക് പകരം പോഷകസമൃദ്ധമായ അരി വിതരണം ചെയ്യുന്നത് വിജയകരമായി നടപ്പാക്കി.
- ദേശീയ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം രാജ്യത്തുടനീളം റേഷൻ കാർഡുകൾ 100% ഡിജിറ്റലൈസ് ചെയ്തു.
- എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ഗുണഭോക്താക്കൾക്കായി 'ഒരു രാജ്യം, ഒരു റേഷൻ കാർഡ്' പദ്ധതി നടപ്പാക്കി. 2026 മാർച്ച് വരെ 207 കോടിയിലധികം പോർട്ടബിലിറ്റി ഇടപാടുകൾ നടന്നു.

പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ

**25** കോടി പൗരന്മാർ ദാരിദ്ര്യത്തെ അതിജീവിച്ച് അതിൽ നിന്ന് പുറത്തുവന്നു. അദ്ദേഹത്തിന്റെ മൂന്നാം ഊഴത്തിൽ, പാവപ്പെട്ടവരെ ശാക്തീകരിക്കുന്നതിനുള്ള ദൗത്യം കൂടുതൽ കരുത്തോടെ മുന്നോട്ട് നീങ്ങുന്നു.

**19%** ആയിരുന്നു 2015-ൽ രാജ്യത്തെ സാമൂഹ്യ സുരക്ഷാ പരിരക്ഷ. 2025-ൽ അത് 64.3% ആയി ഉയർന്നു. നിലവിൽ 94 കോടിയിലധികം പേർ കുറഞ്ഞത് ഒരു സാമൂഹ്യ സുരക്ഷാ പദ്ധതിയുടെയെങ്കിലും ഗുണഭോക്താക്കളാണ്.

**120** ദശലക്ഷം ശൗചാലയങ്ങൾ ശുചിത്വ ഭാരത ദൗത്യത്തിന് കീഴിൽ നിർമിക്കുകയും രാജ്യം വെളിയിട വിസർജന മുക്തമായി (ODF) മാറുകയും ചെയ്തു. പൊതുജനാരോഗ്യത്തിലും ശുചിത്വത്തിലും ഉണ്ടായ സുപ്രധാനമായ മുന്നേറ്റമാണിത്.




## സാമ്പത്തിക സുരക്ഷ

**58.12** കോടി പ്രധാൻ മന്ത്രി ജൻ ധൻ യോജന (PMJDY) അക്കൗണ്ടുകൾ ആരംഭിച്ചു (2026 ഏപ്രിൽ 15 വരെയുള്ള കണക്കുപ്രകാരം). ഈ അക്കൗണ്ടുകളിലെ ആകെ നിക്ഷേപ നീക്കിയിരിപ്പ് ഏകദേശം 2.94 ലക്ഷം കോടി രൂപയാണ്.




**32.21** കോടിയാണ് (55.8%) ജൻ ധൻ അക്കൗണ്ടുകളിലെ സ്ത്രീ പങ്കാളിത്തം; കൂടാതെ ഏകദേശം 45.17 കോടി (78.2%) ജൻ ധൻ അക്കൗണ്ടുകൾ ആരംഭിച്ചിരിക്കുന്നത് ഗ്രാമീണ-അർധനഗര മേഖലകളിലാണ്.



## ₹2 ലക്ഷം രൂപയുടെ

ലൈഫ് ഇൻഷുറൻസ് നൽകുന്ന പദ്ധതിയിൽ 27.33 കോടിയിലധികം പേർ ചേർന്നു. ഏത് കാരണത്താലുള്ള മരണത്തിനും പ്രധാൻ മന്ത്രി ജീവൻ ജ്യോതി ബീമാ യോജനയ്ക്ക് (PMJJBY) കീഴിൽ പരിരക്ഷ ലഭിക്കും.

- അപകടം മൂലമുണ്ടാകുന്ന മരണം അല്ലെങ്കിൽ പൂർണ്ണമായ ശാശ്വത വൈകല്യം എന്നിവയ്ക്ക് 2,00,000 രൂപയും, ഭാഗികമായ ശാശ്വത വൈകല്യത്തിന് 1,00,000 രൂപയും ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പ്രധാൻ മന്ത്രി സുരക്ഷാ ബീമാ യോജനയിൽ (PMSBY) 57.92 കോടി പേർ ചേർന്നിട്ടുണ്ട്.



**9 ദശലക്ഷത്തിലധികം** പേരാണ് അർഹരായ വരിക്കാർക്ക് പ്രതിമാസ പെൻഷൻ നൽകുകയെന്ന ലക്ഷ്യത്തോടെയുള്ള അടൽ പെൻഷൻ യോജനയിൽ (APY) ചേർന്നത്.

- സ്റ്റാൻഡ്-അപ്പ് ഇന്ത്യ പദ്ധതിക്ക് കീഴിൽ പട്ടികജാതി (SC), പട്ടികവർഗ (ST) വിഭാഗങ്ങളിൽപ്പെട്ട സംരംഭകർക്കും വനിതകൾക്കുമായി 62,790 കോടി രൂപയുടെ 2,75,000 വായ്പകൾ അനുവദിച്ചു. നിർമാണം, വ്യാപാരം, സേവനം, കൃഷി അനുബന്ധ മേഖലകൾ എന്നിവയിലുടനീളം ഗ്രീൻഫീൽഡ് പ്രോജക്ടുകൾ സ്ഥാപിക്കാൻ ഇത് അവരെ പ്രാപ്തരാക്കുന്നു.

- ജൻ ധൻ അക്കൗണ്ടുകളെ മൊബൈൽ നമ്പറുകളുമായും ആധാർ ഐഡന്റിറ്റികളുമായും ബന്ധിപ്പിച്ചുകൊണ്ട് 'ജൻ ധൻ-ആധാർ-മൊബൈൽ' (JAM) ത്രയം എന്നറിയപ്പെടുന്ന ശക്തമായ സാമ്പത്തിക ഉൾച്ചേർക്കൽ പ്ലാറ്റ്ഫോം സ്ഥാപിച്ചു.

- പിഎം സ്വനിധി പദ്ധതി - ഈ പദ്ധതിയുടെ തുടക്കം മുതൽ 2026 ഏപ്രിൽ 15 വരെയുള്ള കണക്കനുസരിച്ച് 74.90 കോടി വഴിയോരക്കച്ചവടക്കാർക്ക് വായ്പകൾ വിതരണം ചെയ്തു.

## ജൽജീവൻ ദൗത്യം

**126.1** ദശലക്ഷം അധിക ഗ്രാമീണ കുടുംബങ്ങൾക്ക് കൂടി ടാപ്പിലൂടെ കുടിവെള്ള കണക്ഷൻ ലഭ്യമാക്കി (2026 മേയ് 13 വരെയുള്ള കണക്കുപ്രകാരം).

2019-ൽ ഈ ദൗത്യം ആരംഭിക്കുമ്പോൾ, കേവലം 32.3 ദശലക്ഷം (16.7%) ഗ്രാമീണ കുടുംബങ്ങൾക്ക് മാത്രമായിരുന്നു ടാപ്പിലൂടെ കുടിവെള്ള കണക്ഷൻ ഉണ്ടായിരുന്നത്.

**15.85** കോടി കുടുംബങ്ങൾക്ക് (രാജ്യത്തെ 19.36 കോടി ഗ്രാമീണ കുടുംബങ്ങളിൽ 2026 മേയ് 13 വരെയുള്ള കണക്കനുസരിച്ച്) വീടുകളിൽ ടാപ്പിലൂടെ കുടിവെള്ള കണക്ഷൻ ലഭിക്കുന്നുണ്ട്.

- 2026 മാർച്ച് 10-ന്, ജൽജീവൻ ദൗത്യത്തിന്റെ (JJM) കാലാവധി 2028 ഡിസംബർ വരെ നീട്ടുന്നതിന് കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി.



> **“കഠിനാധ്വാനം ചെയ്യുമ്പോൾ ഞാൻ ഒരിക്കലും തളരാറില്ല; പകരം, എന്റെ ശ്രമങ്ങൾ പാവപ്പെട്ടവരുടെ മുഖത്ത് വരുത്തുന്ന പുഞ്ചിരി എനിക്ക് വലിയ സംതൃപ്തിയാണ് നൽകുന്നത്.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

# കർഷക ക്ഷേമം: നവ യുഗത്തിന്റെ ഉദയം

*പതിറ്റാണ്ടുകളായി അവഗണിക്കപ്പെട്ടു കിടന്നിരുന്ന ഇന്ത്യയുടെ അന്നദാതാവ് (കർഷകൻ) ഇപ്പോൾ രാജ്യത്തിന്റെ വികസന യാത്രയിലെ അവിഭാജ്യ പങ്കാളിയായി മാറിയിരിക്കുന്നു. കർഷകരോടുള്ള ചിന്താഗതിയിൽ വന്ന ഈ മാറ്റത്തിന്റെ തെളിവാണ് കൃഷി മന്ത്രാലയത്തിന്റെ നിലവിലെ കൃഷി-കർഷക ക്ഷേമ മന്ത്രാലയം എന്ന പുനർനാമകരണം. ഈ ദർശനത്താൽ നയിക്കപ്പെട്ട്, കഴിഞ്ഞ 12 വർഷത്തിനിടയിൽ കേന്ദ്ര ഗവണ്മെന്റ് കർഷകരുടെ എല്ലാ ആവശ്യങ്ങളും (വിതയ്ക്കലിന് മുമ്പുള്ളത്, വിതയ്ക്കുന്ന സമയം, വിതയ്ക്കലിന് ശേഷമുള്ള ഘട്ടങ്ങൾ എന്നിവയുൾപ്പെടെ) വിവിധ പദ്ധതികളിലൂടെ സമഗ്രമായി പരിഹരിച്ചു; ഇന്ത്യയിലെ കർഷകർക്ക് പുതിയ ദിശാബോധം നൽകിയ ഏകോപിതമായ ശ്രമമാണിത്...*

## ഭക്ഷ്യധാന്യ ഉൽപ്പാദനത്തിലെ വർധനവ്

**357.73** ദശലക്ഷം മെട്രിക് ടണ്ണിലധികം ഭക്ഷ്യധാന്യ ഉൽപ്പാദനമാണ് 2024–2025 കാർഷിക വർഷത്തിൽ ഇന്ത്യ കൈവരിച്ചത്.

**150** ദശലക്ഷം ടൺ ഉൽപ്പാദനവുമായി ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ അരി ഉൽപ്പാദക രാജ്യമായി ഉയർന്നു വന്നു.



- നമ്മുടെ രാജ്യം ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ മത്സ്യ ഉൽപ്പാദക രാജ്യമായും മാറി. ഈ നേട്ടം 'നീല സമ്പദ്‌വ്യവസ്ഥ' മേഖലയിൽ രാജ്യത്തിന്റെ വിജയം അടിവരയിടുന്നു.



- പാൽ ഉൽപ്പാദനരംഗത്തും ലോകത്തിലെ ഏറ്റവും വിജയകരമായ രാജ്യങ്ങളിലൊന്നായാണ് ഇന്ത്യ അംഗീകരിക്കപ്പെട്ടിരിക്കുന്നത്. സഹകരണ പ്രസ്ഥാനത്തിന്റെ കരുത്തിന്റെ നേരിട്ടുള്ള ഫലമാണ് ഈ വിജയം.



## പിഎം കിസാൻ സമ്മാൻ നിധി

ഈ പദ്ധതിക്ക് കീഴിൽ കർഷകരുടെ ആധാർബന്ധിത ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം (DBT) വഴി പ്രതിവർഷം 6,000 രൂപ ധനസഹായം മൂന്ന് തുല്യ ഗഡുക്കളായി കൈമാറുന്നു. പദ്ധതി ആരംഭിച്ചതു മുതൽ 22 ഗഡുക്കളിലായി 4.27 ലക്ഷം കോടിയിലധികം രൂപ വിതരണം ചെയ്തു.



## ഗവണ്മെന്റ് താങ്ങുവില വർധിപ്പിക്കുന്നതു തുടരുന്നു

- 2018-19 മുതൽ എല്ലാ വിളകളുടെയും കുറഞ്ഞ താങ്ങുവില (MSP) ഗവണ്മെന്റ് വർധിപ്പിച്ചുവരികയാണ്. ഇത് കർഷകരുടെ കൃഷിച്ചെലവിന്റെ 1.5 ഇരട്ടിയെങ്കിലുമായി നിശ്ചയിച്ചിരിക്കുന്നു, ഇത് കർഷകർക്ക് അവരുടെ ഉല്പാദനച്ചെലവിനേക്കാൾ 50% ലാഭമെങ്കിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നു.

## കാർഷിക വികസന നിധി

2026-27 വർഷത്തിൽ കാർഷിക മേഖലയ്ക്കായി 1,32,561 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയത്. കാർഷിക വിദ്യാഭ്യാസത്തിനും ഗവേഷണത്തിനുമായി ഏകദേശം 9,967 കോടി രൂപയും വകയിരുത്തി. കാർഷിക വികസനത്തിന് മുൻഗണന നൽകുന്നതിലുള്ള ഗവണ്മെന്റിന്റെ പ്രതിജ്ഞാബദ്ധത ആവർത്തിച്ചുറപ്പിക്കുന്നതാണ് ഇത്.

## പ്രധാൻ മന്ത്രി കിസാൻ മാൻധൻ യോജന

**60** വയസ്സും അതിൽക്കൂടുതലും പ്രായമുള്ള തെരഞ്ഞെടുത്ത വ്യക്തികൾക്ക് ഈ പദ്ധതിയിലൂടെ പ്രതിമാസം 3,000 രൂപ പെൻഷൻ നൽകും. ചേരുന്ന പ്രായത്തെ ആശ്രയിച്ച് പ്രതിമാസവിഹിതം 55 രൂപ മുതൽ 200 രൂപ വരെയാണ്.

**24.96** കോടി കർഷകരാണ് പ്രധാൻ മന്ത്രി കിസാൻ മാൻധൻ യോജനയ്ക്ക് കീഴിൽ രജിസ്റ്റർ ചെയ്തത് (2026 ഫെബ്രുവരി 6 വരെയുള്ള കണക്കുപ്രകാരം).



“

**കർഷകരുടെ ചെലവുകൾ കുറയ്ക്കുന്നതിനും അവരുടെ ചെലവുകളുടെ ഭാരം പങ്കിടുന്നതിനും കേന്ദ്രത്തിൽ നിലവിലുള്ള ഗവണ്മെന്റ് തികഞ്ഞ ആത്മാർഥതയോടെയാണ് പ്രവർത്തിക്കുന്നത്. കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് ധനസഹായം കൈമാറുന്ന ലോകത്തിലെ ഏറ്റവും വലിയ പദ്ധതിയാണ് പിഎം കിസാൻ സമ്മാൻ നിധി.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*

## കർഷകർക്ക് ഇളവുനിരക്കിൽ വളം ലഭിക്കുന്നത് തുടരുന്നു

കോവിഡ്-19 മഹാമാരിയും അതിനെത്തുടർന്നുണ്ടായ സംഘർഷങ്ങളും കാരണം അന്താരാഷ്ട്ര വിപണിയിൽ വളത്തിന്റെ വില പലമടങ്ങ് കുതിച്ചുയർന്നു. വിദേശ വിപണികളിൽനിന്ന് വളം സമാഹരിക്കുന്നത് അങ്ങേയറ്റം ബുദ്ധിമുട്ടിലായെങ്കിലും, ഈ പ്രതിസന്ധി ലഘൂകരിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റ് സാധ്യമായ എല്ലാ ശ്രമങ്ങളും നടത്തി.

**3,000** രൂപ അന്താരാഷ്ട്ര വിപണിയിൽ വിലവരുന്ന യൂറിയ സഞ്ചി, കേന്ദ്രഗവണ്മെന്റ് കർഷകർക്ക് 300 രൂപയിൽ താഴെ വിലയ്ക്കാണ് ലഭ്യമാക്കിയത്.



- കർഷകർക്ക് സാമ്പത്തിക ബാധ്യതയേതുമുണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാൻ ഈ സംരംഭത്തിനായി ഗവണ്മെന്റ് സ്വന്തം ഖജനാവിൽനിന്ന് 12 ലക്ഷം കോടിയിലധികം രൂപ ചെലവഴിച്ചു.
- കഴിഞ്ഞ 12 വർഷത്തിനിടയിൽ, കേന്ദ്ര ഗവണ്മെന്റ് രാജ്യത്തെ കർഷകർക്ക് ചുറ്റും ശക്തമായ സുരക്ഷാവലയം തീർത്തിട്ടുണ്ട്. കുറഞ്ഞ താങ്ങുവില, താങ്ങാനാകുന്ന നിരക്കിലുള്ള വായ്പകൾ, വിള ഇൻഷുറൻസ്, പിഎം കിസാൻ സമ്മാൻ നിധി തുടങ്ങിയ പദ്ധതികൾ കർഷക സമൂഹത്തിന് വലിയൊരു പിന്തുണയായി വർത്തിക്കുന്നു.
- കൃഷിയെ ആധുനിക സാങ്കേതികവിദ്യയുമായി സമന്വയിപ്പിക്കുക, കർഷകരെ നൂതന ജലസേചന രീതികളുമായി ബന്ധിപ്പിക്കുക, അവരുടെ വിളകൾക്ക് ആനുകൂല്യങ്ങൾ ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഗവണ്മെന്റ് ‘ഓരോ തുള്ളിയിലും കൂടുതൽ വിളവ്’ നയം രൂപീകരിച്ചു. ഈ സംരംഭത്തിലൂടെ തുള്ളിനന, തളിച്ചുനന തുടങ്ങിയ സൂക്ഷ്മ ജലസേചന സാങ്കേതികവിദ്യകൾ കർഷകർക്ക് ലഭ്യമാക്കി.
- കേന്ദ്ര ഗവണ്മെന്റ് ‘കുസും’ പദ്ധതിക്ക് തുടക്കം കുറിച്ചു. ഇന്ന്, വൻതോതിൽ കർഷകർ ജലസേചനത്തിനായി സൗരോർജ പമ്പുകൾ ഉപയോഗിക്കുന്നു. മാത്രമല്ല, അവയിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിച്ച് അധിക വരുമാനം നേടുകയും ചെയ്യുന്നു.



# ഇടത്തരക്കാരുടെ ആഗ്രഹങ്ങൾക്ക് പുതിയ ചിറകുകൾ നൽകുന്നു

*വികസനത്തിന്റെയോ ഭരണത്തിന്റെയോ, കരുത്തിന്റെയോ അല്ലെങ്കിൽ ദൃഢനിശ്ചയത്തിനുള്ള ശേഷിയുടെയോ കാര്യത്തിലാകട്ടെ, അതിവേഗം മാറിമറിയുന്ന ഇന്നത്തെ ഇന്ത്യയിൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും മധ്യവർഗം പ്രബലശക്തിയായി ഉയർന്നു വന്നിട്ടുണ്ട്. ജനസംഖ്യയുടെ മൂന്നിലൊന്ന് വരുന്ന മധ്യവർഗം, സമൃദ്ധവും വികസിതവുമായ ഇന്ത്യ എന്ന ദർശനം യാഥാർഥ്യമാക്കുന്നതിൽ ശക്തമായ ചാലകശക്തിയായി നിലകൊള്ളുന്നു. കഴിഞ്ഞ 12 വർഷത്തിനിടയിൽ കേന്ദ്ര ഗവണ്മെന്റ് ഈ വിഭാഗത്തിന്റെ ആഗ്രഹങ്ങൾക്ക് പുതിയ ചിറകുകളാണ് പകർന്നു നൽകിയത്.*

## ആദായനികുതി ഇളവ്

പുതിയ നികുതി വ്യവസ്ഥയ്ക്ക് കീഴിൽ പ്രതിവർഷം **12** ലക്ഷം രൂപ വരെയുള്ള വരുമാനത്തിന് ആദായനികുതി നൽകേണ്ടതില്ല.



**₹75,000**

രൂപയുടെ സ്റ്റാൻഡേർഡ് കിഴിവും 12.75 ലക്ഷം രൂപ വരെയുള്ള വരുമാന പരിധിക്ക് ഫലപ്രദമായ നികുതി ഇളവും ശമ്പള വരുമാനക്കാരായ നികുതിദായകർക്ക് ലഭിക്കുന്നു.

- എല്ലാ നികുതിദായകർക്കും പ്രയോജനം ലഭിക്കുന്ന രീതിയിൽ 2025-26 ലെ കേന്ദ്ര ബജറ്റിൽ ആദായനികുതി സ്ലാബുകളിലും നിരക്കുകളിലും സമഗ്രമായ പരിഷ്കരണങ്ങൾ വരുത്തി.
- സ്ലാബ് നിരക്കുകളിലെ കുറവുകളിലൂടെയും ഇളവുകളിലൂടെയും മധ്യവർഗത്തിന് ഗണ്യമായ നികുതി ആശ്വാസം നൽകി; ഇത് കുടുംബങ്ങളുടെ ഉപഭോഗച്ചെലവും നിക്ഷേപവും വർധിപ്പിക്കുന്നതിന് കാരണമായി.
- ആദായനികുതി റിട്ടേൺ സമർപ്പിക്കുന്നവരുടെ എണ്ണം 2022 സാമ്പത്തിക വർഷത്തിലെ 6.9 കോടിയിൽ നിന്ന് 2025 സാമ്പത്തിക വർഷത്തിൽ 9.2 കോടിയായി ഉയർന്നു.

## ഉഡാൻ പദ്ധതി



**1.64+** കോടി പൗരന്മാർ 3.45 ലക്ഷം വിമാന സർവീസുകളിലൂടെ ഉഡാൻ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തി.

ഗവണ്മെന്റ് ഈ പദ്ധതി കൂടുതൽ വ്യാപിപ്പിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി ഏകദേശം 29,000 കോടി രൂപയുടെ തുക അനുവദിച്ചു.

**95** വിമാനത്താവളങ്ങൾ, ഹെലിപോർട്ടുകൾ, വാട്ടർ എയറോഡ്രോമുകൾ എന്നിവ 665 പാതകളിലായി ബന്ധിപ്പിച്ചു.

- വരും വർഷങ്ങളിൽ ഈ പദ്ധതിക്ക് കീഴിൽ ചെറിയ നഗരങ്ങളിലായി 100 പുതിയ വിമാനത്താവളങ്ങളും 200 പുതിയ ഹെലിപാഡുകളും നിർമിക്കാൻ പദ്ധതിയിടുന്നുണ്ട്.
- 2014-ന് മുമ്പ് രാജ്യത്ത് ആകെ 74 വിമാനത്താവളങ്ങൾ മാത്രമാണുണ്ടായിരുന്നത്. ഇന്ന് രാജ്യത്തുടനീളം 160-ലധികം വിമാനത്താവളങ്ങളുണ്ട്.

## വന്ദേ ഭാരത് സർവീസ്

**9.1** കോടി യാത്രാക്കാരാണ് വന്ദേ ഭാരത് സർവീസ് ആരംഭിച്ചതുമുതൽ 2026 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച്, 1 ലക്ഷം ട്രിപ്പുകളിലായി യാത്ര ചെയ്തത്.

**162** വന്ദേ ഭാരത് സർവീസുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഇത് പല ഇടനാഴികളിലും യാത്രാസമയത്തിൽ 45 ശതമാനം വരെ കുറവുണ്ടാക്കാൻ കാരണമായി.

**90** സർവീസുകളിൽ 8 കോച്ചുകൾ വീതമുണ്ട്


**38** സർവീസുകളിൽ 20 കോച്ചുകൾ വീതമുണ്ട്

**34** സർവീസുകളിൽ 16 കോച്ചുകൾ വീതമുണ്ട്

പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കുമായി സമർപ്പിക്കപ്പെട്ടിട്ടുള്ള ഇന്ത്യൻ റെയിൽവേ, 100 ശതമാനം വൈദ്യുതീകരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്ക് അതിവേഗം മുന്നേറുകയാണ്.



## ഉമാംഗ് ആപ്പ്
## ഒരു പ്ലാറ്റ്ഫോം, നിരവധി സേവനങ്ങൾ




**11.02** കോടി രജിസ്ട്രേഷനുകൾ ഉമാംഗ് ആപ്ലിക്കേഷനിൽ പൂർത്തിയായി.

**766.35** കോടി ഇടപാടുകൾ നടന്നു.

**2,517** സേവനങ്ങൾ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കിയിട്ടുണ്ട്.

2017-ൽ ആരംഭിച്ച ഈ ആപ്ലിക്കേഷൻ, ഇടത്തരക്കാർക്കു നീണ്ട ക്യൂ ഒഴിവാക്കാനും പൊതുസേവനങ്ങളിൽ കൂടുതൽ നിയന്ത്രണവും വേഗത്തിലുള്ള പ്രാപ്യതയും ഉറപ്പാക്കാനും സഹായിക്കുന്നു.

## ഡിജിലോക്കർ

DigiLocker

**63.88** കോടിയിലധികം രജിസ്റ്റർ ചെയ്ത ഉപഭോക്താക്കൾ.

**950** കോടിയിലധികം രേഖകൾ ഇതുവരെ ലഭ്യമാക്കിയിട്ടുണ്ട്.

കവർ സ്റ്റോറി
12 വർഷങ്ങൾ
വികസനയാത്ര



## മൊബൈൽ ഡേറ്റാ ചെലവുകളിൽ കുറവ്

**97%** കുറവാണ്, 2014-മായി താരതമ്യം ചെയ്യുമ്പോൾ 2025-26 വർഷത്തിൽ മൊബൈൽ ഡേറ്റാ നിരക്കുകളിലുണ്ടായത്.

## റിയൽ എസ്റ്റേറ്റ് നിയമം

- ഭവനനിർമാതാക്കളുടെ/വീടുവാങ്ങുന്നവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും ഭവന നിർമാണ മേഖലയിൽ സുതാര്യത കൊണ്ടുവരുന്നതിനുമായി പാർലമെന്റ് 2016-ൽ റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആൻഡ് ഡെവലപ്മെന്റ്) ആക്റ്റ് പാസാക്കി.
- RERA ഇതുവരെ 1.57 ലക്ഷം കേസുകൾ പരിഹരിച്ചു; നിലവിൽ 35 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും RERA അതോറിറ്റികൾ പ്രവർത്തിക്കുന്നുണ്ട്.
- രാജ്യത്തുടനീളമുള്ള 1.61 ലക്ഷത്തിലധികം റിയൽ എസ്റ്റേറ്റ് പ്രോജക്റ്റുകളും 1.13 ലക്ഷത്തിലധികം റിയൽ എസ്റ്റേറ്റ് ഏജന്റുമാരും RERA-യ്ക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.



## പിഎം ആവാസ് യോജന (നഗരം)

2015 ജൂൺ 25 മുതൽ, ഭവന-നഗരദാരിദ്ര്യ ലഘൂകരണ മന്ത്രാലയം പ്രധാൻ മന്ത്രി ആവാസ് യോജന - അർബൻ (PMAY-U) പ്രകാരം കേന്ദ്ര സഹായം നൽകി, സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ശ്രമങ്ങൾക്ക് പിന്തുണ നൽകി വരുന്നു. രാജ്യത്തുടനീളമുള്ള നഗരങ്ങളിലെ ഗുണഭോക്താക്കൾക്കിടയിലെ അർഹരായ യുവാക്കൾക്കും ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്കും അടിസ്ഥാന പൗരസൗകര്യങ്ങളോട് കൂടിയ അടച്ചുറപ്പുള്ള വീടുകൾ ലഭ്യമാക്കുകയാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്.




ആകെ **125.15** ലക്ഷം വീടുകൾക്ക് രാജ്യത്തുടനീളം ഇതുവരെ അംഗീകാരം നൽകി. PMAY-U 2.0-ന് കീഴിലുള്ള 13.67 ലക്ഷം വീടുകൾ ഉൾപ്പെടെയാണിത്.

അംഗീകാരം ലഭിച്ച വീടുകളിൽ 116.57 ലക്ഷം വീടുകളുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു; ഇവയിൽ 97.30 ലക്ഷം വീടുകൾ 2026 മാർച്ച് 2 വരെയുള്ള കണക്കനുസരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി.

## പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ

**452** പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രങ്ങൾ 23 സർക്കിളുകളിലായി നിലവിൽ പ്രവർത്തിക്കുന്നുണ്ട്.



## പിഎം-സൂര്യ ഘർ മുഫ്ത് ബിജിലി യോജന

**36.88** ലക്ഷം വീടുകളിൽ പ്രധാൻ മന്ത്രി സൂര്യ ഘർ മുഫ്ത് ബിജിലി യോജനയ്ക്ക് കീഴിൽ സൗരോർജ സംവിധാനങ്ങൾ സ്ഥാപിച്ചു (2026 ഏപ്രിൽ 30 വരെയുള്ള കണക്കുപ്രകാരം).



പദ്ധതിയുടെ ഭാഗമായി **₹19,480** കോടിരൂപയുടെ സബ്സിഡി അനുവദിച്ചു.

പദ്ധതിക്ക് കീഴിൽ സ്ഥാപിച്ച സൗരോർജ പ്ലാന്റുകളുടെ ആകെ ഉൽപ്പാദന ശേഷി 10.77 ജിഗാവാട്ടിൽ എത്തി.


## അതിവേഗം വളരുന്ന സമ്പദ്വ്യവസ്ഥ

കഴിഞ്ഞ 12 വർഷത്തിനിടയിൽ രാജ്യത്തിന്റെ സാമ്പത്തിക അടിത്തറ ഗണ്യമായി ശക്തിപ്പെട്ടിട്ടുണ്ട്. വിവിധ ആഗോള പ്രതിസന്ധികൾക്കിടയിലും, ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്വ്യവസ്ഥയായി ഇന്ത്യ തുടരുകയാണ്. പണപ്പെരുപ്പനിരക്ക് കുറച്ചുനിർത്തുന്നതിൽ ഇന്ത്യ ട്രാക്ക് റെക്കോർഡ് കൂടുതൽ മെച്ചപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ നേരിട്ടുള്ള പ്രയോജനങ്ങൾ രാജ്യത്തെ പാവപ്പെട്ടവർക്കും മധ്യവർഗ കുടുംബങ്ങൾക്കുമാണ് ലഭിക്കുന്നത്.

> **“മധ്യവർഗ കുടുംബങ്ങൾ രാജ്യത്തിനായി വളരെയധികം സംഭാവനകൾ നൽകുന്നതിനാൽ, അവരുടെ ജീവിതനിലവാരം സംബന്ധിച്ച ആഗ്രഹങ്ങൾ നിറവേറ്റുന്നതിനായി രാജ്യം നിരന്തരമായ ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. 'വികസിത ഇന്ത്യ' എന്ന സ്വപ്നം യാഥാർഥ്യമാകുന്ന 2047-ഓടെ, സാധാരണ ജനങ്ങളുടെ ജീവിതത്തിലുള്ള ഗവൺമെന്റിന്റെ ഇടപെടലുകൾ കുറയ്ക്കുക എന്നത് അതിന്റെ നിർണായക സവിശേഷതകളിൽ ഒന്നായിരിക്കുമെന്ന് ഞാൻ വിഭാവനം ചെയ്യുന്നു.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

# ഇന്ത്യ: ആരോഗ്യത്തിലേക്കും പുരോഗതിയിലേക്കും

*ശരാശരി ആയുർദൈർഘ്യത്തിലുണ്ടാകുന്ന ഒരു വർഷത്തെ വർദ്ധനവ് ഒരു രാജ്യത്തിന്റെ ആഭ്യന്തര ഉൽപ്പാദനത്തിൽ (GDP) 4 ശതമാനത്തിന്റെ വളർച്ചയ്ക്ക് കാരണമാകുമെന്ന് നിങ്ങൾക്കറിയാമോ? അതുകൊണ്ടുതന്നെയാണ്, സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി - 2014 മുതൽ - ആരോഗ്യ മേഖലയ്ക്ക് മുൻഗണന നൽകുക മാത്രമല്ല, നിലവിലെ കേന്ദ്ര ഗവണ്മെന്റ് അതിനെ നയപരവും രാഷ്ട്രീയവുമായ അജണ്ടകളുടെ ഏറ്റവും മുൻനിരയിൽ പ്രതിഷ്ഠിക്കുകയും ചെയ്തത്. താങ്ങാനാവുന്ന ചെലവിൽ ആരോഗ്യപരിപാലന സേവനങ്ങൾ ഉറപ്പാക്കിക്കൊണ്ട് ആരോഗ്യകരമായ ഭാവി കെട്ടിപ്പടുക്കുന്നതിലൂടെ, കഴിഞ്ഞ 12 വർഷമായി മെച്ചപ്പെട്ട ഫലങ്ങൾ കൈവരിക്കുന്നതിലേക്ക് വലിയ ചുവടുവെപ്പുകളാണ് ഇന്ത്യാ ഗവണ്മെന്റ് നടത്തിയിട്ടുള്ളത്. ഇന്ന്, ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യപരിപാലന പദ്ധതിയായ ആയുഷ്മാൻ ഭാരതിന് ഇന്ത്യ നേതൃത്വം നൽകുന്നു.*



## 12 വർഷത്തിനിടെ ആരോഗ്യ വിദ്യാഭ്യാസ രംഗത്തുണ്ടായ സമഗ്രമായ പരിഷ്കരണം

**23**
രാജ്യത്തെ എയിംസ് (ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്) സ്ഥാപനങ്ങളുടെ എണ്ണം

**323**
ഡെന്റൽ കോളേജുകളോടൊപ്പം 942 ആയുഷ് സ്ഥാപനങ്ങളും

**1,28,975**
ആയി രാജ്യത്തെ എം. ബി. ബി. എസ് സീറ്റുകളുടെ എണ്ണം ഉയർന്നു; 2014 – ൽ ഇത് 51,384 മാത്രമായിരുന്നു

**172%**
വർദ്ധനവ് കഴിഞ്ഞ 12 വർഷത്തിനിടെ മെഡിക്കൽ സീറ്റുകളുടെ എണ്ണത്തിൽ

**818**
രാജ്യത്തെ അലോപ്പതി മെഡിക്കൽ കോളേജുകളുടെ എണ്ണം ഈ സംഖ്യയിലെത്തി (2014ൽ 387 ആയിരുന്നു)

**85,020**
രാജ്യത്തെ മെഡിക്കൽ പി. ജി (പോസ്റ്റ് ഗ്രാജുവേറ്റ്) സീറ്റുകളുടെ എണ്ണം 2014 – ലെ 31,185 – ൽ നിന്ന് ഈ സംഖ്യയിലേയ്ക്ക് ഉയർന്നു



നവജാതശിശുക്കൾ, കുട്ടികൾ, കൗമാരക്കാർ എന്നിവർക്ക്

**12**

വ്യത്യസ്ത തരം രോഗങ്ങളിൽ നിന്ന് സംരക്ഷണം നൽകുന്നതിനായി വാക്സിനുകൾ നൽകുന്നു.

## പ്രതിരോധ കുത്തിവെപ്പ്

- 2015-ൽ ആരംഭിച്ച മിഷൻ ഇന്ദ്രധനുഷ് പദ്ധതിക്ക് കീഴിൽ, പ്രതിരോധ കുത്തിവെപ്പ് എടുക്കാത്തതോ ഭാഗികമായി മാത്രം എടുത്തതോ ആയ കുട്ടികളിലേക്കും ഗർഭിണികളിലേക്കും എത്തിച്ചേരുകയാണ് ലക്ഷ്യം.
- പ്രതിവർഷം 29 ദശലക്ഷം ഗർഭിണികൾക്കും 25.4 ദശലക്ഷം നവജാതശിശുക്കൾക്കും സൗജന്യ പ്രതിരോധ കുത്തിവെപ്പ് നൽകുന്നുണ്ട്.
- സെർവിക്കൽ ക്യാൻസറിനെതിരെ സംരക്ഷണം നൽകുന്നതിനായി 2026-ൽ എച്ച്.പി.വി (HPV) വാക്സിനേഷൻ ആരംഭിച്ചു
- 2015-ൽ 62% ആയിരുന്ന സമ്പൂർണ്ണ രോഗപ്രതിരോധ കുത്തിവെപ്പ് പരിരക്ഷ, 2026 ജനുവരി ആയപ്പോഴേക്കും 98.4% ആയി ഉയർന്നു.
- കോവിഡ്-19 മഹാമാരിയുടെ സമയത്ത്, ഇന്ത്യ 2 ബില്യണിലധികം കോവിഡ്-19 വാക്സിൻ ഡോസുകൾ വിതരണം ചെയ്തു.



## മെച്ചപ്പെട്ട ഫലങ്ങൾ

- 1990 മുതൽ, മാതൃമരണ നിരക്കിൽ (MMR) 86 ശതമാനത്തിന്റെ കുറവുണ്ടായി - ഇത് ആഗോള ശരാശരിയായ 48 ശതമാനത്തേക്കാൾ വളരെ ഉയർന്നതാണ്.
- അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണനിരക്കിൽ 78 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട് - ഇതും ആഗോള ശരാശരിയായ 61 ശതമാനത്തെ മറികടക്കുന്നതാണ്.
- നവജാതശിശുക്കളുടെ മരണനിരക്കിൽ 70 ശതമാനം കുറവുണ്ടായപ്പോൾ, ആഗോളതലത്തിൽ ഈ കുറവ് 54 ശതമാനം മാത്രമാണ്.
- കഴിഞ്ഞ ദശകത്തിൽ ശിശുമരണ നിരക്കിൽ 37 ശതമാനത്തിലധികം കുറവ് രേഖപ്പെടുത്തി; 2013-ൽ 1,000 സജീവ ജനനങ്ങൾക്ക് 40 മരണങ്ങൾ എന്ന നിരക്കിലായിരുന്നത് 2023-ൽ 25 ആയി കുറഞ്ഞു.



| ആരോഗ്യ സ്ഥാപനങ്ങളിലെ പ്രസവങ്ങൾ | ഗ്രാമപ്രദേശങ്ങൾ | | നഗരപ്രദേശങ്ങൾ | |
|---|---|---|---|---|
| | 90.5% വർഷം 2017-18 | 95.6% വർഷം 2025 | 96.1% വർഷം 2017-18 | 97.8% വർഷം 2025 |

## പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന (PM-JAY)

- 2018 സെപ്റ്റംബർ 23-ന് AB-PMJAY ആരംഭിച്ചു. ലോകത്തിലെ തന്നെ ഏറ്റവും വലിയ പൊതുജന ആരോഗ്യ സംരക്ഷണ പദ്ധതിയാണിത്.
- സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്കും, 70 വയസ്സിന് മുകളിലുള്ള എല്ലാ പൗരന്മാർക്കും ചികിത്സയ്ക്കായി പ്രതിവർഷം 5 ലക്ഷം രൂപ വരെ ആരോഗ്യ പരിരക്ഷ.

**12** കോടിയിലധികം ആളുകൾക്ക് ചികിത്സ ലഭിച്ചു.

പദ്ധതിയിൽ രജിസ്റ്റർ ചെയ്തത് **36,038** ആശുപത്രികൾ.

**43.93** കോടിയിലധികം ആയുഷ്മാൻ കാർഡുകൾ വിതരണം ചെയ്തു.



## ആയുഷ്മാൻ ആരോഗ്യ മന്ദിർ

**1,84,235** ആയുഷ്മാൻ ആരോഗ്യ മന്ദിറുകൾ പ്രവർത്തനക്ഷമമാണ് (2026 ഫെബ്രുവരി 27 വരെയുള്ള കണക്കുകൾ).

**42.6** കോടി ആളുകൾക്ക് ടെലി-കൺസൾട്ടേഷൻ ലഭിച്ചു (2025 ഡിസംബർ 31 വരെ)






## മെഡിക്കൽ ടൂറിസം

- 2025-ൽ, 507,244 വിദേശ പൗരന്മാർ പ്രത്യേകം വൈദ്യചികിത്സയ്ക്കായി മാത്രം ഇന്ത്യയിലെത്തി.
- മെഡിക്കൽ ടൂറിസം വിപണി 2030-ഓടെ 16.2 ബില്യൺ ഡോളറായി വളരുമെന്ന് കണക്കാക്കപ്പെടുന്നു.
- ഇ-മെഡിക്കൽ വിസ, ഇ-മെഡിക്കൽ അറ്റൻഡന്റ് വിസ സൗകര്യങ്ങൾ 172 രാജ്യങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്.

## മെഡിക്കൽ ടൂറിസം സൂചിക 2020-21 പ്രകാരം...

- ലോകത്തിലെ ഏറ്റവും മികച്ച 46 മെഡിക്കൽ ടൂറിസം ലക്ഷ്യസ്ഥാനങ്ങളിൽ ഇന്ത്യ ആഗോളതലത്തിൽ 10-ാം സ്ഥാനത്ത്
- ലോകത്തിലെ മികച്ച 20 വെൽനസ് ടൂറിസം വിപണികളിൽ 12-ാം സ്ഥാനത്ത്
- ഏഷ്യ-പസഫിക് മേഖലയിലെ മികച്ച 10 ആരോഗ്യപരിപാലന ലക്ഷ്യസ്ഥാനങ്ങളിൽ 5-ാം സ്ഥാനത്ത്

## താങ്ങാനാവുന്നതും ഗുണമേന്മയുള്ളതുമായ മരുന്നുകൾ

**19,200**

പ്രധാൻ മന്ത്രി ഭാരതീയ ജനൗഷധി പരിയോജന (PMBJP) വഴി ജനൗഷധി കേന്ദ്രങ്ങളിലൂടെ ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കി.

- ഈ കേന്ദ്രങ്ങളിലൂടെ 2,100-ലധികം മരുന്നുകളും 315 സർജിക്കൽ ഉൽപ്പന്നങ്ങളും ലഭ്യമാക്കിയിട്ടുണ്ട്; ഇവ വിപണി വിലയേക്കാൾ 50 മുതൽ 90 ശതമാനം വരെ കുറഞ്ഞ നിരക്കിൽ വിൽക്കുന്നു.

താങ്ങാനാവുന്ന വിലയ്ക്ക് മരുന്നുകൾ ലഭ്യമായതിനാൽ സാധാരണക്കാർക്ക് ഏകദേശം **40,000** കോടി രൂപ ലാഭിക്കാൻ കഴിഞ്ഞു.



### സാമ്പത്തിക ഭാരം കുറഞ്ഞു

- ആരോഗ്യപരിപാലന ചികിത്സയ്ക്കായി ജനങ്ങൾ സ്വന്തം കൈയിൽ നിന്ന് ചെലവഴിക്കുന്ന തുക 2014-15-ലെ 62.6%-ൽ നിന്നും 2020-21 ആയപ്പോഴേയ്ക്കും 39.4% ആയി കുറഞ്ഞു. ഈ നേട്ടം കൈവരിക്കുന്നതിൽ ആയുഷ്മാൻ ഭാരത് പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.



## ദേശീയ ആരോഗ്യ നയം, 2017

- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ, 2017 മാർച്ച് 15-ന് ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം ദേശീയ ആരോഗ്യ നയം 2017-ന് അംഗീകാരം നൽകി. സമഗ്രമായ ആരോഗ്യപരിപാലന നയത്തിലൂടെ എല്ലാവർക്കും ആരോഗ്യം ലഭ്യമാക്കുക, സാമ്പത്തിക ബുദ്ധിമുട്ടുകൾ കൂടാതെ തന്നെ മികച്ച ഗുണനിലവാരമുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പാക്കുക എന്നിവയാണ് ഇതിന്റെ ലക്ഷ്യം.

## നാഴികക്കല്ലുകൾ

- 2014-ൽ ഇന്ത്യയെ പോളിയോ മുക്ത രാജ്യമായി പ്രഖ്യാപിച്ചു.
- 2015-ൽ നവജാതശിശുക്കളിലെ ടെറ്റനസ് നിർമ്മാർജ്ജനം ചെയ്തു.
- 2024-ൽ ലോകാരോഗ്യ സംഘടന ഇന്ത്യയെ ട്രാക്കോമ മുക്ത രാജ്യമായി പ്രഖ്യാപിച്ചു.
- സമീപഭാവിയിൽ തന്നെ കാലാ-ആസർ പൂർണ്ണമായി തുടച്ചുനീക്കുന്നതിലേക്കും ഇന്ത്യ മുന്നേറിക്കൊണ്ടിരിക്കുന്നു





കവർ സ്റ്റോറി
12 വർഷങ്ങൾ
വികസനയാത്ര

# ശാക്തീകരണത്തിന്റെ നിലയ്ക്കാത്ത യാത്ര

## ഓരോ നിമിഷവും വികസനം, ഓരോ നീക്കത്തിലും പുതു സാധ്യതകൾ

*പുരോഗതിയുടെയും യശസ്സിന്റെയും പാതയിലേക്ക് കടക്കുന്നതിന് മുൻപ്, ദീർഘകാലമായി അവഗണിക്കപ്പെടുകയും പാർശ്വവൽക്കരിക്കപ്പെടുകയും ചെയ്ത സമൂഹത്തിലെ വിഭാഗങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടത് അനിവാര്യമായിരുന്നു. എന്നാൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഈ വിഭാഗങ്ങളെ വെറുതെ അംഗീകരിക്കുക മാത്രമല്ല ചെയ്തത്; അദ്ദേഹം അവരെ ആദരിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ നയങ്ങളിലും പദ്ധതികളിലും പാർശ്വവൽക്കരിക്കപ്പെട്ടവർക്കാണ് ഏറ്റവും ഉയർന്ന മുൻഗണന നൽകിയത്. 'സ്ത്രീകൾ ആദരിക്കപ്പെടുന്നിടത്ത് ദേവന്മാർ സന്തോഷിക്കുന്നു; എന്നാൽ അവർ ആദരിക്കപ്പെടാത്തിടത്ത് എല്ലാ പ്രവൃത്തികളും നിഷ്ഫലമായിത്തീരുന്നു.' ഈ പുരാതന വചനം സ്ത്രീകളുടെ നേതൃത്വത്തിലുള്ള വികസനത്തിന്റെ വഴികാട്ടിയായ മന്ത്രമായി മാറി; തൽഫലമായി, കഴിഞ്ഞ 12 വർഷത്തിനിടയിൽ നാരീശക്തി എല്ലാ മേഖലകളിലും മികവ് പുലർത്തി. സമാനമായി, 'ഇതാണ് സമയം; ഇതാണ് ശരിയായ സമയം; ഇതാണ് ഇന്ത്യയുടെ വിലയേറിയ സമയം' എന്ന യുവാക്കൾക്കായി സമർപ്പിക്കപ്പെട്ട 'വികസിത ഭാരത'ത്തിനായുള്ള ആഹ്വാനംഇന്ത്യയുടെ യുവതലമുറ തങ്ങളുടെ ആഗ്രഹങ്ങൾക്ക് പുതിയ ചിറകുകൾ നൽകാൻ സന്നദ്ധരും സജ്ജരുമാണെന്ന വസ്തുതയുടെ ശക്തമായ തെളിവാണ്. ഇന്ന്, യുവശക്തിയുടെ ശേഷിക്ക് ഒരു പുതിയ സ്വത്വം കൈവന്നപ്പോൾ, നവഭാരതത്തിന്റെ 'അമൃത തലമുറ'ഇന്ത്യയുടെ അറിവിന്റെയും ശാസ്ത്രത്തിന്റെയും കാലാതീതമായ നേട്ടങ്ങളുടെയും പ്രതീകമായി ഉയർന്നുവന്നിരിക്കുന്നു. കഴിഞ്ഞ 12 വർഷങ്ങൾ ഒരു യുഗത്തെയാണ് അടയാളപ്പെടുത്തിയത് എന്നതിൽ ഒട്ടും അതിശയോക്തിയില്ലഅശരണരുടെയും സ്ത്രീകളുടെയും യുവാക്കളുടെയും കർഷകരുടെയും ശാക്തീകരണത്തിനായി സമർപ്പിക്കപ്പെട്ട സവിശേഷ യുഗം. സവിശേഷമായ മാനസികാവസ്ഥയോടും ഉൾച്ചേർക്കൽ സമീപനത്തോടും കൂടി, നവഭാരതത്തിന്റെ പുതിയ നേതൃത്വം കഴിഞ്ഞ 12 വർഷത്തിനിടയിൽ സമൂഹത്തിലെ ഓരോ വിഭാഗത്തെയും ഓരോ പ്രദേശത്തെയും വികസനത്തിൽ പങ്കാളികളാക്കിഅങ്ങനെ സുവർണ ഭാരതത്തിലേക്കുള്ള പ്രയാണം ആരംഭിച്ചു.*

# ഇന്ത്യ: ആരോഗ്യത്തിലേക്കും പുരോഗതിയിലേക്കും

"नारी तू नारायणी, तुमसे ही सामर्थ्य है, तुम्ही हो राष्ट्रशक्ति" *'നാരി, നാരായണി, നിന്നിൽ നിന്നാണ് സാമർത്ഥ്യം ഉണ്ടാകുന്നത്, നീ തന്നെയാണ് രാഷ്ട്രശക്തി' എന്ന ദൃഢനിശ്ചയത്തോടെ, നവഭാരതം മികവിന്റെ എക്കാലത്തെയും പുതിയ അധ്യായങ്ങൾ രചിക്കുകയാണ്. സ്ത്രീശക്തിയില്ലാതെ ഒരു രാജ്യത്തിന്റെയും പുരോഗതി സങ്കൽപ്പിക്കാൻ പോലും കഴിയില്ല. തൽഫലമായി, കഴിഞ്ഞ 12 വർഷത്തിനിടയിൽ, ദേശീയ നയത്തിന് വഴികാട്ടിയായ ദർശനം കേവലം സ്ത്രീകളുടെ ഉന്നമനത്തിൽ നിന്നും സ്ത്രീശക്തിയുടെ നേതൃത്വത്തിലുള്ള വികസനം പ്രോത്സാഹിപ്പിക്കുന്നതിലേക്ക് വഴിമാറി. വിദ്യാഭ്യാസം, ആരോഗ്യം, സാമ്പത്തിക പുരോഗതി, നേതൃത്വപരമായ അവസരങ്ങൾ എന്നിവയിലുടനീളം സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി ലക്ഷ്യമിട്ടുള്ള നിരവധി ഉദ്യമങ്ങൾ ഈ ദിശയിലെ നാഴികക്കല്ലുകളായി മാറിയിരിക്കുന്നു. ഇപ്പോൾ, ലോക്‌സഭയിലും സംസ്ഥാന നിയമസഭകളിലും വനിതകൾക്ക് 33 ശതമാനം സംവരണം ഉറപ്പാക്കാൻ കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്...*

## സ്ത്രീ ശാക്തീകരണത്തിലേക്കുള്ള ചുവടുവെപ്പുകൾ

**2023**-ൽ, പുതിയ പാർലമെന്റ് മന്ദിരത്തിൽ 'നാരീശക്തി വന്ദൻ അധിനിയമം' പാസാക്കിക്കൊണ്ട് നിർണ്ണായകമായ ആദ്യ ചുവടുവെപ്പ് നടത്തി.

ഇന്ന്, ഇന്ത്യയിലുടനീളമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 14 ലക്ഷത്തിലധികം വനിതകൾ വിജയകരമായി സേവനമനുഷ്ഠിക്കുന്നുണ്ട്. ഏകദേശം 21 സംസ്ഥാനങ്ങളിലെ പഞ്ചായത്തുകളിൽ ഇവരുടെ പങ്കാളിത്തം ഏതാണ്ട് 50 ശതമാനത്തോളം എത്തിയിരിക്കുന്നു.



- കഴിഞ്ഞ 12 വർഷത്തിനിടയിൽ, 'പിഎം ആവാസ് യോജന'യ്ക്ക് കീഴിൽ 3 കോടിയിലധികം സ്ത്രീകൾ വീടുകളുടെ ഉടമകളായി മാറി.
- പിഎം ആവാസ് യോജനയ്ക്ക് കീഴിൽ അനുവദിച്ച വീടുകളിൽ 70% ത്തിലധികം സ്ത്രീകളുടെ പേരിലോ സംയുക്തമായോ രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.



- 'സ്റ്റാൻഡ്-അപ്പ് ഇന്ത്യ' പദ്ധതിക്ക് കീഴിൽ വിതരണം ചെയ്ത വായ്പകളിൽ 75 ശതമാനവും സ്ത്രീകൾക്കാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ, 'ജൻ ധൻ' ബാങ്ക് അക്കൗണ്ടുകളിൽ 55 ശതമാനവും വനിതകളുടേതാണ്.

**70** 'മുദ്ര യോജന' പ്രകാരം അനുവദിച്ച വായ്പകളിൽ ശതമാനവും സ്ത്രീകൾക്കാണ് നൽകിയിട്ടുള്ളത്.

- പ്രസവാവധി 26 ആഴ്ചയായി വർദ്ധിപ്പിച്ചു. കഴിഞ്ഞ 12 വർഷത്തിനിടയിൽ, 100 ദശലക്ഷം സ്ത്രീകൾ സ്വയംസഹായ സംഘങ്ങളിൽ ചേർന്നു.
- ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് ആക്കം കൂട്ടുന്നതിനായി, 6 കോടി വനിതകളെ 'ലഖ്പതി ദീദി'മാരാക്കി മാറ്റുക എന്നൊരു ലക്ഷ്യം ഗവൺമെന്റ് നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ, 3 കോടിയിലധികം ഗ്രാമീണ വനിതകൾ ഇതിനകം തന്നെ 'ലഖ്പതി ദീദി' പദവി കൈവരിച്ചുകഴിഞ്ഞു.
- 2025 സെപ്റ്റംബറിൽ ആരംഭിച്ച 'സ്വസ്ഥ് നാരി, സശക്ത് പരിവാർ' പ്രചാരണ പരിപാടിക്ക് കീഴിൽ, ഏകദേശം 7 കോടി വനിതകൾ ആരോഗ്യ പരിശോധനകൾ നടത്തുകയുണ്ടായി.




- പ്രതിരോധ കുത്തിവെപ്പ് എടുക്കാത്ത കുട്ടികളിലേക്കും ഗർഭിണികളിലേക്കും എത്തിച്ചേരുന്നതിനായി, 2015-ൽ ഗവൺമെന്റ് 'മിഷൻ ഇന്ദ്രധനുഷ്' പദ്ധതിക്ക് തുടക്കം കുറിച്ചു.
- മിഷൻ ശക്തി പോർട്ടൽ: 2025 ജനുവരിയിൽ മിഷൻ ശക്തി പോർട്ടൽ (https://missionshakti.wcd.gov.in/) ആരംഭിച്ചതിനെ തുടർന്ന്, 2026 മാർച്ച് 23 ഓടെ വിവിധ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ചേർന്ന് 2,428 പ്രൊട്ടക്ഷൻ ഓഫീസർമാരുടെ വിവരങ്ങൾ പോർട്ടലിൽ പുതുക്കുകയുണ്ടായി.

## സ്ത്രീകളെ ശാക്തീകരിക്കൽ

**48** ശതമാനത്തിലധികം സ്റ്റാർട്ടപ്പുകളിലും കുറഞ്ഞത് ഒരു വനിതാ ഡയറക്ടർ

- ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം ആദ്യമായി ലോകകപ്പ് നേടി. അതുപോലെ, കാഴ്ച പരിമിതരുടെ വനിതാ ക്രിക്കറ്റ് ടീമും ലോകകപ്പ് നേടി.
- നാഷണൽ ഡിഫൻസ് അക്കാദമിയിൽ നിന്നുള്ള വനിതാ കേഡറ്റുകളുടെ ആദ്യ ബാച്ച് വിജയകരമായി പരിശീലനം പൂർത്തിയാക്കി പുറത്തിറങ്ങി.




പിഎച്ച്.ഡി പ്രോഗ്രാമുകളിൽ ചേരുന്ന വനിതാ ഗവേഷകരുടെ എണ്ണം ഇരട്ടിയിലധികമായി വർദ്ധിച്ചു, അതായത് 2014-15 മുതൽ 2022-23 വരെയുള്ള കാലയളവിൽ 135.6 ശതമാനത്തിന്റെ അസാധാരണമായ വളർച്ചയാണ് രേഖപ്പെടുത്തിയത്. ഇതിലൂടെ 64,724 വനിതാ ഗവേഷകർ കൂടി അധികമായി ഈ രംഗത്തേക്ക് കടന്നുവന്നു.

ഗണിതത്തിലും ശാസ്ത്രത്തിലും, പ്രത്യേകിച്ച് സ്റ്റെം (STEM) വിദ്യാഭ്യാസത്തിൽ, ഉപരിപഠനം നടത്തുന്ന പെൺകുട്ടികളുടെ എണ്ണം ഏതാണ്ട് 43 ശതമാനത്തോളം എത്തിയിരിക്കുന്നു.






## ക്ഷേമത്തിന്റെ ദീപസ്തംഭം ഉജ്ജ്വല പദ്ധതി

**10.57** 2026 മാർച്ച് 1 വരെ പ്രധാൻ മന്ത്രി ഉജ്ജ്വല യോജനയ്ക്ക് കീഴിൽ കോടിയിലധികം ഗ്യാസ് കണക്ഷനുകൾ നൽകി.

പരമ്പരാഗത അടുപ്പുകൾ കത്തിക്കുന്നതിനായി വിറക് ശേഖരിക്കാൻ മുൻപ് ചിലവഴിച്ചിരുന്ന സമയത്തിൽ നിന്നും, 2 മുതൽ 3 മണിക്കൂർ വരെയാണ് സ്ത്രീകൾ ഇപ്പോൾ ദിവസേന ലാഭിക്കുന്നത്. സ്ത്രീകൾ ഈ സമയം ഇപ്പോൾ വരുമാനദായകമായ പ്രവർത്തനങ്ങൾക്കോ അല്ലെങ്കിൽ തങ്ങളുടെ കുടുംബത്തെ പരിപാലിക്കുന്നതിനോ വേണ്ടി ഉപയോഗപ്പെടുത്തുന്നു.



## ബേട്ടി ബച്ചാവോ ബേട്ടി പഠാവോ പദ്ധതി

2015 ജനുവരി 22-ന് ഹരിയാനയിലെ പാനിപ്പത്തിൽ വെച്ച് തുടക്കമിട്ട 'ബേട്ടി ബച്ചാവോ ബേട്ടി പഠാവോ' പദ്ധതി വിജയകരമായി ഒരു പതിറ്റാണ്ട് പൂർത്തിയാക്കിയിരിക്കുന്നു.

**ദേശീയതലത്തിൽ ജനനസമയത്തെ ലിംഗാനുപാതം മെച്ചപ്പെട്ടു**



| 2014-15 | 2024-25 |
|---|---|
| 918 | 929 |

**സെക്കൻഡറി സ്കൂൾ തലത്തിൽ പെൺകുട്ടികളുടെ മൊത്തം പ്രവേശന അനുപാതം വർദ്ധിച്ചു**

| | |
|---|---|
| 2014-15 | 75.51% |
| 2024-25 | 80.2% |



## പ്രധാൻ മന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ

**8,812** രജിസ്റ്റർ ചെയ്ത സന്നദ്ധപ്രവർത്തകർ

**22,349** PMSMA സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങളുടെ എണ്ണം:

## പ്രധാൻ മന്ത്രി മാതൃ വന്ദന യോജന

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി ഈ പദ്ധതിയിലൂടെ, ആദ്യത്തെ കുട്ടിക്ക് 5,000 രൂപയും (ജനനി സുരക്ഷാ യോജനയുടെ ആനുകൂല്യവും ഉൾപ്പെടെ ശരാശരി 6,000 രൂപ), രണ്ടാമത്തെ കുട്ടിക്ക് (പെൺകുട്ടിയാണെങ്കിൽ) 6,000 രൂപയും പ്രസവാനുകൂല്യമായി നൽകുന്നു.



**4.28** കോടി സ്ത്രീകൾക്ക് ആനുകൂല്യങ്ങൾ ലഭിച്ചു.

**4.92** കോടി സ്ത്രീകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ആകെ **20,150** കോടി രൂപ വിതരണം ചെയ്തു.

## സുകന്യ സമൃദ്ധി യോജന: പെൺകുട്ടികളെ ശാക്തീകരിക്കുന്നു

- പെൺകുട്ടികളുടെ സംരക്ഷണവും വിദ്യാഭ്യാസവും ലക്ഷ്യമിട്ടുള്ള ഗവണ്മെന്റിന്റെ 'ബേട്ടി ബച്ചാവോ, ബേട്ടി പഠാവോ' പ്രചാരണ പരിപാടിയുടെ ഭാഗമായി 2015 ജനുവരി 22-നാണ് സുകന്യ സമൃദ്ധി യോജന ആരംഭിച്ചത്; 8.2% പലിശ നിരക്കാണ് ഇതിന്റെ സവിശേഷത.
- ഈ പദ്ധതി ആരംഭിച്ച് ഇതുവരെ 4.6 കോടിയിലധികം അക്കൗണ്ടുകൾ തുറന്നു, ആകെ നിക്ഷേപിച്ച തുക 3.33 ലക്ഷം കോടി രൂപ കവിഞ്ഞു.

**"വികസിത ഭാരതത്തിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ സ്ത്രീകളുടെ പങ്ക് ഇന്ന് സുപ്രധാനമായി മാറിയിരിക്കുന്നു. 2014-ൽ രാജ്യത്തെ ജനങ്ങൾ സേവനം ചെയ്യാനുള്ള അവസരം എനിക്ക് നൽകിയതിൽ ഞാൻ സന്തുഷ്ടനാണ്; അന്നുമുതൽ ഇന്നുവരെ, നമ്മുടെ ഗവണ്മെന്റ് സ്ത്രീകളുടെ ജീവിതചക്രത്തിന്റെ ഓരോ ഘട്ടത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കുകയും അവ വിജയകരമായി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.**

*- പ്രധാനമന്ത്രി നരേന്ദ്ര മോദി*


# ഇന്ത്യയുടെ പതാക ഉയർത്തിപ്പിടിക്കുന്ന മുന്നണിപ്പോരാളികൾ

*'ഇതാണ് സമയം; ഇതാണ് ശരിയായ സമയം; ഇതാണ് ഇന്ത്യയുടെ വിലയേറിയ നിമിഷം...' വികസിത ഭാരതത്തിലെ യുവതലമുറയ്ക്കായി സമർപ്പിച്ചിരിക്കുന്ന ഈ മന്ത്രം, തങ്ങളുടെ ആഗ്രഹങ്ങൾക്ക് പുതിയ ചിറകുകൾ നൽകാൻ ഇന്ത്യയുടെ യുവതലമുറ സന്നദ്ധരാണ് എന്ന മനോഭാവത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞവരുടെ രാഷ്ട്രമായി ഇന്ത്യ നിലകൊള്ളുന്ന കാലഘട്ടമാണിത്. അതിനാൽ, കഴിഞ്ഞ 12 വർഷമായി, കേന്ദ്ര ഗവൺമെന്റിന്റെ ദീർഘവീക്ഷണത്തിലൂടെ യുവശക്തിയുടെ കരുത്തിന് ഒരു പുതിയ സ്വത്വം കൈവന്നിരിക്കുന്നു; ഒപ്പം അത് നവ ഇന്ത്യയുടെ വിജ്ഞാനത്തിന്റെയും ശാസ്ത്രത്തിന്റെയും കാലാതീതമായ നേട്ടങ്ങളുടെയും പ്രതീകമായി - "അമൃത പീഠി" ആയി മാറിയിരിക്കുന്നു.*

## സ്റ്റാർട്ടപ്പുകൾ

**2.23** ലക്ഷത്തിലധികം സ്റ്റാർട്ടപ്പുകൾ സ്ഥാപിതമാവുകയും, അതിലൂടെ 23.36 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ധനസഹായം, വായ്പ സഹായം, പൊതു സംഭരണം എന്നിവയിലും ശക്തമായ വളർച്ച ദൃശ്യമായിട്ടുണ്ട്.

- 2014-ൽ ഇന്ത്യയിൽ വെറും 4 യൂണികോണുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ; ഇന്ന് രാജ്യം 127 സജീവ യൂണികോണുകളാൽ അഭിമാനപൂർവ്വം നിലകൊള്ളുന്നു.



**55,200** 2025-26 സാമ്പത്തിക വർഷത്തിൽ സ്റ്റാർട്ടപ്പുകൾക്ക് ഗവണ്മെന്റ് അംഗീകാരം നൽകി, ഈ സംരംഭം ആരംഭിച്ചതിനുശേഷം ഒരു വർഷത്തിനുള്ളിൽ നൽകിയ ഏറ്റവും ഉയർന്ന അംഗീകാരമാണിത്.

## പ്രധാൻ മന്ത്രി മുദ്ര യോജന (പിഎംഎംവൈ)




- കോർപ്പറേറ്റ് ഇതര, കാർഷികേതര വരുമാനദായക പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപവരെയുള്ള ഈടുരഹിത സ്ഥാപന വായ്പകൾ സുഗമമായി ലഭ്യമാക്കാൻ മുദ്ര പദ്ധതി വഴിയൊരുക്കുന്നു.



## വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ്

2014 മുതൽ ഇതുവരെ:

- ഐഐടികളുടെ എണ്ണം 16 ൽ നിന്ന് 23 ആയി വർദ്ധിച്ചു.
- ഐഐഎമ്മുകളുടെ എണ്ണം 13 ൽ നിന്ന് 21 ആയി വർദ്ധിച്ചു.



എയിംസുകളുടെ എണ്ണം 7 ൽ നിന്ന് **23** ആയി ഉയർന്നു.

- മെഡിക്കൽ കോളേജുകളുടെ എണ്ണം 387ൽ നിന്ന് 818 ആയി ഉയർന്നു.
- ഐ.ഐ.ടി.കളുടെ അന്താരാഷ്ട്ര കാമ്പസുകൾ സാൻസിബാറിലും അബുദാബിയിലും സ്ഥാപിതമായിട്ടുണ്ട്.

## പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന

**1.64** പ്രധാൻ മന്ത്രി കൗശൽ വികാസ് യോജനയ്ക്ക് (PMKVY) കീഴിൽ 35-ലധികം മേഖലകളിലായി ആകെ കോടി ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകി.

കെട്ടിട നിർമ്മാണം, ടെലികമ്മ്യൂണിക്കേഷൻസ്, ആരോഗ്യ സംരക്ഷണം എന്നീ മേഖലകളിലെ വിവിധ തൊഴിലുകളിലേയ്ക്കും, അതുപോലെ തന്നെ കരിയർ-വിദ്യാഭ്യാസ കൗൺസിലർമാരുടെ തസ്തികകളിലേക്കുമായി

**3,15,014**

ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.



കവർ സ്റ്റോറി 12 വർഷങ്ങൾ വികസനയാത്ര

## യുവാക്കളുടെ ശാക്തീകരണത്തിനായി 12 വർഷത്തിലേറെയായി സമർപ്പിത പ്രവർത്തനം

റോസ്ഗർ മേളയിലൂടെ
**12**
ലക്ഷത്തിലധികം തൊഴിലവസരങ്ങൾ ഉറപ്പാക്കി.



11 ലക്ഷത്തിലധികം വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സ്കൂളുകളിൽ
**10,000** – ത്തിലധികം അടൽ ടിങ്കറിംഗ് ലാബുകൾ സ്ഥാപിച്ചു.



- മൂന്ന് പതിറ്റാണ്ടുകൾക്ക് ശേഷം പുതിയ ദേശീയ വിദ്യാഭ്യാസ നയം 2020 (NEP 2020) നടപ്പിലാക്കി.
- ലോകത്തിലെ ഏറ്റവും വലിയ യുവജനസംഖ്യയുള്ളത് ഇന്ത്യയിലാണ്; ഏകദേശം 65 ശതമാനവും 35 വയസ്സിന് താഴെയുള്ളവരാണ്.
- 2026 ലെ ദേശീയ യുവജനോത്സവം (NYF 2026) ജനുവരി 9 മുതൽ 12 വരെ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിച്ചു.
- പി.എം-ശ്രീ (PM-SHRI - PM Schools for Rising India): ദേശീയ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി, വിദ്യാലയങ്ങളെ മാതൃകാ സ്ഥാപനങ്ങളായി ആധുനികവത്കരിക്കാൻ ലക്ഷ്യമിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതി.
- പ്രധാൻ മന്ത്രി വികസിത് ഭാരത് റോസ്ഗാർ യോജന 2025 ഓഗസ്റ്റ് 15-ന് നടപ്പിലാക്കി. പദ്ധതി ഏകദേശം 3.5 കോടി യുവാക്കൾക്ക് പുതിയ തൊഴിലവസരങ്ങൾ ലഭ്യമാക്കും.

"

**ഇന്ത്യയുടെ യുവതലമുറ ആഗോളതലത്തിൽ തങ്ങളുടെ വ്യക്തിമുദ്ര പതിപ്പിച്ചു കഴിഞ്ഞു. നമ്മുടെ യുവശക്തി ഊർജ്ജസ്വലത, നൂതനാശയം, നിശ്ചയദാർഢ്യം എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. സമാനതകളില്ലാത്ത ഊർജ്ജസ്വലതയോടും ദൃഢവിശ്വാസത്തോടും കൂടിയാണ് നമ്മുടെ യുവാക്കൾ ഇന്ത്യയുടെ വളർച്ചയ്ക്ക് കരുത്തുപകരുന്നത്.**


*പ്രധാനമന്ത്രി നരേന്ദ്ര മോദി*

## ഖേലോ ഇന്ത്യ

നിലവിൽ **27,500** -ലധികം കായികതാരങ്ങൾ ഖേലോ ഇന്ത്യ കേന്ദ്രങ്ങളിൽ പരിശീലനം നേടിവരുന്നു.



ഖേലോ ഇന്ത്യ ബജറ്റ് എട്ട് മടങ്ങ് വർദ്ധിച്ചു




## അഗ്നിപഥ് പദ്ധതി

- ഗവൺമെന്റ് 2022 ജൂൺ 15-ന് അഗ്നിപഥ് പദ്ധതി ആരംഭിച്ചു. പദ്ധതിക്ക് കീഴിൽ, പുരുഷ-വനിതാ ഉദ്യോഗാർത്ഥികളെ ഓഫീസർ തസ്തികയ്ക്ക് താഴെയുള്ള റാങ്കുകളിൽ, നാല് വർഷത്തെ കാലാവധിയിലേക്ക് 'അഗ്നിവീർ' എന്ന പേരിൽ സായുധ സേനയുടെ മൂന്ന് വിഭാഗങ്ങളിലേക്കും റിക്രൂട്ട് ചെയ്യുന്നു.

**17.5** മുതൽ 21 വയസ്സ് വരെയുള്ള യുവാക്കളെ നാല് വർഷത്തെ സൈനിക സേവനത്തിനായി 'അഗ്നിവീരന്മാരായി' റിക്രൂട്ട് ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ആദ്യ ബാച്ചിൽ ഉൾപ്പെട്ട
**46,000** സൈനികർ 2023-ൽ പരിശീലനം പൂർത്തിയാക്കി. അച്ചടക്കം, നേതൃപാടവം, സാങ്കേതിക വൈദഗ്ധ്യം എന്നിവയിലുള്ള പരിശീലനത്തോടൊപ്പം, 'സേവാ നിധി' പാക്കേജും സേവനാനന്തര തൊഴിലവസരങ്ങളിൽ മുൻഗണനയും അവർക്ക് ലഭിച്ചു.



# പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് മുൻഗണന - സദ്ഭരണത്തിന്റെ മുഖമുദ്ര

*ഇന്ന്, സമത്വ ഭാവനയോടെയാണ് രാജ്യത്തുടനീളം പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്; ഇതിന്റെ ഫലമായി കഴിഞ്ഞ 12 വർഷത്തിനിടയിൽ വലിയൊരു ഗുണഭോക്തൃ സമൂഹം ഉയർന്നുവന്നിട്ടുണ്ട്. 2014-ന് മുമ്പ്, സമൂഹത്തിലെ വലിയൊരു വിഭാഗത്തിന് അടിസ്ഥാന സൗകര്യങ്ങൾ പോലും നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി തന്റെ ഭരണകാലത്തിന്റെ തുടക്കം മുതൽ തന്നെ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് മുൻഗണന നൽകുകയെന്ന തത്വം സ്വീകരിച്ചു. പതിറ്റാണ്ടുകളായി വിവിധ പദ്ധതികളുടെയും ആനുകൂല്യങ്ങളുടെയും ഗുണഫലങ്ങൾ നിഷേധിക്കപ്പെട്ടവരിലേക്ക് ഒരു ഗവൺമെന്റ് സ്വമേധയാ മുന്നിട്ടിറങ്ങി ചെന്നെത്തുന്നത് ഇതാദ്യമായാണ്. പ്രധാനമന്ത്രി മോദി പലപ്പോഴും പറയുന്നതുപോലെ, 'ആരിലേക്ക് എത്തിച്ചേരാതിരുന്നോ, അവരെ മോദി ആദരിക്കുന്നു.' അന്തസ്സാർന്ന ജീവിതം കൈവരിച്ചതിലൂടെ, ഈ വ്യക്തികൾ ഇപ്പോൾ രാജ്യത്തിന്റെ വികസനത്തിൽ സജീവ പങ്കാളികളാവുകയാണ്.*

## ഗോത്രവർഗ്ഗ പാരമ്പര്യം പ്രോത്സാഹിപ്പിക്കൽ



**728** ഗോത്രവർഗ്ഗ കാര്യ മന്ത്രാലയം ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഇതിൽ 428 സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാകുകയും, 249 എണ്ണത്തിന്റെ നിർമ്മാണം നടന്നു വരികയും, 46 എണ്ണം നിർമ്മാണത്തിന് മുന്നോടിയായുള്ള പ്രാഥമിക ഘട്ടത്തിലുമാണ്.

- ഗോത്രവർഗ്ഗ സ്വാതന്ത്ര്യസമര സേനാനി ബിർസ മുണ്ടയുടെ ജന്മവാർഷിക സ്മരണയ്ക്കായി നവംബർ 15 'ജനജാതീയ ഗൗരവ് ദിവസ്' ആയി 2021ൽ പ്രഖ്യാപിച്ചു.



**11**

ഗോത്രവർഗ്ഗ സ്വാതന്ത്ര്യസമര സേനാനി മ്യൂസിയങ്ങൾക്ക് അനുമതി നൽകി. ഇതുവരെ, മൂന്ന് സംസ്ഥാനങ്ങളിലായി ഇത്തരത്തിലുള്ള നാല് മ്യൂസിയങ്ങൾ സ്ഥാപിതമായിട്ടുണ്ട്: ഝാർഖണ്ഡിലും ഛത്തീസ്ഗഢിലും ഓരോന്നും രണ്ടെണ്ണം മധ്യപ്രദേശിലും. ബാക്കിയുള്ള ഏഴെണ്ണത്തിന്റെ പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്.


## പാർശ്വവൽക്കരിക്കപ്പെട്ടവരിലേക്ക് ആനുകൂല്യങ്ങളും സൗകര്യങ്ങളും വ്യാപിപ്പിക്കൽ

- 2024 മാർച്ച് 13-ന് പ്രധാനമന്ത്രി മോദി 'പ്രധാൻ മന്ത്രി സമാജിക് ഉത്ഥാൻ ഏവം റോസ്ഗാർ ആധാരിത് ജൻകല്യാൺ' (PM-SURAJ) ദേശീയ പോർട്ടൽ ഉദ്ഘാടനം ചെയ്തു. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് വായ്പാ സഹായം മുൻഗണനാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള ഗവൺമെന്റിന്റെ പ്രതിബദ്ധതയുടെ പ്രതീകമാണ് ഈ പോർട്ടൽ.



പുനഃക്രമീകരിച്ച പിഎം സ്വാനിധി പദ്ധതിയിലൂടെ **1.15** കോടി വഴിയോര കച്ചവടക്കാർക്ക് പ്രയോജനം ലഭിക്കും. ഇതിനകം 74.90 ലക്ഷം ഗുണഭോക്താക്കൾക്ക് വായ്പകൾ വിതരണം ചെയ്തുകഴിഞ്ഞു, മാത്രമല്ല വായ്പ വിതരണത്തിനുള്ള കാലാവധി 2030 മാർച്ച് 31 വരെ നീട്ടിയിട്ടുമുണ്ട്.

- ശക്തവും നയപരവുമായ ഇടപെടലുകളിലൂടെ, 60 കോടിയിലധികം ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിലും 25 കോടി ജനങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മുകളിലേക്ക് കൊണ്ടുവരുന്നതിലും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.
- 31.65 കോടിയിലധികം ഇ-ശ്രം കാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞു. ഇത് നിലവിൽ 14 സാമൂഹിക ക്ഷേമ പദ്ധതികളെ ഉൾക്കൊള്ളുന്നു.
- തൊഴിൽ മന്ത്രാലയം 2025 ഫെബ്രുവരി 24-ന് ഇ-ശ്രം മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കി.
- 2018-ലെ 102-ാമത് ഭരണഘടനാ ഭേദഗതി നിയമം പിന്നാക്ക വിഭാഗങ്ങൾക്കായുള്ള ദേശീയ കമ്മീഷന് (National Commission for Backward Classes) ഭരണഘടനാ പദവി നൽകി.
- 2025-26 സാമ്പത്തിക വർഷത്തിൽ, പ്രധാന സ്കോളർഷിപ്പ് പദ്ധതികളിൽ ഗണ്യമായ വർദ്ധനവ് രേഖപ്പെടുത്തിക്കൊണ്ട്, 75 ലക്ഷത്തിലധികം പട്ടികജാതി ഗുണഭോക്താക്കൾക്കായി 7,981.47 കോടി രൂപ വിതരണം ചെയ്തു.
- ഭിന്നശേഷിക്കാർക്കായി 'ദിവ്യാംഗ് കൗശൽ യോജന', 'ദിവ്യാംഗ് സഹാറ യോജന' എന്നീ പദ്ധതികൾ 2026-27 ലെ കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചു.



## പ്രധാൻ മന്ത്രി സഹജ് ബിജിലി ഹർ ഘർ യോജന

രാജ്യത്തുടനീളമുള്ള 2.86 കോടി വീടുകളിൽ വൈദ്യുതി എത്തിച്ചു. വൈദ്യുതീകരിക്കപ്പെടാത്തതും എന്നാൽ വൈദ്യുതി കണക്ഷൻ എടുക്കാൻ താല്പര്യമുള്ളതുമായി കണ്ടെത്തിയ എല്ലാ വീടുകളിലും 100% വൈദ്യുതീകരണം 2019 മാർച്ച് 31–ഓടെ കൈവരിച്ചു.



## പ്രധാൻ മന്ത്രി വിശ്വ കർമ്മ യോജനയുടെ നേട്ടങ്ങൾ

ഏകദേശം 30 ലക്ഷത്തോളം കരകൗശലത്തൊഴിലാളികളും ശില്പികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**4,78,020**

പേർക്കായി 41,188 കോടി രൂപയുടെ വായ്പകൾ അനുവദിച്ചു.

## തൊഴിൽ നിയമങ്ങൾ

നിലവിലുള്ള 29 തൊഴിൽ നിയമങ്ങൾക്ക് പകരമായി – ലേബർ കോഡ് 2019, വ്യവസായ ബന്ധ കോഡ് 2020, സാമൂഹിക സുരക്ഷാ കോഡ് 2020, തൊഴിൽ സുരക്ഷ, ആരോഗ്യം, ഹെൽത്ത് ആൻഡ് വർക്കിംഗ് കണ്ടീഷൻസ് കോഡ് 2020 എന്നിവയുൾപ്പെടുന്ന – നാല് തൊഴിൽ കോഡുകൾ 2025 നവംബർ 21 മുതൽ പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള പ്രഖ്യാപനം.



**26,36,865**

കരകൗശലത്തൊഴിലാളികളുടെ നൈപുണ്യ പരിശോധന പൂർത്തിയായിട്ടുണ്ട്.

**23,69,249**

ഇ–വൗച്ചറുകൾ വിതരണം ചെയ്തു

വിക്സിത് ഭാരത് – റോജ്ഗർ ആൻഡ് അജീവിക മിഷൻ (ഗ്രാമീൺ) ഗ്യാരണ്ടി (VB-G RAM G ആക്റ്റ്, 2025)

ഈ നിയമപ്രകാരം, ഓരോ ഗ്രാമീണ കുടുംബത്തിനും ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 125 ദിവസത്തെ വേതനത്തോടുകൂടിയ തൊഴിൽ ഉറപ്പുനൽകുന്നു – ഇത് മുൻപത്തെ 100 ദിവസത്തെ തൊഴിലുറപ്പിനേക്കാൾ കൂടുതലാണ്.



“

**മുൻപ് ഗവൺമെന്റ് ഓഫീസുകളുടെ വാതിലുകൾ പോലും കൊട്ടിയടയ്ക്കപ്പെട്ടിരുന്ന പാവപ്പെട്ടവരും, പിന്നാക്കം നിൽക്കുന്നവരും , അവഗണിക്കപ്പെട്ടവരുമായ എല്ലാ ജനങ്ങളുമാണ് എന്റെ മുൻഗണനകൾ. മോദി അവരെ ആദ്യം പരിഗണിക്കുക മാത്രമല്ല, അവരെ ആദരിക്കുകയും ചെയ്യുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തെ ഓരോ ദരിദ്രനും ഒരു വിഐപി ആണ്. രാജ്യത്തെ ഓരോ അമ്മയും സഹോദരിയും മകളും എനിക്ക് വിഐപിയാണ്. രാജ്യത്തെ ഓരോ കർഷകനും എനിക്ക് വിഐപിയാണ്. രാജ്യത്തെ ഓരോ യുവാവും എനിക്ക് വിഐപിയാണ്.**

*പ്രധാനമന്ത്രി നരേന്ദ്ര മോദി*

# ആത്മനിർഭർ ഭാരതിന്റെ അടിത്തറ

*സ്വാശ്രയ കൃഷിയാണ് ആത്മനിർഭർ ഭാരതിന്റെ അടിസ്ഥാന സ്തംഭം. ശ്രീ അന്നയ്ക്ക് (ചെറുധാന്യങ്ങൾ/മില്ലറ്റ്സ്) ആഗോളതലത്തിൽ സ്വത്വം നൽകുന്നതാകട്ടെ, കർഷകർക്ക് ഉല്പാദനച്ചെലവിന്റെ ഒന്നര ഇരട്ടി ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ താങ്ങുവില വർദ്ധിപ്പിക്കുന്നതാകട്ടെ, കർഷകരുടെ വരുമാനം ഇരട്ടിയാക്കാൻ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്നതാകട്ടെ, ഇവ വെറും വാഗ്ദാനങ്ങൾ മാത്രമല്ല, ഗവൺമെന്റിന്റെ ഉറച്ച പ്രതിബദ്ധതയാണ്. കഴിഞ്ഞ 12 വർഷത്തിനിടയിൽ, കൃഷിയെ ഒരു വ്യവസായം പോലെ വികസിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള നയങ്ങളും സംരംഭങ്ങളും കർഷകരുടെ സാമ്പത്തിക ശാക്തീകരണത്തിന് വഴിയൊരുക്കി. ഇന്ത്യ ഇറക്കുമതിയെ ആശ്രയിച്ചിരുന്ന മേഖലകൾ കണ്ടെത്തുകയും സ്വയംപര്യാപ്തതയിലേക്ക് നിർണ്ണായക ചുവടുകൾ വെക്കുകയും ചെയ്തുകൊണ്ട്, ശാക്തീകരിക്കപ്പെട്ട കർഷകർ, സമൃദ്ധമായ രാഷ്ട്രം എന്ന ദർശനവുമായി രാജ്യം മുന്നോട്ട് കുതിക്കുകയാണ്.*

## ദേശീയ കാർഷിക വിപണി (ഇ-നാം)

2026 മാർച്ചോടെ

**1,656**

മണ്ഡികൾ 23 സംസ്ഥാനങ്ങളിലും 4 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി (മൊത്തവ്യാപാര വിപണികൾ) സംയോജിപ്പിച്ചു.

ഇതിനുപുറമെ,

**1.80**

കോടിയിലധികം കർഷകരും, 2.73 ലക്ഷം വ്യാപാരികളും, 4,724 കാർഷികോല്പാദക സംഘടനകളും (FPO-കൾ) ഇ-നാം പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

- 2016-നും 2026 മാർച്ചിനും ഇടയിൽ, വ്യാപാരം മൊത്തം 13.25 കോടി മെട്രിക് ടൺ രേഖപ്പെടുത്തി, ഇതിന്റെ സഞ്ചിത മൂല്യം 4.84 ലക്ഷം കോടി രൂപയാണ്.
- വ്യാപാര മൂല്യം 2024-ലെ 3.19 ലക്ഷം കോടി രൂപയിൽ നിന്ന് 2026-ൽ 4.84 ലക്ഷം കോടി രൂപയായി വർദ്ധിച്ചു, ഇത് വിപണി സംയോജനത്തിന്റെ വർദ്ധിച്ചുവരുന്ന വ്യാപ്തിയെയും ആഴത്തെയും പ്രതിഫലിപ്പിക്കുന്നു.
- 2026 മാർച്ച് വരെയുള്ള കണക്കനുസരിച്ച്, സമീപകാലയളവിൽ 204.76 ലക്ഷം മെട്രിക് ടൺ കാർഷിക ഉൽപ്പന്നങ്ങൾ വ്യാപാരം ചെയ്യപ്പെട്ടു, ഇത് സുസ്ഥിരമായ പ്രവർത്തന വേഗത പ്രകടിപ്പിക്കുന്നു.
- ഇ-നാം (e-NAM) ആപ്പ് വഴി ലഭ്യമാക്കുന്ന മൊബൈൽ അധിഷ്ഠിത വിലവിവര സേവനത്തിന് കീഴിൽ 247 കാർഷിക ഉൽപ്പന്നങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.





**ശ്രീ അന്ന -** 2018-ൽ, ചെറുധാന്യങ്ങളുടെ (ശ്രീ അന്ന) പ്രാധാന്യം ഉയർത്തിക്കാട്ടിക്കൊണ്ട് പ്രധാനമന്ത്രി മോദി ഐക്യരാഷ്ട്രസഭയിൽ ഒരു പ്രമേയം അവതരിപ്പിച്ചു, ഇതിനെത്തുടർന്ന് ഐക്യരാഷ്ട്രസഭ 2023-വർഷത്തെ അന്താരാഷ്ട്ര ചെറുധാന്യ വർഷമായി പ്രഖ്യാപിച്ചു.

- 2024-25 വർഷത്തിൽ, ഉല്പാദനം ഏകദേശം 18.59 ദശലക്ഷം ടണ്ണിലെത്തി. ഈ നേട്ടത്തോടെ, ചെറുധാന്യ (മില്ലറ്റ്) ഉൽപ്പാദനത്തിൽ ഇന്ത്യ ആഗോളതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. രാജസ്ഥാൻ, മഹാരാഷ്ട്ര, കർണാടക സംസ്ഥാനങ്ങളാണ് ഈ കാര്യത്തിൽ പ്രധാന സംഭാവനകൾ നൽകിയത്.

## പ്രധാൻ മന്ത്രി കിസാൻ മൻധൻ യോജന (PM-KMY)

ഈ പദ്ധതിക്ക് കീഴിൽ, 2026 ഫെബ്രുവരി 2 വരെ 24.95 ലക്ഷം കർഷകരെ ചേർത്തിട്ടുണ്ട്, അതുവഴി ചെറുകിട-നാമമാത്ര കർഷകർക്ക് സാമൂഹിക സുരക്ഷയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു.



## വിള ഇൻഷുറൻസ് സംരക്ഷണം

- 2024-25 വർഷത്തിൽ പ്രധാൻ മന്ത്രി ഫസൽ ബീമ യോജനയ്ക്ക് (PMFBY) കീഴിൽ 4.19 കോടി കർഷകരെ ഇൻഷ്വർ ചെയ്തു, ഇത് 6.2 കോടി ഹെക്ടർ പ്രദേശം ഉൾക്കൊള്ളുന്നു.
- 2016-17 വർഷം മുതൽ 2026 മാർച്ച് വരെ 1.90 ലക്ഷം കോടി രൂപയിലധികം തുകയുടെ ക്ലെയിമുകൾ വിതരണം ചെയ്തു. ഈ കാലയളവിൽ വിള ഇൻഷുറൻസിനായി 86 കോടിയിലധികം അപേക്ഷകൾ ലഭിച്ചു.
- 2022-23 വർഷത്തെ അപേക്ഷിച്ച് ഇൻഷുറൻസ് പരിരക്ഷയിൽ 32 ശതമാനം വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ട്, അതുവഴി കാലാവസ്ഥ, വിപണി എന്നിവയുമായി ബന്ധപ്പെട്ട അപകടസാധ്യതകൾക്കെതിരായ സംരക്ഷണം കൂടുതൽ ശക്തിപ്പെടുത്തുന്നു.

## സുപ്രധാന പദ്ധതികളുടെ തുടക്കം



- രാജ്യത്തിന്റെ സ്വാശ്രയത്വം വളർത്തുന്നതിനും കർഷകരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുമായി, പ്രധാനമന്ത്രി നരേന്ദ്ര മോദി 2025 ഒക്ടോബർ 11 ന് പുതിയ രണ്ട് സുപ്രധാന പദ്ധതികൾ ആരംഭിച്ചു.
- ആദ്യത്തേത് പ്രധാൻമന്ത്രി ധൻ ധാന്യ കൃഷി യോജന, രണ്ടാമത്തേത് പയർവർഗ്ഗ സ്വാശ്രയ ദൗത്യം.

പ്രധാൻമന്ത്രി ധൻ ധാന്യ കൃഷി യോജനയ്ക്കായി

**24,000**

കോടി രൂപയുടെ ബജറ്റ് നീക്കിവെച്ചിട്ടുണ്ട്, പയർവർഗ്ഗ സ്വാശ്രയ ദൗത്യത്തിന് 1,440 കോടി രൂപയുടെ ബജറ്റും വകയിരുത്തിയിട്ടുണ്ട്.

- ഈ പദ്ധതികൾക്കായി ഗവൺമെന്റ് 35,000 കോടിയിലധികം രൂപ ചെലവഴിക്കാൻ ഒരുങ്ങുകയാണ്. ഈ രണ്ട് സംരംഭങ്ങളും ഇന്ത്യയിലുടനീളമുള്ള കോടിക്കണക്കിന് കർഷകരുടെ ഭാഗധേയം മാറ്റിയെഴുതാൻ പോന്നവയാണ്



## കിസാൻ ക്രെഡിറ്റ് കാർഡ്

2025 ഡിസംബർ 31 വരെ കിസാൻ ക്രെഡിറ്റ് കാർഡ് (KCC) പദ്ധതിയിലൂടെ 7.57 കോടി കർഷകർക്കായി

**10** ലക്ഷം കോടിയിലധികം രൂപ വിതരണം ചെയ്തു.

- കൃഷി, മൃഗസംരക്ഷണം എന്നിവയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനായി കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡ് വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ എളുപ്പത്തിൽ നേടാൻ കഴിയും

2026 ജനുവരി 31 വരെ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക്

**1.55**

കോടി റുപേ കെസിസി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.





## 12 വർഷത്തെ നേട്ടങ്ങൾ

- കഴിഞ്ഞ 12 വർഷത്തിനിടയിൽ, ഇന്ത്യയുടെ കാർഷിക കയറ്റുമതി ഏകദേശം ഇരട്ടിയാകുകയും, ധാന്യ ഉൽപ്പാദനം ഏകദേശം 90 ദശലക്ഷം മെട്രിക് ടൺ വർദ്ധിക്കുകയും ചെയ്തു.
- പഴങ്ങളുടെയും പച്ചക്കറികളുടെയും ഉൽപ്പാദനം 64 ദശലക്ഷം മെട്രിക് ടണ്ണിലധികം വർദ്ധിച്ചു. ഇന്ന്, പാൽ ഉൽപ്പാദനത്തിൽ ആഗോളതലത്തിൽ നമ്മൾ ഒന്നാം സ്ഥാനത്താണ്.
- ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ മത്സ്യ ഉൽപ്പാദക രാജ്യമാണ് ഇന്ത്യ. ഇന്ത്യയിലെ തേൻ ഉൽപ്പാദനവും 2014-ലെ നിലവാരത്തെ അപേക്ഷിച്ച് ഇരട്ടിയായിട്ടുണ്ട്. കഴിഞ്ഞ 12 വർഷത്തിനിടയിൽ മുട്ട ഉൽപ്പാദനവും ഇരട്ടിയായി.
- ഈ കാലയളവിൽ ആറ് പ്രധാന വള നിർമ്മാണ ഫാക്ടറികൾ സ്ഥാപിക്കപ്പെട്ടു. 25 കോടിയിലധികം സോയിൽ ഹെൽത്ത് കാർഡുകൾവിതരണം ചെയ്തു.
- സൂക്ഷ്മ ജലസേചനസൗകര്യങ്ങൾ 10 ദശലക്ഷം ഹെക്ടർ പ്രദേശത്തേക്ക് വ്യാപിപ്പിച്ചു.
- പിഎം ഫസൽ ബീമ യോജനയ്ക്ക് കീഴിൽ, കർഷകർക്ക് ഏകദേശം 2,00,000 കോടി രൂപയുടെ ക്ലെയിമുകൾ ലഭിച്ചു.
- കഴിഞ്ഞ 12 വർഷത്തിനിടയിൽ 10,000-ത്തിലധികം കാർഷികോല്പാദക സംഘടനകൾ രൂപീകരിച്ചു.

## ആഗോള കാർഷിക വിപണിയിൽ ഇന്ത്യ

- 2020 സാമ്പത്തിക വർഷത്തിൽ കാർഷിക കയറ്റുമതിയിൽ നിന്നുള്ള വരുമാനം 34.5 ബില്യൺ യുഎസ് ഡോളർ ആയിരുന്നത്, 2025 സാമ്പത്തിക വർഷത്തിൽ 51.1 ബില്യൺ യുഎസ് ഡോളറായി ഉയർന്നു.
- 2025 സാമ്പത്തിക വർഷത്തിൽ, സംസ്കരിച്ച ഭക്ഷ്യ ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള കാർഷിക-ഭക്ഷ്യ കയറ്റുമതി 49.43 ബില്യൺ യുഎസ് ഡോളറിലെത്തി, ഇത് രാജ്യത്തിന്റെ മൊത്തം കയറ്റുമതിയുടെ ഏകദേശം 11.2 ശതമാനമാണ്.

കാർഷിക, കർഷക ക്ഷേമ ബജറ്റ് 12 വർഷത്തിനിടയിൽ ആറിരട്ടിയായി വർദ്ധിച്ചു.




> **സ്വാതന്ത്ര്യം നേടി ഇത്രയും പതിറ്റാണ്ടുകൾക്ക് ശേഷം ഇപ്പോഴാണ് കർഷകരുടെ വേദനയും ആശങ്കകളും മനസ്സിലാക്കുന്ന ഒരു ഗവൺമെന്റ് രാജ്യത്തുള്ളത്. അതുകൊണ്ടുതന്നെ ഇന്ത്യാ ഗവൺമെന്റ് കർഷകരുടെ താൽപര്യങ്ങൾ മുൻനിർത്തി തുടർച്ചയായി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്. വിത്തുകൾ മുതൽ വിപണി വരെ കർഷകർക്കായി പുതിയ സംവിധാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.**
>
> *- പ്രധാനമന്ത്രി നരേന്ദ്ര മോദി*




കവർ സ്റ്റോറി 12 വർഷങ്ങൾ വികസനയാത്ര

# രാഷ്ട്ര നിർമ്മാണം

## വികസിത ഭാരതത്തിനായുള്ള ദൃഢനിശ്ചയമാണ് യഥാർത്ഥ 'ദേശീയ നയം'

**കേക്ക് എത്രത്തോളം വലുതാണോ, അത്രത്തോളം വലിയ കഷ്ണമായിരിക്കും ആളുകൾക്ക് ലഭിക്കുക' എന്ന് അർത്ഥമാക്കുന്ന 'the size of the cake matters" എന്നൊരു ചൊല്ല് ഇംഗ്ലീഷിലുണ്ട്. ഈ തത്ത്വചിന്തയാൽ നയിക്കപ്പെട്ടാണ് കേന്ദ്ര ഗവൺമെന്റ് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ അഞ്ച് ട്രില്യൺ ഡോളറിലെത്തിക്കുക എന്ന ലക്ഷ്യം നിശ്ചയിച്ചിരിക്കുന്നത്. സമ്പദ്‌വ്യവസ്ഥയുടെ വലുപ്പം കൂടുന്തോറും രാജ്യത്തിന്റെ പുരോഗതി സ്വാഭാവികമായും വർദ്ധിക്കും. ഈ അഭിവൃദ്ധിയാണ് ഓരോ കുടുംബത്തിന്റെയും ഓരോ വ്യക്തിയുടെയും വരുമാനത്തിലും ജീവിതനിലവാരത്തിലും മാറ്റം വരുത്തുന്നത്. ഇതിപ്പോൾ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ പ്രയാണത്തിന്റെ അടിസ്ഥാനശിലയായി മാറിയിരിക്കുന്നു. അതുപോലെ തന്നെ, ഏതൊരു രാജ്യത്തിന്റെയും പുരോഗതിയുടെ ആണിക്കല്ലാണ് അടിസ്ഥാന സൗകര്യ വികസനം. ഇത് ഉല്പാദന-ലോജിസ്റ്റിക്സ് മേഖലകളുടെ മത്സരശേഷി വർദ്ധിപ്പിക്കുക മാത്രമല്ല, സാമൂഹിക സൗഹാർദ്ദം ശക്തിപ്പെടുത്തുകയും സാമ്പത്തിക വളർച്ചയുടെ മുന്നേറ്റത്തിന് പുതിയൊരു ഊർജ്ജം പകരുകയും ചെയ്യുന്നു. ശാസ്ത്രവും സാങ്കേതികവിദ്യയും ഈ വളർച്ചാ മുന്നേറ്റവുമായി സംയോജിക്കുമ്പോൾ, അതുവഴിയുണ്ടാകുന്ന 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്' പൊതുജനവിശ്വാസം വളർത്തുകയും പൗരന്മാരുടെ ജീവിതം അനായാസകരമായരീതിയിൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. കഴിഞ്ഞ 12 വർഷത്തെ രാഷ്ട്രനിർമ്മാണ പ്രയാണത്തിൽ, 'അഷ്ടലക്ഷ്മി' എന്നറിയപ്പെടുന്ന വടക്കുകിഴക്കൻ മേഖലയും വളർച്ചയുടെ ഒരു സുപ്രധാന ചാലകശക്തിയായി ഉയർന്നുവന്നിട്ടുണ്ട്. ചുരുക്കത്തിൽ, വികസനത്തോടുള്ള സമഗ്രമായ സമീപനം സാമൂഹിക പുരോഗതിയിലേക്കും സാമ്പത്തിക സന്തുലിതാവസ്ഥയിലേക്കും നയിച്ചപ്പോൾ, നയപരമായ പരിഷ്കാരങ്ങൾ രാഷ്ട്രനിർമ്മാണത്തിൽ ഒരു പുതിയ അധ്യായം തന്നെ കൂട്ടിച്ചേർക്കുകയും വികസിത ഭാരതത്തിനായുള്ള ദൃഢനിശ്ചയം യാഥാർത്ഥ്യമാക്കുന്നതിന് വഴിതെളിക്കുകയും ചെയ്തു.**

# സമ്പദ്‌വ്യവസ്ഥയുടെ അമൃത് യാത്ര

*സമഗ്ര വികസനമെന്ന ദീർഘവീക്ഷണത്തോടെ, സാമൂഹിക പുരോഗതിയിലേക്കും സാമ്പത്തിക സന്തുലിതാവസ്ഥയിലേക്കും ചുവടുകൾ വെക്കുകയും, നയപരമായ പരിഷ്കാരങ്ങൾ സാമ്പത്തിക വളർച്ചയുടെ ഒരു പുതിയ അധ്യായത്തിന് തുടക്കം കുറിക്കുകയും ചെയ്തു. സാമ്പത്തിക നയങ്ങളും ധനകാര്യ വിഷയങ്ങളും സാധാരണക്കാരുമായി അത്തരമൊരു രീതിയിലാണ് ബന്ധിപ്പിച്ചത്; അതിന്റെ ഫലമായി ഓരോ പൗരനും സ്വയം ഇതിലൊരു സജീവ പങ്കാളിയായി കാണാൻ തുടങ്ങി. തങ്ങളുടെ ആശങ്കകളെയും ആകുലതകളെയും ശരിക്കും കരുതുന്ന ഒരാൾ കൂടെയുണ്ടെന്ന് ജനങ്ങൾക്ക് അനുഭവപ്പെട്ടു. നികുതി പരിഷ്കാരങ്ങളാകട്ടെ, അല്ലെങ്കിൽ സമ്പദ്‌വ്യവസ്ഥയ്ക്ക് പുതിയ ദിശാബോധം നൽകുന്നതിനുള്ള സംരംഭങ്ങളാകട്ടെ, ജിഎസ്ടി, നികുതിദായക ചാർട്ടർ, അല്ലെങ്കിൽ ഫേസ്‌ലെസ് സിസ്റ്റം എന്നിവയെല്ലാമുൾപ്പെടുന്ന ഘടനാപരമായ പരിഷ്കാരങ്ങൾ സമ്പദ്‌വ്യവസ്ഥയ്ക്ക് പുതിയൊരു വേഗത പകർന്നുനൽകിയിട്ടുണ്ട്. തൽഫലമായി, ഇന്ത്യയുടെ മാറിക്കൊണ്ടിരിക്കുന്നതും വികസിച്ചുകൊണ്ടിരിക്കുന്നതുമായ സമ്പദ്‌വ്യവസ്ഥയുടെ ഒരു പുതിയ ഗാഥയ്ക്ക് തുടക്കമായിരിക്കുന്നു.*



## വികസിത രാജ്യങ്ങളുമായുള്ള സ്വതന്ത്ര വ്യാപാര കരാറുകൾ

- ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ നിരന്തരം പുതിയ ഉയരങ്ങൾ കീഴടക്കിക്കൊണ്ടിരിക്കുകയാണ്. വിദേശവ്യാപാര രംഗത്ത്, പ്രത്യേകിച്ച് കയറ്റുമതിയിൽ, അത് ദിനംപ്രതി പുതിയ റെക്കോർഡുകൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.
- സമീപവർഷങ്ങളിൽ സ്വതന്ത്ര വ്യാപാര കരാറുകളിലൂടെ സാധ്യമാക്കിയ ഇന്ത്യൻ വിപണിയുടെ ആഗോള വ്യാപനമാണ് ഈ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയ്ക്ക് പിന്നിലെ പ്രധാന ചാലകശക്തി.

2026 ഏപ്രിൽ 27-ന് ഇന്ത്യ ന്യൂസിലാൻഡുമായി സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവച്ചു, സമീപ വർഷങ്ങളിൽ

**38** വികസിത രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ഒമ്പതാമത്തെ സ്വതന്ത്ര വ്യാപാര കരാറാണിത്.

## വളർച്ചയുടെ വേഗതയ്ക്ക് ശക്തി പകരുന്നു

2025 ൽ ഇന്ത്യ ജപ്പാനെ മറികടന്ന് ലോകത്തിലെ നാലാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയായി ഉയർന്നുവന്നു.

2030 ആകുമ്പോഴേക്കും മൊത്ത ആഭ്യന്തര ഉത്പാദനം (ജിഡിപി)




- ആഗോള വ്യാപാര-നയപരമായ അനിശ്ചിതത്വങ്ങൾക്കിടയിലും, ശക്തമായ ആഭ്യന്തര ഡിമാൻഡ് 2025-26 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ ഇന്ത്യയുടെ യഥാർത്ഥ ജിഡിപി 8.2 ശതമാനമായി വളരാൻ സഹായിച്ചു. ഇത് 2024-25 സാമ്പത്തിക വർഷത്തിന്റെ നാലാം പാദത്തിലെ 7.4 ശതമാനത്തേക്കാൾ ഉയർന്നതാണ്. ലോകത്തിലെ എല്ലാ പ്രധാന സമ്പദ്‌വ്യവസ്ഥകളിലും വെച്ച് ഏറ്റവും ഉയർന്ന നിരക്കാണിത്.
- വ്യവസായ, സേവന മേഖലകളിലുണ്ടായ വൻ മുന്നേറ്റത്തിന്റെ കരുത്തിൽ യഥാർത്ഥ മൊത്തം മൂല്യവർദ്ധന 8.1 ശതമാനമായി ഉയർന്നു.

## ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥ

- 2026-27 ൽ ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ ഏകദേശം 6.6% വളർച്ച കൈവരിക്കുമെന്നും, ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയായി മാറുമെന്നും ലോകബാങ്ക് കണക്കാക്കുന്നു.

## ലോക സാമ്പത്തിക വീക്ഷണം

- ഔട്ട്‌ലുക്ക് 2026 റിപ്പോർട്ട് പ്രകാരം, വികസിത രാജ്യങ്ങളുടെ വളർച്ചാ നിരക്ക് 1.8 ശതമാനവും, വികസ്വര രാജ്യങ്ങളുടേത് 3.9 ശതമാനവും, ആഗോള സമ്പദ്‌വ്യവസ്ഥയുടേത് 3.1 ശതമാനവും ആയിരിക്കുമ്പോൾ ഇന്ത്യയുടെ വളർച്ചാ നിരക്ക് 6.5 ശതമാനമായിരിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.
- യുഎസ്എ : 2.3%
- ജർമ്മനി: 0.8%
- യുകെ : 0.8%
- ചൈന : 4.4%
- ബ്രസീൽ: 1.9%

## ആത്മനിർഭരതയിലൂടെ വളരുന്ന കയറ്റുമതി

2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ചരക്ക്-സേവന കയറ്റുമതി മുൻവർഷത്തെ അപേക്ഷിച്ച് 4.22 ശതമാനം വർദ്ധനയോടെ റെക്കോർഡ് നിരക്കായ 860.09 ബില്യൺ യുഎസ് ഡോളറിലെത്തി. 2014-ൽ ഇത് 479 ബില്യൺ യുഎസ് ഡോളറായിരുന്നു.



2014-15 സാമ്പത്തിക വർഷത്തിലെ 6.3 ബില്യൺ യുഎസ് ഡോളറിൽ നിന്നും, 2025-26-ൽ

**48**


ബില്യൺ യുഎസ് ഡോളർ മൂല്യമുള്ള ഇലക്ട്രോണിക് സാധനങ്ങൾ കയറ്റുമതി ചെയ്തു. ഇത് 20.3 ശതമാനത്തിന്റെ ശരാശരി വാർഷിക വളർച്ചാ നിരക്കിനെയാണ് സൂചിപ്പിക്കുന്നത്.

- 2013-14 സാമ്പത്തിക വർഷത്തിലെ 39.6 ബില്യൺ ഡോളറുമായി താരതമ്യം ചെയ്യുമ്പോൾ, 2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ കാർഷിക, തോട്ടവിള, സമുദ്രോൽപ്പന്നങ്ങളുടെ കയറ്റുമതി 52.6 ബില്യൺ ഡോളറിലെത്തി.


### മൊബൈൽ ഫോൺ കയറ്റുമതിയിൽ 166 മടങ്ങ് വളർച്ച രേഖപ്പെടുത്തി.

*(ലക്ഷം കോടി രൂപയിൽ)*






പ്രതിരോധ കയറ്റുമതിയിൽ 20 മടങ്ങ് വളർച്ച






## എം.എസ്.എം.ഇ.കൾ: സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നു



**7.47**

കോടിയിലധികം എംഎസ്എംഇകൾ ഉൽപ്പാദന, സേവന, വ്യാപാര മേഖലകളിൽ ഏർപ്പെട്ടിരിക്കുന്നു.

ഇന്ത്യയുടെ ജിഡിപിയിൽ

**31.1%**

ആണ് ഈ മേഖലയുടെ സംഭാവന

**48.58%** രാജ്യത്തിന്റെ മൊത്തം കയറ്റുമതിയിൽ സംഭാവന നൽകുന്നത് എംഎസ്എംഇകളാണ്

നിർമ്മാണ മേഖലയിലെ ഉല്പാദനത്തിന്റെ

**35.4%**

വും എംഎസ്എംഇകളിൽ നിന്നാണ്.

**32.8**

കോടി ജനങ്ങൾക്ക് എംഎസ്എംഇകൾ വഴി ജീവനോപാധി പിന്തുണ ലഭിക്കുന്നുണ്ട്.

## കരുത്തും പ്രതിരോധശേഷിയും പ്രതിഫലിപ്പിക്കുന്ന കണക്കുകൾ

2025-26 സാമ്പത്തിക വർഷത്തെ നിലവിലെ വിലയിൽ ഇന്ത്യയുടെ ഏകദേശ ജിഡിപി

**357.14**

357.14 ലക്ഷം കോടി രൂപയാണെന്ന് കണക്കാക്കുന്നു, ഇത് ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ ശക്തിയെ പ്രതിഫലിപ്പിക്കുന്നു.

**484**

ബിഎസ്ഇയുടെ 484 ലക്ഷം രൂപ കോടിയുടെ വിപണി മൂലധനം ഇന്ത്യൻ ഓഹരി വിപണിയുടെ വർദ്ധിച്ചുവരുന്ന കരുത്ത് തെളിയിച്ചു. (2026 മേയ് 14 വരെയുള്ള കണക്ക്).

- പിഎൽഐ പദ്ധതിക്ക് കീഴിൽ 2026 മാർച്ച് വരെ 20.41 ലക്ഷം കോടി രൂപയുടെ വിൽപ്പന രേഖപ്പെടുത്തി.
- 2025-26-ൽ വിദേശത്തുനിന്നുള്ള വരുമാനമായി ലഭിച്ച 135.4 ബില്യൺ ഡോളർ, ഇന്ത്യയെ ലോകത്തിലെ ഏറ്റവും വലിയ വിദേശവരുമാന സ്വീകർത്താക്കളായ രാജ്യമാക്കി മാറ്റി.
- ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളുടെ എൻപിഎ നിരക്ക് 2015 മാർച്ചിലെ 4.28 ശതമാനത്തിൽ (3.23 ലക്ഷം കോടി രൂപ) നിന്ന് 2025 ഡിസംബറിൽ 1.89 ശതമാനമായി (4.03 ലക്ഷം കോടി രൂപ) കുറഞ്ഞു.
- 2025-26 സാമ്പത്തിക വർഷത്തിൽ 22 ലക്ഷം കോടിയിലധികം രൂപയുടെ റെക്കോർഡ് ജിഎസ്ടി (GST) വരുമാനം നേടി.
- ഐബിസി പ്രക്രിയയിലൂടെ 2025 സെപ്റ്റംബർ വരെ വായ്പ വായ്പാദാതാക്കൾക്ക് 3.99 ലക്ഷം കോടി രൂപ തിരികെ ലഭിച്ചു.

കവർ സ്റ്റോറി
12 വർഷങ്ങൾ
വികസനയാത്ര

**701**

ബില്യൺ ഡോളറായി




2026 ജനുവരിയിൽ ഇന്ത്യയുടെ വിദേശനാണ്യ കരുതൽ ശേഖരം ഉയർന്നു. 2025 മാർച്ചിൽ ഇത് 668.3 ബില്യൺ ഡോളറായിരുന്നു.

## ഇനി, അധിക ചെലവുകൾക്കായി പണം ലാഭിക്കാം

പുതിയ നികുതി വ്യവസ്ഥ പ്രകാരം പ്രതിവർഷം

**12.75** ലക്ഷം രൂപ വരെയുള്ള വരുമാനത്തെ ഇപ്പോൾ ആദായനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്, ഇത് ജനങ്ങൾക്ക് ചിലവഴിക്കാൻ കൂടുതൽ പണം ലഭ്യമാക്കുന്നു.






ഗവൺമെന്റിലുള്ള വിശ്വാസം വർദ്ധിക്കുന്നു...

സമർപ്പിക്കുന്ന ആദായനികുതി റിട്ടേണുകളുടെ എണ്ണം ഇരട്ടിയായി




**28** 2025-26 സാമ്പത്തിക വർഷത്തിൽ ആകെ പ്രത്യക്ഷ നികുതി പിരിവ് 28 ലക്ഷം കോടിയിലധികം രൂപയായി.

- പുതിയ തലമുറ ജിഎസ്ടി നികുതി വ്യവസ്ഥ ലളിതമാക്കുകയും നികുതി ദായകരുടെ എണ്ണം 1.5 കോടിയായി ഉയർത്തുകയും ചെയ്തു. ഇതിന്റെ ഫലമായി 2025 ഏപ്രിലിൽ 2.36 ലക്ഷം കോടി രൂപ ജിഎസ്ടി വരുമാനമായി ലഭിച്ചു.

ജിഎസ്ടി വരുമാനം 2026 ഏപ്രിലിൽ

**2.43**

ലക്ഷം കോടി രൂപ രേഖപ്പെടുത്തി.




2026-27 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിക്കുന്ന നികുതി വരുമാന-ജിഡിപി അനുപാതം

**10.9**

ശതമാനമാണ്. ഇത് 2025-26-ലെ പുതുക്കിയ കണക്കായ 10.8 ശതമാനത്തേക്കാൾ കൂടുതലാണ്.

## വളർച്ചയിലേക്കും അഭിവൃദ്ധിയിലേക്കും നയിക്കുന്ന പുതിയ തൊഴിലവസരങ്ങൾ


- ഇന്ത്യയുടെ കുറഞ്ഞുവരുന്ന തൊഴിലില്ലായ്മ നിരക്ക്, അതിന്റെ സാമ്പത്തിക മുന്നേറ്റത്തിന്റെ അടിസ്ഥാന ശക്തിയെയാണ് പ്രതിഫലിപ്പിക്കുന്നത്.
- പങ്കാളിത്ത നിരക്കിലും തൊഴിലാളി-ജനസംഖ്യാ അനുപാതത്തിലും ഉണ്ടായ ശ്രദ്ധേയമായ പുരോഗതിക്കൊപ്പം, തൊഴിലില്ലായ്മയിൽ ഗണ്യമായ കുറവുണ്ടായതായി 2025-ലെ പിഎൽഎഫ്എസ് (PLFS) സർവേ സൂചിപ്പിക്കുന്നു.
- 15 വയസ്സും അതിനുമുകളിലും പ്രായമുള്ളവരുടെ തൊഴിലില്ലായ്മ നിരക്ക് 2025 ഒക്ടോബറിലെ 5.4 ശതമാനത്തിൽ നിന്ന് 2025 നവംബറിൽ 4.8 ശതമാനമായി കുറഞ്ഞു.
- 2025 ഏപ്രിലിന് ശേഷം രേഖപ്പെടുത്തിയ ഏറ്റവും കുറഞ്ഞ നിരക്കാണിത് (5.1 ശതമാനം)



# ഇന്ത്യയുടെ അടിത്തറ ശക്തിപ്പെടുത്തുന്ന ആധുനിക അടിസ്ഥാന സൗകര്യങ്ങൾ

*ധീരമായ പരിഷ്കാരങ്ങളിലൂടെയും അഭൂതപൂർവ്വമായ അടിസ്ഥാന സൗകര്യ വികസനത്തിലൂടെയും മാത്രമാണ് 'നവഭാരതം' കെട്ടിപ്പടുക്കുക എന്നത് സാധ്യമാകുന്നത്. അടിസ്ഥാന സൗകര്യ അധിഷ്ഠിത വളർച്ച കേന്ദ്രീകരിച്ചുകൊണ്ട്, രാജ്യം എല്ലാ മേഖലകളിലും-അത് ജലമോ, കരയോ, വ്യോമമാർഗ്ഗമോ ആകട്ടെ-അസാധാരണമായ വേഗതയിലും വ്യാപ്തിയിലും പ്രവർത്തിച്ചുവരികയാണ്. പാർലമെന്റ് മന്ദിരം, ഭാരത് മണ്ഡപം, യശോഭൂമി തുടങ്ങിയ പ്രൗഢഗംഭീരമായ നിർമ്മിതികൾക്കൊപ്പം നൂറുകണക്കിന് പാലങ്ങളും ഇന്ത്യയുടെ ഭാഗധേയം നിർണ്ണയിക്കുന്നു. ഇപ്പോൾ, സ്വാതന്ത്ര്യത്തിന്റെ ശതാബ്ദി വർഷത്തിന്റെ പടിവാതിൽക്കൽ നിൽക്കുന്ന ഇന്ത്യ, അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ അതിവേഗം മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്; അതുവഴി 'വികസിത ഭാരതം' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാനുള്ള പാതയൊരുക്കുന്നു...*

### 12 വർഷത്തിനിടെ അടിസ്ഥാന സൗകര്യങ്ങൾക്കായുള്ള ഗവൺമെന്റ് ചെലവ് ആറിരട്ടി വർധിച്ചു




## ആധുനിക ഇന്ത്യയെ ശക്തിപ്പെടുത്തുന്നതിന് 2,000 അടിസ്ഥാന സൗകര്യ പദ്ധതികൾ

രാജ്യത്തുടനീളം 1,900-ലധികം അടിസ്ഥാന സൗകര്യ പദ്ധതികളിലായി

**41.5**

ലക്ഷം കോടിയിലധികം രൂപയുടെ പദ്ധതികൾ സജീവമായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇവ ഓരോന്നിന്റെയും ചെലവ് 150 കോടി രൂപയ്ക്ക് മുകളിലാണ്.

- കേന്ദ്ര ഗവൺമെന്റ് ഈ അടിസ്ഥാന സൗകര്യ പദ്ധതികളെ ഒരു പ്രത്യേക ഡിജിറ്റൽ പ്ലാറ്റ്ഫോം PAIMANA വഴി നിരീക്ഷിച്ചുവരുന്നു. ഇത് യഥാസമയമുള്ള അവലോകനങ്ങൾക്ക് സൗകര്യമൊരുക്കുകയും കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങളെടുക്കാൻ സഹായിക്കുകയും ചെയ്യുന്നു.
- നിലവിൽ രാജ്യത്തുടനീളം പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഈ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി 2026 മാർച്ച് വരെ ഏകദേശം 20 ലക്ഷം കോടി രൂപ ചിലവഴിച്ചിട്ടുണ്ട്; ഈ തുക പദ്ധതികളുടെ പുതുക്കിയ മൊത്തം ചെലവിന്റെ ഏകദേശം 48.02 ശതമാനത്തെ പ്രതിഫലിപ്പിക്കുന്നു.

ഏറ്റവും മുൻപന്തിയിലുള്ള

**1,428**

പദ്ധതികൾ ഗതാഗത-ലോജിസ്റ്റിക്സ് മേഖലയുമായി ബന്ധപ്പെട്ടവയാണ്; ഇതിൽ 22.66 ലക്ഷം കോടി രൂപയുടെ ചെലവ് ഉൾപ്പെടുന്നു. കണക്റ്റിവിറ്റി അധിഷ്ഠിതമായ അടിസ്ഥാന സൗകര്യ വികസനത്തിനാണ് രാജ്യം മുൻഗണന നൽകുന്നതെന്ന് ഇത് സൂചിപ്പിക്കുന്നു.

**777**

പദ്ധതികൾ 80 ശതമാനത്തിലധികം പുരോഗതി കൈവരിച്ചു.

നിലവിൽ നിർമ്മാണത്തിലിരിക്കുന്ന

**1,941**

അടിസ്ഥാന സൗകര്യ പദ്ധതികളിൽ 786 എണ്ണം 1,000 കോടിയോ അതിൽ കൂടുതലോ ചെലവ് വരുന്ന 'മെഗാ പ്രോജക്ടുകൾ' ആണ്.

### പദ്ധതികൾ ഇനി മുതൽ തടസ്സപ്പെടുകയോ വൈകുകയോ ഇല്ല

- പ്രൊഡക്ടീവ് ഗവേണൻസ് ആൻഡ് ടൈംലി ഇംപ്ലിമെന്റേഷൻ എന്നതിന്റെ ചുരുക്കരൂപമായ 'പ്രഗതി' 2015-ൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് സമാരംഭിച്ചത്; ഈ സംരംഭത്തിന് കീഴിൽ, സാങ്കേതികവിദ്യയുടെ സഹായത്തോടെ അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് പദ്ധതികൾ നിരീക്ഷിക്കുന്നത്.
- പദ്ധതികളുടെ കാലതാമസം കുറച്ചു, ചെലവ് വർദ്ധനയും നിയന്ത്രിക്കാൻ കഴിഞ്ഞു

പ്രഗതി പ്ലാറ്റ്ഫോമിലൂടെ

**85**

പ്രഗതി പ്ലാറ്റ്ഫോമിലൂടെ 85 ലക്ഷം രൂപ കോടിയിലധികം വിലമതിക്കുന്ന 382 പദ്ധതികൾ അവലോകനം ചെയ്തിട്ടുണ്ട്. എവിടെയൊക്കെ തടസ്സങ്ങൾ ഉണ്ടായോ, അവയെല്ലാം പ്രധാനമന്ത്രി മോദിയുടെ നിർദ്ദേശപ്രകാരം സമയബന്ധിതമായി പരിഹരിച്ചു.



## ഇന്ത്യയ്ക്ക് ഇപ്പോൾ ലോകത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ റോഡ് ശൃംഖലയുണ്ട്




2014-ൽ വെറും 93 കിലോമീറ്റർ മാത്രമായിരുന്ന പ്രവേശന നിയന്ത്രിത ദേശീയ അതിവേഗ ഇടനാഴികൾ/അതിവേഗ പാതകൾ എന്നിവയുടെ ദൈർഘ്യം ഇപ്പോൾ **3,052** കിലോമീറ്ററായി വർദ്ധിച്ചിരിക്കുന്നു.

ഭാരത്മാല പരിയോജനയ്ക്ക് കീഴിൽ, 2026 ഫെബ്രുവരി വരെ **22,223** കിലോമീറ്റർ ദേശീയ പാതകൾ നിർമ്മിക്കുകയും, 26,425 കിലോമീറ്റർ നീളമുള്ള പാതകൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.



### റെയിൽവേ : കൂടുതൽ വൃത്തിയുള്ളതും, സുരക്ഷിതവും, വേഗതയേറിയതും

- റെയിൽവേ ബജറ്റ് വിഹിതം ഒൻപത് മടങ്ങ് വർദ്ധിച്ചു; 2014-15ൽ 32,000 കോടി രൂപയായിരുന്നത് 2025-26ൽ 2.78 ലക്ഷം കോടി രൂപയായി ഉയർന്നു.

**1,338** 'അമൃത് ഭാരത് സ്റ്റേഷൻ പദ്ധതി'ക്ക് കീഴിൽ റെയിൽവേ സ്റ്റേഷനുകൾ പുനർവികസിപ്പിച്ചുവരികയാണ്; ഇതിൽ ഇരുനൂറിലധികം സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിനകം പൂർത്തിയായിക്കഴിഞ്ഞു. 2025-26 ൽ പ്രധാനമന്ത്രി നരേന്ദ്ര മോദി 119 സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്തു.

പി.എം ഗതി ശക്തിക്ക് കീഴിൽ **139** ടെർമിനലുകൾ കമ്മീഷൻ ചെയ്തു ; കൂടാതെ, പുതുതായി 300 സ്ഥലങ്ങളിൽ കൂടി ടെർമിനലുകൾ വികസിപ്പിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

**162** വന്ദേ ഭാരത് ട്രെയിൻ സർവീസുകൾ ആരംഭിച്ചു, 4,500 ട്രെയിൻ സെറ്റുകളാണ് ലക്ഷ്യമിടുന്നത്. 2030-ഓടെ 800 ട്രെയിനുകൾ പ്രവർത്തനക്ഷമമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

- 2026 ജനുവരിയിൽ ഗുവാഹത്തി-ഹൗറ റൂട്ടിൽ വന്ദേ ഭാരത് സ്ലീപ്പർ സർവീസ് ആരംഭിച്ചു; 260 വന്ദേ ഭാരത് സ്ലീപ്പർ ട്രെയിൻ സെറ്റുകൾ ആരംഭിക്കാനുള്ള പദ്ധതികൾ തയ്യാറായിട്ടുണ്ട്.
- 51 കിലോമീറ്റർ ദൈർഘ്യമുള്ള ബൈരബി-സൈരംഗ് റെയിൽവേ ലൈൻ പൂർത്തിയായതോടെ മിസോറാം ഇപ്പോൾ റെയിൽവേ ശൃംഖലയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു.
- 2026 ജനുവരി 22-ന്, 42 വാഗണുകളിലായി 2,768 മെട്രിക് ടൺ അരിയുമായി ആദ്യത്തെ സമ്പൂർണ്ണ ചരക്ക് തീവണ്ടി അനന്ത്നാഗിൽ എത്തിച്ചേർന്നു.
- ഏഴ് പുതിയ അതിവേഗ റെയിൽ ഇടനാഴികൾ വികസിപ്പിക്കും. ഏകദേശം 4,000 കിലോമീറ്റർ ദൈർഘ്യമുള്ള റെയിൽ ശൃംഖല ഇതിലൂടെ നിർമ്മിക്കപ്പെടും. 16 ലക്ഷം കോടി രൂപയുടെ നിക്ഷേപമാണ് ഇതിലൂടെ പ്രതീക്ഷിക്കുന്നത്.

## സമുദ്രസംബന്ധ അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ

**വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ജലപാതകൾ**
2014-ൽ 5-ആയിരുന്നത് 2026-ൽ 111-ആയി ഉയർന്നു.

**ഇന്ത്യൻ പതാകയുള്ള കപ്പലുകളുടെ/യാനകളുടെ എണ്ണം**
2014-ൽ 1,250 ആയിരുന്നത് 2026-ൽ 1,593 ആയി വർദ്ധിച്ചു.

**പ്രധാന തുറമുഖങ്ങളുടെ ശേഷി ഇരട്ടിയോളമായി:**
2014-ൽ 873 MMTPA (മില്യൺ മെട്രിക് ടൺ പെർ ആനം) ആയിരുന്നത് 2026-ൽ 1,726 MMTPA ആയി വർദ്ധിച്ചു.



> "ഇന്ന് രാജ്യത്തുടനീളം വൻകിട പദ്ധതികളുടെ പ്രവർത്തനം അതിവേഗം പുരോഗമിക്കുകയാണ്. നിങ്ങൾ വടക്കോട്ട് നോക്കുകയാണെങ്കിൽ, ജമ്മു കശ്മീരിൽ ലോകത്തിലെ ഏറ്റവും ഉയരം കൂടിയ റെയിൽവേ പാലങ്ങളിലൊന്നായ ചെനാബ് പാലം നിർമ്മിച്ചിരിക്കുന്നു. പടിഞ്ഞാറോട്ട് പോയാൽ മുംബൈയിൽ രാജ്യത്തെ ഏറ്റവും നീളം കൂടിയ കടൽപാലമായ അടൽ സേതു നിർമ്മിക്കപ്പെട്ടിരിക്കുന്നു. കിഴക്കോട്ട് സഞ്ചരിച്ചാൽ അസമിലെ ബോഗിബീൽ പാലത്തിന് നിങ്ങൾക്ക് സാക്ഷ്യം വഹിക്കാം. തെക്കാകട്ടെ, ലോകത്തിലെ തന്നെ വെർട്ടിക്കൽ ലിഫ്റ്റ് പാലങ്ങളിലൊന്നായ പാമ്പൻ പാലത്തിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. രാജ്യത്തെ ആദ്യത്തെ ബുള്ളറ്റ് ട്രെയിന്റെ പ്രവർത്തനങ്ങളും അതിവേഗം പുരോഗമിക്കുകയാണ്.
>
> *- പ്രധാനമന്ത്രി നരേന്ദ്ര മോദി*



## മെട്രോ റെയിൽ ശൃംഖല

മെട്രോ ശൃംഖലയുടെ ദൈർഘ്യം ഗണ്യമായി വർധിച്ചു. 2014 ൽ 248 കി. മി ആയിരുന്ന സ്ഥാനത്ത് 2026 ആയപ്പോഴേയ്ക്കും അത് 1

**1,155**

കിലോമീറ്റർ ആയി

- അടിസ്ഥാന സൗകര്യ വികസനത്തിലൂന്നിയുള്ള വളർച്ചയും സന്തുലിതമായ നഗരവികസനവും ലക്ഷ്യമിട്ട്, 2026-27 ലെ കേന്ദ്ര ബജറ്റിൽ ഇൻഫ്രാസ്ട്രക്ചർ റിസ്ക് ഗ്യാരണ്ടി ഫണ്ട്, അർബൻ ഇക്കണോമിക് സോണുകൾ തുടങ്ങിയ പുതിയ നടപടികൾ അവതരിപ്പിച്ചു.

- ഗവണ്മെന്റ് ആസ്തികളുടെ വിപണനത്തിലൂടെ 1.5 ലക്ഷം കോടിയിലധികം രൂപ സമാഹരിക്കാൻ കഴിഞ്ഞു. ഇത് പുതിയ പദ്ധതികളിലേക്ക് പണം പുനരുപയോഗിക്കുന്നത് എളുപ്പമാക്കി. ഈ ഉദ്യമം ആഗോള നിക്ഷേപകരെ വിജയകരമായി ആകർഷിക്കുകയും ചെയ്തിട്ടുണ്ട്.

## അടിസ്ഥാന സൗകര്യ വികസനത്തിൽ സ്വകാര്യ പങ്കാളിത്തം വർധിപ്പിച്ചു

- ലോകബാങ്കിന്റെ കണക്കനുസരിച്ച്, ദക്ഷിണേഷ്യയിൽ അടിസ്ഥാന സൗകര്യ വികസന മേഖലയിലെ സ്വകാര്യ പങ്കാളിത്ത നിക്ഷേപത്തിൽ ഏറ്റവും വലിയ ഗുണഭോക്താവായി ഇന്ത്യ മാറിയിരിക്കുന്നു. ഈ മേഖലയിലെ മൊത്തം നിക്ഷേപത്തിന്റെ 90 ശതമാനത്തിലധികവും ഇന്ത്യയിലാണ്.



## അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ചെലവഴിക്കൽ തൊഴിലവസരങ്ങൾ വർധിപ്പിക്കുന്നു.

- അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിക്ഷേപിക്കുന്ന ഓരോ 1 ദശലക്ഷം ഡോളറും 7 മുതൽ 30 വരെ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് അന്താരാഷ്ട്ര നാണയ നിധി പ്രസ്താവിക്കുന്നു. ഇത് സ്റ്റീൽ, സിമന്റ്, ഗതാഗതം തുടങ്ങിയ മേഖലകൾക്ക് നേരിട്ടുള്ള പ്രയോജനങ്ങൾ സമ്മാനിക്കുന്നു; ഈ മേഖലകളിലെ പുതിയ തൊഴിലവസരങ്ങൾ അതിവേഗ വളർച്ചയ്ക്കാണ് സാക്ഷ്യം വഹിക്കുന്നത്.

- ഒരൊറ്റ വർഷം കൊണ്ട് അടിസ്ഥാന സൗകര്യ വികസനത്തിനായി 12 ലക്ഷം കോടിയിലധികം രൂപ ചെലവഴിക്കുന്നത് ദശലക്ഷക്കണക്കിന് ആളുകൾക്ക് തൊഴിൽ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കണക്കുകൾ സൂചിപ്പിക്കുന്നത് അനുസരിച്ച് നിർമ്മാണ മേഖലയിൽ മാത്രം 2030-ഓടെ 100 ദശലക്ഷം ആളുകൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഗ്രാമീണ കണക്റ്റിവിറ്റി വർദ്ധിച്ചു...

### പ്രധാൻ മന്ത്രി ഗ്രാം സഡക് യോജന




പദ്ധതി ആരംഭിച്ചതു മുതൽ 2025 ഡിസംബർ വരെ

**8.25**

ലക്ഷം കിലോമീറ്റർ ഗ്രാമീണ റോഡുകൾക്ക് അനുമതി നൽകി

**7.87** 2025 ഡിസംബറോടെ ലക്ഷം കിലോമീറ്റർ റോഡുകൾ നിർമ്മിച്ചു കഴിഞ്ഞു

## പി.എം ഗതിശക്തി അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ആക്കം കൂട്ടുന്നു

**16.10**

ലക്ഷം കോടി രൂപ

പി.എം ഗതിശക്തി നാഷണൽ മാസ്റ്റർ പ്ലാൻ വഴി, ചെലവ് വരുന്ന 352 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നെറ്റ്‌വർക്ക് പ്ലാനിംഗ് ഗ്രൂപ്പ് വിലയിരുത്തി.

201 പദ്ധതികൾ അംഗീകരിച്ചു, അതിൽ 167 പദ്ധതികൾ നടപ്പാക്കിവരുന്നു



# ശാസ്ത്ര സാങ്കേതിക വിദ്യ : സുതാര്യതയുടെയും പരിവർത്തനത്തിന്റെയും ഒരു യുഗം


*ज्ञानम् विज्ञान सहितम् यत् ज्ञात्वा मोक्ष्यसे अशुभात्।।'ജ്ഞാനം വിജ്ഞാന സഹിതം യത് ജ്ഞാത്വാ മോക്ഷ്യസേ അശുഭാത്' - ജ്ഞാനവും വിജ്ഞാനവും ഒത്തുചേരുമ്പോൾ അശുഭകരമായതിൽ നിന്നും മോചനം ലഭിക്കുന്നു എന്നാണ് ശാസ്ത്രങ്ങൾ പറയുന്നത്. പരിഹാരങ്ങൾക്കും വികസനത്തിനും നവീകരണത്തിനുമുള്ള യഥാർത്ഥ അടിത്തറയായി ശാസ്ത്രം വർത്തിക്കുന്നു. ഈ മൂല്യങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട്, ഇന്നത്തെ 'നവ ഇന്ത്യ' മുന്നോട്ട് കുതിക്കുകയാണ്; 'ജയ് ജവാൻ, ജയ് കിസാൻ, ജയ് വിജ്ഞാൻ'-അതിനൊപ്പം ഇപ്പോൾ 'ജയ് അനുസന്ധാൻ' എന്ന മുദ്രാവാക്യത്തിന് കീഴിൽ രാജ്യം മുന്നേറുകയാണ്. ശാസ്ത്രവും സാങ്കേതികവിദ്യയും ഇന്ത്യയുടെ വളർച്ചയുടെ നിർണ്ണായക ചാലകശക്തികളായി ഉയർന്നുവന്നിരിക്കുന്നു, ഇത് നവ ഇന്ത്യയുടെ വിജയഗാഥ രചിക്കുകയാണ്...*

## ആഗോള ശാസ്ത്ര സാങ്കേതിക സൂചികകളിൽ ഇന്ത്യ കുതിച്ചുയരുന്നു



**ഗ്ലോബൽ ഇന്നൊവേഷൻ ഇൻഡക്സ് (GII) 2025**
ലോകത്തിലെ മുൻനിര നൂതന സമ്പദ് വ്യവസ്ഥകളിൽ ഇന്ത്യ 38-ാം റാങ്ക് കരസ്ഥമാക്കി.

**വൈപ്പോ (WIPO) റിപ്പോർട്ട് 2023**
ബൗദ്ധിക സ്വത്തവകാശ ഫയലിംഗിന്റെ കാര്യത്തിൽ ഇന്ത്യ ആഗോളതലത്തിൽ ആറാം സ്ഥാനത്താണ്.




- ലോകമെമ്പാടുമുള്ള 133 സമ്പദ് വ്യവസ്ഥകളിലെ വിവര-വിനിമയ സാങ്കേതികവിദ്യയുടെ (ICT) ഉപയോഗവും സ്വാധീനവും വിലയിരുത്തുന്ന മുൻനിര ആഗോള സൂചികകളിലൊന്നാണ് നെറ്റ്‌വർക്ക് റെഡിനസ് ഇൻഡക്സ് (NRI).
- ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ എണ്ണത്തിൽ ഇന്ത്യ ആഗോളതലത്തിൽ മൂന്നാം സ്ഥാനത്താണ്.


## കഴിഞ്ഞ ദശകത്തിലെ പരിവർത്തനങ്ങൾ

- ഗവേഷണ-വികസന പ്രവർത്തനങ്ങൾക്കായുള്ള ചെലവ് ഇരട്ടിയായി.
- അംഗീകാരം ലഭിച്ച പേറ്റന്റുകളുടെ എണ്ണം ഒരു ലക്ഷം പിന്നിട്ടിരിക്കുന്നു; 2014-ൽ ഇത് വെറും 5,978 ആയിരുന്നു. അതായത് പേറ്റന്റുകളുടെ അളവിൽ 17 മടങ്ങ് വർദ്ധന
- രണ്ട് ലക്ഷത്തിലധികം സ്റ്റാർട്ടപ്പുകളുമായി ഇന്ത്യ ഇപ്പോൾ ലോകത്തിലെ ഏറ്റവും വലിയ മൂന്നാമത്തെ സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥയായി ഉയർന്നു വന്നിരിക്കുന്നു.

ശുദ്ധമായ ഊർജ്ജം, അഡ്വാൻസ്ഡ് മെറ്റീരിയൽസ് തുടങ്ങിയ മേഖലകളിൽ **6,000** ത്തിലധികം 'ഡീപ് ടെക്' സ്റ്റാർട്ടപ്പുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

- ഇന്ത്യയുടെ സെമികണ്ടക്ടർ മേഖലയും വൻ കുതിച്ചുചാട്ടത്തിന് സാക്ഷ്യം വഹിച്ചിരിക്കുകയാണ്. സെമികണ്ടക്ടർ മിഷൻ 2.0 ഉടൻ തന്നെ ആരംഭിക്കാൻ ഒരുങ്ങുന്നു.

**ജൈവ സമ്പദ്‌വ്യവസ്ഥ**




**ദേശീയ ക്വാണ്ടം മിഷൻ**
43 സ്ഥാപനങ്ങളിൽ നിന്നുള്ള 152 ഗവേഷകരും 17 പ്രൊജക്റ്റ് ടീമുകളും ഉൾപ്പെടുന്ന 4 തീമാറ്റിക് ഹബ്ബുകൾ സ്ഥാപിതമായി.

- ലോകത്തിലെ ആദ്യത്തേതും ഏറ്റവും വിജയകരവുമായ ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യം ഇന്ത്യയ്ക്ക് സ്വന്തമാണ്. 2,18,000 ഗ്രാമപഞ്ചായത്തുകളെ ഒപ്റ്റിക്കൽ ഫൈബർ വഴി ബന്ധിപ്പിച്ചു കഴിഞ്ഞു. ഈ സൗകര്യം പൗരന്മാരുടെ ജീവിതം കൂടുതൽ സുഗമമാക്കി മാറ്റി.
- സമീപവർഷങ്ങളിൽ ഇന്ത്യയുടെ ബഹിരാകാശ പദ്ധതികൾ ചന്ദ്രനിലേക്കും ചൊവ്വയിലേക്കും വരെ എത്തിച്ചേർന്നതിനൊപ്പം, ഈ അത്യാധുനിക സാങ്കേതികവിദ്യയുടെ പ്രയോജനങ്ങൾ കർഷകരിലേക്കും മത്സ്യത്തൊഴിലാളികളിലേക്കും വ്യാപിപ്പിക്കാനും സാധിച്ചിട്ടുണ്ട്.
- വനിതകൾ സമർപ്പിക്കുന്ന വാർഷിക പേറ്റന്റ് അപേക്ഷകളുടെ എണ്ണം 5,000 കവിഞ്ഞു.
- ഇൻസ്പയർ മണക് (INSPIRE MANAK) പദ്ധതി, സ്റ്റെം (STEM - ശാസ്ത്രം, സാങ്കേതികവിദ്യ, എഞ്ചിനീയറിംഗ്, ഗണിതം) വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ചു. 2025-26 വർഷത്തിൽ സ്കൂളുകളിൽ നിന്ന് ആകെ 1.147 ദശലക്ഷം ആശയങ്ങളും നൂതന കണ്ടുപിടിത്തങ്ങളും സമാഹരിക്കുകയുണ്ടായി; ഇതിൽ 52 ശതമാനവും പെൺകുട്ടികളുടേതായിരുന്നു എന്നത് എടുത്തുപറയേണ്ടതാണ്.
- സ്റ്റെം വിദ്യാഭ്യാസത്തിലെ സ്ത്രീകളുടെ പങ്കാളിത്തം ആഗോള ശരാശരിയേക്കാൾ മുന്നിലെത്തി, 43% ആയി.
- 10,000 ടിങ്കറിംഗ് ലാബുകൾ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു, ഇവിടെ നിലവിൽ 10 ദശലക്ഷത്തിലധികം കുട്ടികൾ പരീക്ഷണങ്ങൾ നടത്തിവരുന്നു. ഇന്ത്യയിപ്പോൾ 25,000 പുതിയ അടൽ ടിങ്കറിംഗ് ലാബുകൾ കൂടി സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങളിലാണ്.
- കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ 7 പുതിയ ഐ.ഐ.ടി-കളും 16 ഐ.ഐ.ഐ.ടി-കളും സ്ഥാപിതമായി.
- പുതിയ വിദ്യാഭ്യാസ നയത്തിന് കീഴിൽ, യുവാക്കൾക്ക് ഇനി മുതൽ ശാസ്ത്രം, എഞ്ചിനീയറിംഗ് തുടങ്ങിയ സ്റ്റെം കോഴ്സുകൾ തങ്ങളുടെ സ്വന്തം പ്രാദേശിക ഭാഷകളിൽ പഠിക്കാൻ സാധിക്കും.
- ഇന്ന് റീട്ടെയ്ൽ മേഖല മുതൽ ലോജിസ്റ്റിക്സ് വരെയും, കസ്റ്റമർ സർവീസ് മുതൽ കുട്ടികളുടെ ഹോംവർക്കിൽ വരെയും എല്ലാ മേഖലകളിലും നിർമ്മിതബുദ്ധി (AI) ഉപയോഗിച്ചുവരുന്നു. ഈ പ്രവണതയ്ക്ക് അനുസൃതമായി, ഇന്ത്യ എഐ മിഷനിൽ രാജ്യം 10,000 കോടിയിലധികം രൂപയാണ് നിക്ഷേപിക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്ര മോദി ഡിജിറ്റൽ സാങ്കേതികവിദ്യയെ നെഞ്ചിലേറ്റിയതുപോലെ മറ്റൊരു നേതാവും ചെയ്തിട്ടില്ല. രാഷ്ട്രീയത്തിലും നയരൂപീകരണത്തിലും അദ്ദേഹം ഈ സാങ്കേതികവിദ്യയെ എത്രത്തോളം ഫലപ്രദമായി പ്രയോജനപ്പെടുത്തി എന്നതിന് ധാരാളം തെളിവുകളുണ്ട്.

## ഇന്ത്യയുടെ ഡിജിറ്റൽ ഉയർച്ച

വെറും 22 മാസങ്ങൾക്കുള്ളിൽ രാജ്യത്തെ 99.6 ശതമാനം ജില്ലകളിലും 5ജി സേവനങ്ങൾ എത്തിച്ചേർന്നിരിക്കുന്നു.

നിലവിൽ, രാജ്യത്തെ **99.9%** ജില്ലകളിലും 5G സേവനങ്ങൾ ലഭ്യമാണ്

- ഇന്ത്യയിൽ പുതിയ സാങ്കേതികവിദ്യകൾ നടപ്പിലാക്കുന്നതിനായി 5ജി വൻതോതിലുള്ള അവസരങ്ങളാണ് തുറന്നുനൽകുന്നത്.
- ഇന്റർനെറ്റ് ഡാറ്റാ നിരക്കിൽ 97.07 ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ട്, ഇത് സാധാരണക്കാർക്ക് ഇന്റർനെറ്റ് കൂടുതൽ താങ്ങാനാവുന്നതും ലഭ്യമാകുന്നതുമാക്കി മാറ്റി.
- 6ജി സാങ്കേതികവിദ്യയിൽ ആഗോളതലത്തിൽ മുൻനിരയിലെത്താൻ ഇന്ത്യ പൂർണ്ണ സജ്ജമാണ്; 6ജി-യുമായി ബന്ധപ്പെട്ട ആഗോള പേറ്റന്റുകളിൽ ഏകദേശം 10 ശതമാനം സംഭാവന ചെയ്യുകയാണ് ലക്ഷ്യം. ഇതുവരെ, ഇന്ത്യ ഏകദേശം 4,000 പേറ്റന്റുകൾ അനുവദിച്ചുകഴിഞ്ഞു.

**7.22** ഭാരത്നെറ്റ് പദ്ധതിക്ക് കീഴിൽ ലക്ഷം കിലോമീറ്റർ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിച്ചുകഴിഞ്ഞു, ഇത് രാജ്യത്തുടനീളമുള്ള ഇന്റർനെറ്റ് കണക്റ്റിവിറ്റിയെ ഗണ്യമായി ശക്തിപ്പെടുത്തി.

ഇന്ത്യയിലെ ഇന്റർനെറ്റ് കണക്ഷനുകളുടെ എണ്ണം

**105.9** കോടി (ഡിസംബർ 2025)

**25.5** കോടി (2014)

കഴിഞ്ഞ 12 വർഷത്തിനിടെ 300% വർധിച്ചു.

1 ജിബി ഡാറ്റയുടെ നിലവിലെ വില

**₹7.87** (ഡിസംബർ 2025)

**₹308** (2014)

- 2026 ഫെബ്രുവരിയോടെ മൊബൈൽ വരിക്കാരുടെ എണ്ണം 127.33 കോടിയിൽ എത്തിയിരിക്കുന്നു. ഡിജിറ്റൽ ആവാസവ്യവസ്ഥയ്ക്ക് നന്ദി, പണം അയക്കുന്നതും സാധനങ്ങൾ വാങ്ങുമ്പോൾ പണമടയ്ക്കുന്നതും കൂടുതൽ എളുപ്പവും വേഗമേറിയതുമായി മാറി.
- 'മൊബൈൽ ത്രിശക്തി' വഴി ഗവണ്മെന്റ് പദ്ധതികളുടെ ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താക്കളിലേക്ക് നേരിട്ട് എത്തിച്ചേരുന്നു. ഇത് ഒരേ പേരിലുള്ള ആവർത്തനങ്ങളും തട്ടിപ്പുകളും കുറയ്ക്കുന്നതിന് കാരണമായി.



### മോഷ്ടിക്കപ്പെട്ട മൊബൈൽ ഫോണുകൾ കണ്ടെത്താൻ സാങ്കേതികവിദ്യ സഹായിക്കുന്നു.



സഞ്ചാർ സാഥി പദ്ധതിയിലൂടെ നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്ത **10** ലക്ഷം മൊബൈൽ ഫോണുകളാണ് വീണ്ടെടുക്കാൻ സാധിച്ചത്.

ടെലികോം ഉപാധികളുടെ ദുരുപയോഗം തടയാൻ രൂപകൽപ്പന ചെയ്ത സാങ്കേതികവിദ്യയെ അടിസ്ഥാനമാക്കിയുള്ള പരിഹാരമാണിത്.

വ്യാജമോ സംശയാസ്പദമോ ആയ കോളുകളെയും സന്ദേശങ്ങളെയും കുറിച്ച് പരാതിപ്പെടാനും, മോഷ്ടിക്കപ്പെട്ട മൊബൈൽ ഫോണുകളെക്കുറിച്ച് റിപ്പോർട്ട് ചെയ്യാനും, കൈവശമുള്ള മൊബൈൽ ഫോൺ ഒറിജിനലാണോ അതോ വ്യാജനാണോ എന്ന് പരിശോധിക്കാനും ഉപഭോക്താക്കൾക്ക് ഇതിലൂടെ സാധിക്കും.

**2** കോടിയിലധികം ആപ്പ് ഡൗൺലോഡുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

2025 മെയ് മാസത്തിൽ ആരംഭിച്ചതു മുതൽ, ഫിനാൻഷ്യൽ ഫ്രോഡ് റിസ്ക് ഇൻഡിക്കേറ്ററിന്റെ സഹായത്തോടെ **2,300** കോടിയിലധികം രൂപയുടെ സാമ്പത്തിക തട്ടിപ്പ് ഇടപാടുകളാണ് തടയാൻ സാധിച്ചത്.

> **ശാസ്ത്രം കൂടുതൽ വിപുലീകരിക്കപ്പെടുമ്പോഴും, നൂതന ആശയങ്ങൾ എല്ലാവരെയും ഉൾക്കൊള്ളുന്നതാകുമ്പോഴും, സാങ്കേതികവിദ്യ പരിവർത്തനത്തിന് വഴിതെളിക്കുമ്പോഴും, ചരിത്രപരമായ നേട്ടങ്ങൾക്കുള്ള അടിത്തറ കൂടുതൽ ശക്തമാവുകയും വ്യവസ്ഥാപിതമാവുകയും ചെയ്യുന്നു. കഴിഞ്ഞ 1011 വർഷത്തെ ഇന്ത്യയുടെ പ്രയാണം ഈയൊരു കാഴ്ചപ്പാടിന്റെ വ്യക്തമായ തെളിവാണ്. ഇന്ത്യയിന്ന് കേവലം സാങ്കേതികവിദ്യയുടെ ഉപഭോക്താവ് മാത്രമല്ല; സാങ്കേതികവിദ്യയിലൂടെയുള്ള പരിവർത്തനത്തിന്റെ വഴികാട്ടിയായി ഉയർന്നുവന്നിരിക്കുന്നു.**
>
> *പ്രധാനമന്ത്രി നരേന്ദ്ര മോദി*

# വ്യവസായങ്ങൾക്ക് എളുപ്പവഴിയൊരുക്കി പരിഷ്കാരങ്ങൾ

*ഇന്ത്യയെ ബിസിനസിനും നിക്ഷേപത്തിനും കൂടുതൽ അനുയോജ്യമായ ഒരിടമാക്കി മാറ്റുന്നതിനുള്ള നിരന്തരമായ ശ്രമങ്ങളുടെ ഭാഗമായി, ഇന്ത്യ ഗവൺമെന്റ് 'ബിസിനസ് പരിഷ്കരണ കർമ്മപദ്ധതി'യിലൂടെ (Business Reform Action Plan) നിരവധി സമഗ്ര പരിഷ്കാരങ്ങൾ തുടർച്ചയായി നടപ്പിലാക്കിവരുന്നു. ഈ പരിഷ്കാരങ്ങൾ രാജ്യത്ത് ഒരു പുതിയ ബിസിനസ്സ് ആരംഭിക്കുന്നതിന് ആവശ്യമായ സമയത്തിലും ചെലവിലും ഗണ്യമായ കുറവ് വരുത്തി. നിലവിൽ കേന്ദ്ര ഗവൺമെന്റ്, ഈ അനുകൂല സാഹചര്യം പ്രയോജനപ്പെടുത്തിക്കൊണ്ട് ഇന്ത്യയിലുടനീളം പുതിയ നിക്ഷേപങ്ങൾ, പുതിയ വ്യവസായങ്ങൾ, പുതിയ തൊഴിലവസരങ്ങൾ എന്നിവ വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു.*

**ബിസിനസ്സ് ചെയ്യുന്നത് കൂടുതൽ എളുപ്പമാക്കുന്നതിനായി ബിസിനസ് പരിഷ്കരണ കർമ്മപദ്ധതിക്ക് (BRAP) കീഴിൽ നിരവധി സുപ്രധാന പരിഷ്കാരങ്ങളാണ് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.**

- BRAP (Business Reform Action Plan) ഏഴാം പതിപ്പിന് കീഴിൽ, 9,700-ലധികം പരിഷ്കാരങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.
- തൊഴിൽ, പരിസ്ഥിതി, ഭൂമി, നികുതി എന്നിവയുമായി ബന്ധപ്പെട്ട നിയമങ്ങൾ ലളിതമാക്കിയിരിക്കുന്നു.
- പരിസ്ഥിതി അനുമതികൾക്കും രജിസ്ട്രേഷനുകൾക്കുമുള്ള നടപടിക്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുകയും ഡിജിറ്റൽവൽക്കരിക്കുകയും ചെയ്തു.
- ഭൂവിനിയോഗം മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കി.
- വ്യവസായ ആവശ്യങ്ങൾക്കായി ലഭ്യമായ ഭൂമിയെക്കുറിച്ചുള്ള വിവരങ്ങൾ ജി.ഐ.എസ് (GIS) പ്ലാറ്റ്ഫോമുകളുമായും 'ഇന്ത്യ ഇൻഡസ്ട്രിയൽ ലാൻഡ് ബാങ്കു'മായും സംയോജിപ്പിച്ചിരിക്കുന്നു.
- കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ വരുത്തിയ മാറ്റങ്ങൾ ഭൂമിയുടെ ദുരുപയോഗം കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്.
- കെട്ടിട നിർമ്മാണ അനുമതി പ്രക്രിയയിൽ സഹായിക്കുന്നതിനായി തേർഡ് പാർട്ടി ഏജൻസികളെ, പ്രത്യേകിച്ച് സ്വകാര്യ സ്ഥാപനങ്ങളെ ഇപ്പോൾ ഉൾപ്പെടുത്തിവരുന്നു.
- ഒക്യുപൻസി, പൂർത്തീകരണ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നത് ഇപ്പോൾ ലളിതവും ഓൺലൈൻ അധിഷ്ഠിതവുമായ പ്രക്രിയയാക്കി
- വിവിധ നിയമങ്ങൾക്ക് കീഴിലുള്ള ചെറിയ ലംഘനങ്ങളെ ക്രിമിനൽ കുറ്റങ്ങളുടെ വിഭാഗത്തിൽ നിന്ന് ഒഴിവാക്കി
- സുഗമവും ഡിജിറ്റൽവൽക്കരിക്കപ്പെട്ടതുമായ ഗവൺമെന്റ്-ടു-ബിസിനസ്സ് (G2B) അനുമതികൾ സാധ്യമാക്കുന്നതിനായി 32 കേന്ദ്ര മന്ത്രാലയങ്ങളെയും/വകുപ്പുകളെയും 33 സംസ്ഥാനങ്ങളെയും/കേന്ദ്രഭരണ പ്രദേശങ്ങളെയും 'ദേശീയ ഏകജാലക സംവിധാനവുമായി' (NSWS) ബന്ധിപ്പിച്ചിരിക്കുന്നു.




- ഈ പ്ലാറ്റ്ഫോമിലൂടെ വിവിധ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും 3,000-ത്തിലധികം അവശ്യ G2B അനുമതികൾ എളുപ്പത്തിൽ ലഭ്യമാക്കിയിട്ടുണ്ട്; കൂടാതെ, കേന്ദ്ര വകുപ്പുകളിൽ നിന്നുള്ള 300-ലധികം അനുമതികളും ഈ പ്ലാറ്റ്ഫോമിലൂടെ ലഭ്യമാണ്.

## നിയന്ത്രണ ചട്ടങ്ങളുടെ നിർവഹണ ഭാരം ഒഴിവാക്കൽ (RCB ) സംരംഭം

ഇന്ത്യാ ഗവൺമെന്റ് 2020 ൽ റെഗുലേറ്ററി കംപ്ലയൻസ് ബർഡൻ (ആർസിബി) സംരംഭം ആരംഭിച്ചു. ഈ സംരംഭത്തിന് കീഴിൽ, 2025 ഓടെ ബിസിനസുകൾക്കും പൗരന്മാർക്കും ഭാരമായി മാറിയ 47,000 നടപടിക്രമങ്ങൾ കേന്ദ്ര ഗവണ്മെന്റും കേന്ദ്രഭരണ പ്രദേശങ്ങളും ഒഴിവാക്കി.

ആർസിബി + സംരംഭത്തിന് കീഴിൽ, സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സാധാരണയായി നടപ്പിലാക്കുന്ന 23 നിയമങ്ങളിലെ 6,262 നടപടിക്രമങ്ങളിൽ 4,846 എണ്ണം ഒഴിവാക്കിയിട്ടുണ്ട്.



2023-ലെ ജൻ വിശ്വാസ് (വ്യവസ്ഥകളുടെ ഭേദഗതി) നിയമത്തോടെയാണ് പരിഷ്കരണ സംരംഭം ആരംഭിച്ചത്. ഈ നിയമം 42 കേന്ദ്ര നിയമങ്ങൾ ഭേദഗതി ചെയ്തു.

**183** വ്യവസ്ഥകൾ ക്രിമിനൽ കുറ്റകരമല്ലാതാക്കി; ശിക്ഷാരീതിയായി തടവ് ശിക്ഷയ്ക്ക് പകരം സാമ്പത്തിക പിഴകളും മറ്റ് ഭരണ നിർവ്വഹണ സംവിധാനങ്ങളും അവതരിപ്പിച്ചു.



**ജൻവിശ്വാസ് നിയമത്തിലൂടെ ബിസിനസ് നടപടികൾ എളുപ്പമാക്കുന്നത് സാധ്യമാക്കി**

**ജൻ വിശ്വാസ് (വ്യവസ്ഥകളുടെ ഭേദഗതി) ബിൽ, 2026**

**784** 23 മന്ത്രാലയങ്ങളിലായി വ്യാപിച്ചിരിക്കുന്ന 79 കേന്ദ്ര നിയമങ്ങളിലായുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്തു



- **317** വ്യവസ്ഥകൾ പിഴകളിൽ നിന്ന് സിവിൽ ശിക്ഷകളാക്കി മാറ്റി.
- **158** വ്യവസ്ഥകളിൽ, പിഴകൾ പൂർണ്ണമായും നീക്കം ചെയ്തു.
- **113** വ്യവസ്ഥകളിൽ, തടവ്,പിഴ ശിക്ഷകൾ നീക്കം ചെയ്തു, സിവിൽ ശിക്ഷകൾ അവതരിപ്പിച്ചു.
- **57** വ്യവസ്ഥകളിൽ, തടവും പിഴയും രണ്ടും ഇല്ലാതാക്കി.
- **63** വ്യവസ്ഥകളിൽ, ആദ്യമായി ചെയ്യുന്ന കുറ്റത്തിന് മുന്നറിയിപ്പ്/ജാഗ്രത നൽകുന്നതിനുള്ള വ്യവസ്ഥ അവതരിപ്പിച്ചു.
- **17** വ്യവസ്ഥകളിൽ, തടവ് കാലാവധി കുറച്ചു, 29 വ്യവസ്ഥകളിൽ, തടവ് പൂർണ്ണമായും നീക്കം ചെയ്തു.
- **17** വ്യവസ്ഥകളിൽ, പരസ്പര ധാരണയിലൂടെ (കോമ്പൗണ്ടിംഗ്) കേസുകൾ തീർപ്പാക്കാനുള്ള സൗകര്യം അവതരിപ്പിച്ചു.
- മറ്റ് **9** വ്യവസ്ഥകളിൽ, തടവിന് പകരം സിവിൽ ശിക്ഷകൾക്ക് നിർദേശം. തടവിന്റെ സ്വഭാവം യുക്തിസഹമാക്കി, അല്ലെങ്കിൽ കുറ്റകൃത്യത്തിന്റെ വ്യാപ്തി കുറച്ചു.

## ലോക ബാങ്കിന്റെ ബിസിനസ് നടപടികൾ എളുപ്പമാക്കാൻ 2020 റാങ്കിങ്




എംഎസ്എംഇകളുടെ നിർവചനം പരിഷ്കരിച്ചു. എംഎസ്എംഇ വായ്പകളെ ബാഹ്യ മാനദണ്ഡങ്ങളുമായി ബന്ധിപ്പിച്ചിരിക്കുന്നു. സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾക്ക് ഇപ്പോൾ 10 ലക്ഷം രൂപ വരെയുള്ള ഈട് രഹിത വായ്പകൾ ലഭ്യമാണ്. എംഎസ്എംഇകൾക്ക്, പ്രവർത്തന മൂലധന ആവശ്യങ്ങൾക്കുള്ള വായ്പ പരിധി – 5 കോടി രൂപ വരെ – അവരുടെ കണക്കാക്കിയ വാർഷിക വിറ്റുവരവിന്റെ കുറഞ്ഞത് 20% ആയി നിശ്ചയിച്ചിരിക്കുന്നു.



> **കഴിഞ്ഞ ദശകത്തിൽ ഇന്ത്യ അതിന്റെ ഭരണ സംസ്കാരത്തിൽ പരിവർത്തനാത്മകമായ ഒരു മാറ്റത്തിന് സാക്ഷ്യം വഹിച്ചു. തീരുമാനങ്ങൾ കൃത്യസമയത്ത് എടുക്കുകയും, ഏകോപനം ഫലപ്രദമാവുകയും, ഉത്തരവാദിത്വ സ്ഥാപിക്കപ്പെടുകയും ചെയ്യുമ്പോൾ, ഗവൺമെന്റ് പ്രവർത്തനങ്ങളുടെ വേഗത സ്വാഭാവികമായും ത്വരിതപ്പെടുന്നു. ഇതിന്റെ സ്വാധീനം പൗരന്മാരുടെ ജീവിതത്തിൽ നേരിട്ട് ദൃശ്യമാകും.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

## ജീവിതം സുഗമമാക്കൽ

# വിപ്ലവകരമായ പരിഷ്കരണം

*'ജീവിതം സുഗമമാക്കുക'- ജീവിതം എളുപ്പമാക്കാനുള്ള സൗകര്യം - ഓരോ വ്യക്തിയുടെയും അവകാശമാണ്. 'പുതിയ ഇന്ത്യ'യുടെ ഉന്നത നേതൃത്വത്തിന്റെ ദർശനം സൂചിപ്പിക്കുന്നത് 'സവിശേഷ അവകാശമുള്ള കുറച്ചുപേർക്ക്' മാത്രമല്ല, ഗ്രാമീണ ജനതയ്ക്കും, ദരിദ്രർക്കും, ഗോത്ര സമൂഹങ്ങൾക്കും, മധ്യവർഗത്തിനും ജീവിതം എളുപ്പമാക്കുക എന്ന പ്രതിജ്ഞാബദ്ധതയാണ്. കഴിഞ്ഞ 12 വർഷമായി, കേന്ദ്ര ഗവൺമെന്റ് രാജ്യത്തിന്റെ സ്വപ്നങ്ങൾ ഗണ്യമായി വിഭാവനം ചെയ്യുക മാത്രമല്ല, ദാരിദ്ര്യത്തിൽ നിന്ന് മധ്യവർഗത്തിലേക്ക് ഉയരാൻ ജനങ്ങളെ സഹായിക്കുന്നതിനും പൊതു സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും രൂപകൽപ്പന ചെയ്തിട്ടുള്ള പദ്ധതികളുടെ 'സാച്ചുറേഷൻ' (സാർവത്രിക പരിരക്ഷ ) ഉറപ്പാക്കാൻ വളരെ വേഗത്തിൽ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. തൽഫലമായി, 'ജീവിതം എളുപ്പമാക്കുക' എന്നത് ഇനി ഒരു വാക്യമല്ല; അത് ഗവൺമെന്റിന്റെ മാർഗ്ഗനിർദ്ദേശ മന്ത്രമായി മാറിയിരിക്കുന്നു.*

- അടുത്ത തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ ലളിതവൽക്കരിച്ച നികുതി, പൗരന്മാരുടെ മേലുള്ള നികുതി ഭാരം കുറയ്ക്കൽ, ബിസിനസ്സ് ചെയ്യുന്നതിനുള്ള കൂടുതൽ എളുപ്പം എന്നിവയിലേക്കുള്ള നിർണായക ചുവടുവയ്പ്പിനെ പ്രതിനിധീകരിക്കുന്നു.
- ജീവിതസൗഖ്യം പ്രോത്സാഹിപ്പിക്കുന്നതിലൂടെ, ഡൽഹി എൻസിആർ മേഖല ഉൾപ്പെടെ രാജ്യത്തുടനീളമുള്ള ഹൈവേ, റെയിൽവേ, തുറമുഖം, അതിവേഗ വ്യോമ കണക്റ്റിവിറ്റി എന്നിവ ഗവൺമെന്റ് ഗണ്യമായി വർദ്ധിപ്പിച്ചു.
- 'ജീവിതസൗഖ്യ സൂചിക 2025'ൽ, പൂനെ, നവി മുംബൈ, ഗ്രേറ്റർ മുംബൈ, തിരുപ്പതി, ചണ്ഡീഗഢ് എന്നിവ മികച്ച 5 നഗരങ്ങളിൽ ഉൾപ്പെടുന്നു.
- 1961 ലെ ആദായനികുതി നിയമത്തിന്റെ സമഗ്രമായ പുനർനിർമ്മാണത്തെത്തുടർന്ന്, ഗവൺമെന്റ് പുതിയ ആദായനികുതി നിയമം, 2025 നടപ്പിലാക്കി. നികുതി നിയമനിർമ്മാണം ലളിതമാക്കുകയും കാര്യക്ഷമമാക്കുകയും ചെയ്തുകൊണ്ട്, ഇത് കൂടുതൽ പ്രവേശനക്ഷമവും സുതാര്യവുമാകും.
- വിനോദസഞ്ചാരികൾക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ യാത്ര ഉറപ്പാക്കുന്നതിന്, 1800111363, 1363 എന്നീ ടോൾഫ്രീ നമ്പറുകൾ പ്രത്യേക ഹെൽപ്പ് ലൈനുകളായി ആരംഭിച്ചു. 10 അന്താരാഷ്ട്ര ഭാഷകൾ ഉൾപ്പെടെ 12 ഭാഷകളിൽ ഈ സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാണ്.
- തൊഴിൽ ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലാളികളുടെ ജീവിതം ലളിതമാക്കുന്നതിനുമായി, മുൻ നിയമങ്ങൾക്ക് പകരമായി നാല് ലേബർ കോഡുകൾ നടപ്പിലാക്കിയിട്ടുണ്ട്.

**12.61 കോടി**



2026 മെയ് 13 വരെ 12.61 കോടിയിലധികം ഗ്രാമീണ കുടുംബങ്ങൾക്ക് ടാപ്പ് കണക്ഷനുകൾ നൽകി. നിലവിൽ 15.85 കോടി കുടുംബങ്ങൾക്ക് വീടുകൾക്കുള്ളിൽ കുടിവെള്ളം ലഭ്യമാണ്.



**58.18**

കോടി ജൻ ധൻ അക്കൗണ്ടുകൾ തുറന്നു. അതുവഴി സാധാരണ പൗരന്മാർക്ക് ബാങ്കിംഗ് നടപടികൾ ലളിതമാക്കുകയും ഗവൺമെന്റിന്റെ സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാകുന്നത് വർദ്ധിപ്പിക്കുകയും ചെയ്തു.

2025 ഏപ്രിൽ 1 നും 2026 മാർച്ച് 31 നും ഇടയിൽ 1.90 കോടി ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റുകൾ വീട്ടിലിരുന്ന് സമർപ്പിച്ചു. ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റുകൾ മുതിർന്ന പൗരന്മാരുടെ ജീവിതം എളുപ്പമാക്കി.

പുതിയ നികുതി വ്യവസ്ഥ പ്രകാരം **12** ലക്ഷം രൂപ വരെ വാർഷിക വരുമാനത്തിന് ആദായനികുതിയില്ല




ശമ്പളമുള്ള നികുതി ദായകർക്ക് സ്റ്റാൻഡേർഡ് ഡിഡക്ഷനായി

**75,000** രൂപ




ഐ ടി ആർ ഫയൽ ചെയ്ത നികുതി ദായകരുടെ എണ്ണം

**314** കോടിയിലധികം രൂപയുടെ ഇടപാടുകൾ യുപിഐ വഴി 2025-26 വർഷത്തിൽ നടന്നു. ഇത് കഴിഞ്ഞ 10 വർഷത്തേക്കാൾ 12000 മടങ്ങ് വർദ്ധനയാണ്




ആഗോള വിഹിതം: ഇന്ത്യയുടെ യുപിഐ തൽസമയ പെയ്മെന്റ് സംവിധാനത്തിന്റെ ആഗോള തല പങ്കാളിത്തം **49%**

700ലധികം ബാങ്കുകൾ ശൃംഖലയിൽ ചേർന്നു. ഇന്ന് ഏകദേശം 540 ദശലക്ഷം പേർ യുപിഐ ഉപയോഗിക്കുന്നു

“

**ജീവിതം എളുപ്പമാക്കുക എന്നത് ഓരോ പൗരന്റെയും അവകാശമാണ്. രാജ്യത്തെ പൗരന്മാരുടെ ‘ജീവിത എളുപ്പവും’ ‘ജീവിത നിലവാരവും’ ദിനംപ്രതി മെച്ചപ്പെടുന്ന തരത്തിലായിരിക്കണം നമ്മുടെ ഭരണം; ഇതാണ് നമ്മുടെ മാനദണ്ഡം. ഇന്ത്യയിൽ ജീവിക്കാൻ ഏറ്റവും നല്ല സമയമാണിതെന്ന് ഞാൻ പൂർണ്ണ ബോധ്യത്തോടെ പ്രസ്താവിക്കുന്നു. ഇന്നത്തെ ഇന്ത്യയിൽ, ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാവുകയാണ്. കൂടാതെ ജനങ്ങളുടെ ജീവിതം ലളിതമാവുകയാണ്.**

*നരേന്ദ്ര മോദി പ്രധാനമന്ത്രി*



## ജീവിതം സുഗമമാക്കുന്ന സൗകര്യങ്ങൾ



**1.15**
ദശലക്ഷം പേർക്ക് ദിവസേന മെട്രോ സൗകര്യം ലഭിക്കുന്നു


**1155**
കിലോമീറ്റർ മെട്രോ ശൃംഖല 26 നഗരങ്ങളിലായി വ്യാപിച്ചിരിക്കുന്നു.

120 ദശലക്ഷം ശുചിമുറികൾ ശുചിത്വ ഭാരത് മിഷന്റെ കീഴിൽ നിർമ്മിച്ചു

- പ്രധാനമന്ത്രി ആവാസ് യോജനയ്ക്ക് കീഴിൽ 40 ദശലക്ഷത്തിലധികം ഭവന യൂണിറ്റുകൾ വിതരണം ചെയ്തു. ഇത് നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലും എല്ലാ കാലാവസ്ഥയിലും അനുയോജ്യമായ ഭവനങ്ങൾ ലഭ്യമാക്കി.
- ഉജ്ജ്വല യോജനയ്ക്ക് കീഴിൽ 105.6 ദശലക്ഷം ഗ്യാസ് കണക്ഷനുകൾ നൽകി; പുക മൂലമുണ്ടാകുന്ന ആരോഗ്യപരമായ ദോഷഫലങ്ങൾ ഇല്ലാതാക്കുക മാത്രമല്ല, സമയം ലാഭിക്കുകയും ചെയ്തു - പ്രത്യേകിച്ചും, മുമ്പ് വിറക് ശേഖരിക്കുന്നതിനോ ചാണക വരളി ഉണ്ടാക്കുന്നതിനോ ചെലവഴിച്ച അധിക സമയം ലാഭിക്കാനായി.
- വിമാനത്താവളങ്ങളിലെ ‘ഡിജിയാത്ര’ സൗകര്യത്തിന്റെ പ്രയോജനങ്ങൾ 93 ദശലക്ഷം യാത്രക്കാർ ഇതിനകം പ്രയോജനപ്പെടുത്തിയിട്ടുണ്ട്; ഈ സൗകര്യം ഇപ്പോൾ 38 വിമാനത്താവളങ്ങളിൽ ആരംഭിച്ചു.
- നിലവിൽ രാജ്യത്തുടനീളം 587,000 പൗര സേവന കേന്ദ്രങ്ങൾ (സിഎസ്സി) സേവനങ്ങൾ നൽകുന്നുണ്ട് (ഡിസംബർ 2025 വരെ); ഈ കേന്ദ്രങ്ങൾ 800-ലധികം വ്യത്യസ്ത തരം സേവനങ്ങൾ വാഗ്ദാനം ചെയ്യുന്നു.
- ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണം 2014 ലെ വെറും 250 ദശലക്ഷത്തിൽ നിന്ന് 2025 ഡിസംബറിൽ 1.0286 ബില്യണിലെത്തി - 300% ത്തിലധികം വളർച്ച. ഇന്റർനെറ്റ് ഉപയോക്താക്കളുടെ എണ്ണത്തിൽ, ഇന്ത്യ ഇപ്പോൾ ലോകത്തിലെ മികച്ച മൂന്ന് രാജ്യങ്ങളിൽ ഒന്നാണ്.
- വയർലെസ് ഡാറ്റ സബ്സ്ക്രൈബറുടെ ശരാശരി ഡാറ്റ ഉപഭോഗം പ്രതിമാസം 25 ജിബി ആണ്, അതേസമയം ഉയർന്ന വരുമാനമുള്ള രാജ്യങ്ങളിൽ ഇത് 17.9 ജിബിയാണ്. ഒരു ജിബി ഡാറ്റയുടെ വില 2014-ൽ 308 രൂപ ആയിരുന്നത് ഇന്ന് 7.87 രൂപ ആയി കുറഞ്ഞു. താങ്ങാനാവുന്ന വിലയിൽ ഡാറ്റ ലഭ്യമാകുന്നത് ഡിജിറ്റൽ സേവനങ്ങളിലൂടെ ജീവിതം എളുപ്പമാക്കിയിരിക്കുന്നു.

**1.64**
കോടിയിലധികം യാത്രക്കാർ ഉഡാൻ പദ്ധതിയുടെ സേവനം പ്രയോജനപ്പെടുത്തി

**665**
റൂട്ടുകൾ 95 വിമാനത്താവളങ്ങൾ, ഹെലിപോർട്ടുകൾ, ജല എയ്റോഡ്രോമുകൾ എന്നിവയെ ബന്ധിപ്പിക്കുന്നു



**വിമാനത്താവളങ്ങളുടെ എണ്ണം**



# അഷ്ടലക്ഷ്മി : ഒരു നവ ഇന്ത്യയ്ക്കായുള്ള സമാധാനത്തിന്റെയും സമൃദ്ധിയുടെയും ശക്തികേന്ദ്രം

*അഷ്ടലക്ഷ്മി– അതായത് വടക്കുകിഴക്കൻ മേഖലയിലെ എട്ട് സംസ്ഥാനങ്ങൾ ആത്മവിശ്വാസത്താൽ സമ്പന്നമായിരിക്കുന്നു. അവർ ഒരു പുതിയ പാതയിലേക്ക് നീങ്ങുകയും രാജ്യത്തിന്റെ വികസന യാത്രയ്ക്ക് നേതൃത്വം നൽകാൻ തയ്യാറാകുകയും ചെയ്തിരിക്കുന്നു. ഒരുകാലത്ത് അക്രമത്തിനും ഉപരോധങ്ങൾക്കും അറിയപ്പെട്ടിരുന്ന ഈ പ്രദേശം ഇപ്പോൾ പുരോഗതിയുടെ പാതയിലൂടെ സഞ്ചരിക്കുകയും സമഗ്ര വികസനത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു. കഴിഞ്ഞ 12 വർഷമായുള്ള വികസനത്തിന്റെ ഈ പുതിയ തരംഗം വടക്കുകിഴക്ക് ഇനി ഒരു വിദൂര അതിർത്തിയല്ല, മറിച്ച് സുരക്ഷയിലേക്കും സമൃദ്ധിയിലേക്കും ഉള്ള ഒരു കവാടമാണെന്ന് തെളിയിച്ചിട്ടുണ്ട് – ഡൽഹിയിൽ നിന്ന് അകലെയോ ഹൃദയത്തിൽ നിന്ന് അകലെയോ അല്ലാത്ത ഒരു പ്രദേശം...*

## വടക്കുകിഴക്കൻ മേഖലയ്ക്ക് പ്രത്യേക ശ്രദ്ധ; ഡൽഹിയുമായുള്ള ബന്ധം മെച്ചപ്പെടുത്തി

- കഴിഞ്ഞ 12 വർഷമായി, കേന്ദ്ര ഗവണ്മെന്റ് വടക്കുകിഴക്കൻ ഇന്ത്യയുമായുള്ള നേരിട്ടുള്ള ഇടപെടൽ ഗണ്യമായി ശക്തിപ്പെടുത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ കാബിനറ്റ് മന്ത്രിമാരും മുതിർന്ന ഉദ്യോഗസ്ഥരും വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ പതിവായി സന്ദർശിക്കുന്നുണ്ട്.
- ഓരോ 15 ദിവസത്തിലും ഒരു കേന്ദ്രമന്ത്രി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലൊന്ന് സന്ദർശിക്കണമെന്ന് ഗവണ്മെന്റ് നിർബന്ധമാക്കിയിട്ടുണ്ട്.
- പ്രധാനമന്ത്രി നരേന്ദ്ര മോദി 83 തവണ വടക്കുകിഴക്കൻ മേഖല സന്ദർശിച്ചപ്പോൾ, 2015 ജനുവരി മുതൽ 2025 ഡിസംബർ വരെ കേന്ദ്രമന്ത്രിമാർ പലതവണയായി 880 തവണ ഈ മേഖല സന്ദർശിച്ചു.




## 10% ബജറ്റ് വിഹിതം

ഈ ചട്ടക്കൂടിന് കീഴിൽ, 55 മന്ത്രാലയങ്ങളും വകുപ്പുകളും അവരുടെ ബജറ്റിന്റെ കുറഞ്ഞത് 10% വടക്കുകിഴക്കൻ മേഖലയുടെ വികസനത്തിനായി നീക്കിവയ്ക്കുന്നു. ഈ സംയോജിത ശ്രമങ്ങൾക്ക് നന്ദി, വടക്കുകിഴക്കൻ മേഖല ദ്രുതഗതിയിലുള്ള വികസനത്തിന് സാക്ഷ്യം വഹിക്കുന്നു.



### ബജറ്റ് ചെലവിലെ ചരിത്രപരമായ വികാസം

| | |
|---|---|
| 2014–15 | 24,819 കോടി രൂപ |
| 2025–26 | 1,00,271 കോടി രൂപ |



*കഴിഞ്ഞ 12 വർഷത്തിനിടെ വടക്കുകിഴക്കൻ മേഖലയ്ക്ക് ഗണ്യമായ സാമ്പത്തിക സ്രോതസ്സുകൾ ലഭിച്ചു.*

| മൊത്തം ബജറ്റ് വിഹിതം | യഥാർത്ഥ ചെലവ് |
|---|---|
| 6.97 ലക്ഷം കോടി രൂപ | 7.12 ലക്ഷം കോടി രൂപ |



## വടക്കുകിഴക്കൻ മേഖലയിൽ തുടർച്ചയായ വികസന പ്രവർത്തനങ്ങൾ നടക്കുന്നു.

വടക്കുകിഴക്കൻ മേഖല വികസന മന്ത്രാലയം (MoDNER) നിയന്ത്രിക്കുന്ന പദ്ധതികൾക്ക് കീഴിൽ, ഏകദേശം:

**₹3,735** കോടി രൂപയുടെ പദ്ധതികൾ വടക്കുകിഴക്ക് മേഖലയ്ക്കായി അനുമതി നൽകി

**₹49,907** കോടിരൂപയാണ് അവയുടെ കണക്കാക്കിയ ആകെ ചെലവ്



## വികസന പദ്ധതികളിൽ വൻ നിക്ഷേപം, മെച്ചപ്പെട്ട കണക്റ്റിവിറ്റി...

- ബോഗിബീൽ പാലം: 2018 ൽ ഉദ്ഘാടനം ചെയ്തു (16 വർഷം മുമ്പ് പ്രഖ്യാപിച്ചത് ).
- കഴിഞ്ഞ 12 വർഷത്തിനിടെ, 8 പുതിയ ഗ്രീൻഫീൽഡ് വിമാനത്താവളങ്ങളും നിർമ്മിച്ചു. പ്രവർത്തനക്ഷമമായ വിമാനത്താവളങ്ങളുടെ എണ്ണം 2014 ലെ 9 ൽ നിന്ന് 2026 ൽ 17 ആയി ഉയർന്നു.
- വടക്കുകിഴക്കൻ മേഖലയിലെ ദേശീയ പാതകളുടെ നീളം 2014 ൽ 10,905 കിലോമീറ്ററായിരുന്നു; 2025 ഏപ്രിൽ 1 ആയപ്പോഴേക്കും ഈ കണക്ക് 16,207 കിലോമീറ്ററിലെത്തി. നിലവിൽ, 3,634 കിലോമീറ്റർ ദൈർഘ്യമുള്ള 177 റോഡ് പദ്ധതികൾ - മൊത്തം ചെലവ് 87,000 കോടി രൂപയ്ക്ക് മുകളിൽ - പുരോഗതിയുടെ വിവിധ ഘട്ടങ്ങളിലാണ്.
- NESIDS പദ്ധതി പ്രകാരം, 72 പദ്ധതികൾ പൂർത്തിയായി, അതിന്റെ ഫലമായി 997.55 കിലോമീറ്റർ റോഡുകളുടെ നിർമ്മാണം പൂർത്തിയായി. 911 പദ്ധതികളുടെ പണികൾ നിലവിൽ നടന്നുവരികയാണ്.

**₹53,353.49** കോടി രൂപ ചെലവഴിച്ചു.

### പ്രധാനമന്ത്രി ഗ്രാം സഡക് യോജന

**89,503** കിലോമീറ്റർ റോഡുകളും (17,666 വ്യത്യസ്ത റോഡുകൾ ഉൾപ്പെടെ) 2,396 പാലങ്ങളും അനുവദിച്ചു.

**81,448** അനുവദിച്ച പദ്ധതികളിൽ 81,448 കിലോമീറ്റർ റോഡുകളും (16,547 വ്യത്യസ്ത റോഡുകൾ) 2,126 പാലങ്ങളും പൂർത്തിയായി.

**"വടക്കുകിഴക്കൻ മേഖല രാജ്യത്തിന്റെ ഒരു സുപ്രധാന ഭാഗം മാത്രമല്ല; ഇന്ത്യയുടെ 'അഷ്ട ലക്ഷ്മി'യെ (സമ്പത്തിന്റെ എട്ട് ദേവതകൾ) പ്രതിനിധീകരിക്കുന്നു. അതിനാൽ, 'ആക്ട് ഈസ്റ്റ്' നയത്തിൽ ഞങ്ങൾ തുടർന്നും പ്രവർത്തിക്കുമ്പോൾ, വടക്കുകിഴക്കിനായി 'വേഗം പ്രവർത്തിക്കാനും' ഞങ്ങൾ ദൃഢനിശ്ചയം ചെയ്തിട്ടുണ്ട്.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*

### സ്വാതന്ത്ര്യത്തിനുശേഷം ആദ്യമായി

| 2022 | 2023 | 2025 |
|---|---|---|
| ആദ്യ ചരക്ക് തീവണ്ടി മണിപ്പൂരിൽ എത്തി | ആദ്യ ചരക്ക് തീവണ്ടി മേഘാലയയിൽ എത്തി | മിസോറാമിൽ ആദ്യ ട്രെയിൻ എത്തി |






കവർ സ്റ്റോറി
12 വർഷങ്ങൾ
വികസനയാത്ര

# രാഷ്ട്രം ആദ്യം

## ശാക്തീകരിക്കപ്പെട്ട, അഭിവൃദ്ധിയുള്ള, സുരക്ഷിതമായ ഇന്ത്യ

*राष्ट्र रक्षा समं पुण्यं, राष्ट्ररक्षासमं व्रतम्*
*राष्ट्र रक्षा समं यज्ञो, दृष्टो नैव च नैव च*

*അർത്ഥം: സ്വന്തം രാഷ്ട്രത്തിന്റെ പ്രതിരോധത്തേക്കാൾ വലിയ ഒരു പുണ്യമോ, പ്രതിജ്ഞയോ, ത്യാഗമോ ഇല്ല. 15,000 കിലോമീറ്ററിലധികം വ്യാപിച്ചുകിടക്കുന്ന കര അതിർത്തികൾ പങ്കിടുന്ന 7 അയൽ രാജ്യങ്ങൾ – 7,500 കിലോമീറ്ററിനപ്പുറം വ്യാപിച്ചുകിടക്കുന്ന സമുദ്ര അതിർത്തികൾ – ഈ രാഷ്ട്രം സുരക്ഷിതമാക്കാൻ, ഇന്ത്യ ഇന്ന് 'രാഷ്ട്രം ആദ്യം' എന്ന തത്വത്താൽ നയിക്കപ്പെടുന്ന ഫലപ്രദമായ വിദേശനയം പിന്തുടരുന്നു. അതേസമയം പ്രതിരോധ മേഖലയിൽ സ്വയംപര്യാപ്തതയിലേക്ക് മുന്നേറുന്നു. ഭീകരവാദത്തിനെതിരെ 'സഹിഷ്ണുതയില്ല' എന്ന നയത്തിൽ കേന്ദ്ര ഗവൺമെന്റ് ദൃഢനിശ്ചയം ചെയ്യുക മാത്രമല്ല, ആഴത്തിൽ പ്രതിജ്ഞാബദ്ധവുമാണ്. പുൽവാമയിലെ സിആർപിഎഫ് വാഹനവ്യൂഹത്തിന് നേരെയുണ്ടായ ഭീരുത്വം നിറഞ്ഞ ആക്രമണത്തിന് ശേഷമുണ്ടായതുപോലെ, ഉറിയിലെ സൈനിക ക്യാമ്പിന് നേരെയുണ്ടായ ഭീകരാക്രമണത്തിന് ശേഷവും ലോകം ഈ അചഞ്ചലമായ ദൃഢനിശ്ചയത്തിന് സാക്ഷ്യം വഹിച്ചു. കഴിഞ്ഞ വർഷം – 2025 മെയ് 6, 7 തീയതികളിലെ രാത്രിയിൽ – 'ഓപ്പറേഷൻ സിന്ദൂർ' ലോകത്തിന് വ്യക്തമായ സന്ദേശം നൽകി: ഇന്ത്യ യുദ്ധം ആഗ്രഹിക്കുന്നില്ല, എന്നാൽ ഒരു സാഹചര്യത്തിലും ഭീകരതയെ സഹിക്കില്ല. ബുദ്ധന്റെ നാടായ ഇന്ത്യ – യുദ്ധത്തിലല്ല, ബുദ്ധനിലാണ് – അതായത്, സമാധാനത്തിലാണ് വിശ്വാസം അർപ്പിക്കുന്നതെന്ന സന്ദേശം സ്ഥിരമായി നൽകിയിട്ടുണ്ട്. ഏതൊരു രാജ്യത്തിനും ശക്തമായ സൈനിക ശക്തി ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണെങ്കിലും, ഒരു യഥാർത്ഥ ആഗോള ശക്തിയാകുന്നതിന് യുദ്ധമോ സൈനിക ശക്തിയോ മാത്രമല്ല ഏക മുൻവ്യവസ്ഥ. കഴിഞ്ഞ പന്ത്രണ്ട് വർഷത്തിനിടയിൽ, യോഗയുടെ ആഗോള പ്രചാരണത്തിലൂടെയോ, അതുല്യമായ അന്താരാഷ്ട്ര പ്രതിച്ഛായയുടെ ബ്രാൻഡിംഗിലൂടെയോ, പ്രതിസന്ധി ഘട്ടങ്ങളിൽ സ്വന്തം പൗരന്മാർക്കും ലോകമെമ്പാടുമുള്ള ജനങ്ങൾക്കും പിന്തുണയുടെ ഒരു ദീപസ്തംഭമായി ഉയർന്നുവരുന്നതിലൂടെയോ, COVID-19 പോലുള്ള ഒരു ആഗോള വിപത്തിനെ ലോകത്തിന് മാതൃക സൃഷ്ടിക്കാനുള്ള അവസരമാക്കി മാറ്റുന്നതിലൂടെയോ, പ്രതിരോധ മേഖലയിൽ സ്വാശ്രയത്വത്തിൽ ഒരു പുതിയ വിപ്ലവത്തിന് നേതൃത്വം നൽകുന്നതിലൂടെയോ – ഇന്ത്യ ഒരു ശക്തമായ മൃദു ശക്തി എന്ന നിലയിൽ സ്വയം ഒരു പുതിയ സ്വത്വം നിരന്തരം സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്.*


# വികസനത്തിന്റെയും വിശ്വാസത്തിന്റെയും സ്വാശ്രയത്വത്തിന്റെയും പുതിയൊരു ഉയർച്ച

*ഇന്ന് ഇന്ത്യ സ്വാശ്രയത്വം, നൂതനാശയങ്ങൾ, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം എന്നിവയുടെ പുതിയ ഉയരങ്ങൾ താണ്ടുകയാണ്. ഡിജിറ്റൽ വിപ്ലവം, അടിസ്ഥാന സൗകര്യ വികസനം, സ്ത്രീ ശാക്തീകരണം, യുവനേതൃത്വം എന്നിവ ആഗോളതലത്തിൽ രാജ്യത്തിന് ശക്തമായ ഒരു സ്ഥാനം നേടിത്തന്നിട്ടുണ്ട്. 'ശാക്തീകരിക്കപ്പെട്ട ഇന്ത്യ' ഇനി കേവലം സ്വപ്നമല്ല; വികസനത്തിന്റെയും വിശ്വാസത്തിന്റെയും പുതിയൊരു ആഖ്യാനം രചിക്കുന്ന ദശലക്ഷക്കണക്കിന് ഇന്ത്യക്കാരുടെ കൂട്ടായ പരിശ്രമത്തിന്റെയും ദൃഢനിശ്ചയത്തിന്റെയും ജീവിക്കുന്ന സാക്ഷ്യമായി അത് മാറിയിരിക്കുന്നു.*


## ശാക്തീകരിക്കപ്പെട്ട ഇന്ത്യയെക്കുറിച്ചുള്ള പ്രധാന വസ്തുതകൾ...

- 2018 മുതൽ ഇന്ത്യ ലോകത്തിലെ രണ്ടാമത്തെ വലിയ ഉരുക്ക് ഉൽപ്പാദക രാജ്യമായി തുടരുന്നു. 2014 ൽ, ആഗോള ഉൽപ്പാദനത്തിൽ ഇന്ത്യയുടെ പങ്ക് 5.2% ആയിരുന്നു, ഇത് 2024 ൽ 7.9% ആയി ഉയർന്നു.
- 'ലോകത്തിന്റെ ഫാർമസി': ഇന്ന്, ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ വലിയ ഔഷധ ഉൽപ്പാദക രാജ്യമായും മൂല്യം അനുസരിച്ച് പതിനൊന്നാമത്തെ വലിയ രാജ്യമായും സ്ഥാനം പിടിച്ചിരിക്കുന്നു. 2024–25 ൽ, ഈ മേഖല 4.72 ലക്ഷം കോടി രൂപ വാർഷിക വിറ്റുവരവ് രേഖപ്പെടുത്തി.
- പ്രതിരോധ ഉപകരണങ്ങളുടെ ഏകദേശം 65% ഇപ്പോൾ ആഭ്യന്തരമായി നിർമ്മിക്കപ്പെടുന്നു, മുമ്പ്, ഏകദേശം 65-70% ഇറക്കുമതി ചെയ്തിരുന്നു.
- ഇന്ന്, ലോകത്തിലെ മൊത്തം ജനറിക് മരുന്നുകളുടെ അഞ്ചിലൊന്ന് ഇന്ത്യ വിതരണം ചെയ്യുന്നു, കൂടാതെ യുണിസെഫിന് ആവശ്യമായ വാക്സിനുകളിൽ പകുതിയിലധികവും നൽകുന്നു.
- 'ശക്തി', മെഡിക്കൽ ടൂറിസം, ഉയർന്ന ഗുണനിലവാരമുള്ള മരുന്നുകളുടെ കയറ്റുമതി തുടങ്ങിയ സംരംഭങ്ങളിലൂടെ, ഇന്ത്യ 300 ബില്യൺ ഡോളറിന്റെ ബയോഫാർമ ശക്തി കേന്ദ്രമായി ഉയർന്നുവരാനുള്ള പാതയിലാണ്.
- കഴിഞ്ഞ ഏതാനും വർഷങ്ങളായി, ഇന്ത്യ തങ്ങളുടെ സ്വതന്ത്ര വ്യാപാര കരാർ (FTA) ശൃംഖല വിപുലീകരിച്ചു, 38 രാജ്യങ്ങളുമായി ഒമ്പത് കരാറുകളിൽ ഒപ്പുവച്ചു.
- ആദ്യമായി, 'ബഹിരാകാശ സംവിധാനങ്ങളും പ്രവർത്തനങ്ങളും' സംബന്ധിച്ച ISO അന്താരാഷ്ട്ര ഉപസമിതിയുടെ യോഗങ്ങൾക്ക് ഇന്ത്യ ആതിഥേയത്വം വഹിച്ചു.


### പ്രതിരോധ കയറ്റുമതിയിലെ വളർച്ച





### പ്രതിരോധ ഉത്പാദനം




### ഇന്ത്യൻ സെമികണ്ടക്ടർ വിപണി




### ഇന്ത്യയുടെ ആകെ കയറ്റുമതി




**ലോകത്തിലെ രണ്ടാമത്തെ വലിയ റോഡ് ശൃംഖലാ വികസനം ഇന്ത്യയിലാണ്.**

**ദേശീയപാത ശൃംഖലയുടെ വിപുലീകരണം**

| | |
|---|---|
| മാർച്ച് 2014 | 91,287 കി.മീ. |
| ഫെബ്രുവരി 2026 | 1,46,572 കി.മീ. |

### ബഹിരാകാശ മേഖലയിലെ ഇന്ത്യ

**രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾ**

1 — 2014

400 അധികം — ഇപ്പോൾ

**വിദേശ ഉപഗ്രഹങ്ങൾ**

ഐഎസ്ആർഒ വിക്ഷേപിച്ച 434 വിദേശ ഉപഗ്രഹങ്ങളിൽ 399 എണ്ണവും 2014 ന് ശേഷമാണ് വിക്ഷേപിച്ചത് . ഈ വിക്ഷേപണങ്ങൾ ഇന്ത്യയ്ക്ക് ഏകദേശം 323 ദശലക്ഷം യൂറോയും 233 ദശലക്ഷം യുഎസ് ഡോളറും വരുമാനം നേടിക്കൊടുത്തു.

ഇന്ത്യയുടെ ബഹിരാകാശ സമ്പദ്‌വ്യവസ്ഥ ഏകദേശം 8.4 ബില്യൺ ഡോളറിന്റെ മൂല്യത്തിലെത്തി.



### വേഗത്തിൽ വളരുന്ന സമ്പദ്‌വ്യവസ്ഥ

ലോകബാങ്ക് പ്രവചനം: ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥ 2026–27 ൽ ഏകദേശം 6.6% നിരക്കിൽ വളരുമെന്ന് പ്രതീക്ഷിക്കുന്നു.


വേൾഡ് ഇക്കണോമിക് ഔട്ട്‌ലുക്ക് 2026 അനുസരിച്ച്, ഇന്ത്യയുടെ വളർച്ചാ നിരക്ക് 6.5% ആയിരിക്കുമെന്ന് പ്രവചിക്കുമ്പോൾ, വികസിത രാജ്യങ്ങൾക്ക് 1.8%, വികസ്വര രാജ്യങ്ങൾക്ക് 3.9%, ആഗോള സമ്പദ്‌വ്യവസ്ഥയ്ക്ക് മൊത്തത്തിൽ 3.1% എന്നിങ്ങനെയാണ് പ്രവചനം

കവർ സ്റ്റോറി

## 12 വർഷങ്ങൾ വികസനയാത്ര

### ഇന്ത്യ: ആഗോള ഇലക്ട്രോണിക്സ് നിർമ്മാണത്തിന്റെ ശക്തികേന്ദ്രം

(സംഖ്യ ലക്ഷം കോടി രൂപയിൽ)




## ശാക്തീകരിക്കപ്പെട്ട ഇന്ത്യയുടെ സ്വത്വം

**എ ഐ കൊണ്ട് ശാക്തീകരിക്കപ്പെട്ട ഇന്ത്യ**

AI ഇംപാക്ട് ഉച്ചകോടിയിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി നടത്തിയ പ്രസംഗം, AI സാങ്കേതികവിദ്യ ഉപയോഗിച്ച് ഭിന്ന ശേഷിക്കാർക്കായി തൽസമയം ആംഗ്യഭാഷയിലേക്ക് മാറ്റി

**'ധീരമായ തീരുമാനങ്ങളുടെ ശാക്തീകരിക്കപ്പെട്ട ഇന്ത്യ**

പതിറ്റാണ്ടുകളായി കശ്മീരിൽ 'ഒരു ഭരണഘടന, ഒരു നിയമം' എന്ന തത്വം നടപ്പിലാക്കുന്നതിന് തടസ്സമായി നിന്നിരുന്ന അനുഛേദം 370 റദ്ദാക്കപ്പെട്ടു. തൽഫലമായി, രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്ക് ബാധകമായ എല്ലാ നിയമങ്ങളും ഇപ്പോൾ കശ്മീരിലും പ്രാബല്യത്തിൽ വന്നു.

**സ്ത്രീകൾ നയിക്കുന്ന ശാക്തീകരിക്കപ്പെട്ട ഇന്ത്യ**



ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം നൽകുന്നത് സംബന്ധിച്ച് മൂന്ന് പതിറ്റാണ്ടുകളായി നിലനിന്നിരുന്ന അനിശ്ചിതത്വം ഇല്ലാതാക്കി കൊണ്ട് , നാരി ശക്തി വന്ദൻ അധിനിയം പ്രഖ്യാപിച്ചു. 1996 മുതൽ ശ്രമങ്ങൾ നടന്നിരുന്നെങ്കിലും, ഒടുവിൽ നാരി ശക്തി വന്ദൻ അധിനിയം 2023, പുതിയ പാർലമെന്റ് മന്ദിരത്തിൽ പാസായി.

**ബഹിരാകാശത്ത് ശാക്തീകരിക്കപ്പെട്ട ഇന്ത്യ**

ഇപ്പോൾ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിനടുത്തെത്തിയിരിക്കുന്നു - ലോകത്തിലെ മറ്റൊരു രാജ്യവും ഒരിക്കലും എത്തിയിട്ടില്ലാത്ത ഒരു അജ്ഞാത ചാന്ദ്ര മേഖലയാണിത് .

**കൊളോണിയൽ പൈതൃകങ്ങളെ തകർക്കൽ**

'പഞ്ചാമൃത'ത്തിനായുള്ള ആഹ്വാനത്തിലൂടെ, കൊളോണിയലിസത്തിന്റെ അവശിഷ്ടങ്ങൾ രാജ്യത്തുനിന്ന് തുടച്ചുനീക്കപ്പെടുന്നു. നമ്മുടെ പൈതൃകത്തിൽ അഭിമാനം പ്രോത്സാഹിപ്പിക്കുന്നു. കർത്തവ്യ പാതയിൽ നേതാജി സുഭാഷ് ചന്ദ്രബോസിന്റെ പ്രതിമ സ്ഥാപിക്കൽ, നാവിക പതാക പുനർരൂപകൽപ്പന ചെയ്യൽ, സ്വാതന്ത്ര്യദിന, റിപ്പബ്ലിക് ദിന ആഘോഷങ്ങളിൽ തദ്ദേശീയ പീരങ്കികൾ ഉപയോഗിച്ച് ആചാരപരമായ 21-ഗൺ സല്യൂട്ട് നടത്തൽ തുടങ്ങിയ സംരംഭങ്ങൾ ഈ പ്രതിജ്ഞാബദ്ധതയുടെ ഉദാഹരണമാണ്.

### ദുരന്ത നിവാരണ ദൗത്യങ്ങൾ

- 'ഓപ്പറേഷൻ മൈത്രി (നേപ്പാൾ, 2015)'
- ഓപ്പറേഷൻ ദേവി ശക്തി (അഫ്ഗാനിസ്ഥാൻ, 2021)

### 'മിഷൻ സാഗർ' പ്രകാരം നാവികസേന നൽകുന്ന മാനുഷിക സഹായം

- ഓപ്പറേഷൻ സമുദ്ര സേതു (2020)
- ഓപ്പറേഷൻ ഗംഗ (ഉക്രെയ്ൻ, 2022)
- ഓപ്പറേഷൻ ദോസ്ത് (തുർക്കി, സിറിയ, 2023
- ഓപ്പറേഷൻ കാവേരി (സുഡാൻ, ഏപ്രിൽ 2023)
- ഓപ്പറേഷൻ ബ്രഹ്മ (മ്യാൻമർ, 2025)
- ഓപ്പറേഷൻ സാഗർ ബന്ധു (2025)



"

**തന്ത്രപരമായ സ്വയംഭരണവും തദ്ദേശീയ ശേഷിയുമാണ് ഭീഷണികളെ നിർണ്ണായകമായി നേരിടുന്നതിനും, സ്വാശ്രയത്വത്തെ ദേശീയ ശക്തിയുടെയും അന്തസ്സിന്റെയും അടിത്തറയാക്കുന്നതിനും , 2047 ഓടെ വികസിത ഇന്ത്യയായി മാറുന്നതിനുള്ള യാത്രയുടെയും താക്കോലുകൾ.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*



# ഓപ്പറേഷൻ സിന്ദൂർ.....

### ഒൻപത് ഭീകര ക്യാമ്പുകൾ തകർത്തു.

ലഷ്കർ-ഇ-തൊയ്ബ, ജയ്ഷെ-മുഹമ്മദ്, ഹിസ്ബുൾ മുജാഹിദീൻ എന്നിവയുടെ ശക്തികേന്ദ്രങ്ങൾ ലക്ഷ്യമിട്ട്, പാകിസ്ഥാനിലും പാകിസ്ഥാൻ അധിനിവേശ ജമ്മു & കശ്മീരിലും (PoJK) സ്ഥിതി ചെയ്യുന്ന ഒമ്പത് പ്രധാന ഭീകര കേന്ദ്രങ്ങൾ ഇന്ത്യ വിജയകരമായി തകർത്തു. ഈ ഓപ്പറേഷനിൽ 100-ലധികം ഭീകരർ കൊല്ലപ്പെട്ടു.

### അതിർത്തി കടന്നുള്ള കൃത്യതയുള്ള ആക്രമണം

പഞ്ചാബ് പ്രവിശ്യയും ബഹവൽപൂരും ഉൾപ്പെടെ പാകിസ്ഥാന്റെ ഉൾപ്രദേശങ്ങളിൽ കടന്നു ചെന്ന് ആക്രമണം നടത്തി ഇന്ത്യ ആക്രമണങ്ങളുടെ നിയമങ്ങൾ പുനർനിർവചിച്ചു. ഈ പ്രദേശങ്ങൾ ഒരുകാലത്ത് യുഎസ് ഡ്രോണുകൾക്ക് പോലും പ്രവേശനമില്ലാത്തതായി കണക്കാക്കപ്പെട്ടിരുന്നു.

### ഒരു പുതിയ തന്ത്രപരമായ ചുവപ്പ് രേഖ

ഓപ്പറേഷൻ സിന്ദൂറിൽ ഒരു പുതിയ ചുവപ്പ് രേഖ വരച്ചു: ഭീകരവാദം ഒരു രാഷ്ട്ര നയമാണെങ്കിൽ, അതിന് നേരിട്ടുള്ളതും ശക്തവുമായ പ്രതികരണം നേരിടേണ്ടി വരും .

### ഇന്ത്യയുടെ വ്യോമ പ്രതിരോധ മികവിന്റെ പ്രകടനം

തദ്ദേശീയ ആകാശ് തീർ സംവിധാനം ഉൾപ്പെടെയുള്ള ഇന്ത്യയുടെ ബഹു തല വ്യോമ പ്രതിരോധ സംവിധാനം നൂറുകണക്കിന് ഡ്രോണുകളും മിസൈലുകളും വെടിവച്ചു വീഴ്ത്തി. നൂതന പ്രതിരോധ സംവിധാനങ്ങളുടെ കയറ്റുമതിയിൽ ഇന്ത്യയുടെ വളരുന്ന ശേഷിയെ ഇത് പ്രകടമാക്കി.

### പാകിസ്ഥാൻ സൈനിക താവളങ്ങളിൽ വ്യോമാക്രമണം

മെയ് 9-10 തീയതികളിൽ, ഒരു ആണവായുധ സമ്പന്ന രാജ്യത്തിന്റെ 11 വ്യോമതാവളങ്ങൾ ഒറ്റ ഓപ്പറേഷനിൽ ആക്രമിച്ച ആദ്യ രാഷ്ട്രമായി ഇന്ത്യ മാറി, അതിന്റെ ഫലമായി പാകിസ്ഥാൻ വ്യോമസേനയുടെ അടിസ്ഥാന സൗകര്യങ്ങളുടെ 20% നശിപ്പിക്കപ്പെട്ടു.

### ഇന്ത്യ ഒരു ആഗോള സന്ദേശം കൈമാറി.

സ്വന്തം ജനങ്ങളെ സംരക്ഷിക്കാൻ ആരുടെയും അനുവാദം ആവശ്യമില്ലെന്ന് ഇന്ത്യ ലോകത്തിന് കാണിച്ചുകൊടുത്തു. ഭീകരവാദികൾക്കും അവരുടെ നേതാക്കൾക്കും എവിടെയും ഒളിക്കാൻ കഴിയില്ലെന്നും പാകിസ്ഥാൻ പ്രതികാരം ചെയ്യാൻ ശ്രമിച്ചാൽ ഇന്ത്യ നിർണായകമായ ഒരു പ്രത്യാക്രമണം നടത്താൻ തയ്യാറാണെന്നും ഉള്ള സന്ദേശം ഇത് ശക്തിപ്പെടുത്തി.




### വ്യാപകമായ ആഗോള പിന്തുണ

മുൻ സംഘർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഇത്തവണ നിരവധി ആഗോള നേതാക്കൾ സംയമനം പാലിക്കാൻ അഭ്യർത്ഥിക്കുന്നതിനുപകരം ഇന്ത്യയ്ക്ക് പിന്തുണ നൽകി. ഈ മാറ്റം ഇന്ത്യയുടെ വർദ്ധിച്ച ആഗോള നിലയെയും ആധിപത്യത്തെയും പ്രതിഫലിപ്പിച്ചു.



# ആഗോളതലത്തിൽ തിളങ്ങി ഇന്ത്യ

*കഴിഞ്ഞ ഒരു പതിറ്റാണ്ടായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിന് കീഴിൽ, ഇന്ത്യയുടെ വിദേശനയം അതിന്റെ പരമ്പരാഗത അതിരുകൾക്കപ്പുറത്തേക്ക് വ്യാപിക്കുക മാത്രമല്ല, ആഗോളതലത്തിൽ രാജ്യത്തിന്റെ പങ്കിനെ പുനർനിർവചിക്കുകയും ചെയ്തിട്ടുണ്ട്. മാറിക്കൊണ്ടിരിക്കുന്ന അന്താരാഷ്ട്ര സാഹചര്യങ്ങൾക്കും ബഹുധ്രുവ ലോകക്രമത്തിനും ഉയർന്നുവരുന്ന ഭൗമരാഷ്ട്രീയ വെല്ലുവിളികൾക്കും മധ്യേ, സന്തുലിതവും സജീവവും തന്ത്രപരവുമായ ഒരു സമീപനം സ്വീകരിച്ചുകൊണ്ട് ഇന്ത്യ അതിന്റെ നയതന്ത്ര സ്വത്വം കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്. അയൽരാജ്യങ്ങളുമായുള്ള ബന്ധങ്ങൾക്ക് മുൻഗണന നല്കുന്നത് മുതൽ ആഗോള ശക്തികളുമായുള്ള പങ്കാളിത്തം ആഴത്തിലാക്കുന്നത് വരെ, ദേശീയ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം തന്നെ ആഗോള സമാധാനവും സ്ഥിരതയും സഹകരണവും പ്രോത്സാഹിപ്പിക്കുന്നതിലും ഇന്ത്യയുടെ വിദേശനയം നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്....*

## സ്വതന്ത്ര വ്യാപാര കരാറുകൾ

- ആഗോള വ്യാപാരത്തിന്റെ ഗതിയെത്തന്നെ പുനർനിർവചിച്ച ഇന്ത്യ, സ്വതന്ത്ര വ്യാപാര കരാറുകളുടെ ഒരു പുതിയ യുഗത്തിന് വഴിയൊരുക്കി.
- കഴിഞ്ഞ കുറച്ച് വർഷങ്ങളായി, ഇന്ത്യ സ്വതന്ത്ര വ്യാപാര കരാറുകളുടെ വ്യാപ്തി ഗണ്യമായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുവരെ, 38 രാജ്യങ്ങളുമായി മൊത്തം ഒമ്പത് സ്വതന്ത്ര വ്യാപാര കരാറുകളിൽ ഇന്ത്യ ഒപ്പുവെച്ചിട്ടുണ്ട്. 2021-ൽ ഒപ്പുവെച്ച ഇന്ത്യ-മൗറീഷ്യസ് കരാറോടെയാണ് ഈ നീക്കങ്ങൾക്ക് തുടക്കമായത്.

## ജി20 അധ്യക്ഷസ്ഥാനം: 'ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി' എന്ന ആശയം ഉയർത്തിപ്പിടിച്ച് ഇന്ത്യ

- 2022 ഡിസംബർ 1 മുതൽ 2023 നവംബർ 30 വരെ ഇന്ത്യ വഹിച്ച ജി20 അധ്യക്ഷസ്ഥാനം, ആഗോള നയതന്ത്ര രംഗത്തെ ഒരു നിർണ്ണായക അധ്യായത്തിന് തുടക്കം കുറിച്ചു.
- 2023 സെപ്റ്റംബർ 9, 10 തീയതികളിൽ ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന 18-ാമത് ജി20 ഉച്ചകോടിയിൽ 20 അംഗരാജ്യങ്ങളും, ക്ഷണിക്കപ്പെട്ട 9 രാജ്യങ്ങളും, 14 അന്താരാഷ്ട്ര സംഘടനകളും പങ്കെടുത്തു.
- രാജ്യത്തെ 60 നഗരങ്ങളിലായി ഇരുനൂറിലധികം യോഗങ്ങൾക്കാണ് ഇന്ത്യ ആതിഥേയത്വം വഹിച്ചത്. ഒരു ലക്ഷത്തിലധികം പ്രതിനിധികൾ ഈ യോഗങ്ങളിൽ പങ്കാളികളായി.



## വികസ്വര രാജ്യങ്ങളുടെ വിശ്വസനീയമായ ശബ്ദം

- ഗ്ലാസ്ഗോയിൽ നടന്ന കോപ്26 ഉച്ചകോടിയിലും ഷാം എൽ ഷെയ്ഖിൽ നടന്ന കോപ്27 ഉച്ചകോടിയിലും ഇന്ത്യ വികസ്വര രാജ്യങ്ങളുടെ ഏറ്റവും വിശ്വസനീയമായ ശബ്ദമായി ഉയർന്നുവന്നു.

## വാക്സിൻ മൈത്രി







- കോവിഡ്-19 മഹാമാരിയുടെ സമയത്ത്, മനുഷ്യത്വ കേന്ദ്രീകൃത നയതന്ത്രത്തിന്റെ തെളിവായി ഇന്ത്യ 'വാക്സിൻ മൈത്രി' സംരംഭം ആരംഭിച്ചു.
- 2021 ജനുവരി മുതൽ, 99 രാജ്യങ്ങൾക്കും ഐക്യരാഷ്ട്രസഭയുടെ രണ്ട് സ്ഥാപനങ്ങൾക്കുമായി 301.2 ദശലക്ഷത്തിലധികം വാക്സിൻ ഡോസുകളാണ് ഇന്ത്യ വിതരണം ചെയ്തത്.
- വേഗതയേറിയതും സമഗ്രവുമായ ഈ സഹായം, ആഗോള ആരോഗ്യ രംഗത്ത് വിശ്വസനീയ പങ്കാളിയെന്ന നിലയിലുള്ള ഇന്ത്യയുടെ സ്ഥാനം ഉറപ്പിക്കുകയും ഗ്ലോബൽ സൗത്തിൽ നിന്നുള്ള സഹാനുഭൂതിയുടെ ശബ്ദമായി രാജ്യത്തിന്റെ പ്രതിച്ഛായ ശക്തിപ്പെടുത്തുകയും ചെയ്തു.

**50**-ലധികം രാജ്യങ്ങൾക്കായി 1.51 കോടി വാക്സിൻ ഡോസുകളാണ് ഇന്ത്യ സൗജന്യമായി വിതരണം ചെയ്തത്

## അന്താരാഷ്ട്ര സൗരോർജ്ജ സഖ്യം




- 2015 നവംബർ 30-ന് പാരീസിൽ നടന്ന കോപ്21 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഫ്രാൻസ്വാ ഒലാണ്ടും ചേർന്ന് രൂപീകരിച്ച അന്താരാഷ്ട്ര സൗരോർജ്ജ സഖ്യം കാലാവസ്ഥാ വ്യതിയാനത്തിനെതിരെയുള്ള ഇന്ത്യയുടെ മുൻനിര സംരംഭമാണ്.

**120** അംഗരാജ്യങ്ങളും ഒപ്പുവെച്ച രാജ്യങ്ങളുമുള്ള അന്താരാഷ്ട്ര സൗരോർജ്ജ സഖ്യം, 2030-ഓടെ സൗരോർജ്ജ മേഖലയിൽ ഒരു ലക്ഷം കോടിയിലധികം ഡോളറിന്റെ നിക്ഷേപം സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.

- ഗുരുഗ്രാം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സഖ്യം, ഇന്ത്യയിൽ ആസ്ഥാനമുള്ള ആദ്യത്തെ അന്താരാഷ്ട്ര അന്തർ-സർക്കാർ സംഘടനയാണ്.

## ഇന്ത്യ: പ്രതിസന്ധി ഘട്ടങ്ങളിലെ വഴികാട്ടി



- 150-ലധികം രാജ്യങ്ങൾക്ക് ഇന്ത്യ മാനുഷിക സഹായവും ദുരന്തനിവാരണ സാമഗ്രികളും എത്തിച്ചുനല്കികിയിട്ടുണ്ട്.
- ദേശീയ ഏജൻസികളുമായും വിദേശ സർക്കാരുകളുമായുള്ള ഏകോപനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 2021 ജൂലൈയിൽ വിദേശകാര്യ മന്ത്രാലയം ഒരു ദ്രുത പ്രതികരണ സെൽ രൂപീകരിച്ചു.

## അയൽരാജ്യങ്ങൾക്ക് മുൻഗണന

- അയൽരാജ്യങ്ങളുമായുള്ള പ്രാദേശിക ബന്ധങ്ങൾക്ക് ശക്തവും ദീർഘവീക്ഷണത്തോടെയുള്ളതുമായ ഒരു സമീപനം നല്കാൻ ഇന്ത്യയുടെ 'അയൽപക്കം ആദ്യം' നയത്തിന് സാധിച്ചിട്ടുണ്ട്.
- ഭൂട്ടാൻ, നേപ്പാൾ, ശ്രീലങ്ക, മാലദ്വീപ്, മ്യാൻമർ, ബംഗ്ലാദേശ്, അഫ്ഗാനിസ്ഥാൻ തുടങ്ങിയ അയൽരാജ്യങ്ങളുമായുള്ള ആഴത്തിലുള്ള ഭൗതിക, ഡിജിറ്റൽ, സാംസ്കാരിക ബന്ധങ്ങൾ വികസിപ്പിക്കുന്നതിനാണ് ഈ നയം മുൻഗണന നല്കുന്നത്.

## പുതിയ എംബസികളും കോൺസുലേറ്റുകളും




**40** 2014-നും 2025-നും ഇടയിൽ ഇന്ത്യ ലോകമെമ്പാടും 40-ലധികം പുതിയ എംബസികളും കോൺസുലേറ്റുകളും തുറന്നു.

ഇപ്പോൾ ഇവയുടെ ആകെ എണ്ണം **220**-ൽ എത്തിനിൽക്കുന്നു. ഈ നയതന്ത്ര വിപുലീകരണം ഇന്ത്യയുടെ ആഗോള സാന്നിധ്യവും സ്വാധീനവും കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

## വിദേശ തൊഴിലവസരങ്ങൾ

- കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ സൗദി അറേബ്യ, ഫ്രാൻസ്, യുഎഇ, ജപ്പാൻ, യുകെ, ഓസ്ട്രേലിയ, ജർമ്മനി ഉൾപ്പെടെ പതിനെട്ടിലധികം രാജ്യങ്ങളുമായി ഇന്ത്യ തൊഴിൽ-കുടിയേറ്റ പങ്കാളിത്ത കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. ഇത് ഇന്ത്യൻ പൗരന്മാർക്ക് വിദേശത്ത് കൂടുതൽ തൊഴിലവസരങ്ങൾ തുറന്നുനല്കാൻ വഴിയൊരുക്കി.





## ദുരിതാശ്വാസ, രക്ഷാദൗത്യങ്ങൾ

- കഴിഞ്ഞ 10-12 വർഷമായി ഇന്ത്യയുടെ വിദേശനയം നയതന്ത്രത്തിലും ചർച്ചകളിലും മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല. മറിച്ച്, വിദേശത്തുള്ള ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്ക് എപ്പോഴൊക്കെ ഭീഷണിയുണ്ടാകുന്നുവോ, അപ്പോഴൊക്കെ നിർണ്ണായകമായ നടപടികൾ സ്വീകരിക്കുന്നതിലും അത് ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുണ്ട്. "രാഷ്ട്രം ആദ്യം" എന്ന നയത്തിന്റെ പ്രധാന ഉദാഹരണങ്ങളായി ദുരിതാശ്വാസ, രക്ഷാദൗത്യങ്ങൾ ഉയർന്നുവന്നു. മഹാമാരിയോ, യുദ്ധപ്രതിസന്ധികളോ, രാഷ്ട്രീയ പ്രക്ഷോഭമോ, പ്രകൃതിദുരന്തങ്ങളോ എന്തുമാകട്ടെ, ഇന്ത്യ തന്റെ പൗരന്മാരെ സുരക്ഷിതമായും വേഗത്തിലും മാതൃരാജ്യത്തേക്ക് തിരികെയെത്തിച്ചിട്ടുണ്ട്.

## പ്രധാന രക്ഷാദൗത്യങ്ങൾ



- വന്ദേ ഭാരത് മിഷൻ, ഓപ്പറേഷൻ ദേവി ശക്തി, ഓപ്പറേഷൻ ഗംഗ, ഓപ്പറേഷൻ കാവേരി, ഓപ്പറേഷൻ അജയ്, ഓപ്പറേഷൻ ഇന്ദ്രാവതി എന്നിവയുൾപ്പെടെ നിരവധി ദൗത്യങ്ങൾ ഇന്ത്യ ഗവണ്മെന്റിന്റെ ശക്തമായ മേൽനോട്ടത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

## ഉന്നത സിവിലിയൻ ബഹുമതികളിലൂടെ ഇന്ത്യയുടെ അന്തസ്സ് വർദ്ധിക്കുന്നു



- 2026 ഏപ്രിൽ വരെയുള്ള കണക്കുകൾ പ്രകാരം, പ്രധാനമന്ത്രി നരേന്ദ്ര മോദിയെ 29-ലധികം രാജ്യങ്ങൾ അവരുടെ ഏറ്റവും ഉയർന്ന സിവിലിയൻ ബഹുമതികൾ നല്കി ആദരിച്ചിട്ടുണ്ട്. ചരിത്രത്തിൽ ഏറ്റവും കൂടുതൽ അന്താരാഷ്ട്ര പുരസ്കാരങ്ങൾ ഏറ്റുവാങ്ങിയ ഇന്ത്യൻ നേതാവായി ഇതോടെ അദ്ദേഹം മാറി.

## ഭീകരവാദത്തിനെതിരെയുള്ള കർശന നിലപാട്



- ഭീകരാക്രമണങ്ങൾക്ക് ശക്തമായ മറുപടി: ഇന്ത്യയ്ക്ക് നേരെയുണ്ടാകുന്ന ഏതൊരു ഭീകരാക്രമണത്തിനും അതിന് പിന്നിൽ പ്രവർത്തിച്ചവർ എവിടെ ഇരുന്ന് പ്രവർത്തിക്കുന്നവരായാലും ഉചിതവും നിർണ്ണായകവുമായ മറുപടി നല്കും.
- ആണവ ബ്ലാക്ക്മെയിലിംഗിനോട് യാതൊരു സഹിഷ്ണുതയും ഇല്ല: ആണവായുധ ഭീഷണികൾക്ക് മുന്നിൽ ഇന്ത്യ വഴങ്ങില്ല, കൂടാതെ ഭീകരരുടെ ഒളിത്താവളങ്ങൾക്ക് നേരെ കൃത്യമായ ലക്ഷ്യത്തോടെയുള്ള ആക്രമണങ്ങൾ തുടരുകയും ചെയ്യും.
- ഭീകരവാദ ഘടകങ്ങൾക്കിടയിൽ വേർതിരിവില്ല: ഭീകരാക്രമണങ്ങളുടെ സൂത്രധാരന്മാരായാലും അവരെ സാമ്പത്തികമായി സഹായിക്കുന്നവരായാലും യാതൊരു വേർതിരിവും കാണിക്കാതെ, ഇരുവിഭാഗത്തെയും ഒരുപോലെ ഉത്തരവാദികളാക്കും.
- ചർച്ചകളിൽ പ്രഥമ പരിഗണന ഭീകരവാദവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് : പാകിസ്ഥാനുമായി ഏതെങ്കിലും തരത്തിലുള്ള ചർച്ചകൾ നടക്കുകയാണെങ്കിൽ, അത് ഭീകരവാദം അല്ലെങ്കിൽ പാക് അധിനിവേശ കശ്മീർ എന്ന വിഷയത്തിൽ മാത്രമായിരിക്കും കേന്ദ്രീകരിക്കുക. പരമാധികാരത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ല: 'ഭീകരവാദവും ചർച്ചകളും ഒരുമിച്ച് മുന്നോട്ട് കൊണ്ടുപോകാനാകില്ല; ഭീകരവാദവും വ്യാപാരവും ഒരുമിച്ച് നിലനിൽക്കില്ല; വെള്ളവും ചോരയും ഒരുമിച്ച് ഒഴുകുകയുമില്ല.' ഭീകരവാദ ഭീഷണികളുടെ പശ്ചാത്തലത്തിൽ, ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധങ്ങൾ നിലച്ചിരിക്കുകയാണ്.



# ഭീകരവാദത്തോട് സഹിഷ്ണുതയില്ലാത്ത നിലപാട്

*'നല്ല ഭീകരവാദം' എന്നോ 'മോശം ഭീകരവാദം' എന്നോ ഉള്ള വേർതിരിവുകളില്ലെന്ന് ഇന്ത്യ ദൃഢമായി വിശ്വസിക്കുന്നു. ഭീകരവാദം എന്നത് മാനവികതയ്ക്കും സ്വാതന്ത്ര്യത്തിനും സംസ്കാരത്തിനും നേരെ നടക്കുന്ന കടന്നാക്രമണമാണ്. അതുകൊണ്ടുതന്നെ, ഭീകരവാദത്തോട് ഒട്ടും സഹിഷ്ണുത കാട്ടേണ്ടതില്ല എന്ന നയത്തിൽ കേന്ദ്ര ഗവൺമെന്റ് ഉറച്ചുനിൽക്കുന്നു. ഉറി സർജിക്കൽ സ്ട്രൈക്കുകളിലൂടെയും, ബാലാകോട്ട് വ്യോമാക്രമണത്തിലൂടെയും, ഓപ്പറേഷൻ സിന്ദൂറിലൂടെയും ലോകം ഈ പ്രതിബദ്ധത നേരിട്ട് കണ്ടതാണ്. കൃത്യവും ശക്തവും നിർണ്ണായകവുമായ പ്രഹരങ്ങൾ ഏൽപ്പിച്ചുകൊണ്ട് ലോകത്തിന് വ്യക്തമായ ഒരു സന്ദേശമാണ് രാജ്യം നല്കിയത്: ഇന്ത്യ യുദ്ധം ആഗ്രഹിക്കുന്നില്ല, എന്നാൽ ഭീകരവാദം ഒരു കാരണവശാലും വെച്ചുപൊറുപ്പിക്കുകയുമില്ല.*

## ഓപ്പറേഷൻ സിന്ദൂർ

- 2025 ഏപ്രിലിൽ പഹൽഗാമിൽ സാധാരണക്കാർക്ക് നേരെ നടന്ന ക്രൂരമായ ഭീകരാക്രമണത്തെത്തുടർന്ന് ഇന്ത്യ ഓപ്പറേഷൻ സിന്ദൂർ ആരംഭിച്ചു.
- പാകിസ്ഥാനിലും പാക് അധിനിവേശ ജമ്മു കശ്മീരിലുമായി സ്ഥിതി ചെയ്യുന്ന ഒൻപത് ഭീകര ക്യാമ്പുകൾക്ക് നേരെ കൃത്യമായ തിരിച്ചടി നടത്തി.
- അന്താരാഷ്ട്ര അതിർത്തികൾ മറികടക്കാതെ തന്നെ ഭീഷണികളെ ഇല്ലാതാക്കാൻ ഇന്ത്യൻ സൈന്യം ഡ്രോൺ ആക്രമണങ്ങൾ, പീരങ്കി ആക്രമണങ്ങൾ, ബഹുതല വ്യോമ പ്രതിരോധ സംവിധാനങ്ങൾ എന്നിവ ഉപയോഗിച്ചു.
- ഇന്ത്യൻ കരസേന, വ്യോമസേന, നാവികസേന എന്നിവ തമ്മിലുള്ള ഏകോപനത്തിന്റെ മാതൃകാപരമായ പ്രകടനമായി ഈ ദൗത്യം നിലകൊള്ളുന്നു.
- പാകിസ്ഥാനിലെ ഭീകരവാദ അടിസ്ഥാന സൗകര്യങ്ങൾക്ക് നേരെ ഇന്ത്യൻ വ്യോമസേന കൃത്യമായ ആക്രമണങ്ങൾ നടത്തി. നൂർ ഖാൻ വ്യോമത്താവളം, റഹീം യാർ ഖാൻ വ്യോമത്താവളം തുടങ്ങിയ പ്രധാന ലക്ഷ്യങ്ങളെ കേന്ദ്രീകരിച്ചാണ് വ്യോമാക്രമണങ്ങൾ നടത്തിയത്.
- മിഗ്-29കെ യുദ്ധവിമാനങ്ങളും ശത്രുക്കളുടെ നീക്കങ്ങൾ മുൻകൂട്ടി കണ്ടെത്താൻ ശേഷിയുള്ള നിരീക്ഷണ ഹെലികോപ്റ്ററുകളും സജ്ജീകരിച്ച കാരിയർ ബാറ്റിൽ ഗ്രൂപ്പിനെ നാവികസേന വിന്യസിച്ചു.
- തന്ത്രപരമായ വിജയത്തോടൊപ്പം കര, വ്യോമ, സമുദ്ര മേഖലകളിൽ ഒരേസമയം ഏകോപിതമായി സൈനിക നടപടികൾ നടത്താനുള്ള ഇന്ത്യയുടെ ശേഷി പ്രകടമാക്കുന്ന ശക്തമായ ഒരു നയതന്ത്ര സന്ദേശം ഈ ദൗത്യം നല്കി.
- ജാക്കോബാബാദിലെ ഷഹ്ബാസ് വ്യോമത്താവളത്തിന് നേരെ നടന്ന ആക്രമണത്തിന് മുൻപും ശേഷവും പകർത്തിയ ഉപഗ്രഹ ചിത്രങ്ങൾ നാശത്തിന്റെ വ്യാപ്തി വ്യക്തമായി കാണിക്കുന്നുണ്ട്.
- എഫ്-16, ജെഎഫ്-17 യുദ്ധവിമാനങ്ങൾ വിന്യസിച്ചിരുന്ന സർഗോദ, ഭോലാരി തുടങ്ങിയ പ്രധാന വെടിമരുന്ന് ഡിപ്പോകളേയും വ്യോമത്താവളങ്ങളേയും ലക്ഷ്യമിട്ടാണ് ആക്രമണം നടത്തിയത്. തൽഫലമായി, പാകിസ്ഥാൻ വ്യോമസേനയുടെ അടിസ്ഥാന സൗകര്യങ്ങളുടെ ഏകദേശം 20 ശതമാനത്തോളം തകർക്കപ്പെട്ടു.
- ഭോലാരി വ്യോമത്താവളത്തിൽ നടന്ന ബോംബാക്രമണത്തിൽ സ്ക്വാഡ്രൺ ലീഡർ ഉസ്മാൻ യൂസഫും നാല് വ്യോമസേനാംഗങ്ങളും ഉൾപ്പെടെ 50-ലധികം പേർ കൊല്ലപ്പെട്ടു. നിരവധി പാകിസ്ഥാൻ യുദ്ധവിമാനങ്ങളും നശിപ്പിക്കപ്പെട്ടു.
- ഓപ്പറേഷൻ സിന്ദൂർ ഒരു പുതിയ ലക്ഷ്മണരേഖ വരച്ചിരിക്കുന്നു: ഭീകരവാദം ഒരു രാജ്യത്തിന്റെ നയമാണെങ്കിൽ, അതിന് വ്യക്തവും ശക്തവുമായ മറുപടി ലഭിക്കും.

**വെറും മൂന്ന് മണിക്കൂറിനുള്ളിൽ നൂർ ഖാൻ, റഫീഖി, മുരീദ്, സുക്കൂർ, സിയാൽകോട്ട്, പസ്രൂർ, ചുനിയൻ, സർഗോദ, സ്കർദു, ഭോലാരി, ജാക്കോബാബാദ് എന്നിവയുൾപ്പെടെ 11 സൈനിക താവളങ്ങളെയാണ് ഇന്ത്യ ലക്ഷ്യമിട്ടത്**



## ഭീകരവാദത്തിനെതിരെ ഇന്ത്യയും ഫ്രാൻസും കൈകോർക്കുന്നു

- ഭീകരവാദത്തിനായുള്ള ധനസഹായം തടയുന്നതിന് എഫ്.എ.ടി.എഫ് മാനദണ്ഡങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നല്കി.
- ഭീകരവാദ വിരുദ്ധ പ്രവർത്തനങ്ങളിൽ ഇന്ത്യയുടെ നേതൃപാടവം ലോകത്തിന് മുന്നിൽ പ്രദർശിപ്പിച്ചുകൊണ്ട് മിലിപോൾ 2025-ന് ന്യൂഡൽഹി വേദിയായി.
- 2024 ഏപ്രിലിൽ ഇന്ത്യ-ഫ്രാൻസ് ഭീകരവാദ വിരുദ്ധ ചർച്ച നടന്നു.





## ഭീകരവാദത്തിനെതിരെ ഇന്ത്യ-യുഎസ് സംയുക്ത മുന്നണി

- ഭീകരവാദ ശൃംഖലകളെ തകർക്കാൻ ഇന്ത്യയും അമേരിക്കയും ശക്തമായ ഐക്യദാർഢ്യം പ്രഖ്യാപിച്ചു.
- അൽ-ഖയ്ദ, ഐ.എസ്.ഐ.എസ്, ജെയ്ഷെ മുഹമ്മദ്, ലഷ്കറെ തൊയ്ബ തുടങ്ങിയ ഭീകര സംഘടനകൾക്കെതിരെ സംയുക്ത നടപടി.
- മുംബൈ ഭീകരാക്രമണം (26/11), ആബി ഗേറ്റ് ആക്രമണം എന്നിവയ്ക്ക് പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ ശക്തമായ നടപടി.
- 26/11 മുംബൈ ഭീകരാക്രമണത്തിന്റെ സൂത്രധാരൻ തഹാവൂർ റാണയെ അമേരിക്ക ഇന്ത്യക്ക് കൈമാറി.
- 26/11 മുംബൈ ആക്രമണം, പത്താൻകോട്ട് ആക്രമണം എന്നിവയ്ക്ക് പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ കർശന നടപടിയെടുക്കാൻ പാകിസ്ഥാനോട് ആവശ്യപ്പെട്ടു.

## ഭീകരവാദ ധന സഹായത്തിനെതിരായ ആഗോള പ്രചാരണം

- 2022-ൽ 'ഭീകരവാദത്തിന് പണമില്ല' എന്ന പ്രമേയത്തിലുള്ള അന്താരാഷ്ട്ര സമ്മേളനത്തിന് ഇന്ത്യ ആതിഥേയത്വം വഹിച്ചു.
- ആഗോളതലത്തിൽ ക്രിപ്റ്റോ കറൻസി ഇടപാടുകൾക്ക് കൃത്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇന്ത്യ പറയുന്നു.



## സർജിക്കൽ സ്ട്രൈക്കുകളും ബാലാകോട്ട് വ്യോമാക്രമണങ്ങളും

- 2016 സെപ്റ്റംബർ 28, 29 തീയതികളിൽ, 18 ഇന്ത്യൻ സൈനികരുടെ ജീവൻ അപഹരിച്ച ഉറി ഭീകരാക്രമണത്തിന് മറുപടിയായി ഇന്ത്യ സർജിക്കൽ സ്ട്രൈക്കുകൾ നടത്തി.
- നിയന്ത്രണ രേഖയ്ക്ക് (എൽഒസി) അപ്പുറത്തുള്ള ഭീകരർക്കും അവരുടെ സംരക്ഷകർക്കും ഈ സ്ട്രൈക്കുകൾ കനത്ത നാശനഷ്ടങ്ങൾ വരുത്തിവെച്ചു.
- 2019 ഫെബ്രുവരി 14-ലെ പുൽവാമ ഭീകരാക്രമണത്തിന് പിന്നാലെ ഇന്ത്യ അതിവേഗ നടപടി സ്വീകരിച്ചു. 2019 ഫെബ്രുവരി 26-ന് ബാലാകോട്ടിൽ നടത്തിയ വ്യോമാക്രമണത്തിൽ ജെയ്ഷെ മുഹമ്മദിന്റെ മുതിർന്ന കമാൻഡർമാർ ഉൾപ്പെടെ നിരവധി ഭീകരർ കൊല്ലപ്പെട്ടു.
- ഭീകരവാദത്തിലൂടെയുള്ള ഇത്തരം നിഴൽ യുദ്ധങ്ങൾ ഇന്ത്യ ഇനി വെച്ചുപൊറുപ്പിക്കില്ലെന്ന് ഈ മുൻകരുതൽ നടപടികൾ ലോകത്തിന് കാണിച്ചുകൊടുത്തു.




## മസൂദ് അസ്ഹറിനെ ആഗോള ഭീകരനായി പ്രഖ്യാപിച്ചു

- ഐക്യരാഷ്ട്രസഭ സുരക്ഷാ സമിതി മസൂദ് അസ്ഹറിനെ ആഗോള ഭീകരരുടെ പട്ടികയിൽ ഉൾപ്പെടുത്തി.
- ഇത് 2019-ലെ ഇന്ത്യയുടെ ഏറ്റവും വലിയ നയതന്ത്ര വിജയമായി മാറി.

## പുതിയതും സുരക്ഷിതവുമായ ഇന്ത്യയിലേക്ക്...

- 2010-നും 2024-നും ഇടയിൽ ഭീകരവാദം മൂലം ഉണ്ടാകുന്ന മരണങ്ങളിൽ 85 ശതമാനം കുറവ് രേഖപ്പെടുത്തി .
- 2019-ന് ശേഷം ജമ്മു കശ്മീരിലെ ഭീകരവാദവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ 70 ശതമാനം കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.





## ഭീകരവാദത്തോട് സഹിഷ്ണുതയില്ലാത്ത നിലപാട്


- 2019 ഓഗസ്റ്റ് 2-ലെ എൻ.ഐ.എ നിയമ ഭേദഗതിയിലൂടെ പുതിയ കുറ്റകൃത്യങ്ങൾ നിയമത്തിന് കീഴിൽ കൊണ്ടുവരികയും, വിദേശത്തുപോയി അന്വേഷണം നടത്താനുള്ള അധികാരം എൻ.ഐ.എയ്ക്ക് നല്കുകയും ചെയ്തു.
- യു.എ.പി.എ നിയമ ഭേദഗതിയിലൂടെ ഭീകരരുടെ സ്വത്തുക്കൾ കണ്ടുകെട്ടാനും വ്യക്തികളെ ഭീകരരായി പ്രഖ്യാപിക്കാനുമുള്ള അധികാരം നല്കി.
- നിലവിലെ കേന്ദ്ര സർക്കാർ ഭീകരവാദത്തിന് ചരിത്രത്തിലാദ്യമായി നിയമപരമായ ഒരു നിർവ്വചനം നല്കി.

## ശക്തമായ നയങ്ങളിലൂടെ സുരക്ഷിത ഇന്ത്യ

- കഴിഞ്ഞ 10 വർഷത്തിനിടെ ഭീകരാക്രമണ സംഭവങ്ങളിൽ 70 ശതമാനം കുറവ് രേഖപ്പെടുത്തി.
- യു.എ.പി.എ കേസുകളിൽ എൻ.ഐ.എ 95 ശതമാനം ശിക്ഷാനിരക്ക് ഉറപ്പാക്കുന്നു-ഇത് രാജ്യത്തിന്റെ ശക്തമായ ഭീകരവിരുദ്ധ നയത്തിന്റെ തെളിവാണ്.

**പതിനഞ്ചിലധികം സംഘടനകളെ ഭീകര സംഘടനകളുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും നിരോധിക്കുകയും ചെയ്തു**

## ഭീകരാക്രമണ സംഭവങ്ങൾ






> "ചില രാജ്യങ്ങൾ അവരുടെ വിദേശനയത്തിന്റെ ഭാഗമായി ഭീകരവാദത്തെ പിന്തുണയ്ക്കുന്നുണ്ട്. അത്തരം രാജ്യങ്ങളെ അന്താരാഷ്ട്ര തലത്തിൽ ഒറ്റപ്പെടുത്തണം. ഈ കാര്യത്തിൽ യാതൊരുവിധ വിട്ടുവീഴ്ചകൾക്കും സ്ഥാനമില്ല.
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*



# നക്സൽ മുക്ത ഇന്ത്യ: നവ ഇന്ത്യയുടെ പുതിയ കഥ

*ഇന്ത്യ നക്സലിസത്തിൽ നിന്നും മാവോയിസ്റ്റ് ഭീകരതയിൽ നിന്നും പൂർണ്ണമായി മോചിതമായിരിക്കുന്നു. ദേശീയ സുരക്ഷയുടെ കാര്യത്തിൽ കഴിഞ്ഞ 12 വർഷത്തിനിടെ ഇന്ത്യ കൈവരിച്ച ഏറ്റവും സുപ്രധാനമായ നേട്ടങ്ങളിലൊന്നാണിത്. ബോംബുകൾക്കും തോക്കുകൾക്കും പിസ്റ്റളുകൾക്കും മേൽ രാജ്യത്തിന്റെ ഭരണഘടന വിജയം വരിച്ചിരിക്കുന്നു. ഒരുകാലത്ത് 'ചുവന്ന ഇടനാഴികൾ' എന്നറിയപ്പെട്ടിരുന്ന പ്രദേശങ്ങൾ ഇന്ന് 'ഹരിത വികസന മേഖലകൾ' ആയി ദൃശ്യപരമായി മാറിക്കൊണ്ടിരിക്കുകയാണ്. പതിറ്റാണ്ടുകളായി നിലനിൽക്കുന്ന ഈ പ്രശ്നം ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ തുടച്ചുനീക്കുമെന്ന ദൃഢനിശ്ചയം-നക്സൽ മുക്ത ഇന്ത്യയ്ക്കായുള്ള പ്രതിജ്ഞ-2026 മാർച്ച് 31-ഓടെ 'പോരാട്ടത്തിലൂടെ നേടിയെടുത്ത വിജയം' എന്ന ചരിത്രപരമായ ഒരു അധ്യായം എഴുതിച്ചേർത്തു.*

## നക്സൽ ബാധിത പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങൾ

നക്സലിസം ബാധിച്ച പ്രദേശങ്ങളിൽ 2014 മുതലുണ്ടായ മാറ്റങ്ങൾ:

**17,589** കിലോമീറ്റർ റോഡുകളുടെ നിർമ്മാണത്തിന് അനുമതി നല്കി.

ഇതിൽ **12,000** കിലോമീറ്റർ റോഡുകളുടെ നിർമ്മാണം ഇതിനകം പൂർത്തിയായി.

6,000 കോടി രൂപ ചെലവിൽ ഏകദേശം **5,000** മൊബൈൽ ടവറുകൾ സ്ഥാപിച്ചു.

**6,025** പോസ്റ്റ് ഓഫീസുകൾ പുതുതായി ആരംഭിച്ചു

കൂടാതെ, **8,000** 4G ടവറുകൾ കൂടി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കഴിഞ്ഞ 12 വർഷത്തിനിടെ ബാങ്കുകൾ **1,804** ശാഖകൾ തുറക്കുകയും **1,321** എടിഎമ്മുകൾ സ്ഥാപിക്കുകയും ചെയ്തു.





### 2024-ഓടെ നിരവധി സംസ്ഥാനങ്ങളിൽ നിന്ന് നക്സലിസം തുടച്ചുനീക്കി

- ഒഡീഷയും ബിഹാറും 2024-ന് മുൻപ് തന്നെ നക്സൽ മുക്തമായിക്കഴിഞ്ഞിരുന്നു.
- മഹാരാഷ്ട്രയിൽ ഒരു താലൂക്ക് ഒഴികെ മറ്റെല്ലാ പ്രദേശങ്ങളും 2024-ന് മുൻപ് നക്സൽ മുക്തമായി.
- ജാർഖണ്ഡിൽ ഒരു ജില്ല ഒഴികെ ബാക്കി എല്ലാ പ്രദേശങ്ങളും 2024-ന് മുൻപ് നക്സലിസത്തിൽ നിന്ന് മുക്തമായി.
- 2024 ഓഗസ്റ്റ് 24-ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, 2026 മാർച്ച് 31-ഓടെ രാജ്യത്തുനിന്ന് നക്സലിസം പൂർണ്ണമായും തുടച്ചുനീക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു.



> **ഇടതുപക്ഷ തീവ്രവാദികളും അവരെ പിന്തുണയ്ക്കുന്നവരും നിരപരാധികളായ ഗോത്രവർഗ്ഗക്കാർക്ക് മുന്നിൽ ഒരു വ്യാജ വാദം ഉന്നയിച്ചു. അതായത്, അവർ ഗോത്രവർഗ്ഗക്കാരുടെ അവകാശങ്ങൾക്കും നീതിക്കും വേണ്ടിയാണ് പോരാടുന്നതെന്നാണ് അവകാശപ്പെട്ടിരുന്നത്.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*









#### നക്സലിസം ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ

കഴിഞ്ഞ 11 വർഷത്തിനിടെ, അത്യാധുനിക സുരക്ഷാ സൗകര്യങ്ങളോടുകൂടിയ **596** പോലീസ് സ്റ്റേഷനുകൾ നിർമ്മിച്ചു.

നക്സൽ ബാധ കൂടുതൽ രൂക്ഷമായിരുന്ന ജില്ലകളുടെ എണ്ണം



## ഗവൺമെൻറ് നയങ്ങളുടെ സ്വാധീനം

- നക്സലൈറ്റുകളിൽ നിന്ന് പിടിച്ചെടുത്ത ആയുധങ്ങളിൽ **92** ശതമാനവും പോലീസുകാരുടെ പക്കൽ നിന്ന് കൊള്ളയടിച്ച വയായിരുന്നു.
- നക്സലൈറ്റ് ജനറൽ സെക്രട്ടറി ബസവരാജുവിനെ വധിച്ചു
- **27** പേരുടെ കൊലപാതകത്തിന് ഉത്തരവാദിയായ ഹിഡ്മയെ വധിച്ചു.
- **11** വർഷമായി സജീവമായിരുന്ന ഗജുരെല്ല രവിയെ വധിച്ചു.
- **46** വർഷമായി സജീവമായിരുന്ന സത്യനാരായണ റെഡ്ഡിയെ വധിച്ചു.
- **44** വർഷമായി സജീവമായിരുന്ന ഗണേഷ് ഉയ്കെയെ വധിച്ചു.
- **46** വർഷമായി സജീവമായിരുന്ന വേണുഗോപാലും പല്ലൂരി പ്രസാദ് റാവു ചന്ദനയും കീഴടങ്ങി.
- **36** വർഷമായി സജീവമായിരുന്ന വാസുദേവും രാംദേവ് മാഞ്ചി ദേബുവും കീഴടങ്ങി.
- **44** വർഷമായി സജീവമായിരുന്ന തിപ്രി തിരുപ്പതിയും കീഴടങ്ങിയിട്ടുണ്ട്.
- ശേഷിച്ച എല്ലാ മുതിർന്ന സായുധ മാവോയിസ്റ്റ് നേതാക്കളേയും വധിച്ചു.

**നക്സൽബാരി**

നക്സൽബാരിയിൽ ആരംഭിച്ച ഈ പ്രസ്ഥാനം 12 സംസ്ഥാനങ്ങളിലേക്ക് വ്യാപിച്ചിരുന്നു.

ഇത് ബാധിച്ചിരുന്നത് രാജ്യത്തെ **17%** ഭൂപ്രദേശത്തെയും **10** ശതമാനത്തിലധികം ജനസംഖ്യയേയും

## നക്സൽ വിരുദ്ധ സൈനിക ഓപ്പറേഷനുകൾ



**ഓപ്പറേഷൻ ഒക്ടോപസ്:**

2022-ൽ ബീഹാറിലെ ബുദ്ധ പഹാഡ് മേഖലയിൽ നടത്തി.

**ഓപ്പറേഷൻ ഡബിൾ ബുൾ:**

2022 ഫെബ്രുവരിയിൽ ജാർഖണ്ഡിലെ ഗുല, ലോഹർദാഗ, ലത്തേഹാർ ജില്ലകളിൽ നടത്തി. ഈ മൂന്ന് ജില്ലകളും ഇപ്പോൾ നക്സലിസത്തിൽ നിന്ന് പൂർണ്ണമായും മുക്തമായി.

**ഓപ്പറേഷൻ തണ്ടർസ്റ്റോം:**

2022 സെപ്റ്റംബറിൽ ജാർഖണ്ഡിലെ സെരായ്കേല, പശ്ചിമ സിങ്ഭൂം, ഖുന്തി ജില്ലകളിൽ നടത്തി.

**ഓപ്പറേഷൻ ഭീംബർഗ്:**

2022 ജൂൺ-ജൂലൈ മാസങ്ങളിൽ മുൻഗീറിൽ നടത്തി.

**ഓപ്പറേഷൻ ചക്രബന്ധ:**

2022-ൽ ബിഹാറിലെ ഗയ, ഔറംഗാബാദ് ജില്ലകളിൽ നടത്തി.

**ഓപ്പറേഷൻ ബ്ലാക്ക് ഫോറസ്റ്റ്:**

2025-ൽ തെലങ്കാന-ഛത്തീസ്ഗഢ് അതിർത്തിയിൽ 50 കിലോമീറ്റർ നീളത്തിലും 37 കിലോമീറ്റർ വീതിയിലുമുള്ള മലനിരകളിൽ നടത്തി.

## പ്രത്യേക കോടതികളുടേയും അന്വേഷണ ഏജൻസികളുടേയും രൂപീകരണം

- എൻ.ഐ.എ-യെ ഗണ്യമായി ശക്തിപ്പെടുത്തുകയും ഇടതുപക്ഷ തീവ്രവാദം ബാധിച്ച സംസ്ഥാനങ്ങളിൽ സംസ്ഥാന അന്വേഷണ ഏജൻസികൾ സ്ഥാപിക്കുകയും ചെയ്തു.
- ഛത്തീസ്ഗഡിൽ നാല് പ്രത്യേക എൽ.ഡബ്ല്യു.ഇ കോടതികൾ പ്രവർത്തനക്ഷമമാക്കി, മറ്റ് സംസ്ഥാനങ്ങളിലും ഇത്തരം പ്രത്യേക കോടതികൾ സ്ഥാപിച്ചു.

## നക്സൽ സാമ്പത്തിക സ്രോതസ്സുകൾ തടയൽ

ദേശീയ അന്വേഷണ ഏജൻസിയെ (എൻ.ഐ.എ) സജീവമായി പങ്കാളികളാക്കിക്കൊണ്ട് നക്സലൈറ്റുകളുടെ സാമ്പത്തിക സ്രോതസ്സുകൾ തടയാൻ ശക്തമായ തന്ത്രം സ്വീകരിച്ചു. ഇത് അവരുടെ സാമ്പത്തിക സ്രോതസ്സുകകൾ പൂർണ്ണമായും തകരുന്നതിന് കാരണമായി.



## പോലീസ് സേനകളുടെ ആധുനികവൽക്കരണം

- 'പോലീസ് സേനയുടെ ആധുനികവൽക്കരണം' പദ്ധതിക്ക് കീഴിൽ സംസ്ഥാന പോലീസ് സേനകളെ ആധുനികവത്കരിക്കാനും സജ്ജമാക്കാനുമുള്ള ശ്രമങ്ങൾക്ക് പിന്തുണ നല്കി.
- ഈ പദ്ധതി പ്രകാരം ആയുധങ്ങൾ, ഐടി ഉപകരണങ്ങൾ, ആശയവിനിമയ സംവിധാനങ്ങൾ, പരിശീലനം, പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം, വാഹനങ്ങൾ, പോലീസ് ക്വാർട്ടേഴ്സുകൾ, മറ്റ് പോലീസ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കായി കേന്ദ്രഗവൺമെൻറ് സംസ്ഥാനഗവൺമെന്റുകളെ സഹായിച്ചു.
- പ്രത്യേക അടിസ്ഥാന സൗകര്യ പദ്ധതി പ്രകാരം, ഇടതുപക്ഷ തീവ്രവാദം ബാധിച്ച സംസ്ഥാനങ്ങളിലെ പ്രത്യേക സേനകൾ, സംസ്ഥാന ഇന്റലിജൻസ് വിംഗുകൾ, ജില്ലാ പോലീസ്, അത്യാധുനിക സുരക്ഷാ സൗകര്യങ്ങളോടുകൂടിയ പോലീസ് സ്റ്റേഷനുകളുടെ നിർമ്മാണം തുടങ്ങിയവയ്ക്കായി 1,761 കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നല്കി.





കവർ സ്റ്റോറി
12 വർഷങ്ങൾ
വികസനയാത്ര

# വികസനവും പൈതൃകവും സമന്വയിപ്പിക്കുന്നു

## ശക്തവും സമൃദ്ധവും സുരക്ഷിതവുമായ ഇന്ത്യ

*ദേശീയ ഐക്യത്തിന്റെ കാര്യത്തിലായാലും പൗരധർമ്മബോധത്തിന്റെ കാര്യത്തിലായാലും നമ്മുടെ സാംസ്കാരിക പൈതൃകം എപ്പോഴും ഒരു സുപ്രധാന കണ്ണിയായി വർത്തിക്കുന്നു. രാജ്യത്തെ മാത്രമല്ല, ലോകത്തെ മുഴുവൻ ഇന്ത്യയുമായി ബന്ധിപ്പിക്കുന്നത് ഈ ശക്തമായ ബന്ധമാണ്. ഈ ധാർമ്മികതയാൽ നയിക്കപ്പെടുന്നതും സാംസ്കാരിക പൈതൃകത്തിൽ അഭിമാനിക്കുന്നതുമായ ഇന്ത്യ വികസനത്തേയും പൈതൃകത്തേയും ഒരേപോലെ സമന്വയിപ്പിച്ചാണ് കഴിഞ്ഞ 12 വർഷമായി ഒരു സുവർണ്ണ ഭാവിക്ക് അടിത്തറയിട്ടത്. ഇതിലൂടെ രാജ്യത്തിന്റെ മഹിമയുറ്റ ചരിത്രത്തിലേക്ക് പുതിയ മാനങ്ങൾ കൂട്ടിച്ചേർക്കാൻ ഇന്ത്യയ്ക്ക് സാധിച്ചു. കൂടാതെ, "ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി"എന്ന പ്രമേയത്തിലൂന്നിയുള്ള 'വസുധൈവ കുടുംബകം' എന്ന മന്ത്രം മുറുകെപ്പിടിച്ചുകൊണ്ട്, പരിസ്ഥിതി സംരക്ഷണ മേഖലയിൽ ലോകത്തിനൊന്നാകെ വഴികാട്ടിയാകാൻ ഇന്ത്യയ്ക്ക് കഴിഞ്ഞിട്ടുണ്ട്. നിരവധി അന്താരാഷ്ട്ര വേദികളിൽ ശക്തമായ ശബ്ദമായി മാറിയ ഇന്ത്യ പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്നതിനായുള്ള "മിഷൻ ലൈഫ്" ഉയർത്തിക്കാട്ടി ലോകത്തിന് ഒരു പുതിയ പാത തുറന്നുനല്കി. പരിസ്ഥിതി പ്രതിബദ്ധതയുടെ കാര്യത്തിൽ നേതൃത്വത്തിന്റെ ഒരു പുതിയകാലഘട്ടത്തിന് വഴിയൊരുക്കിക്കൊണ്ടാണ് ഇന്ത്യ ഈ പുതിയ അധ്യായത്തിന് തുടക്കമിട്ടത്.*

# ഭൂതകാലത്തിന്റെ സ്വത്വം, ഭാവിയിലേക്കുള്ള ദിശ

*ആയിരക്കണക്കിന് വർഷം പഴക്കമുള്ള നാഗരികതയുടേയും സംസ്കാരത്തിന്റേയും പാരമ്പര്യങ്ങളുടേയും ജീവസുറ്റ പ്രതിഫലനമാണ് ഇന്ത്യയുടെ പൈതൃകം. വൈവിധ്യങ്ങൾ നിറഞ്ഞ ഈ രാജ്യത്തെ ചരിത്രസ്മാരകങ്ങളും ജീവിതരീതികളും അതിന്റെ സ്വത്വത്തെ കൂടുതൽ സമ്പന്നമാക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ പൈതൃകം എന്നത് ഭൂതകാലത്തിന്റെ വെറുമൊരു അവശേഷിപ്പ് മാത്രമല്ല, മറിച്ച് വികസനത്തിന്റേയും ദേശീയ അഭിമാനത്തിന്റേയും ശക്തമായ അടിത്തറ കൂടിയാണ്. ഗവൺമെന്റിന്റെ സംരക്ഷണം, പ്രോത്സാഹനം, ഡിജിറ്റൽ ഡോക്യുമെന്റേഷൻ തുടങ്ങിയ ശ്രമങ്ങളിലൂടെ, ഈ വിലമതിക്കാനാവാത്ത പൈതൃകം പുതിയ തലമുറയുമായി ബന്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഈ സംരംഭം നമ്മുടെ വേരുകൾ ശക്തിപ്പെടുത്തുക മാത്രമല്ല, ആഗോള സാംസ്കാരിക ഭൂപടത്തിൽ ഇന്ത്യയെ അടയാളപ്പെടുത്തുകയും ശാക്തീകരിക്കുകയും ചെയ്യുന്നു.*

## പുതിയ പാർലമെന്റ് മന്ദിരം

- 2023 മേയ് 28-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പുതിയ പാർലമെന്റ് മന്ദിരം ഉദ്ഘാടനം ചെയ്ത് രാഷ്ട്രത്തിന് സമർപ്പിച്ചു.
- 2020 ഡിസംബർ 10-ന് പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചതും പ്രധാനമന്ത്രി നരേന്ദ്ര മോദി തന്നെയായിരുന്നു.



## ദേശീയ യുദ്ധ സ്മാരകം


- 2019 ഫെബ്രുവരി 25-നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ദേശീയ യുദ്ധ സ്മാരകം രാഷ്ട്രത്തിന് സമർപ്പിച്ചത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ, രാജ്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച ധീര സൈനികരുടെ ത്യാഗത്തിന്റെ പ്രതീകമായി ഈ സ്മാരകം നിലകൊള്ളുന്നു.



## കൊളോണിയൽ മനോഭാവത്തിൽ നിന്ന് മോചനം



- ഇന്ത്യ ഗേറ്റിന് സമീപം മുൻപ് ഉണ്ടായിരുന്ന ജോർജ്ജ് അഞ്ചാമൻ രാജാവിന്റെ പ്രതിമയ്ക്ക് പകരം, ദേശീയ നായകനും സ്വാതന്ത്ര്യസമര സേനാനിയുമായ സുഭാഷ് ചന്ദ്രബോസിന്റെ ഒരു വലിയ പ്രതിമ സ്ഥാപിച്ചു.
- ബ്രിട്ടീഷ് ഭരണകാലത്തെ അടിമത്തത്തിന്റെ പ്രതീകമായിരുന്ന 'കിംഗ്സ്‌വേ' അഥവാ 'രാജ്പഥ്' ഇപ്പോൾ ചരിത്രത്തിന്റെ ഭാഗമായിരിക്കുന്നു, 2022 സെപ്റ്റംബറിൽ ഇത് 'കർത്തവ്യ പഥ്' എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു.
- റേസ് കോഴ്സ് റോഡിനെ 2016-ൽ '7 ലോക് കല്യാൺ മാർഗ്' എന്ന് പുനർനാമകരണം ചെയ്തു.
- 2017-ൽ ഡൽഹൗസി റോഡിനെ 'ദാരാ ഷിക്കോ റോഡ്' എന്ന് പുനർനാമകരണം ചെയ്തു.
- പ്രസിഡന്റ്സ് കളേഴ്സ്, എൻസൈൻ, ക്രെസ്റ്റ് എന്നിവയുടെ പുതിയ ഡിസൈനുകൾ 2022 ഡിസംബർ 4-ന് നാവികസേനാ ദിനത്തിൽ വിശാഖപട്ടണത്ത് പ്രകാശനം ചെയ്തു.
- കൊളോണിയൽ മനോഭാവത്തിൽ നിന്ന് മോചനം നേടാനുള്ള ശ്രമങ്ങളുടെ ഭാഗമായി ശിവാജി മഹാരാജിന്റെ പൈതൃകത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് തയ്യാറാക്കിയ പുതിയ എൻസൈൻ നാവികസേനയ്ക്ക് ലഭിച്ചു.



- ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹത്തിലെ പേരിടാതിരുന്ന 21 വലിയ ദ്വീപുകൾക്ക്, രാജ്യത്തെ പരമോന്നത സൈനിക ബഹുമതിയായ പരംവീർ ചക്ര നേടിയ 21 ധീരസൈനികരുടെ പേരുകൾ നല്കി.

**കാലഹരണപ്പെട്ട 1,500 പഴയ നിയമങ്ങൾ റദ്ദാക്കി**

### പ്രധാനമന്ത്രി സംഗ്രഹാലയം

- 2022 ഏപ്രിൽ 14-ന് 'പ്രധാനമന്ത്രി സംഗ്രഹാലയം' പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു. ഇന്ത്യയുടെ എല്ലാ പ്രധാനമന്ത്രിമാരുടെയും സംഭാവനകൾക്ക് അംഗീകാരം നൽകുന്ന ഈ മ്യൂസിയം സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലെയും തലങ്ങളിലെയും നേതാക്കൾക്ക് രാജ്യത്തിനായി സംഭാവന നൽകാൻ ജനാധിപത്യം എങ്ങനെ അവസരമൊരുക്കിയെന്ന് തെളിയിക്കുന്നു.



### നഷ്ട പൈതൃകത്തിന്റെ വീണ്ടെടുപ്പ്



- മോഷ്ടിക്കപ്പെട്ട 653-ലധികം പുരാവസ്തുക്കളാണ് 2014-ന് ശേഷം രാജ്യത്തേക്ക് തിരികെ കൊണ്ടുവന്നത്.
- 2013-ന് മുൻപ് വെറും 13 പുരാവസ്തുക്കൾ മാത്രമാണ് വിദേശത്തുനിന്ന് ഇന്ത്യയിലേക്ക് തിരികെയെത്തിച്ചത്.
- കടത്തിക്കൊണ്ടുപോയതോ മോഷ്ടിക്കപ്പെട്ടതോ ആയ നിരവധി പുരാവസ്തുക്കൾ തിരികെ നൽകാൻ 2016 മുതൽ യുഎസ് സർക്കാർ സൗകര്യമൊരുക്കി.

2016 മുതൽ അമേരിക്കയിൽ നിന്ന് മാത്രം 578 സാംസ്കാരിക പുരാവസ്തുക്കളാണ് ഇന്ത്യയ്ക്ക് തിരികെ ലഭിച്ചത്. ഒരു രാജ്യം ഇന്ത്യയ്ക്ക് തിരികെ നൽകുന്ന ഏറ്റവും ഉയർന്ന എണ്ണം സാംസ്കാരിക പുരാവസ്തുക്കളാണിത്.

### യുനെസ്കോ: പൈതൃക നാഴികക്കല്ലുകൾ

- കഴിഞ്ഞ പതിറ്റാണ്ടിനിടെ ലോക പൈതൃക പട്ടികയിൽ ഇന്ത്യ സാന്നിധ്യം വിപുലീകരിച്ചു. ലോക പൈതൃക പട്ടികയിൽ രാജ്യത്തിന് ഇപ്പോൾ 44 സ്ഥലങ്ങളും യുനെസ്കോയുടെ താൽക്കാലിക പട്ടികയിൽ 69 സ്ഥലങ്ങളുമുണ്ട്. ഇവ കേവലം ചരിത്ര പ്രതീകമായി മാത്രമല്ല, വരും തലമുറകളുടെ പഠന കേന്ദ്രങ്ങളായാണ് സംരക്ഷിക്കപ്പെടുന്നത്.



### പുരാരേഖകളുടെ ഡിജിറ്റൽ ശേഖരം

- ചരിത്രപരമായി മൂല്യമേറിയ രേഖകൾ സംരക്ഷിക്കാനും ഗവേഷകർക്കും പൊതുജനങ്ങൾക്കും അവ ലഭ്യമാക്കാനും നാഷണൽ ആർക്കൈവ്സ് ഓഫ് ഇന്ത്യ ഇത്തരം പുരാരേഖകളുടെ ഡിജിറ്റൽവൽക്കരണം വിവിധ ഘട്ടങ്ങളായി ആരംഭിച്ചിട്ടുണ്ട്.

### 'അഭിലേഖ് പടൽ' പോർട്ടലിൽ നിലവിൽ ലഭ്യമായ വിവരങ്ങൾ:

**18.98** കോടി ഡിജിറ്റലാക്കിയ പേജുകൾ

**40.09** ലക്ഷം ഡിജിറ്റലാക്കിയ ഫയലുകൾ

**74.03** ലക്ഷം അവലംബ മാധ്യമ രേഖകൾ



### സൽപൈതൃകത്തിന്റെ സംരക്ഷണം

- വിജയകരമായി മുന്നേറുന്ന രാഷ്ട്രങ്ങൾ സ്വന്തം സൽപൈതൃകങ്ങൾ ഉപേക്ഷിക്കാറില്ല, പകരം അവയെ സംരക്ഷിക്കുകയാണ് ചെയ്യുക. ഇന്ത്യ ഇന്ന് 'വികാസ് ഔർ വിരാസത്' അഥവാ വികസനവും പൈതൃകവും എന്ന കാഴ്ചപ്പാടിലൂന്നിയാണ് മുന്നേറുന്നത്.
- പുതിയ കർത്തവ്യ ഭവന് പിന്നാലെ നോർത്ത്-സൗത്ത് ബ്ലോക്കുകളും രാജ്യത്തിന്റെ ബൃഹത്തായ പൈതൃകത്തിന്റെ ഭാഗമാകും. നോർത്ത്, സൗത്ത് ബ്ലോക്കുകൾ രാജ്യത്തെ ജനങ്ങൾക്കായി 'യുഗേ യുഗീൻ ഭാരത്' എന്ന പേരിൽ മ്യൂസിയമായി രൂപാന്തരപ്പെടുത്തുകയാണ്. ഓരോ പൗരനും ഇവിടെ സന്ദർശിക്കാനും രാജ്യത്തിന്റെ ചരിത്രയാത്രയ്ക്ക് സാക്ഷ്യം വഹിക്കാനും സാധിക്കും.

### 'പഞ്ചപ്രാൺ' അഥവാ അഞ്ച് പ്രതിജ്ഞകൾ

- ചെങ്കോട്ടയുടെ അകത്തളങ്ങളിൽ വെച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ എല്ലാ പൗരന്മാരോടും 'പഞ്ചപ്രാൺ' അഥവാ അഞ്ച് പ്രതിജ്ഞകൾ ഉൾക്കൊള്ളാൻ ആഹ്വാനം ചെയ്തു. വികസിത ഇന്ത്യയെന്ന ലക്ഷ്യം കൈവരിക്കൽ; കൊളോണിയൽ മനോഭാവം പൂർണ്ണമായും ഉപേക്ഷിക്കൽ; രാജ്യത്തിന്റെ പാരമ്പര്യങ്ങളിൽ അഭിമാനം കൊള്ളൽ; ഐക്യത്തിനും സമഗ്രതയ്ക്കുമായി ജീവിതം സമർപ്പിക്കൽ; കർത്തവ്യങ്ങൾ സംബന്ധിച്ച് ഓരോ പൗരനിലും ബോധം വളർത്തൽ എന്നിവയാണവ.

### സ്മാരകങ്ങളുടെ പുതുയുഗം: പൈതൃകത്തിൽ നിന്ന് പുതിയ പ്രചോദനം

- പ്രധാനമന്ത്രി സംഗ്രഹാലയം, ദേശീയ യുദ്ധസ്മാരകം, ദേശീയ പൊലീസ് സ്മാരകം, ജാലിയൻവാലാബാഗ് സ്മാരകം, ബിപ്ലോബി ഭാരത് ഗാലറി എന്നിവയുടെ നിർമാണവും രാജ്യത്തുടനീളം 11 ഗോത്രവർഗ മ്യൂസിയങ്ങൾക്ക് അംഗീകാരവും.





# സാംസ്കാരിക സ്വത്വം ആഗോള വേദിയിൽ

*സാമ്പത്തിക ശക്തിക്കൊപ്പം സാംസ്കാരിക പൈതൃകവും അംഗീകരിക്കപ്പെടുമ്പോഴാണ് ഒരു രാഷ്ട്രത്തിന് ആഗോളതലത്തിൽ യഥാർത്ഥ ആദരവും അംഗീകാരവും ലഭിക്കുന്നത്. അതുകൊണ്ടാണ് കഴിഞ്ഞ 12 വർഷമായി പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഇന്ത്യാ ഗവണ്മെന്റ് ദേശീയ-അന്തർദേശീയ തലങ്ങളിൽ നിരവധി പദ്ധതികൾ ആവിഷ്കരിച്ചത്. രാജ്യത്തെ ജനങ്ങളിൽ സാംസ്കാരിക പൈതൃകത്തെക്കുറിച്ച് ആഴത്തിൽ അഭിമാനം വളർത്താൻ ഇത് വഴിയൊരുക്കി.*

## ശ്രീരാമ ക്ഷേത്രം

- 2024 ജനുവരി 22-ന് അയോധ്യയിലെ ശ്രീരാമ ക്ഷേത്രത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാംലല്ലയുടെ പ്രാണപ്രതിഷ്ഠ കർമം നിർവഹിച്ചു. 500 വർഷം നീണ്ട കാത്തിരിപ്പിനാണ് ഇതോടെ വിരാമമായത്.
- ബൃഹത്തായ ശ്രീരാമ ജന്മഭൂമി മന്ദിരം പരമ്പരാഗത നാഗര ശൈലിയിലെ വാസ്തുവിദ്യയിലാണ് നിർമിച്ചിരിക്കുന്നത്.
- ക്ഷേത്രത്തിന്റെ നീളം (കിഴക്ക്-പടിഞ്ഞാറ്) 380 അടിയും വീതി 250 അടിയും ഉയരം 161 അടിയുമാണ്.
- ക്ഷേത്രത്തിന്റെ തൂണുകളിലും ചുവരുകളിലും വിവിധ ഹൈന്ദവ ദേവീദേവന്മാരുടെ മനോഹരമായ കൊത്തുപണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.
- താഴെ നിലയിലെ പ്രധാന ഗർഭഗൃഹത്തിലാണ് ശ്രീരാമന്റെ ബാലരൂപത്തിലെ രാംലല്ല വിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നത്.
- ക്ഷേത്ര സമുച്ചയത്തിന്റെ നിർമാണം 2025 നവംബർ 25-ന് പൂർത്തീകരിക്കുകയും ശ്രീരാമ ക്ഷേത്രത്തിന് മുകളിൽ കാവി പതാക ഉയർത്തുകയും ചെയ്തു.




## ഭൂമിപൂജയും ശിലാന്യാസവും

- 2020 ഓഗസ്റ്റ് 5-നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഭൂമിപൂജ നിർവഹിക്കുകയും ശ്രീരാമ ക്ഷേത്ര നിർമാണത്തിന്റെ ശിലാന്യാസം നടത്തുകയും ചെയ്തത്.
- 2020 ഫെബ്രുവരി 5-ന് ഇന്ത്യാ ഗവണ്മെന്റ് പദ്ധതിക്ക് ഔദ്യോഗിക അംഗീകാരം നൽകി.
- 2019 നവംബർ 9-ന് സുപ്രീം കോടതി ഏകകണ്ഠവും ചരിത്രപരവുമായ വിധിയിലൂടെ 2.77 ഏക്കർ തർക്കഭൂമിയും ശ്രീരാമ ക്ഷേത്ര നിർമാണത്തിന് അനുവദിച്ചു.

**"മഹത്തായ ഈ രാമക്ഷേത്രം ഇന്ത്യയുടെ വളർച്ചയ്ക്കും പുരോഗതിയ്ക്കും സാക്ഷ്യം വഹിക്കും; രാജ്യത്തിന്റെ സമൃദ്ധിക്കും വികസിത ഇന്ത്യക്കും ഈ വലിയ ക്ഷേത്രം സാക്ഷിയാകും.**

*- നരേന്ദ്ര മോദി, പ്രധാനമന്ത്രി*





## ശ്രീ കാശി വിശ്വനാഥ് ഇടനാഴി

**5.5** ഏക്കർ വിസ്തൃതിയിലാണ് 355 കോടി രൂപ ചെലവിൽ നിർമിച്ച കാശി വിശ്വനാഥ് ഇടനാഴി പദ്ധതി വ്യാപിച്ചുകിടക്കുന്നത്. 2021 ഡിസംബർ 13-നായിരുന്നു ഇതിന്റെ ഉദ്ഘാടനം.

- കാശി വിശ്വനാഥ ക്ഷേത്രത്തെ ഗംഗാനദിയുമായി നാലു വരി പാതയിലൂടെ നേരിട്ട് ബന്ധിപ്പിക്കുന്ന ഈ ഇടനാഴി ക്ഷേത്രം സന്ദർശിക്കുന്ന തീർത്ഥാടകർക്ക് എളുപ്പത്തിൽ എത്തിച്ചേരാൻ സൗകര്യമൊരുക്കുന്നു.

**3,880** കോടി രൂപ മൂല്യം വരുന്ന വികസന പദ്ധതികളാണ് ഏപ്രിൽ 11-ന് പ്രധാനമന്ത്രി നരേന്ദ്ര മോദി കാശിയിൽ ഉദ്ഘാടനം ചെയ്തത്.

- 2014 മുതൽ 2025 മാർച്ച് വരെ കാശിയിൽ 48,459 കോടി രൂപ ചെലവിൽ 580 വികസന പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.



> **കാശി ഇന്ന് പൗരാണികത്വത്തിന്റെ പ്രതീകം മാത്രമല്ല, മറിച്ച് പുരോഗതിയുടെ വിളക്കുമാടം കൂടിയാണ്.**
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*



## മഹാകാൽ ലോക് പദ്ധതി

- 2022 ഒക്ടോബർ 11-ന് മധ്യപ്രദേശിലെ ഉജ്ജെയ്നിലാണ് 'മഹാകാൽ ലോക്' പദ്ധതിയുടെ ആദ്യ ഘട്ടം പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിന് സമർപ്പിച്ചത്.
- 850 കോടി രൂപയാണ് ഈ സമഗ്ര പദ്ധതിയുടെ ആകെ ചെലവ്.
- മഹാകാൽ പാതയിൽ ശിവ ഭഗവാന്റെ ആനന്ദ താണ്ഡവ രൂപങ്ങൾ ചിത്രീകരിക്കുന്ന 108 സ്തംഭങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.
- ശിവ ഭഗവാന്റെ ജീവിതത്തെ ആസ്പദമാക്കി മതപരമായ നിരവധി ശിൽപ്പങ്ങളും മഹാകാൽ പാതയിലുടനീളം സ്ഥാപിച്ചിട്ടുണ്ട്.
- പാതയോരത്തെ ചുവരുകളിൽ ശിവപുരാണത്തിലെ സൃഷ്ടിപ്പിന്റെ കഥകളും ഗണേശ ജനനവും സതി-ദക്ഷൻമാരുടെ പുരാണ കഥകളുമെല്ലാം ഉൾപ്പെടുത്തിയ ചുവർചിത്രങ്ങൾ ആലേഖനം ചെയ്തിരിക്കുന്നു.
- നിർമിതബുദ്ധിയും (എഐ) നിരീക്ഷണ ക്യാമറകളും ഉപയോഗിക്കുന്ന ഒരു 'കമാൻഡ് ആൻഡ് കൺട്രോൾ സെന്റർ' വഴിയാണ് സമുച്ചയം പൂർണമായി നിരീക്ഷിക്കുന്നത്.




## മാ കാമാഖ്യ ക്ഷേത്രം - അസം

മാ കാമാഖ്യ ക്ഷേത്രത്തിന്റെ പുനർവികസനം അടിസ്ഥാന സൗകര്യങ്ങളും തീർത്ഥാടക സൗകര്യങ്ങളും വർധിപ്പിക്കുന്നതിലാണ് പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിച്ചത്. മെച്ചപ്പെട്ട സൗകര്യങ്ങളും സുഖകരവും സുഗമവുമായ ആത്മീയാനുഭവവും തീർത്ഥാടകർക്ക് ഉറപ്പാക്കാൻ ഇതുവഴി സാധിക്കുന്നു.



## കേദാർനാഥ് ക്ഷേത്രം - ഉത്തരാഖണ്ഡ്


കേദാർനാഥിന്റെ വികസന പദ്ധതികളിൽ ആദിശങ്കരാചാര്യരുടെ പ്രതിമ സ്ഥാപിച്ചതും ഉൾപ്പെടുന്നു. സാംസ്കാരികവും നാഗരികവുമായ ഐക്യത്തെ പ്രതീകവൽക്കരിക്കുന്ന ഈ വികസനം കേദാർനാഥിന്റെ ആത്മീയ പ്രാധാന്യം വർധിപ്പിക്കുന്നു.



## ഗുജറാത്തിലെ ജൂനാ സോമനാഥ് ക്ഷേത്രത്തിന്റെ പുനർനിർമാണം

സോമനാഥ് ക്ഷേത്രത്തിന് ചുറ്റുമുള്ള പ്രദേശത്തിന്റെ വികസനവും പാർവതി ക്ഷേത്രത്തിന്റെ നിർമാണവും ഉൾപ്പെടെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളുടെ നവീകരണത്തിലൂടെ അഹല്യാബായ് ഹോൾക്കറുടെ പൈതൃകം നിലനിർത്തി.

- അറബിക്കടലിന്റെ പശ്ചാത്തലത്തിൽ സോമനാഥ് ക്ഷേത്രത്തിന്റെ മനോഹരമായ ദൃശ്യം തീർത്ഥാടകർക്ക് സമ്മാനിക്കുന്നതിന് ഒരു കടൽത്തീര പാത വികസിപ്പിച്ചെടുത്തിട്ടുണ്ട്.



## വിദേശകാര്യ മന്ത്രാലയത്തിൽ പ്രത്യേക വകുപ്പ്

പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തിൽ സാംസ്കാരിക പൈതൃകത്തിന്റെ പുനരുദ്ധാരണത്തിനും നവീകരണത്തിനും സംരക്ഷണത്തിനും മാത്രമായി കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന് കീഴിൽ സർക്കാർ പ്രത്യേക വകുപ്പ് രൂപീകരിച്ചു.

# പരിസ്ഥിതി സംരക്ഷണത്തിൽ പുതുയുഗ നേതൃത്വം

*'വസുധൈവ കുടുംബകം' അഥവാ ലോകം ഒരു കുടുംബം എന്ന മന്ത്രം ഉൾക്കൊണ്ട് "ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി" എന്ന പ്രമേയത്തിന് കീഴിൽ പരിസ്ഥിതി സംരക്ഷണ രംഗത്ത് ഇന്ത്യ ഇന്ന് ആഗോള വഴികാട്ടിയായി ഉയർന്നുവന്നിരിക്കുന്നു. നിരവധി ആഗോള കൂട്ടായ്മകളിൽ കരുത്തുറ്റ ശബ്ദമായി മാറിയ ഇന്ത്യ 'മിഷൻ ലൈഫ്' അഥവാ പ്രകൃതിയോടിണങ്ങിയ ജീവിതം എന്ന ആശയത്തിലൂടെ ലോകത്തിന് പുതിയ വഴികാട്ടിയായി. പരിസ്ഥിതിസൗഹൃദമായ പുതുവികസന യുഗത്തിനാണ് കഴിഞ്ഞ 12 വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റ് തുടക്കം കുറിച്ചിരിക്കുന്നത്.*


## ഇന്ത്യ ലോകത്തെ നയിക്കുന്നു

- കാലാവസ്ഥാ വ്യതിയാനം ചെറുക്കുന്നതിനായി രൂപീകരിച്ച ഐക്യരാഷ്ട്രസഭ കൂട്ടായ്മയായ യുഎൻഎഫ്സിസിസി, പാരീസ് കരാർ എന്നിവയ്ക്ക് കീഴിലെ കാലാവസ്ഥാ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ ഇന്ത്യ നിരന്തരം മുന്നേറുകയാണ്. 2015-ൽ ദേശീയതലത്തിൽ നിശ്ചയിച്ച ആദ്യ ലക്ഷ്യങ്ങൾ മുതൽ 2031-2035 കാലയളവിലേക്ക് ഇപ്പോൾ നിശ്ചയിച്ച പുതിയ ലക്ഷ്യങ്ങൾ വരെ പൂർത്തീകരിക്കാൻ രാജ്യം പ്രതിജ്ഞാബദ്ധമാണ്. ആഗോള കാലാവസ്ഥാ വ്യതിയാന ചർച്ചകളിൽ ഇന്ന് ഏറ്റവും ശക്തമായ സാന്നിധ്യമായി ഇന്ത്യ മാറിയിരിക്കുന്നു.
- 2030-ഓടെ കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വ്യക്തമാക്കി 2015-ൽ ഇന്ത്യ യുഎൻഎഫ്സിസിസി-ക്ക് കീഴിൽ ആദ്യ 'നിശ്ചിത ദേശീയതല സംഭാവനകൾ' സമർപ്പിച്ചു.
- COP21 മുതൽ പ്രധാനമന്ത്രി മോദി മുന്നോട്ടുവെച്ച 'കാലാവസ്ഥാ നീതി' എന്ന തത്വം കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തുല്യതയും നീതിയും ഉറപ്പാക്കുന്നു.
- 2021-ൽ ഗ്ലാസ്ഗോയിൽ ചേർന്ന COP26 ഉച്ചകോടിയിൽ പ്രധാനമന്ത്രി മോദി 'പരിസ്ഥിതി സൗഹൃദ ജീവിതശൈലി' അഥവാ 'ലൈഫ്' എന്ന ആശയം അവതരിപ്പിച്ചു. കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാൻ ദൈനംദിന ജീവിതത്തിൽ ലളിതവും പരിസ്ഥിതി സൗഹൃദവുമായ ശീലങ്ങൾ അവലംബിക്കാൻ വ്യക്തികളെയും സമൂഹങ്ങളെയും പ്രേരിപ്പിക്കുന്നതാണ് പദ്ധതി.




- പ്രധാനമന്ത്രി മോദിയുടെ 'പഞ്ചാമൃത്' പദ്ധതി കാലാവസ്ഥാ വ്യതിയാനത്തിനെതിരായ പോരാട്ടത്തിൽ ഇന്ത്യയെ ആഗോള മാതൃകയാക്കി മാറ്റുന്നു.
- ബ്രിക്സ് 2026: സുസ്ഥിര ജീവിതശൈലി പ്രോത്സാഹനം, വനവൽക്കരണം, കാട്ടുതീ പരിപാലനവും ദുരന്ത പ്രതിരോധവും, ചാക്രിക സമ്പദ് വ്യവസ്ഥ, കാലാവസ്ഥാ വ്യതിയാനവുമായി പൊരുത്തപ്പെടൽ തുടങ്ങിയ പ്രധാന വിഷയങ്ങളിൽ ഇന്ത്യ മറ്റ് അംഗരാജ്യങ്ങളുമായി ചർച്ചകൾക്ക് തുടക്കം കുറിച്ചു.
- ഏഴാമത് ഐക്യരാഷ്ട്ര പരിസ്ഥിതിസഭയിലെ കാട്ടുതീ സംബന്ധിച്ച പ്രമേയം: 2025 ഡിസംബറിൽ കെനിയയിലെ നെയ്റോബിയിൽ ചേർന്ന ഐക്യരാഷ്ട്ര പരിസ്ഥിതി സഭയുടെ ഏഴാം സമ്മേളനത്തിൽ ഇന്ത്യ അവതരിപ്പിച്ച 'കാട്ടുതീ നിയന്ത്രണത്തിന് ആഗോള പ്രതികരണം ശക്തിപ്പെടുത്തൽ' എന്ന പ്രമേയം ഔദ്യോഗികമായി അംഗീകരിച്ചു.

### പുനരുപയോഗ ഊർജ്ജ ശേഷിയിൽ നാല് മടങ്ങോളം വർധന




### പുനരുപയോഗ ഊർജ്ജത്തിൽ മുന്നിൽ ഇന്ത്യ

- സ്ഥാപിത പുനരുപയോഗ ഊർജ്ജ ശേഷിയിൽ ഇന്ത്യ ആഗോളതലത്തിൽ മൂന്നാം സ്ഥാനത്താണ്.
- സ്ഥാപിത പവനോർജ്ജ ശേഷിയിൽ ലോകത്ത് നാലാമതാണ് ഇന്ത്യ.
- സ്ഥാപിത സൗരോർജ്ജ ശേഷിയിൽ ഇന്ത്യയ്ക്ക് മൂന്നാം സ്ഥാനമുണ്ട്.
- 2026 മാർച്ചോടെ 283.47 ജിഗാവാട്ട് ഫോസിലിതര ഇന്ധന ഊർജ്ജ ശേഷി ഇന്ത്യ കൈവരിച്ചു. രാജ്യത്തിന്റെ ആകെ സ്ഥാപിത വൈദ്യുതി ശേഷിയായ 532.74 ജിഗാവാട്ടിന്റെ 53.21% ആണിത്.



## നിശ്ചിത സമയത്തിന് മുൻപേ കൈവരിച്ച ലക്ഷ്യങ്ങൾ

- ജിഡിപിയുടെ അടിസ്ഥാനത്തിലുള്ള കാർബൺ ബഹിർഗമനത്തിന്റെ തീവ്രത കുറയ്ക്കുകയെന്ന ലക്ഷ്യം നിശ്ചയിച്ചതിലും 11 വർഷം മുൻപേ-അതായത് 2019-ൽ തന്നെ-ഇന്ത്യ കൈവരിച്ചു.
- ഫോസിൽ ഇതര ഇന്ധനങ്ങളുടെ അടിസ്ഥാനത്തിലുള്ള ഊർജ്ജ സ്രോതസ്സുകളുടെ പങ്ക് വർധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട 2015-ലെ 'നിശ്ചിത ദേശീയ സംഭാവന' ലക്ഷ്യം നിശ്ചിത സമയപരിധിക്ക് 9 വർഷം മുൻപേ ഇന്ത്യ കൈവരിച്ചു.
- ദേശീയ ജൈവ ഇന്ധന നയത്തിന്റെ ഭാഗമായി പെട്രോളിൽ എഥനോൾ കലർത്തുന്ന ലക്ഷ്യവും നിശ്ചിത സമയത്തേക്കാൾ 5 മാസം മുൻപ് കൈവരിക്കാൻ സാധിച്ചു.
- 2030-ഓടെ ഫോസിൽ ഇതര ഇന്ധനങ്ങളിൽ നിന്ന് 50% സ്ഥാപിത വൈദ്യുതി ശേഷി കൈവരിക്കുകയെന്ന പാരീസ് കരാർ ലക്ഷ്യം 5 വർഷം മുൻപേ-അതായത് 2025 ജൂണിൽ തന്നെ-ഇന്ത്യ കൈവരിച്ചു.
- 2005-നും 2020-നും ഇടയിൽ ഇന്ത്യ കാർബൺ ബഹിർഗമന തീവ്രത 36% കുറച്ചു.
- 2021-ഓടെ 2.29 ബില്യൺ ടൺ കാർബൺ ഡയോക്സൈഡിന് തുല്യമായ അധിക കാർബൺ ആഗിരണം ഇന്ത്യ സൃഷ്ടിച്ചു. 2030-ഓടെ ലക്ഷ്യമിടുന്ന 2.5 ബില്യൺ ടൺ എന്ന കണക്കിനോട് ഏറെ അടുത്താണിത്.
- 2031-2035 കാലയളവിലെ ഇന്ത്യയുടെ 'നിശ്ചിത ദേശീയ സംഭാവന' ലക്ഷ്യങ്ങൾക്ക് 2026 മാർച്ചിൽ പ്രധാനമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി.
- 2030-ഓടെ ഫോസിൽ ഇതര ഇന്ധനങ്ങളിൽനിന്ന് 500 ജിഗാവാട്ട് വൈദ്യുതി ശേഷി കൈവരിക്കാൻ ഇന്ത്യ സജ്ജമാണ്.



## ശുചിത്വ ശീലങ്ങളിലെ മാറ്റം

- ശുചിത്വം പാലിക്കുന്നത് മുതൽ ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ ഒഴിവാക്കുന്നത് വരെ പരിസ്ഥിതി സംരക്ഷണത്തിനായി ജീവിതശൈലിയിൽ മാറ്റങ്ങൾ വരുത്താൻ പ്രധാനമന്ത്രി മോദി നിരന്തരം ജനങ്ങളെ പ്രചോദിപ്പിക്കുന്നു.
- ഗോവർധൻ പദ്ധതി: 'മാലിന്യത്തിൽ നിന്ന് സമ്പത്ത്' എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ഈ പദ്ധതി ചാക്രിക സമ്പദ് വ്യവസ്ഥയുടെയും 'മിഷൻ ലൈഫി'ന്റെയും തത്വങ്ങളുമായി ചേർന്നുനിൽക്കുന്നു. 2018 ഏപ്രിൽ 30-ന് തുടക്കം കുറിച്ച ഈ പദ്ധതിയിൽ 2026 ജനുവരിയോടെ 189 കംപ്രസ്ഡ് ബയോഗ്യാസ് പദ്ധതികൾ കമ്മീഷൻ ചെയ്തു.

### സ്വച്ഛ് ഭാരത്

**12** കോടിയിലേറെ ശൗചാലയങ്ങൾ നിർമിച്ചു.



**262** കോടി തൈകൾ 'മാതാവിന്റെ പേരിലൊരു മരം' എന്ന പ്രചാരണ പരിപാടിയുടെ ഭാഗമായി നട്ടുപിടിപ്പിച്ചു.

'നമാമി ഗംഗെ' പോലുള്ള പ്രചാരണ പരിപാടികളെ ജനകീയ പ്രസ്ഥാനങ്ങളാക്കി മാറ്റിയതിലൂടെ ജനങ്ങളുടെ ശീലങ്ങളിൽ വലിയ തോതിൽ മാറ്റം ഉറപ്പാക്കാൻ സാധിച്ചു.



> **പ്രകൃതി രക്ഷതി രക്ഷിതാ അഥവാ പ്രകൃതിയെ സംരക്ഷിക്കുന്നവരെ പ്രകൃതി തിരിച്ച് സംരക്ഷിക്കുന്നുവെന്ന മന്ത്രം നാം എപ്പോഴും ഓർമിക്കണം. 'മിഷൻ ലൈഫ്' അഥവാ പരിസ്ഥിതി സൗഹൃദ ജീവിതശൈലി പിന്തുടരുന്നതിലൂടെ മികച്ച ലോകം കെട്ടിപ്പടുക്കാൻ നമുക്കാവുമെന്നതിൽ എനിക്ക് പൂർണ വിശ്വാസമുണ്ട്.**
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*

**പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ വികസനവും പരിസ്ഥിതി സംരക്ഷണവും ഒന്നിച്ച് കൊണ്ടുപോകാൻ സാധിക്കുമെന്ന് ഗവൺമെന്റ് ഇതിനകം തെളിയിച്ചു. പരിസ്ഥിതി നിയമങ്ങളിലെ പരിഷ്കാരങ്ങൾ നിയന്ത്രണ വ്യവസ്ഥകളും നടപടിക്രമങ്ങളും സുഗമമാക്കാൻ വഴിയൊരുക്കി.**

## റെയിൽപാതകളുടെ വൈദ്യുതീകരണം...


പ്രതിവർഷം 178 കോടി ലിറ്റർ ഡീസൽ ലാഭിക്കുന്നു





**2014-ന് ശേഷം റെയിൽവേ പാസഞ്ചർ കോച്ചുകളിൽ 3.61 ലക്ഷം ജൈവ-ശുചിമുറികൾ സ്ഥാപിച്ചു. എന്നാൽ 2004-നും 2014-നും ഇടയിൽ വെറും 9,587 ജൈവ-ശുചിമുറികൾ മാത്രമാണ് സ്ഥാപിച്ചത്.**

### സൗരോർജ്ജത്തിൽ തെളിയുന്ന വീടുകൾ

പ്രധാനമന്ത്രി സൂര്യഘർ മുഫ്ത് ബിജിലി യോജനയ്ക്ക് കീഴിൽ 2026 ഏപ്രിൽ 30 വരെ ലഭ്യമായ കണക്കനുസരിച്ച് 36.88 ലക്ഷം വീടുകളിൽ സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിച്ചുകഴിഞ്ഞു. പദ്ധതിക്ക് കീഴിലെ സ്ഥാപിത ശേഷി 10.77 ജിഗാവാട്ടിലെത്തി. 19,480 കോടി രൂപയുടെ സബ്സിഡിയും ഇതിനകം വിതരണം ചെയ്തു.




സ്ഥാപിത സൗരോർജ്ജ ശേഷിയിൽ
53 മടങ്ങ് വർധന




സൗരോർജ്ജ നിരക്കിൽ
65% കുറവ്

## ശേഷി വർധനക്കൊപ്പം കർശന നിയന്ത്രണങ്ങളും

2016-ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾക്ക് പകരം കേന്ദ്ര ഗവൺമെന്റ് പുതിയ 'ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ - 2026' വിജ്ഞാപനം ചെയ്തു. 2026 ഏപ്രിൽ 1 മുതൽ ഈ നിയമങ്ങൾ പൂർണമായി പ്രാബല്യത്തിൽ വന്നു. മലിനീകരണം ഉണ്ടാക്കുന്നവർ തന്നെ അതിന്റെ നഷ്ടപരിഹാരം നൽകണമെന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ പാരിസ്ഥിതിക നഷ്ടപരിഹാരം ഈടാക്കാൻ ഈ ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. ഖരമാലിന്യ സംസ്കരണ നിയമം- 2026 പ്രകാരം മാലിന്യങ്ങളെ ജൈവ മാലിന്യങ്ങൾ, അജൈവ മാലിന്യങ്ങൾ, ശുചിമുറി മാലിന്യങ്ങൾ, പ്രത്യേക ശ്രദ്ധ ആവശ്യമായ മാലിന്യങ്ങൾ എന്നിങ്ങനെ തരംതിരിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.


### ഖരമാലിന്യ സംസ്കരണത്തിൽ അഞ്ച് മടങ്ങ് വർധന




### ഇന്ധന ലാഭം

ടോൾ കേന്ദ്രങ്ങളിലെ കാത്തിരിപ്പ് സമയം ഫാസ്ടാഗ് നടപ്പാക്കിയതിലൂടെ 12 മിനിറ്റിൽ നിന്ന് 47 സെക്കൻഡിൽ താഴെയായി കുറച്ചു. ഈ ആധുനിക സംവിധാനം വഴി ഇന്ധനം ലാഭിക്കുന്നതിലൂടെ പ്രതിവർഷം ഏകദേശം 1,500 കോടി രൂപയുടെ ലാഭമാണുണ്ടാകുന്നത്.

### എഥനോൾ മിശ്രണത്തിൽ 13 മടങ്ങ് വർധന





**ഇന്ത്യയിലെ 13 കടൽത്തീരങ്ങൾക്ക് 'ബ്ലൂ ഫ്ളാഗ്' സാക്ഷ്യപത്രം ലഭിച്ചു. ശുചിത്വം, പരിസ്ഥിതി സംരക്ഷണം, സുരക്ഷ, വിനോദസഞ്ചാര സൗകര്യങ്ങൾ എന്നിവയിലെ മികവിനാണ് ഈ അംഗീകാരം നൽകുന്നത്.**

# വന്യജീവി സംരക്ഷണ, ക്ഷേമ സംരംഭങ്ങൾ

*രാജ്യത്തെ വനവിസ്തൃതിയിൽ ഗണ്യമായ വർധനയുണ്ടായിട്ടുണ്ട്. സംരക്ഷിത വനമേഖലകളും നിരന്തരം വികസിക്കുകയാണ്. റാംസർ സൈറ്റുകൾ രാജ്യത്തെ ജൈവവൈവിധ്യത്തെ പരിപോഷിപ്പിക്കുമ്പോൾ 'പ്രൊജക്ട് ടൈഗർ' രാജ്യത്തെ കടുവകളുടെ എണ്ണത്തിൽ വലിയ വർധനയുണ്ടാക്കി. കൂടാതെ ആഫ്രിക്കൻ ചീറ്റകളെ ഇന്ത്യയിലേക്കെത്തിച്ച ഭൂഖണ്ഡാന്തര പദ്ധതിയും ജൈവവൈവിധ്യത്തിന് വലിയ ഉത്തേജനം നൽകി. ചീറ്റകളുടെ എണ്ണത്തിലെ വർധന മാത്രമല്ല, പുതിയ സംരക്ഷണ പദ്ധതികളിലൂടെ മലമുഴക്കി വേഴാമ്പൽ വർഗത്തിലെ 'ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ്' പക്ഷിക്കുഞ്ഞുങ്ങളും തിരിച്ചുവരവ് നടത്തുന്നു. എല്ലാ ജീവജാലങ്ങളുടെയും ക്ഷേമം ആഗ്രഹിക്കുന്നതിന്റെ തെളിവാണിത്; ഇന്ത്യയുടെ പൗരാണിക ഗ്രന്ഥങ്ങളിൽപ്പോലും ഈ ചിന്ത പ്രതിഫലിക്കുന്നു.*

## ഇന്ത്യ: റാംസർ സൈറ്റുകൾ മുതൽ കടുവകളുടെയും ഡോൾഫിന്റെയും സംരക്ഷണം വരെ




കഴിഞ്ഞ 12 വർഷത്തിനിടെ 73 പുതിയ റാംസർ സൈറ്റുകൾ കൂട്ടിച്ചേർത്ത് ഇന്ത്യ ഈ രംഗത്തെ പ്രതിബദ്ധത ശക്തിപ്പെടുത്തി.

- കഴിഞ്ഞ പതിറ്റാണ്ടിനിടെ ഇന്ത്യയിലെ കടുവകളുടെ എണ്ണം ഇരട്ടിയിലധികമായി ഉയർന്നു. 2022-ലെ സെൻസസ് പ്രകാരം കടുവകളുടെ എണ്ണം റെക്കോഡ് വർധനയോടെ 3,682-ലെത്തി.
- ഇന്ന് ലോകത്തെ ആകെ കടുവകളുടെ ഏകദേശം 70 ശതമാനവും ഇന്ത്യയിലാണ്. കൂടാതെ 'പ്രൊജക്ട് ടൈഗറി'ന് കീഴിലെ സംരക്ഷിത വനമേഖലയുടെ വിസ്തൃതി ഏകദേശം 85,000 ചതുരശ്ര കിലോമീറ്ററായി വർധിപ്പിച്ചു.
- വന്യമൃഗങ്ങളിലെ വലിയ മാംസഭോജി വർഗത്തെ ഉൾപ്പെടുത്തി നടപ്പാക്കുന്ന ലോകത്തെ ആദ്യ ഭൂഖണ്ഡാന്തര പദ്ധതിയാണ് 'പ്രൊജക്ട് ചീറ്റ'. രാജ്യത്തെ വന്യജീവി വൈവിധ്യത്തെ ഗണ്യമായി സമ്പന്നമാക്കാൻ പദ്ധതി വഴിയൊരുക്കി.



- ഇന്ത്യയിൽ വംശനാശം സംഭവിച്ച ചീറ്റകളുടെ കുഞ്ഞുങ്ങൾ 70 വർഷത്തെ നീണ്ട ഇടവേളയ്ക്ക് ശേഷം 2023-ൽ രാജ്യത്ത് പുനർജനിച്ചത് ചരിത്ര നിമിഷമായിരുന്നു. പദ്ധതിയുടെ ഭാഗമായി ഇന്ത്യയിൽ ഇതുവരെ ജനിച്ച ചീറ്റക്കുഞ്ഞുങ്ങളുടെ ആകെ എണ്ണം 37-ലെത്തി. .




'സ്റ്റാറ്റസ് ഓഫ് ലെപ്പേർഡ്സ് ഇൻ ഇന്ത്യ 2022' റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ പുള്ളിപ്പുലികൾ **13,874**



ഏകദേശം ഒരു പതിറ്റാണ്ടിന് ശേഷം 'ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡ്' പക്ഷിക്കുഞ്ഞ് ഗുജറാത്തിലെ കച്ചിൽ വിരിഞ്ഞു. ഒരു വർഷം മുൻപ് ആസൂത്രണം ചെയ്ത 'ജംപ്സ്റ്റാർട്ട് അപ്രോച്ച്' എന്ന നൂതന സംരക്ഷണ പദ്ധതിയിലൂടെയാണ് നേട്ടം കൈവരിക്കാനായത്. ഗുജറാത്ത് ഉൾപ്പെടെ സ്വാഭാവിക പ്രകൃതിദത്ത ഇടങ്ങളിൽ ഗ്രേറ്റ് ഇന്ത്യൻ ബസ്റ്റാർഡുകളെ സംരക്ഷിക്കുന്നതിന് 2011-ൽ പ്രധാനമന്ത്രി മോദിയാണ് 'പ്രൊജക്ട് ജി.ഐ.ബി'ക്ക് രൂപം നൽകിയത്.

**രാജ്യത്തെ പ്രധാന ജീവിവർഗങ്ങളുടെ സംരക്ഷണത്തിന് പ്രൊജക്ട് ടൈഗർ, പ്രൊജക്ട് എലിഫന്റ്, പ്രൊജക്ട് ലയൺ, പ്രൊജക്ട് സ്നോ-ലെപ്പേർഡ്, പ്രൊജക്ട് ഡോൾഫിൻ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കടലാമകൾ ഉൾപ്പെടെ വംശനാശ ഭീഷണി നേരിടുന്ന 24 ജീവിവർഗങ്ങളെ കേന്ദ്രീകരിച്ച് പ്രത്യേക സംരക്ഷണ പ്രവർത്തനങ്ങളും രാജ്യത്ത് നടത്തിവരുന്നു.**






- ദേശീയ വന്യജീവി ബോർഡിന്റെ ഏഴാമത് യോഗത്തിൽ ഘരിയലുകൾ എന്നറിയപ്പെടുന്ന ചീങ്കണ്ണികളുടെ സംരക്ഷണത്തിനും അവ നേരിടുന്ന ഭീഷണികൾ പരിഹരിക്കാനും പുതിയ പദ്ധതിക്ക് അംഗീകാരം നൽകി. കേന്ദ്ര ഗവണ്മെന്റിന്റെ 'സംയോജിത വന്യജീവി ആവാസകേന്ദ്ര വികസന' പദ്ധതിക്ക് കീഴിലെ 'ജീവിവർഗ്ഗ പുനരുദ്ധാരണ പദ്ധതി'യിൽ ഇപ്പോൾ ഘരിയലിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.
- മാനസ്-പോബിത്തോര-നാമേരി-കാസിരംഗ-ദിബ്രു സൈഖോവ വന്യജീവി സർക്യൂട്ട് വികസിപ്പിച്ചെടുത്തു.
- പന്ന-മുകുന്ദ്പൂർ-സഞ്ജയ് ദുബ്രി-ബാന്ധവ്ഗഡ്- കാന-മുക്കി-പെഞ്ച് മേഖലകളെ ബന്ധിപ്പിച്ച് വന്യജീവി സർക്യൂട്ട് വികസിപ്പിച്ചെടുത്തിട്ടുണ്ട്.

## വന്യജീവി സംരക്ഷണ പദ്ധതികൾ

**1,134** സംരക്ഷിത മേഖലകൾ 2025-ഓടെ രാജ്യത്തെ വന്യജീവികളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും, വികസനത്തിനുമായി നീക്കിവെച്ചിരിക്കുന്നു. 2020-ൽ 921 ആയിരുന്നതിൽ നിന്ന് ഉയർന്നു.

2014-ൽ 48 ആയിരുന്ന രാജ്യത്തെ കടുവ സങ്കേതങ്ങളുടെ എണ്ണം 2025-ഓടെ 58 ആയി ഉയർന്നു. 2020-നും 2025-നും ഇടയിൽ ആന സങ്കേതങ്ങളുടെ എണ്ണം 31-ൽ നിന്ന് 33 ആയി വർധിച്ചു.



> **"ലോകത്തെ ഏറ്റവും മനോഹരമായ വന്യജീവികളിൽ ചിലതിന്റെ ആവാസകേന്ദ്രമാണ് ഇന്ത്യയെന്നതിൽ നാം അഭിമാനിക്കുന്നു. ലോകത്തെ ആകെ കടുവകളുടെ 70 ശതമാനത്തിലധികം ഇന്ത്യയിലാണ്. കൂടാതെ ഏറ്റവുമധികം ഒറ്റക്കൊമ്പൻ കാണ്ടാമൃഗങ്ങളും ഏഷ്യൻ ആനകളും ഇന്ത്യയിൽതന്നെ. 'കാട്ടിലെ രാജാവായ' ഏഷ്യൻ സിംഹങ്ങൾ വംശവർധന നടത്തി ജീവിക്കുന്ന ലോകത്തിലെ ഏക ഇടവും ഇന്ത്യയാണ്.**
>
> *- നരേന്ദ്ര മോദി, പ്രധാനമന്ത്രി*






ആർട്ട് ഓഫ് ലിവിംഗ് സ്ഥാപക ദിനാഘോഷം

# ആത്മീയതയെയും ആത്മീയ അവബോധത്തെയും പുതിയ ഉയരങ്ങളിലേക്ക് ആനയിച്ച് ബെംഗളൂരു

*സോഫ്റ്റ്‌വെയറിനും ഐടി സേവനങ്ങൾക്കും ആഗോളതലത്തിൽ അറിയപ്പെടുന്ന ബെംഗളൂരു, ഇന്ത്യയുടെ സാംസ്കാരികവും ആത്മീയവുമായ സ്വത്വത്തിനും ഗണ്യമായ സംഭാവന നൽകിപ്പോരുന്നു. ഒരാൾ വ്യക്തമായ ലക്ഷ്യബോധത്തോടെയും സേവന മനോഭാവത്തോടെയും പ്രവർത്തിക്കുമ്പോൾ ഓരോ ഉദ്യമവും സദ്ഫലങ്ങൾ ഉളവാക്കുന്നതായി മെയ് 10 ന് കർണാടകയിലെ ബെംഗളൂരുവിൽ നടന്ന ആർട്ട് ഓഫ് ലിവിങ്ങിന്റെ 45-ാമത് സ്ഥാപക ദിനാഘോഷ വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.*

ശ്രീ ശ്രീ രവിശങ്കർ 45 വർഷങ്ങൾക്ക് മുമ്പ് വിത്തുപാകിയ ആർട്ട് ഓഫ് ലിവിംഗ് ഇപ്പോൾ വലിയ ആൽമരം കണക്കെ വളർന്നിരിക്കുന്നു. അതിന്റെ സ്ഥാപക ദിനാഘോഷത്തിൽ സംസാരിച്ച പ്രധാനമന്ത്രി നരേന്ദ്ര മോദി, ലോകമെമ്പാടുമുള്ള ജനങ്ങളുടെ ജീവിതത്തെ സ്പർശിക്കുന്ന എണ്ണമറ്റ ശാഖകളുള്ള ഒരു വലിയ ആൽമരം പോലെയാണ് ഇന്നത് നിലകൊള്ളുന്നതെന്ന് വ്യക്തമാക്കി. ഭാഷകൾ, പാരമ്പര്യങ്ങൾ, ആചാരങ്ങൾ, ആരാധനാരീതികൾ എന്നിവയുടെ സമ്പന്നമായ വൈവിധ്യം ഇന്ത്യയുടെ മാത്രം സവിശേഷതയാണ്, എന്നാൽ അന്യർക്ക് വേണ്ടി ജീവിക്കാനുള്ള ചൈതന്യമാണ് ഈ വൈവിധ്യങ്ങളെ സമന്വയിപ്പിക്കുന്നത്. ഇന്ത്യയുടെ സാംസ്കാരിക മൂല്യങ്ങളിൽ ആഴത്തിൽ വേരൂന്നിയ യോഗ, ധ്യാനം, പ്രാണായാമം തുടങ്ങിയ ആചാരങ്ങളിൽ നിസ്വാർത്ഥ ജീവിതത്തിന്റെ ഈ പൈതൃകം പ്രതിഫലിക്കുന്നു. ലോകമെമ്പാടുമുള്ള ജനങ്ങൾ ഇന്ത്യയുടെ പൗരാണികമായ ആത്മീയ മൂല്യങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടിട്ടുണ്ടെന്നും, രാജ്യത്തുടനീളമുള്ള നിരവധി സ്ഥാപനങ്ങളെ ഈ മൂല്യങ്ങൾ സ്വാധീനിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി മോദി വ്യക്തമാക്കി. പുരാണങ്ങൾ അടക്കമുള്ള പ്രാചീന ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നത് മറ്റുള്ളവരെ സേവിക്കുന്നത് പുണ്യമാണെന്നും, മറ്റുള്ളവരെ വേദനിപ്പിക്കുന്നത് പാപമാണെന്നുമാണ്. ഇന്ത്യൻ സമൂഹത്തിന്റെ സഹജ സ്വഭാവം സേവനമാണ്. ഇന്ത്യയിലെ പല ആത്മീയ പ്രസ്ഥാനങ്ങളും സേവന പ്രവർത്തനങ്ങളിലൂടെ ആത്മാവിഷ്ക്കാരം പ്രകടമാക്കിയിട്ടുണ്ട്. ആർട്ട് ഓഫ് ലിവിംഗിന്റെ എല്ലാ പ്രവർത്തനങ്ങളിലും പ്രതിഫലിക്കുന്ന മനോഭാവവും ഇത് തന്നെയാണ്. ആർട്ട് ഓഫ് ലിവിംഗ് പോലുള്ള സംഘടനകൾ ഇന്ത്യയുടെ സമഗ്ര വികസനത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി മോദി ചൂണ്ടിക്കാട്ടി. സുസ്ഥിര കൃഷിയ്ക്ക് 'ആർട്ട് ഓഫ് ലിവിംഗ്' പ്രോത്സാഹനമേകുന്നത് പരാമർശിക്കവെ, പ്രകൃതിദത്ത കൃഷി രീതികളുമായി കർഷകരെ ബന്ധിപ്പിക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു. ദോഷകരമായ രാസവസ്തുക്കളിൽ നിന്ന് ഭൂമിയെ സംരക്ഷിക്കാനുതകുന്ന ആത്മീയ പരിശീലനവും പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമാണെന്നും പ്രകൃതിയെ പരിപാലിക്കുന്നത് ആർട്ട് ഓഫ് ലിവിങ്ങിന്റെ ഭാഗമാണെന്നും ഇത് തെളിയിക്കുന്നു.

> **ബെംഗളൂരുവിലെ അന്തരീക്ഷം... ഇവിടുത്തെ പരിസ്ഥിതി... ശരിക്കും സവിശേഷമാണത്. ഈ നഗരം സോഫ്റ്റ്‌വെയർ, സേവന മേഖലകൾക്ക് ആഗോളതലത്തിൽ പ്രശസ്തമാണ്. ഒപ്പം, ഇന്ത്യയുടെ സാംസ്കാരിക സ്വത്വത്തെയും ആത്മീയതയെയും പുതിയ ഉയരങ്ങളിലേക്ക് ആനയിക്കാനും ഈ നഗരത്തിന് കഴിഞ്ഞു.**
>
> *നരേന്ദ്ര മോദി, പ്രധാനമന്ത്രി*

'ഓരോ തുള്ളിയിൽ നിന്നും, കൂടുതൽ വിള' ("Per Drop, More Crop") എന്ന സംരംഭത്തെ ഉയർത്തിക്കാട്ടിക്കൊണ്ട്, കർഷകർ മെച്ചപ്പെട്ട ജല പരിപാലന രീതികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത പ്രധാനമന്ത്രി മോദി ഊന്നിപ്പറഞ്ഞു. സമൂഹത്തിന്റെ സഹകരണത്തോടെ, ഈ ദിശയിൽ കൂടുതൽ മെച്ചപ്പെട്ട ഫലങ്ങൾ കൈവരിക്കാൻ കഴിയുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മഴക്കാലം അടുത്തു വരുന്നതിനാൽ, ജല സംരക്ഷണത്തെക്കുറിച്ച് വ്യാപകമായ അവബോധം സൃഷ്ടിക്കുന്നതിനുള്ള സുവർണ്ണാവസരമാണിതെന്ന് അദ്ദേഹം പ്രസ്താവിച്ചു. ഓരോ തുള്ളി വെള്ളവും സംരക്ഷിക്കുന്നത് 'ആർട്ട് ഓഫ് ലിവിംഗിന്റെ' പ്രധാന ലക്ഷ്യമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

*പ്രധാനമന്ത്രിയുടെ മുഴുവൻ പരിപാടികളും കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

# നവീകരണ എക്സ്പ്രസ്സിൽ ഇന്ത്യ അതിവേഗം മുന്നോട്ട്

*'റിഫോം എക്സ്പ്രസ്സ്' എന്ന ആശയത്തിലൂന്നിയാണ് ഇന്ത്യ റോഡുകൾ, റെയിൽവേ, വ്യോമ ഗതാഗതം, ഊർജ്ജം എന്നീ മേഖലകളിൽ ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത്. 'പിഎം മിത്ര പാർക്കുകളുടെ' സഹായത്തോടെ, ടെക്സ്റ്റൈൽ വ്യവസായത്തിലെ ഇന്ത്യയുടെ സമ്പന്നമായ പൈതൃകം പുനർജ്ജീവിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഈ ഗതിവേഗം തുടരുന്നതിനായി, മെയ് 10 ന് പ്രധാനമന്ത്രി നരേന്ദ്ര മോദി തെലങ്കാനയിലെ ഹൈദരാബാദിൽ ഏകദേശം 9,400 കോടി രൂപയുടെ പുതിയ പദ്ധതികളുടെ ശിലാസ്ഥാപനവും ഉദ്ഘാടനവും നിർവ്വഹിച്ചു...*



**മുൻകാലങ്ങളിൽ, ഇന്ത്യ ലോകത്തിലെ ഏറ്റവും വലിയ സമ്പദ് വ്യവസ്ഥകളിൽ ഒന്നായിരുന്നപ്പോൾ, നമ്മുടെ വസ്ത്ര വ്യവസായം അതിൽ നിർണായക പങ്ക് വഹിച്ചിരുന്നു. ഇന്ന്, ഇന്ത്യ ആ പാരമ്പര്യത്തെ പുനർജ്ജീവിപ്പിക്കുകയാണ്. വാറങ്കലിലെ പിഎം മിത്ര പാർക്ക് രാജ്യത്തിന്റെ വസ്ത്ര മേഖലയിൽ ഒരു പുതിയ വളർച്ചാ തരംഗത്തിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*

തെലങ്കാനയിലെ ജനങ്ങളുടെ ജീവിതം സുഗമമാക്കുന്നതിനും യുവാക്കൾക്കായി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ഒട്ടേറെ പദ്ധതികളുടെ ശിലാസ്ഥാപനവും ഉദ്ഘാടനവും പ്രധാനമന്ത്രി നരേന്ദ്ര മോദി മെയ് 10 ന് നിർവ്വഹിച്ചു. ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ വ്യാവസായിക മേഖലയുടെയും വികസനത്തിനും പുതു തലമുറ വാഹനങ്ങളുടെയും യന്ത്രങ്ങളുടെയും നിർമ്മാണത്തിനും ഈ പദ്ധതികൾ ഉത്തേജനം പകരും. ഈ സംരംഭങ്ങളുടെ നേട്ടങ്ങൾ പൊതുജനങ്ങൾക്ക് മാത്രമല്ല, തെലങ്കാനയിലെ തൊഴിലാളികൾക്കും കർഷകർക്കും ലഭിക്കും.

തെലങ്കാനയിലെ ഹൈദരാബാദ് നഗരത്തിലെ ഒരു പ്രമുഖ ഐടി, ബിസിനസ് കേന്ദ്രമാണ് സൈബരാബാദ്. അതുകൊണ്ടാണ് സൈബരാബാദിൽ നിന്ന് നിരവധി പദ്ധതികൾ ആരംഭിച്ചത്. ഇന്ന്, ഇന്ത്യ 'റിഫോം എക്സ്പ്രസ്സിൽ' സഞ്ചരിക്കുന്നു. ഒപ്പം, ആധുനിക ഇന്ത്യ സജീവമായി അത്യാധുനിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നു. സഹീറാബാദ് വ്യാവസായിക മേഖലയുടെ വികസനത്തിന് പിന്നിലും ഈ ലക്ഷ്യം തന്നെയാണ്. വ്യാവസായിക ഇടനാഴികൾ വികസിപ്പിക്കാനുള്ള ഇന്ത്യാ ഗവണ്മെന്റിന്റെ ദേശീയ പ്രചാരണത്തിൽ അവിഭാജ്യ ഘടകമാണ് ഈ വ്യവസായ മേഖല. ലോകോത്തര അടിസ്ഥാന സൗകര്യങ്ങളും തടസ്സരഹിത വൈദ്യുതി വിതരണവും ഇതിൽ ഉൾപ്പെടും; തീർച്ചയായും, ലോകമെമ്പാടുമുള്ള നിക്ഷേപകർക്ക് വ്യാവസായിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഇവിടെ ലഭ്യമാക്കും.

വാറങ്കലിലെ 'പിഎം മിത്ര പാർക്ക്' ഇന്ത്യയിലുടനീളം വസ്ത്ര വിപ്ലവത്തിന് വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. പാർക്കിൽ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കമ്പനികൾക്ക് ഉത്പാദന ബന്ധിത പ്രോത്സാഹന പദ്ധതി ഉൾപ്പെടെ വിവിധ കേന്ദ്ര ഗവണ്മെന്റ് പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കും. വാസ്തവത്തിൽ, ഗുണഭോക്തൃ സംരംഭങ്ങൾ ഇതിനോടകം ഈ പ്രോത്സാഹനങ്ങൾ പ്രയോജനപ്പെടുത്താൻ തുടങ്ങിയിട്ടുണ്ട്. പാർക്ക് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നു, പ്രത്യേകിച്ച് വനിതകൾക്ക്. കഴിഞ്ഞ 12 വർഷത്തിനിടെ, റോഡുകൾ, റെയിൽവേ, വിമാനത്താവളങ്ങൾ എന്നിവയുൾപ്പെടെ ആധുനിക കണക്റ്റിവിറ്റിയിലും അടിസ്ഥാന സൗകര്യങ്ങളിലും ഇന്ത്യാ ഗവണ്മെന്റ് അഭൂതപൂർവമായ നിക്ഷേപം നടത്തിയിട്ടുണ്ടെന്നും പ്രധാനമന്ത്രി മോദി വ്യക്തമാക്കി. 2014 മുതൽ സംസ്ഥാനത്തിന്റെ ദേശീയ പാതാ ശൃംഖല ഇരട്ടിയാക്കിക്കൊണ്ട് ദേശീയ പാതകളുടെ വികസനത്തിനായി ഏകദേശം 1.75 ലക്ഷം കോടി രൂപ അനുവദിച്ചു. 2014 ന് മുമ്പ് അവിഭക്ത ആന്ധ്രാപ്രദേശിനുള്ള റെയിൽവേ ബജറ്റ് 1,000 കോടി രൂപയിൽ താഴെയായിരുന്നുവെങ്കിൽ, തെലങ്കാനയുടെ നിലവിലെ വാർഷിക റെയിൽവേ വിഹിതം 5,500 കോടി രൂപ കവിഞ്ഞു, ഏകദേശം 50,000 കോടി രൂപയുടെ പദ്ധതികൾ പുരോഗമിക്കുന്നു. കൂടാതെ, അഞ്ച് 'വന്ദേ ഭാരത്', ആറ് 'അമൃത് ഭാരത്' ട്രെയിനുകൾ തെലങ്കാനയിൽ ആരംഭിച്ചു.




## പിഎം മിത്ര പാർക്കിന്റെ ഉദ്ഘാടനം

വാറങ്കലിൽ 1,700 കോടി രൂപ ചെലവിൽ വികസിപ്പിച്ച പിഎം മിത്ര പാർക്ക് ഉദ്ഘാടനം ചെയ്തു. കാകതീയ മെഗാ ടെക്സ്റ്റൈൽ പാർക്ക് എന്നും ഇത് അറിയപ്പെടുന്നു. ഇന്ത്യയിലെ പൂർണ്ണമായും പ്രവർത്തനക്ഷമമായ ആദ്യ പിഎം മിത്ര പാർക്കാണിത്. നിർദ്ദിഷ്ട നാഗ്പൂർ-വിജയവാഡ ഗ്രീൻഫീൽഡ് എക്സ്പ്രസ്സ് വേ (നാഷണൽ ഹൈവേ-163G), നാഷണൽ ഹൈവേ-163 എന്നിവയ്ക്ക് സമീപമാണ് പാർക്ക് സ്ഥിതി ചെയ്യുന്നത്. ഇത് പ്രധാന റെയിൽവേ ശൃംഖലകളിലേക്കും തുറമുഖങ്ങളിലേക്കും ബഹുമാതൃക കണക്റ്റിവിറ്റി വാഗ്ദാനം ചെയ്യുന്നു.

## കാൻസർ രോഗികൾക്കുള്ള സൗകര്യങ്ങൾ

ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സിന്ധു ആശുപത്രി രാഷ്ട്രത്തിന് സമർപ്പിച്ചു. കാൻസർ ചികിത്സയിലും നൂതന ആരോഗ്യ സേവനങ്ങളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു ആധുനിക മൾട്ടി-സൂപ്പർ-സ്പെഷ്യാലിറ്റി ആശുപത്രിയാണിത്. 18 നിലകളുള്ള ആശുപത്രിയിൽ 1,500 കിടക്കകളും 150-ലധികം ഡോക്ടർ കൺസൾട്ടേഷൻ റൂമുകളും 29 നൂതന ഓപ്പറേഷൻ തിയേറ്ററുകളുമുണ്ട്. കീമോതെറാപ്പി, റേഡിയേഷൻ തെറാപ്പി, കാൻസർ ശസ്ത്രക്രിയകൾ, അസ്ഥിമജ്ജ മാറ്റിവയ്ക്കൽ, നൂതന തീവ്രപരിചരണ സൗകര്യങ്ങൾ എന്നിവയുൾപ്പെടെ സമ്പൂർണ്ണ കാൻസർ പരിചരണം ഇത് വാഗ്ദാനം ചെയ്യുന്നു. 33-ലധികം മെഡിക്കൽ സ്പെഷ്യാലിറ്റി സേവനങ്ങളുൾപ്പെടെ സമഗ്ര പരിചരണം ഈ ആശുപതി ലഭ്യമാക്കുന്നു.



## പദ്ധതികൾ വികസനം ത്വരിതപ്പെടുത്തും...

ഹൈദരാബാദ്-പനാജി സാമ്പത്തിക ഇടനാഴിയിൽ ഗുഡെബെല്ലൂർ മുതൽ മഹബൂബ് നഗർ വരെയുള്ള നാലുവരി ദേശീയ പാത 167 ന് തറക്കല്ലിട്ടു. പദ്ധതിച്ചെലവ്

**3,175** കോടി രൂപ

**ഈ ദേശീയപാത യാത്രാ സമയം ഏകദേശം 1 മണിക്കൂർ 30 മിനിറ്റ് കുറയ്ക്കും.**

- രംഗ റെഡ്ഡി ജില്ലയിലെ ഹൈദരാബാദ്-നാഗ്പൂർ വ്യവസായ ഇടനാഴിയിലുൾപ്പെടുത്തി (HNIC) വികസിപ്പിക്കുന്ന സഹീറാബാദ് ഇൻഡസ്ട്രിയൽ ഏരിയയ്ക്ക് തറക്കല്ലിട്ടു. 3,245 ഏക്കർ വിസ്തൃതിയുള്ള ഈ പ്രദേശം 2,350 കോടിയിലധികം രൂപ ചെലവിൽ വികസിപ്പിക്കും.
- സഹീറാബാദ് വ്യാവസായിക മേഖലയിലെ പദ്ധതികൾ ഏകദേശം 10,000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുമെന്നും വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നും പ്രതീക്ഷിക്കുന്നു.

**ഏകദേശം 1,535 കോടി രൂപയുടെ റെയിൽവേ അടിസ്ഥാന സൗകര്യ പദ്ധതികൾ രാഷ്ട്രത്തിന് സമർപ്പിച്ചു.**

**കാസിപേട്ട്-വിജയവാഡ മൾട്ടി-ട്രാക്കിംഗ് പദ്ധതിയുടെ 118 കിലോമീറ്റർ ദൈർഘ്യമുള്ള ഭാഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു.**

- ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഹൈദരാബാദിൽ 600 കോടി രൂപയിലധികം ചെലവിൽ വികസിപ്പിച്ച മൽക്കാപൂർ ടെർമിനൽ പദ്ധതി രാഷ്ട്രത്തിന് സമർപ്പിച്ചു. ഈ ടെർമിനലിന് ആകെ 165,000 കിലോ ലിറ്റർ ശേഷിയുണ്ട്.

***ജനങ്ങൾ ആവശ്യമായത്ര ഊർജ്ജം മാത്രമേ ഉപയോഗിക്കാവൂവെന്ന് പ്രധാനമന്ത്രി മോദി ആഹ്വാനം ചെയ്തു. അതിലൂടെ വിദേശനാണ്യം ലാഭിക്കാനും സംഘർഷങ്ങൾ മൂലമുണ്ടാകുന്ന പ്രതിസന്ധികളുടെ പ്രത്യാഘാതം കുറയ്ക്കാനും രാജ്യത്തിന് കഴിയും.***

*പ്രധാനമന്ത്രിയുടെ മുഴുവൻ പരിപാടികളും കാണാൻ ക്യൂആർ കോഡ് സ്കാൻ ചെയ്യുക.*

21-ാം നൂറ്റാണ്ടിൽ ഊർജ്ജ സുരക്ഷയുടെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ച പ്രധാനമന്ത്രി മോദി, ഊർജ്ജ വിതരണത്തിലെ ഏതൊരു തടസ്സവും സാമ്പത്തിക പ്രവർത്തനങ്ങളെ പൂർണ്ണമായും സ്തംഭിപ്പിക്കുമെന്ന് പറഞ്ഞു. അതിനാൽ, രാജ്യത്തിന്റെ ഊർജ്ജ സുരക്ഷ ശക്തിപ്പെടുത്തുന്നതിന് ഇന്ത്യാ ഗവൺമെന്റ് വലിയ നിക്ഷേപങ്ങൾ നടത്തുകയാണ്. മൽക്കാപൂരിലെ പുതിയ ഇന്ത്യൻ ഓയിൽ ടെർമിനലിന്റെ ഉദ്ഘാടനം തെലങ്കാനയുടെ വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഇന്ധന വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും സഹായിക്കുന്ന തന്ത്രപരമായ വികസനമാണെന്ന് അദ്ദേഹം വിശേഷിപ്പിച്ചു.

സോമനാഥ് ക്ഷേത്ര പുനരുദ്ധാരണത്തിന് 75 വർഷങ്ങൾ

# സോമനാഥ് അമൃത് മഹോത്സവം

## ഇന്ത്യയുടെ അചഞ്ചലമായ ചൈതന്യത്തിന്റെ ആഘോഷം

***സോമനാഥ് കേവലമൊരു ക്ഷേത്രമല്ല, മറിച്ച് സനാതന ധർമ്മത്തിന്റെ അനശ്വര ജ്വാലയുടെ പ്രതീകമാണത്. നാശത്തിൽ നിന്ന് പുനർജ്ജീവനത്തിലേക്കുള്ള അതിന്റെ പരിവർത്തനം അജയ്യമായ പാരമ്പര്യത്തെയും സാംസ്കാരിക പൈതൃകത്തെയും തകർക്കാനാവാത്ത ചൈതന്യത്തെയും പ്രതിനിധീകരിക്കുന്നു. ഗുജറാത്തിലെ സോമനാഥ് ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്നതിനായി സംഘടിപ്പിച്ച സോമനാഥ് അമൃത് മഹോത്സവത്തിൽ പങ്കെടുക്കുന്നതിന് മുമ്പ്, സോമനാഥിന്റെ ചരിത്രത്തിൽ മെയ് 11-ന്റെ പ്രാധാന്യവും ഇന്ത്യയുടെ സംസ്ക്കാരത്തിന്റെ മഹത്വവും എടുത്തുകാണിക്കുന്ന ഒരു ലേഖനം പ്രധാനമന്ത്രി നരേന്ദ്ര മോദി എഴുതുകയുണ്ടായി. ഗുജറാത്ത് സന്ദർശന വേളയിൽ അദ്ദേഹം വഡോദരയിലെ സർദാർധാം ഹോസ്റ്റലും ഉദ്ഘാടനം ചെയ്തു...***

നമ്മുടെ പൗരാണിക ഗ്രന്ഥങ്ങൾ ഇപ്രകാരം പറയുന്നു: प्रभासं च परिक्रम्य पृथिवीक्रमसंभवम्। പ്രഭാസിനെ (സോമനാഥൻ) പരിക്രമണം ചെയ്യുന്നത് ഭൂമി മുഴുവൻ പരിക്രമണം ചെയ്യുന്നതിന് തുല്യമാണ്! ദർശനത്തിനായി ഭക്തർ ഇവിടെയെത്തുമ്പോൾ, ഒരിക്കലും ഒളിമങ്ങാത്ത ഒരു സംസ്ക്കാരത്തിന്റെ അത്ഭുതകരമായ നൈരന്തര്യം അവർ അനുഭവിക്കുന്നു. നിരവധി സാമ്രാജ്യങ്ങൾ ഉദിച്ചുയർന്നു, കാലം കടന്നു പോയി, ചരിത്രം നിരവധി ഉയർച്ച താഴ്ചകൾക്ക് സാക്ഷ്യം വഹിച്ചു; എക്കാലവും, സോമനാഥിന് ഇന്ത്യയിലെ ജനങ്ങളുടെ ഹൃദയങ്ങളിൽ ഒരു സവിശേഷ സ്ഥാനം ഉണ്ട്.

സോമനാഥ ക്ഷേത്ര സമുച്ചയത്തിന്റെ പുനരുദ്ധാരണത്തിന്റെ 175 വർഷം തികയുന്ന ആഘോഷ വേളയിൽ സംഘടിപ്പിച്ച ഒരു വലിയ സമ്മേളനത്തിൽ സംസാരിക്കവെ, സോമനാഥന്റെ അർപ്പണബോധമുള്ള ഒരു ഭക്തൻ എന്ന നിലയിൽ താൻ അവിടെ പലതവണ പ്രാർത്ഥന നടത്താനെത്തിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. എന്നിരുന്നാലും, ചരിത്രത്തിലൂടെ സഞ്ചരിക്കാനുള്ള ഒരു അനുഭൂതി നിലനിൽക്കുന്നതിനാൽ ഈ സന്ദർശനം സവിശേഷമായി അനുഭവപ്പെട്ടു. ഏതാനും മാസങ്ങൾക്ക് മുമ്പ്, സോമനാഥ് സ്വാഭിമാൻ പർവ് അവിടെ ആഘോഷിച്ച കാര്യം അദ്ദേഹം സ്മരിച്ചു. ആദ്യ നാശത്തിന് 1,000 വർഷങ്ങൾക്ക് ശേഷവും ക്ഷേത്രത്തിന്റെ അഭേദ്യമായ ചൈതന്യം മങ്ങാതെ നിൽക്കുന്നു. ഇപ്പോൾ, ക്ഷേത്രത്തിന്റെ ആധുനിക രൂപത്തിന്റെ സമർപ്പണം (പ്രാൺ പ്രതിഷ്ഠ) കഴിഞ്ഞ് 75 വർഷങ്ങൾക്ക് ശേഷം, ആയിരം വർഷങ്ങൾ പിന്നിടുന്ന അതിന്റെ കാലാതീതമായ യാത്രയ്ക്ക് സാക്ഷ്യം വഹിക്കാൻ നമ്മൾക്ക് അവസരം ലഭിച്ചു.

എഴുപത്തിയഞ്ച് വർഷങ്ങൾക്ക് മുമ്പ്, മെയ് 11 ന്, സോമനാഥ ക്ഷേത്രത്തിന്റെ പ്രതിഷ്ഠ കേവലമൊരു സാധാരണ അവസരമായിരുന്നില്ല. 1947 ൽ ഇന്ത്യ സ്വതന്ത്രമായെങ്കിൽ, 1951 ൽ, സോമനാഥിലെ പ്രാണ പ്രതിഷ്ഠ ഇന്ത്യയുടെ സ്വതന്ത്രബോധം പ്രഖ്യാപിച്ചു. സ്വാതന്ത്ര്യ സമരകാലത്ത്, സർദാർ സാഹിബ് 500 ലധികം നാട്ടുരാജ്യങ്ങൾ സംയോജിപ്പിച്ചുകൊണ്ട് ഏകീകൃത ഇന്ത്യയുടെ ആധുനിക രൂപരേഖകൾ കെട്ടിപ്പടുത്തു.



*പ്രധാനമന്ത്രിയുടെ മുഴുവൻ പരിപാടികളും കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*

*പ്രധാനമന്ത്രിയുടെ മുഴുവൻ പരിപാടികളും കാണാൻ ക്യുആർ കോഡ് സ്കാൻ ചെയ്യുക.*

## വഡോദരയിലെ സർദാർധാം ഹോസ്റ്റലിന്റെ ഉദ്ഘാടനം


വഡോദരയിലെ സർദാർധാം ഹോസ്റ്റലിന്റെ ഉദ്ഘാടനം പ്രധാനമന്ത്രി നരേന്ദ്ര മോദി നിർവഹിച്ചു. 1,000 ആൺകുട്ടികൾക്കും 1,000 പെൺകുട്ടികൾക്കും താമസിക്കാൻ കഴിയുന്ന ഹോസ്റ്റൽ സൗകര്യങ്ങളും, സെൻട്രൽ ഡൈനിംഗ് ഹാൾ, ലൈബ്രറി, ഓഡിറ്റോറിയം തുടങ്ങിയ സൗകര്യങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. കൂടാതെ, സ്വീകരണ സ്ഥലം, പൊതു സൗകര്യങ്ങൾ, ഡൈനിംഗ് വിഭാഗം, ഇ-ലൈബ്രറി എന്നിവയുൾപ്പെടെ സർദാർധാം സമുച്ചയത്തിന്റെ വിവിധ ഭാഗങ്ങൾ അദ്ദേഹം സന്ദർശിച്ചു.



"

**പ്രാദേശിക ഉത്പന്നങ്ങൾക്ക് മുൻഗണന നൽകാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന 'വോക്കൽ ഫോർ ലോക്കൽ' ഒരു ബഹുജന പ്രസ്ഥാനമാക്കി മാറ്റേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വിദേശ വസ്തുക്കൾക്ക് പകരം... നമുക്ക് തദ്ദേശീയ ഉത്പന്നങ്ങൾ സ്വീകരിക്കാം. നമ്മുടെ ഗ്രാമങ്ങളിലെയും, നമ്മുടെ നഗരങ്ങളിലെയും, നമ്മുടെ രാജ്യത്തെയും സംരംഭകരെ ശാക്തീകരിക്കാം.**

*നരേന്ദ്ര മോദി, പ്രധാനമന്ത്രി*



## സോമനാഥ് ക്ഷേത്രവുമായി ബന്ധപ്പെട്ട കൗതുകകരമായ വസ്തുതകൾ

- എല്ലാ വർഷവും ഏകദേശം 10 ദശലക്ഷം ഭക്തർ സോമനാഥിൽ സന്ദർശനം നടത്തുന്നു. 2025 ലെ മഹാശിവരാത്രിയുടെ ശുഭകരമായ അവസരത്തിൽ, ഒറ്റ ദിവസം മാത്രം 356,000-ത്തിലധികം ഭക്തർ പ്രാർത്ഥനകൾ അർപ്പിക്കുകയും ശിവ ദർശനം തേടുകയും ചെയ്തു.
- എല്ലാ വർഷവും സോമനാഥ് ട്രസ്റ്റ് നൂറുകണക്കിന് വനിതകൾക്ക് തൊഴിലും ഉപജീവന അവസരങ്ങളും നൽകിക്കൊണ്ട് സാമ്പത്തിക സ്വാശ്രയത്വത്തിലേക്ക് ശാക്തീകരിക്കുന്നു.
- സോമനാഥ് ക്ഷേത്ര സമുച്ചയത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന പവിത്രമായ ബിൽവ (മര ആപ്പിൾ) വനത്തിൽ ഏകദേശം 1,700 ബിൽവ മരങ്ങളുണ്ട്. ഇത് പരിപാലിക്കുന്നതും സംരക്ഷിക്കുന്നതും ഒരു കൂട്ടം വനിതാ പ്രവർത്തകരാണ്.
- സോമനാഥിലെ മിയാവാക്കി വനം പ്രതിവർഷം ഏകദേശം 93,000 കിലോഗ്രാം കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്യുന്നു.
- പ്ലാസ്റ്റിക് മാലിന്യങ്ങൾ പുനരുപയോഗിച്ച് സോമനാഥിൽ പ്രതിമാസം ഏകദേശം 4,700 ടൈലുകൾ നിർമ്മിക്കുന്നു. ക്ഷേത്ര സമുച്ചയത്തിനുള്ളിലെ പാതകളുടെയും നടപ്പാതകളുടെയും നിർമ്മാണത്തിൽ ഈ ടൈലുകൾ ഉപയോഗിക്കുന്നു.

കൊളോണിയൽ ഭരണത്തിൽ നിന്ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ, സോമനാഥിന്റെ പുനഃസ്ഥാപനം ഇന്ത്യ രാഷ്ട്രീയമായി സ്വതന്ത്രമാണെന്ന് മാത്രമല്ല, അതിന്റെ പുരാതന പൈതൃകവും മഹത്വവും പുനർജ്ജീവിപ്പിക്കുകയും ചെയ്യുന്നുവെന്ന് ലോകത്തിന് കാണിച്ചുകൊടുത്തു.

75 വർഷത്തെ ഓർമ്മ പുതുക്കുക മാത്രമല്ല, നാശത്തിനുശേഷവും സോമനാഥ് സൃഷ്ടിയുടെ ശക്തിയെ എങ്ങനെ പ്രതിനിധീകരിക്കുന്നുവെന്നതിന് സാക്ഷ്യം വഹിക്കുക കൂടിയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. പുണ്യക്ഷേത്രത്തിനുള്ളിൽ, അസത്യത്തിനുമേൽ സത്യത്തിന്റെ ശാശ്വത വിജയം താൻ അനുഭവിക്കുന്നുണ്ടെന്ന് അദ്ദേഹം വിശദീകരിച്ചു. സാർവത്രിക ക്ഷേമം എന്ന ആശയം മുന്നോട്ട് വയ്ക്കുന്ന ആയിരക്കണക്കിന് വർഷത്തെ ആത്മീയ ബോധം അനുഭവിക്കുന്നതിനെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. സോമനാഥിന്റെ പ്രതിരോധശേഷിയിലൂടെ, ഇന്ത്യയുടെ സ്ഥായിയും തകർക്കാനാവാത്തതുമായ ആത്മാവിലുള്ള തന്റെ വിശ്വാസം അദ്ദേഹം പ്രകടിപ്പിച്ചു.

## സർദാർ വല്ലഭായ് പട്ടേലിന് ഹൃദയംഗമമായ ശ്രദ്ധാഞ്ജലി

ഗുജറാത്തിലെ സോമനാഥിൽ സർദാർ വല്ലഭായ് പട്ടേലിന് പ്രധാനമന്ത്രി മോദി ഹൃദയംഗമമായ ശ്രദ്ധാഞ്ജലി അർപ്പിച്ചു. സോമനാഥ് ക്ഷേത്രത്തിന്റെ പുനർനിർമ്മാണത്തിൽ സർദാർ പട്ടേലിന്റെ ദീർഘവീക്ഷണവും അചഞ്ചലമായ ദൃഢനിശ്ചയവും നിർണായക പങ്ക് വഹിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ സാംസ്കാരിക അഭിമാനത്തിന്റെയും ആത്മീയ നൈരന്തര്യത്തിന്റെയും പ്രതീകമായി നിലകൊള്ളുന്ന സോമനാഥിനെ അതിന്റെ സമ്പൂർണ്ണ മഹത്വത്തിലേക്ക് പുനഃസ്ഥാപിക്കുന്നത് ദർശിക്കുകയെന്നത് സർദാർ പട്ടേലിന്റെ സ്വപ്നമായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. സർദാർ പട്ടേലിന്റെ ഈ ദർശനം സാക്ഷാത്കരിക്കുന്നതിന് രാഷ്ട്രം എന്നും പ്രതിജ്ഞാബദ്ധമായിരിക്കും.



## വിസ്മയകരമായ ഫ്ലൈപാസ്റ്റിന് സാക്ഷ്യം വഹിച്ചു

സോമനാഥ് അമൃത് മഹോത്സവത്തിന്റെ ശുഭകരമായ അവസരത്തിൽ, ഇന്ത്യൻ വ്യോമസേനയുടെ 'സൂര്യകിരൺ' എയറോബാറ്റിക് ടീം അവതരിപ്പിച്ച അദ്ഭുതകരമായ ഫ്ലൈപാസ്റ്റിന് പ്രധാനമന്ത്രി മോദി സാക്ഷ്യം വഹിച്ചു. മഹത്വത്തിന്റെയും ശൗര്യത്തിന്റെയും ഗംഭീരമായ ഈ ആകാശ സംഗമം സോമനാഥ് ക്ഷേത്രത്തിന് മുകളിൽ കാവിയുടെയും ത്രിവർണ്ണത്തിന്റെയും തിളക്കം ചാലിച്ചതായി അദ്ദേഹം അഭിപ്രായപ്പെട്ടു. ഭക്തിയുടെയും ശക്തിയുടെയും ഈ മനോഹരമായ കാഴ്ചയും ചൈതന്യവും എല്ലാ ഹൃദയങ്ങളെയും സന്തോഷം കൊണ്ട് നിറയ്ക്കുകയും ഓരോ ഇന്ത്യക്കാരനെയും അഭിമാനപൂരിതരാക്കുകയും ചെയ്തു.


നൂറ്റാണ്ടുകളായി നശിപ്പിക്കാൻ ആവർത്തിച്ചുള്ള ശ്രമങ്ങൾ നടന്നിട്ടും ഇളകാതെ നിലനിൽക്കുന്ന ഇന്ത്യയുടെ അഖണ്ഡമായ രൂപമാണ് സോമനാഥിൽ താൻ കാണുന്നതെന്ന് പ്രധാനമന്ത്രി മോദി പറഞ്ഞു. ഭൂതകാലത്തിന്റെ ഓർമ്മപ്പെടുത്തൽ മാത്രമല്ല, ഭാവിയിലേക്കുള്ള പ്രചോദനം കൂടിയായതിനാൽ സോമനാഥ് അമൃത് മഹോത്സവ് അത്യന്തം പ്രാധാന്യമർഹിക്കുന്നതായി അദ്ദേഹം കൂട്ടിച്ചേർത്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഈ ആഘോഷം ചരിത്രത്തെക്കുറിച്ച് ഓർമ്മിപ്പിക്കുക മാത്രമല്ല, അടുത്ത ആയിരം വർഷത്തെ രാജ്യത്തിന്റെ മുന്നേറ്റത്തെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു.

**സോമനാഥ് അമൃത് മഹോത്സവത്തിൽ പ്രധാനമന്ത്രി മോദി പങ്കെടുത്തു**

ഇന്ത്യയിലെ പന്ത്രണ്ട് ജ്യോതിർലിംഗങ്ങളിൽ ഒന്നും രാജ്യത്തിന്റെ അചഞ്ചലമായ വിശ്വാസത്തിന്റെയും സാംസ്കാരിക പൈതൃകത്തിന്റെയും പ്രതീകവുമായ സോമനാഥ് ക്ഷേത്രത്തിലെ സോമനാഥ് അമൃത് മഹോത്സവത്തിൽ പ്രധാനമന്ത്രി മോദി പങ്കെടുത്തു. പുനർനിർമ്മിച്ച ക്ഷേത്രത്തിന്റെ ഉദ്ഘാടനം കഴിഞ്ഞ് 75 വർഷം പൂർത്തിയായതിന്റെ സ്മരണയ്ക്കായാണ് സോമനാഥ് അമൃത് മഹോത്സവം സംഘടിപ്പിച്ചത്. ആഘോഷ വേളയിൽ, അദ്ദേഹം മതപരവും സാംസ്കാരികവുമായ പരിപാടികളിലും പതാക ഉയർത്തൽ ചടങ്ങിലും പങ്കെടുത്തു. തദവസരത്തിൽ, സോമനാഥിന്റെ സമ്പന്നമായ പൈതൃകത്തെയും ആത്മീയ പ്രാധാന്യത്തെയും ആദരിക്കുന്നതിനായി പ്രത്യേക സ്മരണികയെന്ന നിലയിൽ തപാൽ സ്റ്റാമ്പും നാണയവും പുറത്തിറക്കി.

**സോമനാഥ് ക്ഷേത്രത്തിൽ മഹാപൂജയും കുംഭാഭിഷേകവും**

ഗുജറാത്ത് സന്ദർശന വേളയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സോമനാഥ് ക്ഷേത്രത്തിൽ മഹാപൂജയും കുംഭാഭിഷേകവും നടത്തി. പുണ്യകർമ്മങ്ങളിൽ പങ്കെടുക്കാൻ സൗഭാഗ്യം ലഭിച്ചത് തന്റെ ജീവിതത്തിലെ ഏറ്റവും വൈകാരികവും അവിസ്മരണീയവുമായ നിമിഷങ്ങളാണെന്ന് അദ്ദേഹം പറഞ്ഞു. പുനർനിർമ്മിച്ച സോമനാഥ ക്ഷേത്രത്തിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള ഈ പ്രത്യേക അവസരത്തിൽ മഹാദേവനെ ആരാധിക്കുന്നത് ശരിക്കും മറക്കാനാവാത്ത അനുഭവമായിരുന്നു. ദർശനവും പൂജയും അതിരറ്റ ആത്മീയ ഊർജ്ജത്തിന്റെ ഉറവിടമാണെന്ന് അദ്ദേഹം പറഞ്ഞു.



**സോംനാഥിന്റെ ഫോട്ടോ പങ്കിട്ടു**

സോമനാഥിൽ നിന്ന് വഡോദരയിലേക്കുള്ള യാത്രയ്ക്കിടെ എടുത്ത സോമനാഥ് ക്ഷേത്രത്തിന്റെ ഒരു ഫോട്ടോ പ്രധാനമന്ത്രി മോദി പങ്കുവെച്ചു. പ്രഭാസ് പടാൻ തീരത്ത് സ്ഥിതി ചെയ്യുന്ന ഈ ക്ഷേത്രം ഭക്തിയുടെയും ചരിത്രത്തിന്റെയും ഇന്ത്യയുടെ നാഗരിക ചൈതന്യത്തിന്റെയും തിളങ്ങുന്ന പ്രതീകമായി നിലകൊള്ളുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ആവർത്തിച്ചുള്ള ആക്രമണങ്ങളെയും നൂറ്റാണ്ടുകളുടെ അധിനിവേശത്തെയും അതിജീവിച്ച് ക്ഷേത്രം ശാശ്വതമായി നിലനിൽക്കുന്നതായി അദ്ദേഹം വ്യക്തമാക്കി. സോമനാഥ് ഓരോ ഇന്ത്യക്കാരനും ശക്തിയും ധൈര്യവും പ്രതീക്ഷയും നൽകുന്നു.

പ്രധാനമന്ത്രിയുടെ മുഴുവൻ പരിപാടികളും കാണാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.



Narendra Modi
@narendramodi

देशभर के किसान भाई-बहनों के हितों की रक्षा और उनकी आय में वृद्धि के लिए हम निरंतर महत्वपूर्ण निर्णय ले रहे हैं। इसी दिशा में हमारी सरकार ने वर्ष 2026-27 के मार्केटिंग सीजन के लिए खरीफ फसलों के न्यूनतम समर्थन मूल्य यानि एमएसपी में बढ़ोतरी को मंजूरी दी है। इस फैसले से देश के करोड़ों अन्नदाताओं को जहां उनकी उपज का उचित और लाभकारी मूल्य मिलेगा, वहीं उनके जीवन में और खुशहाली आएगी।



Rajnath Singh
@rajnathsingh

महिलाओं का सम्मान हमारी सभ्यता की आत्मा है और कोई समाज बिना इसके प्रगति नहीं कर सकता। प्रधानमंत्री मोदी जी के नेतृत्व में भारत सरकार नारी सशक्तिकरण के साथ-साथ महिला आरक्षण (33%) के लिए भी प्रतिबद्ध रही है।

यह विधेयक केवल कानून नहीं बल्कि हमारी सामूहिक इच्छा का प्रतीक था, जो भले ही पारित न हो सका, लेकिन महिलाओं को राजनीतिक अधिकार दिलाने का संकल्प और मजबूत हुआ है।



Amit Shah
@AmitShah

मैं अपनी माता के चरण स्पर्श हर दिन किया करता था और उनके न रहने पर भी हर दिन उनकी तस्वीर के सामने दीप जलाता हूँ। हमारे देश में हर दिन माताओं को समर्पित है।



Nitin Gadkari
@nitin_gadkari

🚘 Tolling reimagined with Multi Lane Free Flow (MLFF)—a barrier-less system enabling seamless, non-stop travel. Powered by FASTag, AI, and number plate recognition, it ensures zero waiting time, faster journeys, and lower costs. Drive through at speeds of up to 80 km/h and experience the future of smart, efficient toll collection on India's highways.



Jyotiraditya M. Sc...
@JM_Scindia

भारत देश में अगर रक्त का संचार कोई हृदय के रूप में करता है तो मेरा @IndiaPostOffice करता है



Hardeep Singh Puri
@HardeepSPuri

देश में किसी भी पेट्रोलियम उत्पाद की कमी नहीं...

भारत के पास 60 दिनों का कच्चा तेल, 60 दिनों की LNG और 45 दिनों का एलपीजी भंडार उपलब्ध है।

पश्चिम एशिया में तनाव के बीच निर्बाध आपूर्ति सुनिश्चित करने के लिए भारत ने अपने दैनिक एलपीजी उत्पादन में अभूतपूर्व वृद्धि (35,000 टन से बढ़ाकर 54,000 टन) की है।

# No power can make India bow: PM invokes Pokhran in Somnath

PRESS TRUST OF INDIA
Somnath (Gujarat), May 11

PRIME MINISTER NARENDRA Modi on Monday drew parallels to the 1998 Pokhran nuclear tests, asserting that no power in the world can make India bow or succumb under pressure.

Addressing a gathering here at Somnath Amrut Mahotsav, marking 75 years of the inauguration of the restored temple dedicated to Lord Shiva, he also said that "forces" in the country continue to prioritise appeasement politics over national self-respect. A similar mindset was witnessed during opposition to the construction of the Ram temple in Ayodhya, the PM noted.

May 11 is a significant date as it not only marks the ...



Prime Minister Narendra Modi during the Somnath Amrut Mahotsav, in Veraval, Gir Somnath district on Monday

... but also India's nuclear tests in 1998 under the leadership of then Prime Minister Atal Bihari Vajpayee, he said.

"On May 11, 1998, the ... tests. Our scientists demonstrated India's capabilities and potential to the entire world," Modi pointed out.

The tests "sent shockwaves ... angry reactions from several countries, he said.

"Who is India to conduct nuclear tests? The world reacted with anger," Modi said, referring to the international response following the Pokhran tests.

He said global powers then tried to isolate India through sanctions and economic pressure after the tests.

Many countries would have succumbed under such circumstances, but India stood firm, he highlighted.

India went ahead with two more nuclear tests on May 13, 1998, despite mounting pressure from the international community, he noted.

He praised the then Vajpayee-led government for refusing to bow to global pressure ...

# India has sufficient stocks of fuel, commodities: govt.



# 'India-Oman FTA on track for June 1 start even as deal with Chile hit hurdles'

T.C.A. Sharad Raghavan
NEW DELHI

The India-Oman Comprehensive Economic Partnership Agreement (CEPA) will "probably" be implemented on June 1, 2026, Commerce Minister Piyush Goyal said on Tuesday, following a meeting with the negotiating team from Oman.

He added that the India-Chile Free Trade Agreement negotiations have hit some hurdles due to the difference in the sizes of the economies involved.

"I had a very good meeting with the Oman team today and most probably the Oman FTA will come into effect from June 1, 2026," Mr. Goyal told reporters on Tuesday on the sidelines of the CII Annual Business Summit 2026.

## 'Productive meeting'

Earlier in the day, he posted on social media that he had held a "productive" meeting with Pankaj Khimji, Advisor for Foreign Trade and International Cooperation at the Ministry of Commerce, Industry and Investment Promotion in Oman.

"Discussions focused on strengthening India-Oman economic cooperation, enhancing connectivity & logistics linkages, facilitating trade flows, and exploring new avenues for bilateral partnership under the India-Oman CEPA framework," Mr. Goyal had posted.



Piyush Goyal

The India-Oman CEPA was signed on December 18, 2025.

However, in contrast, the Commerce Minister indicated that talks with Chile were running into some trouble.

"With regard to Chile, I had a very good meeting with the foreign minister," Mr. Goyal said.

## 'Some challenges'

"There are some challenges, given the very different sizes of the economies and different scales of opportunities that both countries offer to each other."

While he said that the two sides were trying to bridge that gap through "innovative solutions", he also did specify certain things that Chile could offer India to encourage it.

"If we get a good deal on critical minerals and other important concessions, then maybe there is a very good possibility that we should be able to finalise an FTA with Chile too," Mr. Goyal said.

# India set to achieve record exports of $863 bn: Goyal

# India backs two-state solution for Palestine issue, says Jaishankar at BRICS meeting

Kallol Bhattacherjee
NEW DELHI

Highlighting India's traditional approach to the Israel-Palestinian conflict, External Affairs Minister S. Jaishankar on Thursday presented the "National Statement" at the BRICS ministerial, reiterating India's call for a "two-state solution" to the issue and calling for an end to "risks to maritime traffic, and disruptions to energy infrastructure" in the Gulf region.

Supporting the need for dialogue and diplomacy to resolve conflicts in the region and in North Africa, Mr. Jaishankar sought "coordinated diplomatic efforts" to deal with the situations in Lebanon, Syria, Sudan and also in Libya.



Multilateral engagement: Prime Minister Narendra Modi with the Foreign Ministers and Heads of Delegation of BRICS countries during a meeting in New Delhi on Thursday. PTI

... Foreign Ministers' meeting witnessed several speeches, including one by Iran's Foreign Minister Seyed Abbas Araghchi who said that Iran will defend its sovereignty while "advancing diplomacy", adding that the U.S.-Israel attack against Iran will not have a ...

"The wider region also gives rise to serious concern. The conflict in Gaza has grave humanitarian implications. A sustained ceasefire, humanitarian access, and a credible pathway towards a durable and peaceful resolution remain essential," Mr. Jaishankar ... two-state solution where the Palestine issue is concerned," Mr. Jaishankar referred to the impact of the U.S.-Israel war on Iran and highlighted the risks that the conflict has posed to shipping and energy infrastructure.

Referring indirectly to U.S. against multiple members of the United Nations, Mr. Jaishankar drew attention to the "increasing" tendency towards "unilateral coercive measures and sanctions", terming them "inconsistent with international law".

Earlier, Mr. Jaishankar welcomed the dignitaries that included Mr. Araghchi who made an emphatic call to resist the U.S. Referring to U.S. military and trade practices, Mr. Araghchi said the international community is facing "violations" of the "same repugnant coercion".

At the end of the engagement, visiting dignitaries Mr. Araghchi, Russian Foreign Minister Sergey Lavrov and Brazil's Foreign Minister Mauro Vieira called on Prime Minister Mo...

# Gujarat rail line, Nagpur airport upgrade cleared



പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 7 അഭ്യർത്ഥനകൾ

# കരുത്തുറ്റ ഇന്ത്യ കെട്ടിപ്പടുക്കാൻ ആഹ്വാനം

*പ്രാപ്തിയുള്ളവരും, വൈദഗ്ധ്യമുള്ളവരും, ശാക്തീകരിക്കപ്പെട്ടവരുമായ പൗരന്മാരെ അടിസ്ഥാനമാക്കി ശക്തമായ അടിത്തറ കെട്ടിപ്പടുക്കുന്നതിലൂടെ ഇന്ത്യ ഒരു വികസിത രാഷ്ട്രമായി മാറുന്നതിനുള്ള മുന്നേറ്റത്തിലാണ്. ഈ വികസന യാത്രയിലുടനീളം, ഓരോ ഇന്ത്യക്കാരനെയും സജീവ പങ്കാളിയായി രാഷ്ട്രം ഉൾപ്പെടുത്തിയിട്ടുണ്ട്, അഥവാ ഈ പ്രക്രിയയുടെ ചാലക ശക്തിയാണ് പൊതുജന പങ്കാളിത്തം. അതുകൊണ്ടാണ്, ആഗോള വെല്ലുവിളികൾക്കിടയിലും, ഇന്ത്യയെ കൂടുതൽ ശാക്തീകരിക്കുകയെന്ന ലക്ഷ്യത്തോടെ പ്രധാനമന്ത്രി നരേന്ദ്ര മോദി 7 സുപ്രധാന അഭ്യർത്ഥനകൾ മുന്നോട്ട് വച്ചത്. കഴിഞ്ഞ ദശകങ്ങളിൽ, രാഷ്ട്രം യുദ്ധമോ മറ്റ് പ്രതിസന്ധികളോ നേരിട്ടപ്പോഴെല്ലാം, ഓരോ പൗരനും അവസരത്തിനൊത്ത് ഉയരുകയും, ഗവൺമെന്റ് ആവശ്യപ്പെടുമ്പോഴെല്ലാം അവരുടെ ഉത്തരവാദിത്തങ്ങൾ ഭംഗിയായി നിറവേറ്റുകയും ചെയ്തിട്ടുണ്ട്. 140 കോടി ഇന്ത്യക്കാർ ഒരുമിച്ച് പ്രവർത്തിക്കുകയും ലളിതവും അർത്ഥവത്തുമായ പരിവർത്തനങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നിടത്തോളം, രാജ്യം ശാക്തീകരിക്കപ്പെടുന്നതും സ്വയംപര്യാപ്തയിലേക്ക് മുന്നേറുന്നതും തടയാൻ ഒരു ശക്തിയ്ക്കും സാധ്യമല്ല...*

**140** കോടി ജനങ്ങളുടെ കൂട്ടായ പരിശ്രമമാണ് ഇന്ത്യയുടെ ഏറ്റവും വലിയ ശക്തി. നിങ്ങളുടെ ചെറിയ ഉത്തരവാദിത്തങ്ങൾ നിറവേറ്റുക...

## വരൂ, നമുക്ക് ഇന്ത്യയെ കൂടുതൽ ശാക്തീകരിക്കാം...

**7 അഭ്യർത്ഥനകൾ**

1. സാധ്യമാകുന്നിടത്തെല്ലാം, വർക്ക് ഫ്രം ഹോമിന് മുൻഗണന നൽകുക.
2. അടുത്ത ഒരു വർഷത്തേക്ക് സ്വർണ്ണം വാങ്ങുന്നത് ഒഴിവാക്കുക.
3. പെട്രോളിന്റെയും ഡീസലിന്റെയും ഉപഭോഗം കുറയ്ക്കുക, മെട്രോയും പൊതുഗതാഗതവും ഉപയോഗിക്കുക.
4. പാചക ഇന്ധനം മിതമായി ഉപയോഗിക്കുക, അനാവശ്യ ഉപഭോഗം കുറയ്ക്കുക
5. രാസവളങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുക, പ്രകൃതിദത്ത കൃഷി പ്രോത്സാഹിപ്പിക്കുക.
6. വിദേശ ബ്രാൻഡ് ഉത്പന്നങ്ങളുടെ ഉപയോഗം കുറയ്ക്കുക, തദ്ദേശീയ ബദലുകൾ സ്വീകരിക്കുക.
7. അടുത്ത ഒരു വർഷത്തേക്ക് അന്താരാഷ്ട്ര യാത്രകൾ ഒഴിവാക്കുക.


ന്യൂ ഇന്ത്യ സമാചാർ ദ്വൈവാരിക

**RNI NO.: DELENG/2020/78811 JUNE 01-15, 2026**

RNI Registered No DELENG/2020/78811 (Publishing Date: May 19, 2026 Pages: 78)

**EDITOR IN CHIEF**
**Dhirendra Ojha**
Principal Director General
Press Information Bureau, New Delhi

**PUBLISHER:**
**Kanchan Prasad**
Director General, on behalf of
Central Bureau Of Communication

**PUBLISHED FROM:**
Room No–278, Central Bureau Of Communication, 2nd Floor, Soochna Bhawan, New Delhi -110003